# മുഖവുര

801723

ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ ഭാഗമായി രൂപംകൊണ്ടിരിക്കുന്ന പ്രാദേശിക പദ്ധതികൾ രണ്ട് തൂണുകളിലായാണ് പണിതുയർത്തിയിരിക്കുന്നത്. ഒന്നാമത്തേത് ഓരോ പ്രദേശത്തേയും ജനങ്ങളുടെ ആഗ്രഹാഭിലാഷങ്ങളും രണ്ടാമത്തേത് ഓരോ പ്രദേശത്തേയും പ്രകൃതി മനുഷ്യ വിഭവ സാധ്യതകളും ആണ്. പ്രാദേശിക പ്രശ്നങ്ങളിലും വിഭവ പ്രത്യേകതകളിലുമുള്ള വൈവിധ്യത്തെ കണക്കിലെടുക്കാൻ കഴിയുന്നില്ല എന്നതാണ് കേന്ദ്രീകൃതാസൂത്രണത്തിന്റെ ഒരു പ്രധാന ദൗർബല്യം. കേരളത്തിലെ ഒമ്പതാം പഞ്ചവത്സര പദ്ധതിയുടെ 40 ശതമാനത്തോളം അടങ്കൽ ഓരോ പ്രദേശത്തും തീരുമാനിക്കപ്പെടുന്ന പ്രോജക്ടുകൾക്കായി നീക്കിവച്ചതു വഴി ഇതുവരെ തുടർന്നു വന്ന ആസൂത്രണ പ്രക്രിയയുടെ ഒരു പ്രധാന ദൗർബല്യത്തിന് നാം പരിഹാരം കണ്ടെത്തിയിരിക്കുകയാണ്.

ഓരോ പഞ്ചായത്തിന്റെ ഗ്രാമസഭകളും മുനിസിപ്പാലിറ്റിയുടെ വാർഡ്സഭകളും വിളിച്ചു ചേർത്താണ് അടിയന്തിര വികസന പ്രശ്നങ്ങളെക്കുറിച്ചും ജനങ്ങളുടെ ആഗ്രഹങ്ങളെക്കുറിച്ചുമുള്ള വിവരങ്ങൾ ശേഖരിച്ചത്. ഏതാണ്ട് 30 ലക്ഷത്തോളം പൗരന്മാരാണ് ഈ സമ്മേളനങ്ങളിൽ തങ്ങളുടെ അഭിപ്രായങ്ങൾ പ്രകടിപ്പിച്ചത്. ഏതാനും പേർക്കുമാത്രം പ്രസംഗിക്കാൻ കഴിയുന്ന പൊതുസമ്മേളനത്തിന്റെ രൂപത്തിലല്ല, വികസനമേഖലകളെ അടിസ്ഥാനപ്പെടുത്തിയുള്ള ചെറുഗ്രൂപ്പുകളായാണ് ഈ സമ്മേളനങ്ങൾ നടന്നത് എന്നത് പ്രത്യേകം ശ്രദ്ധേയമാണ്.

പ്രകൃതി മനുഷ്യ വിഭവ പ്രത്യേകതകളെക്കുറിച്ച് മനസ്സിലാക്കുന്നതിന് ഒട്ടേറെ പഠനങ്ങൾ ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും നടത്തി. വിവിധ സർക്കാർ ഓഫീസുകളിൽ ലഭ്യമായ മുഴുവൻ ദ്വിതീയ വിവരങ്ങളും ചിട്ടയായി ശേഖരിച്ചു. ചില തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ പ്രാഥമിക സർവ്വേകൾ തന്നെ നടത്തി. ദ്രുതപഠന സങ്കേതങ്ങൾ ഉപയോഗിച്ചുകൊണ്ടുള്ള ഭൂപ്രകൃതി പഠനം ശ്രദ്ധേയമായ ഒരു നടപടിയായിരുന്നു. കാരണവർ ചർച്ചകൾ പ്രാദേശിക ചരിത്ര നിർമ്മിതിക്ക് മാത്രമല്ല വിവിധ മേഖലകളിലെ പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിനും സഹായകരമായിരുന്നു. പലയിടത്തും വിവിധ ഡിപ്പാർട്ട്മെന്റ് ഉദ്യോഗസ്ഥന്മാർ നടപ്പ് പദ്ധതികളെക്കുറിച്ചുള്ള അവലോകനക്കുറിപ്പുകൾ തയ്യാറാക്കി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു നൽകി. ഈ അന്വേഷണങ്ങളും പഠനങ്ങളുമെല്ലാം ഏതാണ്ട് ഒന്ന് ഒന്നരമാസം കൊണ്ട് നടത്തിത്തീർത്തു എന്നത് അത്യന്തം വിസ്മയകരമായ ഒരനുഭവമാണ്.

ഗ്രാമസഭകളിലെ ചർച്ചകളുടെ ക്രോഡീകരിച്ച റിപ്പോർട്ടുകളും മുകളിൽ സൂചിപ്പിച്ച അന്വേഷണപഠനഫലങ്ങളും സംയോജിപ്പിച്ചുകൊണ്ടാണ് ഓരോ പഞ്ചായത്തും മുനിസിപ്പാലിറ്റിയും കോർപ്പറേഷനും ഈ വാല്യത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന അവരുടെ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്.

ഞാനീ റിപ്പോർട്ടുകളുടെ ഉള്ളടക്കത്തിലേക്ക് കടന്ന് ഒരു പരിശോധന നടത്തുന്നില്ല. ജനങ്ങളുടെ ആഗ്രഹങ്ങളും പ്രതീക്ഷകളും സഫലീകരിക്കുന്നതിനുള്ള വസ്തുനിഷ്ഠ സാധ്യതകളെയാണ് ഓരോ റിപ്പോർട്ടും പരിശോധിക്കുന്നത്. റിപ്പോർട്ടിന്റെ ഒന്നാം ഭാഗത്തിൽ പ്രാദേശിക മനുഷ്യ പ്രകൃതി വിഭവങ്ങളുടെ ഇന്നത്തെ നിലയെ സമഗ്രമായി വിലയിരുത്തിയതിനു ശേഷം ഈ വിഭവങ്ങളുടെ വിനിയോഗത്തിന്റെ സാമൂഹ്യ-രാഷ്ട്രീയ വികസന ചരിത്രം പരിശോധിക്കുന്നു. ഒട്ടനവധി ജനകീയ മുന്നേറ്റങ്ങളുടെയും ഇടപെടലുകളുടെയും ചരിത്രമാണ് നമ്മുടെ ഓരോ ഗ്രാമത്തിന്റേതും. ഈ ജനകീയ പൈതൃകത്തിൽ നിന്ന് ഊർജ്ജം സംഭരിച്ചുകൊണ്ടാണ് സമകാലീന വെല്ലുവിളികളെ നേരിടാൻ നാം തയ്യാറെടുക്കുന്നത്.

റിപ്പോർട്ടിന്റെ രണ്ടാംഭാഗത്ത് ഓരോ വികസനമേഖലയുമെടുത്ത് പ്രത്യേക അദ്ധ്യായങ്ങളിലായി പ്രതിപാദിക്കുന്നു. ഓരോ വികസനമേഖലയുടെയും ഇന്നത്തെ ദുരവസ്ഥയുടെ ചിത്രം

വരച്ചുകാണിച്ച ശേഷം ഈ സ്ഥിതിയുടെ കാരണങ്ങളെക്കുറിച്ചുള്ള അന്വേഷണമാണ് ഓരോ അദ്ധ്യായത്തിൻെറയും മുഖ്യ ഉള്ളടക്കം. നടപ്പ് പദ്ധതികളുടെ അവലോകനവും ഗ്രാമസഭകളിൽ നിന്ന് ഉയർന്നുവന്ന നിർദ്ദേശങ്ങളുമെല്ലാം ഇവിടെ പ്രതിപാദിക്കുന്നു. ഇതിൻെറയെല്ലാം അവസാനം ഓരോ മേഖലയുടെ വികസന സാധ്യതകളും ഓരോ തുറയിലും ഏറ്റെടുക്കേണ്ട വികസനപ്രവർത്തനങ്ങളും നിർദ്ദേശിച്ചുകൊണ്ടാണ് വിശകലനം അവസാനിക്കുന്നത്. അങ്ങിനെ ഈ റിപ്പോർട്ടുകളോരോന്നും പ്രാദേശിക വികസനത്തിനായുള്ള ഒരു ദീർഘകാല പരിപ്രേക്ഷ്യ രേഖയാണ്.

ഈ വികസനറിപ്പോർട്ടുകൾ ഓരോന്നും നമ്മുടെ നാട്ടിലെ ജനങ്ങളുടെ സർഗ്ഗാത്മകതയുടെയും നാട്ടറിവിൻെറയും ഉത്തമ നിദർശനങ്ങളാണ്. ഇത്രയും വിപുലമായ വിവരശേഖരണവും പഠനങ്ങളും റിപ്പോർട്ട് തയ്യാറാക്കലും ഒരു ഔപചാരിക സംവിധാനത്തിൽ ചെയ്യുകയായിരുന്നെങ്കിൽ അതിനു വേണ്ടിവരുമായി രുന്ന ചെലവിൻെറ വലിപ്പമോർത്ത് ചിലപ്പോഴെങ്കിലും ഞാൻ അത്ഭുതപ്പെടാറുണ്ട്. കേവലം 10,000 രൂപ മാത്രമാണ് അച്ചടിച്ചെലവ് ഉൾപ്പെടെ ഈ റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിന് ധനസഹായമായി നൽകിയത്. ബാക്കി ചെലവുകളും ബുദ്ധിപരമായ പ്രയത്നവുമെല്ലാം സന്നദ്ധാടിസ്ഥാനത്തിൽ ഓരോ പ്രദേശത്തും സമാഹരിച്ചു. പ്രാദേശികാസൂത്രണത്തിൻെറ അതിവിപുലമായ സാധ്യതകളിലേക്ക് ഈ അനുഭവം വിരൽചൂണ്ടുന്നു.

ഈ വികസന റിപ്പോർട്ടുകൾ പ്രാദേശിക വികസന സെമിനാറുകളിൽ വിശദമായി ചർച്ച ചെയ്തു. ഈ ചർച്ചകളിലൂടെയാണ് പഞ്ചവത്സര പദ്ധതികളിൽ ഉൾപ്പെടുത്തേണ്ടുന്ന പ്രോജക്ടുകളുടെ പ്രാഥമിക നിർദ്ദേശങ്ങൾ ഉരുത്തിരിഞ്ഞു വന്നത്. ഈ അടിസ്ഥാനത്തിൽ വികസന റിപ്പോർട്ടുകൾക്ക് ജനകീയാസൂത്രണ പരിപാടിയിൽ സുപ്രധാനമായ ഒരു സ്ഥാനമുണ്ട്. ഇന്നിപ്പോൾ പദ്ധതിരേഖ പൂർത്തിയായതിനാൽ ഈ രേഖകളുടെ പ്രസക്തി ഇല്ലാതാവുന്നില്ല. നേരത്തെ ഞാൻ സൂചിപ്പിച്ചതു പോലെ ഓരോ പ്രദേശത്തിൻെറയും ദീർഘകാല വികസന പരിപ്രേക്ഷ്യത്തെ ഇവപ്രതിഫലിപ്പിക്കും. ഒരു അക്കാദമിക് ഗവേഷകൻ എന്ന രീതിയിൽ മറ്റൊരു കാര്യവും കൂടി ഞാൻ ഉവിടെ സൂചിപ്പിക്കട്ടെ. കേരളത്തെക്കുറിച്ച് ഏതൊരു വൈജ്ഞാനിക ഗവേഷണ പരിപാടിക്കും ഈ റിപ്പോർട്ടുകൾ അക്ഷയ ഖനിയായിരിക്കും. ഇവയിൽ പലതും ഉയർന്ന അക്കാദമിക് നിലവാരം തന്നെ പുലർത്തുന്നുണ്ട് എന്നും സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. അതുകൊണ്ടാണ് സംസ്ഥാനആസൂത്രണ ബോർഡ് തന്നെ മുൻകൈയെടുത്ത് ഈ റിപ്പോർട്ടുകളുടെ വാല്യങ്ങൾ പ്രധാനപ്പെട്ട ചില ലൈബ്രറികൾക്ക് ലഭ്യമാക്കാൻ തീരുമാനിച്ചത്.

ഈ റിപ്പോർട്ടുകളിലൂടെ കേരളത്തിലെ വൈജ്ഞാനിക മണ്ഡലത്തിൽ അമൂല്യമായ സംഭാവന നൽകുന്നതിന് നേതൃത്വം നൽകിയ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും ജനകീയാസൂത്രണ പ്രവർത്തകരെയും ഞാൻ അഭിനന്ദിക്കുന്നു. കേരളത്തിൽ നടന്ന ഈ ധീര നൂതന ആസൂത്രണ പരീക്ഷണത്തോടുള്ള ഐക്യദാർഢ്യത്തിൻെറ സൂചകമായി ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിനും ഈ റിപ്പോർട്ട് തയ്യാറാക്കുന്നതിന് പതിനായിരം രൂപ വീതം പ്രത്യേക ധനസഹായം അനുവദിച്ച കേന്ദ്ര പ്ലാനിംഗ് കമ്മീഷനോടും പ്രത്യേകിച്ച് പ്രൊഫ:മധുദണ്ഡവതെയോടും നന്ദി പറയന്നതിനും ഞാൻ ഈ സന്ദർഭം ഉപയോഗപ്പെടുത്തുന്നു. കേരളത്തിൻെറ ഗവേഷകർക്ക് നല്ലൊരു റഫറൻസ് സ്രോതസായി ഈ വാല്യങ്ങൾ പ്രയോജനപ്പെടും.

തിരുവനന്തപുരം
ചിങ്ങം 1, 1173
ആഗസ്റ്റ് 17, 1997

പ്രൊഫ: ഐ.എസ്. ഗുലാത്തി.
വൈസ് ചെയർമാൻ
സംസ്ഥാന ആസൂത്രണബോർഡ്

*കേരളത്തിലെ 990 ഗ്രാമപഞ്ചായത്തുകളും 55 മുനിസിപ്പാലിറ്റികളും 3 കോർപ്പറേഷനുകളും ജനകീയാസൂത്രണപ്രസ്ഥാനത്തിന്റെ ഭാഗമായി പ്രസിദ്ധീകരിച്ച വികസനറിപ്പോർട്ടുകൾ 166 വാല്യങ്ങളായി സമാഹരിച്ചിരിക്കുന്നു. ഗ്രാമപഞ്ചായത്തുകളുടെ റിപ്പോർട്ടുകൾ ബ്ലോക്കടിസ്ഥാനത്തിലും മുനിസിപ്പാലിറ്റികളുടേത് ജില്ലാടിസ്ഥാനത്തിലുമാണ് സമാഹരിച്ചിട്ടുള്ളത്. 1 മുതൽ 152 വരെ വാല്യങ്ങൾ ഗ്രാമപഞ്ചായത്തുകളുടേതും 153 മുതൽ 166 വരെയുള്ള വാല്യങ്ങൾ നഗരസഭകളുടെതുമാണ്. ഓരോ വാല്യത്തിലും ഉൾപ്പെടുന്ന റിപ്പോർട്ടുകളുടെ സൂചിക ചുവടെ ചേർക്കുന്നു.*


വാല്യം 1

## പാറശ്ശാല ബ്ലോക്ക്

*(തിരുവനന്തപുരം ജില്ല)*

1. പാറശ്ശാല
2. കാരോട്
3. കുളത്തൂർ
4. ചെങ്കൽ
5. തിരുപുറം
6. പൂവാർ

വാല്യം 2

## പെരുങ്കടവിള ബ്ലോക്ക്

*(തിരുവനന്തപുരം ജില്ല)*

1. വെള്ളറട
2. കുന്നത്തുകാൽ
3. കൊല്ലയിൽ
4. പെരുങ്കടവിള
5. ആര്യങ്കോട്
6. ഒറ്റശേഖരമംഗലം
7. പെരുമ്പഴുതൂർ
8. കള്ളിക്കാട്
9. അമ്പൂരി

വാല്യം 3

## അതിയന്നൂർ ബ്ലോക്ക്

*(തിരുവനന്തപുരം ജില്ല)*

1. അതിയന്നൂർ
2. കാഞ്ഞിരംകുളം
3. കരുംകുളം
4. കോട്ടുകാൽ
5. വിഴിഞ്ഞം
6. വെങ്ങാനൂർ
7. തിരുവല്ലം

വാല്യം 4

## നേമം ബ്ലോക്ക്

*(തിരുവനന്തപുരം ജില്ല)*

1. മാറനല്ലൂർ
2. ബാലരാമപുരം
3. പള്ളിച്ചൽ
4. മലയിൻകീഴ്
5. വിളപ്പിൽ
6. വിളവൂർക്കൽ
7. കല്ലിയൂർ
8. നേമം

വാല്യം 5

## തിരുവനന്തപുരം റൂറൽ ബ്ലോക്ക്

*(തിരുവനന്തപുരം ജില്ല)*

1. വട്ടിയൂർക്കാവ്
2. കുടപ്പനക്കുന്ന്
3. ഉള്ളൂർ
4. കടകംപള്ളി

വാല്യം 6

## കഴക്കൂട്ടം ബ്ലോക്ക്

*(തിരുവനന്തപുരം ജില്ല)*

1. ശ്രീകാര്യം
2. പോത്തൻകോട്
3. മംഗലാപുരം
4. അണ്ടൂർകോണം
5. കഠിനംകുളം
6. കഴക്കൂട്ടം
7. ആറ്റിപ്ര

വാല്യം 7

## വെള്ളനാട് ബ്ലോക്ക്

*(തിരുവനന്തപുരം ജില്ല)*

1. കാട്ടാക്കട
2. വെള്ളനാട്
3. പൂവച്ചൽ
4. ആര്യനാട്
5. വിതുര
6. കുറ്റിച്ചൽ
7. ഉഴമലയ്ക്കൽ
8. തൊളിക്കോട്

വാല്യം 8

## നെടുമങ്ങാട് ബ്ലോക്ക്

*(തിരുവനന്തപുരം ജില്ല)*

1. കരകുളം
2. അരുവിക്കര
3. വെമ്പായം
4. ആനാട്
5. പനവൂർ

വാല്യം 9

## വാമനപുരം ബ്ലോക്ക്

*(തിരുവനന്തപുരം ജില്ല)*

1. വാമനപുരം
2. മാണിക്കൽ
3. നെല്ലനാട്
4. പുല്ലമ്പാറ
5. നന്ദിയോട്
6. പെരിങ്ങമ്മല
7. കല്ലറ
8. പാങ്ങോട്

വാല്യം 10

## കിളിമാനൂർ ബ്ലോക്ക്

*(തിരുവനന്തപുരം ജില്ല)*

1. പുളിമാത്ത്
2. കരവാരം
3. നഗരൂർ
4. കിളിമാനൂർ
5. പഴയകുന്നുമ്മേൽ
6. നാവായിക്കുളം
7. മടവൂർ
8. പള്ളിക്കൽ

വാല്യം 11

## ചിറയിൻകീഴ് ബ്ലോക്ക്

*(തിരുവനന്തപുരം ജില്ല)*

1. അഴൂർ
2. ചിറയിൻകീഴ്
3. കടയ്ക്കാവൂർ
4. വക്കം
5. അഞ്ചുതെങ്ങ്
6. കിഴുവിലം
7. മുദാക്കൽ

വാല്യം 12

## വർക്കല ബ്ലോക്ക്

*(തിരുവനന്തപുരം ജില്ല)*

1. വെട്ടൂർ
2. ചെറുന്നിയൂർ
3. ഇടവ
4. ഇലകമൺ
5. ചെമ്മരുതി
6. മണമ്പൂർ
7. ഒറ്റൂർ

| വാല്യം 13 |
|---|

## ഓച്ചിറ ബ്ലോക്ക്
*(കൊല്ലം ജില്ല)*

1. ഓച്ചിറ
2. കുലശേഖരപുരം
3. തഴവ
4. ക്ലാപ്പന

| വാല്യം 14 |
|---|

## കരുനാഗപ്പള്ളി ബ്ലോക്ക്
*(കൊല്ലം ജില്ല)*

1. മൈനാഗപ്പള്ളി
2. ആലപ്പാട്
3. കരുനാഗപ്പള്ളി
4. തൊടിയൂർ

| വാല്യം 15 |
|---|

## ശാസ്താംകോട്ട ബ്ലോക്ക്
*(കൊല്ലം ജില്ല)*

1. ശാസ്താംകോട്ട
2. വെസ്റ്റ് കല്ലട
3. ശൂരനാട് സൗത്ത്
4. പോരുവഴി
5. കുന്നത്തൂർ
6. ശൂരനാട് നോർത്ത്

| വാല്യം 16 |
|---|

## വെട്ടിക്കവല ബ്ലോക്ക്
*(കൊല്ലം ജില്ല)*

1. ഉമ്മന്നൂർ
2. വെട്ടിക്കവല
3. മേലില
4. മൈലം
5. കുളക്കട
6. പവിത്രേശ്വരം

| വാല്യം 17 |
|---|

## പത്തനാപുരം ബ്ലോക്ക്
*(കൊല്ലം ജില്ല)*

1. വിളക്കുടി
2. തലവൂർ
3. പിറവന്തൂർ
4. പട്ടാഴിവടക്കേക്കര
5. പട്ടാഴി
6. പത്തനാപുരം

| വാല്യം 18 |
|---|

## അഞ്ചൽ ബ്ലോക്ക്
*(കൊല്ലം ജില്ല)*

1. കുളത്തൂപ്പുഴ
2. ഏരൂർ
3. അലയമൺ
4. അഞ്ചൽ
5. ഇടമുളയ്ക്കൽ
6. കരവാളൂർ
7. തെന്മല
8. ആര്യങ്കാവ്

| വാല്യം 19 |
|---|

## കൊട്ടാരക്കര ബ്ലോക്ക്
*(കൊല്ലം ജില്ല)*

1. വെളിയം
2. പൂയപ്പള്ളി
3. കരീപ്ര
4. എഴുകോൺ
5. നെടുവത്തൂർ
6. കൊട്ടാരക്കര

| വാല്യം 20 |
|---|

## ചിറ്റുമല ബ്ലോക്ക്
*(കൊല്ലം ജില്ല)*

1. പെരിനാട്
2. കുണ്ടറ
3. ഈസ്റ്റ് കല്ലട
4. പേരയം
5. മൺട്രോത്തുരുത്ത്

| വാല്യം 21 |
|---|

## ചവറ ബ്ലോക്ക്
*(കൊല്ലം ജില്ല)*

1. തെക്കുംഭാഗം
2. ചവറ
3. തേവലക്കര
4. പന്മന
5. നീണ്ടകര

| വാല്യം 22 |
|---|

## അഞ്ചാലുംമൂട് ബ്ലോക്ക്
*(കൊല്ലം ജില്ല)*

1. കിളികൊല്ലൂർ
2. തൃക്കടവൂർ
3. തൃക്കരുവ
4. ശക്തികുളങ്ങര

| വാല്യം 23 |
|---|

## മുഖത്തല ബ്ലോക്ക്
*(കൊല്ലം ജില്ല)*

1. മയ്യനാട്
2. ഇരവിപുരം
3. വടക്കേവിള
4. തൃക്കോവിൽവട്ടം
5. കൊറ്റംകര

| വാല്യം 24 |
|---|

## ഇത്തിക്കര ബ്ലോക്ക്
*(കൊല്ലം ജില്ല)*

1. പൂതക്കുളം
2. കല്ലുവാതുക്കൽ
3. ചാത്തന്നൂർ
4. ആദിച്ചനല്ലൂർ
5. നെടുംപന

| വാല്യം 25 |
|---|

## ചടയമംഗലം ബ്ലോക്ക്
*(കൊല്ലം ജില്ല)*

1. ചിതറ
2. കടയ്ക്കൽ
3. ചടയമംഗലം
4. ഇട്ടിവ
5. വെളിനല്ലൂർ
6. ഇളമാട്
7. നിലമേൽ

| വാല്യം 26 |
|---|

## മല്ലപ്പള്ളി ബ്ലോക്ക്
*(പത്തനംതിട്ട ജില്ല)*

1. ആനിക്കാട്
2. കവിയൂർ
3. കൊറ്റനാട്
4. കല്ലൂപ്പാറ
5. കോട്ടാങ്ങൽ
6. കുന്നന്താനം
7. മല്ലപ്പള്ളി

| വാല്യം 27 |
|---|

## പുളിക്കീഴ് ബ്ലോക്ക്
*(പത്തനംതിട്ട ജില്ല)*

1. കടപ്ര
2. കുറ്റൂർ
3. നിരണം
4. നെടുമ്പ്രം
5. പെരിങ്ങര

വാല്യം 28

## കോയിപ്രം ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. അയിരൂർ
2. ഇരവിപേരൂർ
3. കോയിപ്രം
4. തോട്ടപ്പുഴശ്ശേരി
5. എഴുമറ്റൂർ
6. പുറമറ്റം

വാല്യം 29

## ഇലന്തൂർ ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. ഓമല്ലൂർ
2. ചെന്നീർക്കര
3. ഇലന്തൂർ
4. ചെറുകോൽ
5. കോഴഞ്ചേരി
6. മല്ലപ്പുഴശ്ശേരി
7. നാരങ്ങാനം

വാല്യം 30

## റാന്നി ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. റാന്നി-പഴവങ്ങാടി
2. റാന്നി
3. റാന്നി-അങ്ങാടി
4. റാന്നി-പെരിനാട്
5. വടശ്ശേരിക്കര
6. ചിറ്റാർ
7. സീതത്തോട്
8. നാറാണംമൂഴി
9. വെച്ചൂച്ചിറ

വാല്യം 31

## കോന്നി ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. കോന്നി
2. അരുവാപ്പുലം
3. പ്രമാടം
4. മൈലപ്ര
5. വള്ളിക്കോട്
6. തണ്ണിത്തോട്
7. മലയാലപ്പുഴ

വാല്യം 32

## പന്തളം ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. പന്തളംതെക്കേക്കര
2. പന്തളം
3. തുമ്പമൺ

വാല്യം 33

## പറക്കോട് ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. ഏനാദി മംഗലം
2. ഏറത്ത്
3. ഏഴംകുളം
4. കടമ്പനാട്
5. കലഞ്ഞൂർ
6. കൊടുമൺ
7. പള്ളിക്കൽ

വാല്യം 34

## കുളനട ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. കുളനട
2. ആറന്മുള
3. മെഴുവേലി

വാല്യം 35

## തൈക്കാട്ടുശ്ശേരി ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. അരൂക്കുറ്റി
2. ചേന്ദംപള്ളിപ്പുറം
3. പാണാവള്ളി
4. പെരുംപളം
5. തൈക്കാട്ടുശ്ശേരി

വാല്യം 36

## പട്ടണക്കാട് ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. കടക്കരപ്പള്ളി
2. വയലാർ
3. പട്ടണക്കാട്
4. തുറവൂർ
5. കുത്തിയതോട്
6. കോടംതുരുത്ത്
7. എഴുപുന്ന

വാല്യം 37

## കഞ്ഞിക്കുഴി ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. മാരാരിക്കുളം നോർത്ത്
2. കഞ്ഞിക്കുഴി
3. തണ്ണീർമുക്കം
4. മുഹമ്മ
5. ചേർത്തലസൗത്ത്
6. അരൂർ

വാല്യം 38

## ആര്യാട് ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. ആര്യാട്
2. മണ്ണൻചേരി
3. മാരാരിക്കുളം സൗത്ത്

വാല്യം 39

## അമ്പലപ്പുഴ ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. അമ്പലപ്പുഴ
2. പുന്നപ്ര
3. പുറക്കാട്

വാല്യം 40

## ചമ്പക്കുളം ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. തലവടി
2. എടത്വാ
3. തകഴി
4. നെടുമുടി
5. ചമ്പക്കുളം
6. കൈനകരി

വാല്യം 41

## വെളിയനാട് ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. മുട്ടാർ
2. വെളിയനാട്
3. നീലംപേരൂർ
4. കാവാലം
5. പുളിങ്കുന്ന്
6. രാമൻകരി

വാല്യം 42

## ചെങ്ങന്നൂർ ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. മുളക്കുഴ
2. വെണ്മണി
3. ചെറിയനാട്
4. ആലാ
5. പുലിയൂർ
6. ബുധനൂർ
7. മാന്നാർ
8. പാണ്ടനാട്
9. തിരുവൻവണ്ടൂർ

വാല്യം 43

## ഹരിപ്പാട് ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. ചിങ്ങോലി
2. കാർത്തികപ്പള്ളി
3. തൃക്കുന്നപ്പുഴ
4. കുമാരപുരം
5. കരുവാറ്റ
6. ഹരിപ്പാട്
7. പള്ളിപാട്
8. ചെറുതന
9. വീയപുരം

വാല്യം 44

## മാവേലിക്കര ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. ചെട്ടികുളങ്ങര
2. ചെന്നിത്തല-തൃപ്പെരുംതുറ
3. മാവേലിക്കര-തെക്കേക്കര
4. തഴക്കര

വാല്യം 45

## ഭരണിക്കാവ് ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. നൂറനാട്
2. വള്ളിക്കുന്നം
3. ഭരണിക്കാവ്
4. മാവേലിക്കര-താമരക്കുളം
5. ചുനക്കര
6. പാലമേൽ

വാല്യം 46

## മുതുകുളം ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. പത്തിയൂർ
2. കണ്ടല്ലൂർ
3. ചേപ്പാട്
4. മുതുകുളം
5. ആറാട്ടുപുഴ
6. കൃഷ്ണപുരം
7. ദേവികുളങ്ങര

വാല്യം 47

## വൈക്കം ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. തലയാഴം
2. ചെമ്പ്
3. മറവൻതുരുത്ത്
4. ടി.വി.പുരം
5. വെച്ചൂർ
6. ഉദയനാപുരം

വാല്യം 48

## കടുത്തുരുത്തി ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. കടുത്തുരുത്തി
2. കല്ലറ
3. മാഞ്ഞൂർ
4. മുളക്കുളം
5. ഞീഴൂർ
6. തലയോലപറമ്പ്
7. വെള്ളൂർ

വാല്യം 49

## ഏറ്റുമാനൂർ ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. ഏറ്റുമാനൂർ
2. അയ്മനം
3. അതിരംപുഴ
4. ആർപ്പൂക്കര
5. കുമാരനല്ലൂർ
6. നീണ്ടൂർ

വാല്യം 50

## ഉഴവൂർ ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. കടപ്ലാമറ്റം
2. മരങ്ങാട്ടുപള്ളി
3. കാണക്കാരി
4. വെളിയന്നൂർ
5. കിടങ്ങൂർ
6. കുറവിലങ്ങാട്
7. ഉഴവൂർ
8. രാമപുരം

വാല്യം 51

## ളാലം ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. ഭരണങ്ങാനം
2. കരൂർ
3. കൊഴുവനാൽ
4. കടനാട്
5. മീനച്ചിൽ
6. മുത്തോലി

വാല്യം 52

## ഈരാറ്റുപേട്ട ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. മേലുകാവ്
2. മൂന്നിലവ്
3. പൂഞ്ഞാർ
4. ഈരാറ്റുപേട്ട
5. പൂഞ്ഞാർ-തെക്കേക്കര
6. തലപ്പലം
7. തീക്കോയി
8. തലനാട്
9. തിടനാട്

വാല്യം 53

## പാമ്പാടി ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. അകലകുന്നം
2. എലിക്കുളം
3. കൂരോപ്പട
4. പാമ്പാടി
5. പള്ളിക്കത്തോട്
6. മീനടം

വാല്യം 54

## പള്ളം ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. അയർകുന്നം
2. കുമരകം
3. നാട്ടകം
4. പുതുപ്പള്ളി
5. പനച്ചിക്കാട്
6. തിരുവാർപ്പ്
7. വിജയപുരം

വാല്യം 55

## മാടപ്പള്ളി ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. കറുകച്ചാൽ
2. കുറിച്ചി
3. മാടപ്പള്ളി
4. പായിപ്പാട്
5. തൃക്കൊടിത്താനം
6. വാഴപ്പള്ളി
7. വാകത്താനം

വാല്യം 56

## വാഴൂർ ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. ചിറക്കടവ്
2. കങ്ങഴ
3. നെടുംകുന്നം
4. വെള്ളാവൂർ
5. വാഴൂർ

| വാല്യം 57 |
|---|

## കാഞ്ഞിരപ്പള്ളി ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. എരുമേലി
2. കാഞ്ഞിരപ്പള്ളി
3. കൂട്ടിക്കൽ
4. മണിമല
5. മുണ്ടക്കയം
6. പാറത്തോട്

| വാല്യം 58 |
|---|

## അടിമാലി ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. അടിമാലി
2. കൊന്നത്തടി
3. കുട്ടംപുഴ
4. ബൈസൺവാലി
5. വെള്ളത്തൂവൽ
6. പള്ളിവാസൽ

| വാല്യം 59 |
|---|

## ദേവികുളം ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. മറയൂർ
2. മൂന്നാർ
3. കാന്തല്ലൂർ
4. വട്ടവട
5. ശാന്തൻപാറ
6. ചിന്നക്കനാൽ

| വാല്യം 60 |
|---|

## നെടുംകണ്ടം ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. പാമ്പാടുംപാറ
2. സേനാപതി
3. കരുണാപുരം
4. രാജാക്കാട്
5. നെടുംകണ്ടം
6. ഉടുമ്പൻചോല
7. രാജകുമാരി

| വാല്യം 61 |
|---|

## ഇളംദേശം ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. വണ്ണപ്പുറം
2. ഉടുമ്പന്നൂർ
3. കോടിക്കുളം
4. ആലക്കോട്
5. വെള്ളിയാമറ്റം
6. കരിമണ്ണൂർ
7. കുടയത്തൂർ

| വാല്യം 62 |
|---|

## ഇടുക്കി ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. ഇടുക്കി - കഞ്ഞിക്കുഴി
2. വാത്തിക്കുടി
3. അറക്കുളം
4. കാമാക്ഷി
5. വാഴത്തോപ്പ്
6. മരിയാപുരം

| വാല്യം 63 |
|---|

## കട്ടപ്പന ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. കട്ടപ്പന
2. ഉപ്പുതറ
3. വണ്ടൻമേട്
4. കാഞ്ചിയാർ
5. ഇരട്ടയാർ
6. അയ്യപ്പൻകോവിൽ
7. ചക്കുപള്ളം

| വാല്യം 64 |
|---|

## തൊടുപുഴ ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. കുമാരമംഗലം
2. മുട്ടം
3. ഇടവെട്ടി
4. കരിങ്കുന്നം
5. മണക്കാട്
6. പുറപ്പുഴ

| വാല്യം 65 |
|---|

## അഴുത ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. പെരുവന്താനം
2. കുമിളി
3. കൊക്കയാർ
4. പീരുമേട്
5. ഏലപ്പാറ
6. വണ്ടിപെരിയാർ

| വാല്യം 66 |
|---|

## പറവൂർ ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. ചേന്ദമംഗലം
2. കോട്ടുവള്ളി
3. ഏഴിക്കര
4. വടക്കേക്കര
5. ചിറ്റാറ്റുകര

| വാല്യം 67 |
|---|

## ആലങ്ങാട് ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. കരുമാല്ലൂർ
2. വരാപ്പുഴ
3. ആലങ്ങാട്
4. ഏലൂർ
5. കടുങ്ങല്ലൂർ

| വാല്യം 68 |
|---|

## അങ്കമാലി ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. മൂക്കന്നൂർ
2. തുറവൂർ
3. മഞ്ഞപ്ര
4. കറുകുറ്റി
5. അയ്യമ്പുഴ
6. ശ്രീമൂലനഗരം
7. കാഞ്ഞൂർ
8. കാലടി
9. മലയാറ്റൂർ നീലേശ്വരം

| വാല്യം 69 |
|---|

## കൂവപ്പടി ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. അശമന്നൂർ
2. മുടക്കുഴ
3. വേങ്ങൂർ
4. രായമംഗലം
5. കൂറപ്പടി

| വാല്യം 70 |
|---|

## വാഴക്കുളം ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. വെങ്ങോല
2. വാഴക്കുളം
3. കിഴക്കമ്പലം
4. ചൂർണ്ണിക്കര
5. എടത്തല
6. കീഴ്മാട്

| വാല്യം 71 |
|---|

## ഇടപ്പള്ളി ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. കടമക്കുടി
2. ചേരാനല്ലൂർ
3. തൃക്കാക്കര

| വാല്യം 72 |
|---|

## വൈപ്പിൻ ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. മുളവുകാട്
2. ഞാറയ്ക്കൽ
3. നായരമ്പലം
4. എടവനക്കാട്
5. എളംകുന്നപ്പുഴ
6. പള്ളിപ്പുറം
7. കുഴുപ്പിള്ളി

| വാല്യം 73 |
|---|

## പള്ളുരുത്തി ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. ചെല്ലാനം
2. കുമ്പളങ്ങി

| വാല്യം 74 |
|---|

## വൈറ്റില ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. മരട്
2. കുമ്പളം

| വാല്യം 75 |
|---|

## മുളന്തുരുത്തി ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. ഉദയംപേരൂർ
2. മുളന്തുരുത്തി
3. തിരുവാങ്കുളം
4. ചോറ്റാനിക്കര
5. എടക്കാട്ടുവയൽ
6. ആമ്പല്ലൂർ

| വാല്യം 76 |
|---|

## വടവുകോട് ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. പുത്തൃക്ക
2. തിരുവാണിയൂർ
3. വടവുകോട് പുത്തൻകുരിശ്
4. മഴുവന്നൂർ
5. ഐക്കരനാട്
6. കുന്നത്തുനാട്

| വാല്യം 77 |
|---|

## കോതമംഗലം ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. പൈങ്ങോട്ടൂർ
2. നെല്ലിക്കുഴി
3. പിണ്ടിമന
4. കോട്ടപ്പടി
5. കവളങ്ങാട്
6. വാരപ്പെട്ടി
7. കീരമ്പാറ
8. പോത്താനിക്കാട്
9. പല്ലാരിമംഗലം

| വാല്യം 78 |
|---|

## പാമ്പാക്കുട ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. ഇലഞ്ഞി
2. പിറവം
3. തിരുമാറാടി
4. കൂത്താട്ടുകുളം
5. പാലക്കുഴ
6. മണീട്
7. പാമ്പാക്കുട
8. രാമമംഗലം

| വാല്യം 79 |
|---|

## പാറക്കടവ് ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. പുത്തൻവേലിക്കര
2. ചെങ്ങമനാട്
3. നെടുമ്പാശ്ശേരി
4. പാറക്കടവ്
5. കുന്നുകര

| വാല്യം 80 |
|---|

## മൂവാറ്റുപുഴ ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. ആവോലി
2. ആരക്കുഴ
3. വാളകം
4. പായിപ്ര
5. കല്ലൂർക്കാട്
6. അയവന
7. മഞ്ഞള്ളൂർ
8. മാറാടി

| വാല്യം 81 |
|---|

## ചാവക്കാട് ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. കടപ്പുറം
2. ഒരുമനയൂർ
3. പുക്കോട്
4. പുന്നയൂർ
5. പുന്നയൂർകുളം
6. തൈക്കാട്
7. വടക്കേക്കാട്

| വാല്യം 82 |
|---|

## ചൊവ്വന്നൂർ ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ആർത്താറ്റ്
2. ചൂണ്ടൽ
3. ചൊവ്വന്നൂർ
4. കടവല്ലൂർ
5. കണ്ടാണശ്ശേരി
6. കാട്ടകാമ്പൽ
7. പോർക്കുളം

| വാല്യം 83 |
|---|

## വടക്കാഞ്ചേരി ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ദേശമംഗലം
2. എരുമപ്പെട്ടി
3. കടങ്ങോട്
4. മുണ്ടത്തിക്കോട്
5. മുള്ളൂർക്കര
6. തെക്കുംകര
7. വരവൂർ
8. വേലൂർ
9. വടക്കാഞ്ചേരി

| വാല്യം 84 |
|---|

## പഴയന്നൂർ ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ചേലക്കര
2. വള്ളത്തോൾനഗർ
3. കൊണ്ടാഴി
4. പാഞ്ഞാൾ
5. പഴയന്നൂർ
6. തിരുവില്വാമല

| വാല്യം 85 |
|---|

## ഒല്ലൂക്കര ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. കോലഴി
2. മാടക്കത്തറ
3. നടത്തറ
4. ഒല്ലൂക്കര
5. പാണഞ്ചേരി
6. പുത്തൂർ
7. വിൽവട്ടം

| വാല്യം 86 |
|---|

## പുഴക്കൽ ബ്ലോക്ക്

*തൃശ്ശൂർ ജില്ല*

1. അടാട്ട്
2. അരിമ്പൂർ
3. അവണ്ണൂർ
4. അയ്യന്തോൾ
5. കൈപ്പറമ്പ്
6. മുളങ്കുന്നത്തുകാവ്(കിള്ളന്നൂർ)
7. തോളൂർ

| വാല്യം 87 |
|---|

## മുല്ലശ്ശേരി ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. എളവള്ളി
2. മുല്ലശ്ശേരി
3. പാവറട്ടി
4. വെങ്കിടങ്ങ്

| വാല്യം 88 |
|---|

## തളിക്കുളം ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ഏങ്ങണ്ടിയൂർ
2. വാടാനാപ്പിള്ളി
3. തളിക്കുളം
4. നാട്ടിക
5. വലപ്പാട്

| വാല്യം 89 |
|---|

## അന്തിക്കാട് ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. അന്തിക്കാട്
2. താന്ന്യം
3. ചാഴൂർ
4. മണലൂർ

| വാല്യം 90 |
|---|

## ചേർപ്പ് ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ആവിണിശ്ശേരി
2. ചേർപ്പ്
3. കുർക്കഞ്ചേരി
4. ഒല്ലൂർ
5. പാറളം
6. വല്ലച്ചിറ

| വാല്യം 91 |
|---|

## കൊടകര ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. അളഗപ്പാനഗർ
2. കൊടകര
3. മറ്റത്തൂർ
4. നെന്മണിക്കര
5. പുതുക്കാട്
6. ത്രിക്കൂർ
7. വരന്തരപ്പിള്ളി

| വാല്യം 92 |
|---|

## ഇരിങ്ങാലക്കുട ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. കാറളം
2. കാട്ടൂർ
3. മുരിയാട്
4. പറപ്പൂക്കര
5. പൊറത്തിശ്ശേരി

| വാല്യം 93 |
|---|

## വെള്ളാങ്ങല്ലൂർ ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. പടിയൂർ
2. പൂമംഗലം
3. പുത്തൻചിറ
4. വെള്ളാങ്ങല്ലൂർ
5. വേളൂക്കര

| വാല്യം 94 |
|---|

## മതിലകം ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. എടത്തിരുത്തി
2. കൈപ്പമംഗലം
3. മതിലകം
4. പെരിഞ്ഞനം
5. ശ്രീനാരായണപുരം

| വാല്യം 95 |
|---|

## കൊടുങ്ങല്ലൂർ ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. എടവിലങ്ങ്
2. എറിയാട്
3. മേത്തല

| വാല്യം 96 |
|---|

## മാള ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ആളൂർ
2. അന്നമനട
3. കുഴൂർ
4. മാള
5. പൊയ്യ

| വാല്യം 97 |
|---|

## ചാലക്കുടി ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. കാടുകുറ്റി
2. കോടശ്ശേരി
3. കൊരട്ടി
4. മേലൂർ
5. പരിയാരം
6. അതിരപ്പിള്ളി

| വാല്യം 98 |
|---|

## തൃത്താല ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. ആനക്കര
2. ചാലിശ്ശേരി
3. കപ്പൂർ
4. നാഗലശ്ശേരി
5. പട്ടിത്തറ
6. തിരുമിറ്റക്കോട്
7. തൃത്താല

| വാല്യം 99 |
|---|

## പട്ടാമ്പി ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. കൊപ്പം
2. കുലുക്കല്ലൂർ
3. മുതുതല
4. നെല്ലായ
5. ഓങ്ങല്ലൂർ
6. പട്ടാമ്പി
7. പരുതൂർ
8. തിരുവേഗപുറ
9. വല്ലപ്പുഴ
10. വിളയൂർ

| വാല്യം 100 |
|---|

## ഒറ്റപ്പാലം ബ്ലോക്ക്
*(പാലക്കാട് ജില്ല)*

1. അമ്പലപ്പാറ
2. അനങ്ങനടി
3. ചളവറ
4. ലക്കിടിപേരൂര്‍
5. വാണിയംകുളം

| വാല്യം 101 |
|---|

## ശ്രീകൃഷ്ണപുരം ബ്ലോക്ക്
*(പാലക്കാട് ജില്ല)*

1. ചെര്‍പ്പുളശ്ശേരി
2. കടമ്പഴിപ്പുറം
3. കരിമ്പുഴ
4. പൂക്കോട്ടുകാവ്
5. ശ്രീകൃഷ്ണപുരം
6. തൃക്കടീരി
7. വെള്ളിനേഴി

| വാല്യം 102 |
|---|

## മണ്ണാര്‍ക്കാട് ബ്ലോക്ക്
*(പാലക്കാട് ജില്ല)*

1. അലനല്ലൂര്‍
2. കാരാക്കുറിശ്ശി
3. കരിമ്പ
4. കോട്ടോപ്പാടം
5. കുമരംപുത്തൂര്‍
6. കാഞ്ഞിരപ്പുഴ
7. മണ്ണാര്‍ക്കാട്
8. തച്ചനാട്ടുകര
9. തച്ചമ്പാറ

| വാല്യം 103 |
|---|

## അട്ടപ്പാടി ബ്ലോക്ക്
*(പാലക്കാട് ജില്ല)*

1. അഗളി
2. പുതൂര്‍
3. ഷോളയാര്‍

| വാല്യം 104 |
|---|

## പാലക്കാട് ബ്ലോക്ക്
*(പാലക്കാട് ജില്ല)*

1. കൊടുമ്പ്
2. കേരളശ്ശേരി
3. കോങ്ങാട്
4. മങ്കര
5. മണ്ണൂര്‍
6. മുണ്ടൂര്‍
7. പറളി
8. പിരായിരി

| വാല്യം 105 |
|---|

## കുഴല്‍മന്ദം ബ്ലോക്ക്
*(പാലക്കാട് ജില്ല)*

1. കോട്ടായി
2. കുത്തന്നൂര്‍
3. കുഴല്‍മന്ദം
4. മാത്തൂര്‍
5. പെരിങ്ങോട്ടുകുറിശ്ശി
6. തേങ്കുറിശ്ശി
7. കണ്ണാടി

| വാല്യം 106 |
|---|

## ചിറ്റൂര്‍ ബ്ലോക്ക്
*(പാലക്കാട് ജില്ല)*

1. എരുത്തേംപതി
2. കൊഴിഞ്ഞാമ്പാറ
3. നല്ലേപ്പിള്ളി
4. പട്ടഞ്ചേരി
5. പെരുമാട്ടി
6. വടകരപതി

| വാല്യം 107 |
|---|

## കൊല്ലങ്കോട് ബ്ലോക്ക്
*(പാലക്കാട് ജില്ല)*

1. കൊല്ലങ്കോട്
2. കൊടുവായൂര്‍
3. മുതലമട
4. പുതുനഗരം
5. വടവന്നൂര്‍

| വാല്യം 108 |
|---|

## നെന്മാറ ബ്ലോക്ക്
*(പാലക്കാട് ജില്ല)*

1. അയിലൂര്‍
2. മേലാര്‍കോട്
3. നെല്ലിയാംപതി
4. എലവഞ്ചേരി
5. നെന്മാറ
6. പല്ലശ്ശന

| വാല്യം 109 |
|---|

## ആലത്തൂര്‍ ബ്ലോക്ക്
*(പാലക്കാട് ജില്ല)*

1. ആലത്തൂര്‍
2. എരിമയൂര്‍
3. കാവശ്ശേരി
4. കിഴക്കഞ്ചേരി
5. പുതുക്കോട്
6. തരൂര്‍
7. വണ്ടാഴി
8. വടക്കഞ്ചേരി
9. കണ്ണമ്പ്ര

| വാല്യം 110 |
|---|

## മലമ്പുഴ ബ്ലോക്ക്
*(പാലക്കാട് ജില്ല)*

1. മലമ്പുഴ
2. അകത്തേത്തറ
3. പുതുപ്പരിയാരം
4. മരുതറോഡ്
5. എലപ്പുള്ളി
6. പൊല്‍പുള്ളി
7. പുതുശ്ശേരി
8. പെരുവെമ്പ്

| വാല്യം 111 |
|---|

## നിലമ്പൂര്‍ ബ്ലോക്ക്
*(മലപ്പുറം ജില്ല)*

1. നിലമ്പൂര്‍
2. അമരമ്പലം
3. ചാലിയാര്‍
4. ചുങ്കത്തറ
5. കരുളായി
6. മൂത്തേടം
7. വഴിക്കടവ്
8. എടക്കര
9. കാളികാവ്

| വാല്യം 112 |
|---|

## കൊണ്ടോട്ടി ബ്ലോക്ക്
*(മലപ്പുറം ജില്ല)*

1. ചേലേമ്പ്ര
2. ചെറുകാവ്
3. കൊണ്ടോട്ടി
4. പള്ളിക്കല്‍
5. വാഴയൂര്‍
6. വാഴക്കാട്
7. പുളിക്കല്‍
8. നെടിയിരുപ്പ്

| വാല്യം 113 |
|---|

## വണ്ടൂര്‍ ബ്ലോക്ക്
*(മലപ്പുറം ജില്ല)*

1. മമ്പാട്
2. കരുവാരക്കുണ്ട്
3. പാണ്ടിക്കാട്
4. എടവണ്ണ
5. പോരൂര്‍
6. തൃക്കലങ്ങോട്
7. തിരുവാലി
8. തുവ്വൂര്‍
9. വണ്ടൂര്‍

വാല്യം 114

## അരീക്കോട് ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ഊർങ്ങാട്ടിരി
2. കാവന്നൂർ
3. കീഴ്പറമ്പ്
4. പുൽപ്പറ്റ
5. ചീക്കോട്
6. അരീക്കോട്
7. കുഴിമണ്ണ

വാല്യം 115

## മലപ്പുറം ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. കോട്ടക്കൽ
2. ആനക്കയം
3. മൊറയൂർ
4. ഊരകം
5. പൊന്മള
6. പൂക്കോട്ടൂർ

വാല്യം 116

## പെരിന്തൽമണ്ണ ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ആലിപ്പറമ്പ്
2. എടപ്പറ്റ
3. ഏലംകുളം
4. മേലാറ്റൂർ
5. കീഴാറ്റൂർ
6. താഴേക്കോട്
7. വെട്ടത്തൂർ

വാല്യം 117

## മങ്കട ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. കുറുവ
2. മങ്കട
3. മക്കരപ്പറമ്പ്
4. പുലാമന്തോൾ
5. മൂർക്കനാട്
6. കൂട്ടിലങ്ങാടി
7. പുഴക്കാട്ടിരി
8. കൊണ്ടൂർ
9. അങ്ങാടിപ്പുറം

വാല്യം 118

## കുറ്റിപ്പുറം ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ആതവനാട്
2. എടയൂർ
3. ഇരിമ്പിളിയം
4. മാറാക്കര
5. കുറ്റിപ്പുറം
6. വളാഞ്ചേരി

വാല്യം 119

## വേങ്ങര ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. എ.ആർ.നഗർ
2. എടരിക്കോട്
3. ഒതുക്കുങ്ങൽ
4. പറപ്പൂർ
5. തെന്നല
6. വേങ്ങര

വാല്യം 120

## തിരൂരങ്ങാടി ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. തിരൂരങ്ങാടി
2. തേഞ്ഞിപ്പലം
3. പരപ്പനങ്ങാടി
4. വള്ളിക്കുന്ന്
5. മൂന്നിയൂർ
6. നന്നമ്പ്ര

വാല്യം 121

## താനൂർ ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ചെറിയമുണ്ടം
2. കൽപകഞ്ചേരി
3. ഒഴൂർ
4. താനാളൂർ
5. വളവന്നൂർ
6. താനൂർ
7. പൊന്മുണ്ടം

വാല്യം 122

## തിരൂർ ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. പുറത്തൂർ
2. തലക്കാട്
3. തൃപ്രങ്ങോട്
4. വെട്ടം
5. തിരുനാവായ

വാല്യം 123

## പൊന്നാനി ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ഈഴുവത്തിരുത്തി
2. തവന്നൂർ
3. വട്ടംകുളം
4. എടപ്പാൾ

വാല്യം 124

## പെരുമ്പടപ്പ് ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ആലങ്കോട്
2. മാറഞ്ചേരി
3. നന്നമുക്ക്
4. പെരുമ്പടപ്പ്
5. വെളിയംകോട്

വാല്യം 125

## വടകര ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. അഴിയൂർ
2. ചോറോട്
3. ഏറാമല
4. ഒഞ്ചിയം

വാല്യം 126

## തൂണേരി ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. ചെക്യാട്
2. എടച്ചേരി
3. പുറമേരി
4. തൂണേരി
5. വളയം
6. വാണിമേൽ

വാല്യം 127

## കുന്നുമ്മൽബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. കുന്നുമ്മൽ
2. നാദാപുരം
3. കായക്കൊടി
4. കാവിലുമ്പാറ
5. കുറ്റ്യാടി
6. മരുതോങ്കര
7. വേളം
8. നരിപ്പറ്റ

| വാല്യം 128 |
|---|

## തോടന്നൂർ ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. ആയഞ്ചേരി
2. വില്യാപ്പള്ളി
3. മണിയൂർ
4. തിരുവള്ളൂർ

| വാല്യം 129 |
|---|

## മേലടി ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. തുറയൂർ
2. കീഴരിയൂർ
3. തിക്കോടി
4. പയ്യോളി
5. മേപ്പയൂർ

| വാല്യം 130 |
|---|

## പേരാമ്പ്ര ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. ചെറുവണ്ണൂർ
2. നൊച്ചാട്
3. ചങ്ങരോത്ത്
4. കായണ്ണ
5. കൂത്താളി
6. പേരാമ്പ്ര
7. ചക്കിട്ടപ്പാറ

| വാല്യം 131 |
|---|

## ബാലുശ്ശേരി ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. ബാലുശ്ശേരി
2. നടുവണ്ണൂർ
3. അത്തോളി
4. ഉള്ളിയേരി
5. കോട്ടൂർ
6. ഉണ്ണികുളം
7. പനങ്ങാട്
8. കൂരാച്ചുണ്ട്

| വാല്യം 132 |
|---|

## പന്തലായിനി ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. ചേമഞ്ചേരി
2. അരിക്കുളം
3. മൂടാടി
4. ചെങ്ങോട്ടുകാവ്

| വാല്യം 133 |
|---|

## ചേളന്നൂർ ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. കക്കോടി
2. ചേളന്നൂർ
3. കാക്കൂർ
4. നന്മണ്ട
5. നരിക്കുനി
6. എലത്തൂർ
7. തലക്കുളത്തൂർ

| വാല്യം 134 |
|---|

## കൊടുവള്ളി ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. തിരുവമ്പാടി
2. കൂടരഞ്ഞി
3. കിഴക്കോത്ത്
4. മടവൂർ
5. കൊടുവള്ളി
6. പുതുപ്പാടി
7. താമരശ്ശേരി
8. ഓമശ്ശേരി

| വാല്യം 135 |
|---|

## കുന്നമംഗലം ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. കൊടിയത്തൂർ
2. കുരുവട്ടൂർ
3. മാവൂർ
4. കാരശ്ശേരി
5. കുന്ദമംഗലം
6. ചാത്തമംഗലം
7. മുക്കം
8. കോടഞ്ചേരി
9. പെരുവയൽ

| വാല്യം 136 |
|---|

## കോഴിക്കോട് ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. കടലുണ്ടി
2. രാമനാട്ടുകര
3. ചെറുവണ്ണൂർനല്ലളം
4. ബേപ്പൂർ
5. ഫറോക്ക്
6. ഒളവണ്ണ

| വാല്യം 137 |
|---|

## മാനന്തവാടി ബ്ലോക്ക്

*(വയനാട് ജില്ല)*

1. മാനന്തവാടി
2. വെള്ളമുണ്ട
3. തിരുനെല്ലി
4. തൊണ്ടർനാട്
5. എടവക
6. തവിഞ്ഞാൽ
7. പനമരം

| വാല്യം 138 |
|---|

## സുൽത്താൻ ബത്തേരി ബ്ലോക്ക്

*(വയനാട് ജില്ല)*

1. മീനങ്ങാടി
2. നെന്മേനി
3. അമ്പലവയൽ
4. പൂതാടി
5. സുൽത്താൻബത്തേരി
6. നൂൽപുഴ
7. മുള്ളൻകൊല്ലി
8. പുൽപള്ളി

| വാല്യം 139 |
|---|

## കൽപറ്റ ബ്ലോക്ക്

*(വയനാട് ജില്ല)*

1. കോട്ടത്തറ
2. വേങ്ങപ്പള്ളി
3. വൈത്തിരി
4. മുട്ടിൽ
5. പൊഴുതന
6. തരിയോട്
7. പടിഞ്ഞാറെത്തറ
8. മേപ്പാടി
9. കണിയാമ്പറ്റ

| വാല്യം 140 |
|---|

## പയ്യന്നൂർ ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. ചെറുതാഴം
2. ഏഴോം
3. കുഞ്ഞിമംഗലം
4. മാടായി
5. മാട്ടൂൽ
6. രാമന്തളി
7. കടന്നപ്പള്ളിപാണാപുഴ
8. കരിവെള്ളൂർ പെരളം
9. കാങ്കോൽ ആലപ്പടമ്പ
10. എരമംകുറ്റൂർ
11. പെരിങ്ങോം വയക്കര

| വാല്യം 141 |
|---|

## തളിപ്പറമ്പ് ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. പട്ടുവം
2. ചെറുകുന്ന്
3. കല്യാശേരി
4. കണ്ണപുരം
5. പാപ്പിനിശ്ശേരി
6. ചെങ്ങളായി
7. കുറുമാത്തൂർ
8. പരിയാരം
9. ആന്തൂർ
10. നാറാത്ത്
11. ചപ്പാരപ്പടവ്
12. നടുവിൽ
13. ഉദയഗിരി
14. ആലക്കോട്

| വാല്യം 142 |
|---|

## ഇരിക്കൂർ ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. ഇരിക്കൂർ
2. ഏരുവശ്ശി
3. മലപ്പട്ടം
4. പയ്യാവൂർ
5. കൊളച്ചേരി
6. കുറ്റ്യാട്ടൂർ
7. മയ്യിൽ
8. ശ്രീകണ്ഠാപുരം
9. പടിയൂർ-കല്യാട്

| വാല്യം 143 |
|---|

## കണ്ണൂർ ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. ചിറക്കൽ
2. പള്ളിക്കുന്ന്
3. പുഴാതി
4. വളപട്ടണം
5. അഴീക്കോട്

| വാല്യം 144 |
|---|

## എടക്കാട് ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. അഞ്ചരക്കണ്ടി
2. എടക്കാട്
3. എളയാവൂർ
4. കടമ്പൂർ
5. മുഴപ്പിലങ്ങാട്
6. ചേലോറ
7. ചെമ്പിലോട്
8. മുണ്ടേരി
9. പെരളശ്ശേരി

| വാല്യം 145 |
|---|

## തലശ്ശേരി ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. ധർമ്മടം
2. എരഞ്ഞോളി
3. കതിരൂർ
4. കോട്ടയം
5. പിണറായി
6. ചൊക്ളി
7. കരിയാട്
8. പെരിങ്ങളം
9. ന്യൂമാഹി
10. കോടിയേരി

| വാല്യം 146 |
|---|

## കുത്തുപറമ്പ് ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. മൊകേരി
2. പന്ന്യന്നൂർ
3. പാനൂർ
4. തൃപ്രങ്ങോട്ടൂർ
5. ചിറ്റാരിപ്പറമ്പ്
6. കുന്നോത്തുപറമ്പ്
7. മാങ്ങാട്ടിടം
8. പാട്യം
9. വേങ്ങാട്

| വാല്യം 147 |
|---|

## ഇരിട്ടി ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. ആറളം
2. അയ്യൻകുന്ന്
3. കീഴല്ലൂർ
4. തില്ലങ്കേരി
5. കൂടാളി
6. പായം
7. കീഴൂർ-ചാവശ്ശേരി
8. മട്ടന്നൂർ

| വാല്യം 148 |
|---|

## പേരാവൂർ ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. കാണിച്ചാർ
2. കേളകം
3. കൊട്ടിയൂർ
4. മുഴക്കുന്ന്
5. കോളയാട്
6. മാലൂർ
7. പേരാവൂർ

| വാല്യം 149 |
|---|

## മഞ്ചേശ്വരം ബ്ലോക്ക്

*(കാസർഗോഡ് ജില്ല)*

1. ബേളൂർ
2. കുംപഡജെ
3. മംഗൽപാടി
4. വോർക്കാടി
5. പുതിഗെ
6. മീഞ്ച
7. മഞ്ചേശ്വരം
8. കുമ്പള
9. പൈവളികെ
10. എന്മകജേ
11. ബദിയടുക്ക

| വാല്യം 150 |
|---|

## കാസർഗോഡ് ബ്ലോക്ക്

*(കാസർഗോഡ് ജില്ല)*

1. കരാഡ്ക്ക
2. മുളിയാർ
3. ദേലംപാടി
4. ചെങ്കള
5. ചെമ്മനാട്
6. ബേഡഡുക്ക
7. മധൂർ
8. മൊഗ്രാൽപുത്തൂർ

| വാല്യം 151 |
|---|

## കാഞ്ഞങ്ങാട് ബ്ലോക്ക്

*(കാസർഗോഡ് ജില്ല)*

1. ഉദുമ
2. അജാനൂർ
3. ബളാൽ
4. കോടംബേളൂർ
5. മടിക്കൈ
6. പള്ളിക്കര
7. പനത്തടി
8. പുല്ലൂർപെരിയ

| വാല്യം 152 |
|---|

## നീലേശ്വരം ബ്ലോക്ക്

*(കാസർഗോഡ് ജില്ല)*

1. ചെറുവത്തൂർ
2. കയ്യൂർ-ചീമേനി
3. നീലേശ്വരം
4. ഈസ്റ്റ് എളേരി
5. പിലിക്കോട്
6. വെസ്റ്റ് എളേരി
7. തൃക്കരിപ്പൂർ
8. കിനാനൂർ കരിന്തളം
9. പടന്ന
10. വലിയപറമ്പ്

# നഗരസഭകൾ

വാല്യം 153

## തിരുവനന്തപുരം ജില്ല

1. തിരുവനന്തപുരം
2. നെയ്യാറ്റിൻകര
3. നെടുമങ്ങാട്
4. ആറ്റിങ്ങൽ
5. വർക്കല

വാല്യം 154

## കൊല്ലം ജില്ല

1. കൊല്ലം
2. പുനലൂർ
3. പരവൂർ

വാല്യം 155

## പത്തനതിട്ട ജില്ല

1. പത്തനംതിട്ട
2. തിരുവല്ല
3. അടൂർ

വാല്യം 156

## ആലപ്പുഴ ജില്ല

1. ആലപ്പുഴ
2. കായംകുളം
3. ചേർത്തല
4. മാവേലിക്കര
5. ചെങ്ങന്നൂർ

വാല്യം 157

## കോട്ടയം ജില്ല

1. കോട്ടയം
2. ചങ്ങനാശ്ശേരി
3. വൈക്കം
4. പാല

വാല്യം 158

## ഇടുക്കി ജില്ല

1. തൊടുപുഴ

വാല്യം 159

## എറണാകുളം ജില്ല

1. കൊച്ചി
2. ആലുവ
3. പെരുമ്പാവൂർ
4. നോർത്ത് പരവൂർ
5. തൃപ്പൂണിത്തുറ
6. അങ്കമാലി
7. കോതമംഗലം
8. കളമശ്ശേരി

വാല്യം 160

## തൃശ്ശൂർ ജില്ല

1. തൃശ്ശൂർ
2. കുന്നംകുളം
3. ഇരിങ്ങാലക്കുട
4. ചാലക്കുടി
5. കൊടുങ്ങല്ലൂർ
6. ചാവക്കാട്
7. ഗുരുവായൂർ

വാല്യം 161

## പാലക്കാട് ജില്ല

1. പാലക്കാട്
2. ചിറ്റൂർ തത്തമംഗലം
3. ഷൊർണ്ണൂർ
4. ഒറ്റപ്പാലം

വാല്യം 162

## മലപ്പുറം ജില്ല

1. മലപ്പുറം
2. തിരൂർ
3. മഞ്ചേരി
4. പൊന്നാനി
5. പെരിന്തൽമണ്ണ

വാല്യം 163

## കോഴിക്കോട് ജില്ല

1. കോഴിക്കോട്
2. കൊയിലാണ്ടി
3. വടകര

വാല്യം 164

## വയനാട് ജില്ല

1. കൽപ്പറ്റ

വാല്യം 165

## കണ്ണൂർ ജില്ല


1. കണ്ണൂർ
2. തലശ്ശേരി
3. പയ്യന്നൂർ
4. കുത്തുപറമ്പ്
5. തളിപറമ്പ്
6. മട്ടന്നൂർ

വാല്യം 166

## കാസർഗോഡ് ജില്ല

1. കാസർഗോഡ്
2. കാഞ്ഞങ്ങാട്

# പത്തിയൂർ ഗ്രാമപഞ്ചായത്ത്






## ജനകീയാസൂത്രണം
## സമഗ്രവികസന രേഖ

1996

# കേരളം


ജനകീയ ആസൂത്രണ പരിപാടി

അധികാരം ജനങ്ങളിലേക്ക്



# പത്തിയൂർ ഗ്രാമ പഞ്ചായത്ത്.

## വിഭവ ഭൂപടം.



തിരുവനന്തപുരം
16-12-1996

**ഇ. കെ. നായനാർ**
കേരള മുഖ്യമന്ത്രി




## സന്ദേശം

പത്തിയൂർ ഗ്രാമപഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ നടക്കുന്ന വികസന-ആസൂത്രണ സെമിനാറിന് എന്റെ വിജയാശംസകൾ. ഒമ്പതാം പദ്ധതി വമ്പിച്ച ജനകീയ പങ്കാളിത്തത്തോടെ ആസൂത്രിതവും വികേന്ദ്രീകൃതവുമായി നടത്തുന്നതിനോടനുബന്ധിച്ചുള്ളതാണല്ലോ ഈ സെമിനാർ. ഇതിന്റെ സന്ദേശം ജനങ്ങളിലെത്തിക്കാൻ സെമിനാറിനോടനുബന്ധിച്ച് പ്രസിദ്ധീകരിക്കുന്ന സുവനീറിന് കഴിയട്ടെ എന്ന് ആശംസിക്കുന്നു.

ഇ. കെ. നായനാർ
മുഖ്യമന്ത്രി

**ശ്രീ. എം. എ. അലിയാർ**
പ്രസിഡന്റ്
പത്തിയൂർ ഗ്രാമപഞ്ചായത്ത്
ആലപ്പുഴ ജില്ല



പ്രസിഡന്റ്
എം. എ. അലിയാർ



വൈസ് പ്രസിഡന്റ്
**രത്നമ്മ നാരായണൻ**



സ്റ്റാ: കമ്മിറ്റി ചെയർമാൻ
കെ. രഘുനാഥൻ



1-ാം വാർഡ് മെമ്പർ
**എം. കെ. വിജയമ്മ**



2-ാം വാർഡ് മെമ്പർ
എസ്. സതിയമ്മ



4-ാം വാർഡ് മെമ്പർ
കെ. സഹദേവൻ



5-ാം വാർഡ് മെമ്പർ
എൻ. ദാമോദരൻ



6-ാം വാർഡ് മെമ്പർ
എം. ആർ. പത്മകുമാരി



9-ാം വാർഡ് മെമ്പർ
ജി. എസ്. പണിക്കർ



10-ാം വാർഡ് മെമ്പർ
കെ. എൽ. പ്രസന്നകുമാരി



11-ാം വാർഡ് മെമ്പർ
എൻ. കൃഷ്ണൻകുട്ടി നായർ



12-ാം വാർഡ് മെമ്പർ
എം. ആർ. പ്രസാദ്

# ഉള്ളടക്കം


ആമുഖം

പഞ്ചായത്ത് ഇന്നലെകളിൽ

മണ്ണ്, ജലം, മനുഷ്യൻ

കൃഷി, ജലസേചനം,

മൃഗസംരക്ഷണം മത്സ്യബന്ധനം

വ്യവസായം, മാർക്കറ്റ്

ഊർജ്ജം

ഗതാഗതം

വിദ്യാഭ്യാസം സംസ്കാരം

പാർപ്പിടം

സാമൂഹ്യക്ഷേമം

പൊതുജനആരോഗ്യം കുടിവെള്ളം

വനിതാരംഗം

പട്ടികജാതി പട്ടികവർഗ്ഗക്ഷേമം

സഹകരണമേഖല

വിഭവസമാഹരണം

ഉപസംഹാരം

# പിന്നാംപുറങ്ങളിൽ

പ്രൊഫ. കെ. മഹാദേവൻ പിള്ള
കെ.സി. ചന്ദ്രമോഹൻ
എൻ. ശ്രീകുമാർ
ആർ. ശിവരാമപിള്ള

കെ. മാധവൻ
എ. കെ. ഗോപാലപിള്ള
കെ. നാരായണപിള്ള
മുരുകൻ
മണികണ്ഠകുമാർ
ലീലാ ഗോകുൽ
ഇന്ദിരാ ദേവി

കെ. വി. വർഗ്ഗീസ്
ജി. വേണു
എൻ. രാമചന്ദ്രൻ നായർ
ദാമോദരൻ പിള്ള
കെ. സദാശിവൻ
ഗോപാലകൃഷ്ണപിള്ള
കെ. കൃഷ്ണൻകുട്ടി
പി.എസ്. കൃഷ്ണകുമാർ
ഡോ. എസ്.ബാബു


കെ. രാഘവൻപിള്ള
(കൺവീനർ D.R.P)

# ആമുഖം

ഭാരതം ഗ്രാമങ്ങളിൽ ജീവിക്കുന്നു. ഗ്രാമസ്വരാജ് എന്നും ഗാന്ധിജിയുടെ സ്വപ്നമായിരുന്നു. കെട്ടുറപ്പുള്ള സ്വയം പര്യാപ്തമായ ഗ്രാമങ്ങൾ. നാട്ടിലെ പ്രായമായവർ നാട്ടിൻപുറങ്ങളിലെ ദേവാലയ പരിസരത്തെ ആൽത്തറകളിലിരുന്ന് നാട്ടിന്റെ പ്രശ്നങ്ങൾ ചർച്ച ചെയ്യുകയും ആവലാതികൾക്ക് പരിഹാരം നിർദ്ദേശിക്കുകയും ചെയ്തിരുന്ന പൊയ്പ്പോയ നല്ലകാലം. ആ സ്വപ്നങ്ങളിൽ മുങ്ങി, ആ പഴമയുടെ പുനർജനിമനസിലിട്ടു താലോലിച്ച ഗാന്ധിജി - ആ മഹാന്റെ സ്വപ്നങ്ങലിലേക്ക് എത്തിച്ചേരാൻ സ്വതന്ത്രഇന്ത്യ ഗ്രാമപഞ്ചായത്തുകൾക്ക് രൂപകൽപന ചെയ്തു.

കാലത്തിന്റെ കുതിച്ചുപായലിൽ ജീവിതരീതിക്കും കാഴ്ചപാടിനും ഉണ്ടായ വ്യതിയാനം പഴമയേ അതേപടി ഉൾകൊള്ളാൻ കഴിയാത്ത അവസ്ഥ ഉണ്ടാക്കി. പല രംഗങ്ങളിലും നാട്ടിന്റെ പുരോഗതി പ്രതിസന്ധിയിലായി.

1951 ൽ ആരംഭിച്ച ആസൂത്രണപ്രക്രിയ മുകൾത്തട്ടിൽ ഒതുങ്ങിനിന്നു. പ്രാദേശികമായ ആവശ്യങ്ങൾ കണക്കിലെടുക്കാതെ അഥവാ കണക്കിലെടുക്കാൻ കഴിയാതെ എടുത്ത തീരുമാനങ്ങൾ ജനങ്ങളിൽ നിന്നും ജനങ്ങളുടെ പ്രശ്നങ്ങളിൽ നിന്നും ഏറെ അകലെയായിരുന്നു. ബ്യൂറോക്രസിയുടെ ഇരുമ്പുചക്രങ്ങളിൽപെട്ട് സാധാരണക്കാരുടെ പ്രശ്നങ്ങൾ ചതച്ചരക്കപ്പെട്ടു. തൽഫലമായി ആസൂത്രണത്തിനായി ചെലവഴിക്കപ്പെട്ട ഭീമമായതുകയ്ക്ക് അനുസരണമായ പുരോഗതികൈവരിക്കാൻ കഴിഞ്ഞില്ല. ഈ ദുഃഖസത്യം കണക്കിലെടുത്താണ് സംസ്ഥാന സർക്കാരും ആസൂത്രണബോർഡും ചേർന്ന് ജനകീയാസൂത്രണ പ്രസ്ഥാനത്തിന് രൂപം കൊടുത്തിട്ടുള്ളത്.




**ജനകീയാസൂത്രണം**

എഴുപത്തിമൂന്നാം ഭരണഘടനാഭേദഗതിയിലൂടെ കൈവന്ന ത്രിതലപഞ്ചായത്തുകളുടെ അധികാരങ്ങൾ പ്രയോജനപ്പെടുത്തി ``അധികാരം ജനങ്ങളിലേക്ക്'' കൊടുക്കുന്ന യഥാർത്ഥ ജനാധിപത്യ പ്രക്രിയയാണ് ജനകീയാസൂത്രണം.

നാടിന്റെ ഏറ്റവും ചെറിയഘടകമായ വാർഡിലെ ജനങ്ങൾ ഒന്നിച്ചിരുന്ന് അവരുടെ അടിയന്തരാവശ്യങ്ങൾക്ക് ചർച്ചകളിലൂടെ രൂപം നൽകുകയും ഓരോ വാർഡിലേയും പ്രശ്നങ്ങൾ പഞ്ചായത്തുതലത്തിൽ ചർച്ച ചെയ്യപ്പെട്ട്. ക്രോഡീകരിക്കപ്പെട്ട്, ബ്ലോക്ക്, ജില്ല എന്നിങ്ങനെ മുകളിലേക്ക് പടവുകൾ കയറി

സംസ്ഥാന ആസൂത്രണ ബോർഡിന്റെ സൂക്ഷ്മമായ നിരീക്ഷണങ്ങൾക്കും ചർച്ചകൾക്കും ശേഷം അംഗീകരിക്കപ്പെട്ട് നിർദ്ദേശങ്ങളോടും സാമ്പത്തികാനുകൂല്യങ്ങളോടും താഴേത്തട്ടിലേക്കെത്തി ജനങ്ങളുടെ നിയന്ത്രണത്തിലും പങ്കാളിത്തത്തിലും മേൽനോട്ടത്തിലും നിർവ്വഹിക്കപ്പെടുന്നു എന്നതാണ് ഇതിന്റെ വിജയം സുനിശ്ചിതമാണെന്നതിനുള്ള ഉറപ്പ്. സുതാര്യത, വർദ്ധിച്ച ജനപ്രാതിനിധ്യം പ്രത്യക്ഷജനപങ്കാളിത്തം, ചെലവ്കുറവ്, കാര്യശേഷിക്കൂടുതൽ, വൈകാരികത എന്നീ ഗുണങ്ങൾ ജനകീയ പങ്കാളിത്തത്തോടെയുള്ള ആസൂത്രണത്തിൽ കൈവരിനാവുന്നു എന്ന ഗുണവുമിതിനുണ്ട്.

**ജനകീയാസുത്രണം പത്തിയൂർ പഞ്ചായത്തിൽ**

സംസ്ഥാനതല പരിശീലനത്തിന് നമ്മുടെ പഞ്ചായത്തിൽ നിന്നും രണ്ടുപേരും ജില്ലാതല പരിശീലനത്തിന് 8 പേരും പങ്കെടുത്തു. 1996 സെപ്റ്റംബർ 17ന് കൂടിയ പഞ്ചായത്തുതല പരിശീലനത്തിന് 67 സ്ത്രീകളും 82 പുരുഷന്മാരും ഉൾപ്പെടെ 149 പേർ പങ്കെടുത്തു. പത്തിയൂപഞ്ചായത്ത് ഹൈസ്ക്കൂൾ ആയിരുന്നു വേദി. തുടർന്ന് വിശേഷാൽ ഗ്രാമസഭകൾകൂടി. ഇതിൽ ജനങ്ങളുടെ ആവേശകരമായ സഹകരണമാണുണ്ടായിരുന്നത്. നമ്മുടെ നാടിന്റെ ഉന്നമനത്തിന് നമ്മുടെ സംഭാവനകൾ അനിവാര്യമാണെന്ന് ബോധ്യപ്പെടുത്തുന്ന രീതിയിലായിരുന്നു വനിതകളുടെ സഹകരണം. ഏറ്റവും നല്ല ഗ്രാമസഭകൾ സംഘടിപ്പിച്ചതിന് നമ്മുടെ പഞ്ചായത്തിന് പ്ലാനിംഗ് ബോർഡിന്റെ പ്രശംസയും ലഭിച്ചിട്ടുണ്ട്. വിശദമായ ഒരു രൂപരേഖ കൊടുത്തിരിക്കുന്നു (പട്ടിക 1)

**ദ്വിതീയ വിവരശേഖരണം**

15-10-96 ചൊവ്വാഴ്ച വൈകിട്ട് 4 മണിക്ക് പത്തിയൂർ പഞ്ചായത്ത് ഹൈസ്ക്കൂളിൽ D.R.P L.R.P മാരുടെ സാന്നിദ്ധ്യത്തിൽ ചേർന്നയോഗത്തിൽ ദ്വിതീയ വിവരശേഖരണത്തിന് ചുമതലാവിഭജനം നടന്നു. പ്രവർത്തനങ്ങളിൽ ഉദ്യോഗസ്ഥന്മാരിൽ നിന്നും നിറഞ്ഞ സഹകരണമാണുണ്ടായിരുന്നത്.

ചരിത്രപഠനത്തിന് പ്രായമായ വരും, അനുഭവസമ്പന്നരുമായ അനേകമാളുകളുമായി പല പ്രാവശ്യം സംസാരിച്ചു. കിട്ടിയ വിവരങ്ങൾ അപ്പാടെ ഉൾകൊള്ളാതെ. കേട്ടു കേഴ് വികളുടെ നിജ സ്ഥിതിയെ കുറിച്ചു പലവട്ടം ചിന്തിച്ച് ത്യാജ്യ, ഗ്രാഹ്യ വിവേചനം നടത്തിയിട്ടുണ്ട്. കാട്ടാക്കട ദിവാകരന്റെ (കേരളീയ ഗ്രമങ്ങളിലൂടെ) എന്ന പുസ്തകവും. ഉണ്ണിനീലിസന്ദേശത്തിലെ ചില ശ്ലോകങ്ങളും പ്രയോജനപ്പെടുത്തിയിട്ടുണ്ട്.

പഠനപര്യടനം പങ്കെടുത്തവർക്ക് ഒരനുഭവമായിരുന്നു. ആൽത്തറകളും, സർപ്പക്കാവുകളും, കുളങ്ങളും നിറഞ്ഞ നാടിന്റെ ഹൃദയഭാഗത്തുകൂടിയുള്ള യാത്ര, പഴമയിൽകൂടിയുള്ള ഒരു യാത്രയുടെ പ്രതീതിയാണുളവാക്കിയത്. പത്തിയൂർ പഞ്ചായത്തിന്റെ ഭൂമിശാസ്ത്രത്തേക്കുറിച്ചുള്ള ഒരു പഠനത്തിനും ഇതു സഹായിച്ചു.

19.11.96ൽ പഞ്ചായത്താഫീസിൽ നടന്ന ഉദ്യോഗസ്ഥസെമിനാർ ഒരു തികഞ്ഞ വിജയമാക്കി തീർക്കാൻ പഞ്ചായത്തിലേ മിക്ക ഉദ്യോഗസ്ഥന്മാരും സഹകരിച്ചു. റിപ്പോർട്ട് ക്രോഡീകരിക്കണം ദിവസങ്ങളോലം നീണ്ടുനിന്ന, വിവിധ തലങ്ങളിലുള്ള ചർച്ചകളുടെ വിലയിരുത്തലുകളുടെ, വെട്ടിക്കുറയ്ക്കലുകളുടെ, കൂട്ടിച്ചേർക്കലുകളുടെ ഒരു നീണ്ട പ്രക്രിയയായിരിന്നു.

**ഐതിഹ്യം, ചരിത്രം**

ചരിത്രസ്മരണകൾ ഉണർത്തുന്ന സംഭവപരമ്പരകളുടെ ചിറകടിയൊച്ചഉള്ളിലൊതുക്കി പുതുമയുടെ കാലടി ശബ്ദത്തിന് കാതോർത്തുറങ്ങുന്നകേരളീയ ഗ്രാമങ്ങളുടെ ഒരു ഉത്തമ മാതൃകയാണ് പത്തിയൂർ ഗ്രാമം.

ഖാണ്ഡവദാഹകാലത്ത് ``കത്തിയ ഊര്'' `കത്തിയൂരം' പിന്നീട് `പത്തിയൂരു'മായി എന്നാണ് ഐതിഹ്യം

അതിപുരാതനകാലങ്ങളിൽ നിന്നും ഏറെ മുന്നോട്ട് നടന്നാൽ കേരളത്തിലെ നാട്ടുരാജ്യങ്ങളിലും നാട്ടുരാജാക്കളിലും മുൻപന്തിയിൽ നിന്ന കായംകുളം രാജ്യവും കായംകുളം രാജാവുംഈ പ്രദേശത്തിന്റെ ചരിത്രവുമായി എങ്ങനെ ബന്ധപ്പെടുന്നു എന്ന് നോക്കാം. പഴയ ഓടനാടുരാജവംശത്തിന്റെ പിൻതുടർച്ചയാണ് കായംകുളം രാജവംശം എന്നും ഓടനാട് രാജാക്കന്മാർക്ക് യാദവവംശവുമായി ബന്ധമുണ്ടെന്നും പറയപ്പെടുന്നു. കായംകുളം രാജാവിന്റെ ഒരു കൊട്ടാരം നിലനിന്നിരുന്ന ``കോയിക്കൽപ്പടി'' അതിന്റെ നഷ്ടപ്രതാപങ്ങളോർത്ത് കേഴുവാൻ ചിത്രപ്പണികളുള്ള ചില ശിലാഖണ്ഡങ്ങൾ മാത്രം അവശേഷിപ്പിച്ച് ഒതുങ്ങിക്കൂടുമ്പോഴും രാജാവിന്റെ ആരാധാനമൂർത്തിയായിരുന്ന എരുവ ശ്രീകൃഷ്ണസ്വാമിയും, ക്ഷേത്രവും ഇന്നും ഐശ്വര്യത്തൊടെ പത്തിയൂർ ഗ്രാമത്തോട് തോളുരുമ്മി നില കൊള്ളുന്നു. കായംകുളംരാജവംശത്തിന്റെ ഐശ്വര്യത്തിന് നിദാനമായിരുന്ന ``ശ്രീചക്രം'' രാമയ്യനാൽ അപഹരിക്കപ്പെടുകയും വേണാടിന് പേടിസ്വപ്നമായിരുന്ന സമരചതുരനായ എരുവ അച്ചുതവാര്യർ

പട്ടിക 1

## പത്തിയൂർ ഗ്രാമ പഞ്ചായത്ത്
## വാർഡ് തല ഗ്രാമ സഭകൾ സംബന്ധിച്ച വിവരം

| വാർഡ് | തീയതി | സമയം | ഉൽഘാടകൻ | സ്ത്രീ. | പുരു. | ആകെ | സ്ഥലം |
|---|---|---|---|---|---|---|---|
| 1 | 21/09/96 | 1.30 P.M. | ശ്രീമതി എൻ. തുളസീഭായി (ബ്ലോക്ക് മെമ്പർ) | 25 | 78 | 103 | കീരിക്കാട് എൽ.പി. സ്കൂൾ |
| 2 | 21/09/96 | 1.30 P.M. | ശ്രീ കെ. മഹാദേവൻ പിള്ള (ബ്ലോക്ക് മെമ്പർ) | 70 | 65 | 135 | എൻ. എസ്. എസ്. കരയോഗം പത്തിയൂർകാല |
| 3 | 5/10/96 | 1.30 P.M. | ശ്രീ. ജി. സുധാകരൻ എം.എൽ.എ. | 467 | 688 | 1155 | ഏവൂർ S.K.V.L.P. സ്കൂൾ |
| 4 | 02/10/96 | 9.30 A.M. | ശ്രീ. കെ. പി. ദാമോധരൻ (Dist. P.T. മെമ്പർ) | 94 | 132 | 226 | നഴ്സറി സ്കൂൾ ചെറിയ പത്തിയൂർ |
| 5 | 22/09/96 | 9.30 A.M. | ശ്രീ. കെ. മഹാദേവൻ പിള്ള (ബ്ലോക്ക് മെമ്പർ) | 21 | 123 | 144 | എസ്.കെ.വി.എച്ച്.എസ്. പത്തിയൂർ |
| 6 | 29/09/96 | 9.30 A.M. | ശ്രീമതി എൻ. തുളസീഭായി (ബ്ലോക്ക് മെമ്പർ) | 19 | 105 | 124 | എൽ.പി. സ്കൂൾ ആറാട്ടുകുളങ്ങര. |
| 7 | 02/10/96 | 1.30 P.M. | ശ്രീ. കെ.എച്ച്. ബാബുജാൻ (Dist P.T. മെമ്പർ) | 89 | 165 | 254 | ഗവ: S.K.V.L.P.S. പത്തിയൂർ |
| 8 | 29/09/96 | 1.30 P.M. | ശ്രീ. കെ. മഹാദേവൻ പിള്ള (ബ്ലോക്ക് മെമ്പർ) | 125 | 246 | 371 | മണ്ണാംബിയിൽ വീട് |
| 9 | 28/09/96 | 1.30 P.M. | ശ്രീ. കെ. മഹാദേവൻ പിള്ള (ബ്ലോക്ക് മെമ്പർ) | 17 | 137 | 154 | ഗവ. ഹൈസ്കൂൾ രാമപുരം |
| 10 | 28/09/96 | 1.30 P.M. | ശ്രീ. ജി. സുധാകരൻ എം.എൽ.എ. | 139 | 222 | 361 | മഹാലക്ഷ്മി ആഡിറ്റോറിയം കരീലക്കുളങ്ങര |
| 11 | 05/10/96 | 9.30 A.M. | ശ്രീ. കെ. മഹാദേവൻ പിള്ള (ബ്ലോക്ക് മെമ്പർ) | 41 | 160 | 201 | ടൗൺ എൽ.പി. സ്കൂൾ |
| 12 | 02/10/96 | 1.30 P.M. | ശ്രീ. കെ. മഹാദേവൻ പിള്ള (ബ്ലോക്ക് മെമ്പർ) | 10 | 83 | 102 | എൻ.ആർ.പി.എം. ഹൈസ്കൂൾ പുല്ലുകുളങ്ങര. |
| | | | ആകെ | 1118 | 2204 | 3330 | |

ചതിവിൽ കൊല്ലപ്പെടുകയും ചെയ്തതോടെ കായംകുളം പരാജയപ്പെടുകയും വേണാടിനോട് ചേർക്കപ്പെടുകയും ചെയ്തു. കായംകുളം രാജാവിന്റെ കച്ചേരി (സർക്കാർ ഓഫീസ്) പത്തിയൂരായിരുന്നു എന്ന് പറയപ്പെടുന്നു ``പത്തി'' അഥവാ സേനാഘടകം പാർത്തിരുന്നിടം പത്തിയൂരായി എന്ന് കരുതാം. സേനയെ പരിശീലിപ്പിക്കാൻ അമ്പലപ്പുഴ നിന്നുകൊണ്ടുവന്ന `മാത്തൂർപണിക്കർമാർ'ക്ക് കരം ഒഴിവായി കിട്ടിയ സ്ഥലത്തിന്റെ സാമീപ്യം ഇതിനു തെളിവായി കാണാം. രാജാവ് കുറ്റവാളികളെ കഴുവേറ്റിയിരുന്ന് (തൂക്കിലിട്ടിരുന്ന) സ്ഥലം കഴുവേറ്റുംകുഴിയും പിന്നീട് കരുവറ്റുംകുഴിയുമായി എന്ന് കരുതാം. ആയിരക്കണക്കിന് യുദ്ധവീരന്മാരെ ആയുധാഭ്യാസം ചെയ്യിച്ചിരുന്ന കളരികളും അതിനോടുചേർന്ന കളരി ഭഗവതീക്ഷേത്രങ്ങളും നാടെങ്ങും ഉണ്ടായിരുന്നു എന്നതിന്റെ സ്മരണ ഉണർത്തുന്നതാണ് കളരിക്കൽ ക്ഷേത്രം. തിരുവിതാം കൂറിന്റെ ഉറക്കം കെടുത്തിയിരുന്ന കായംകുളം കൊച്ചുണ്ണിയുടെ ഒളിസങ്കേതങ്ങളായിരുന്ന കാട്ടുപ്രദേശങ്ങൾ കുറ്റിക്കാടുകളായി ചുരുങ്ങി നാട്ടിൽ പലയിടത്തും കാണപ്പെടുന്നു.

കാർഷികമേഖലയിൽ സമഗ്രമായ ഒരു പരിവർത്തനത്തിന് നാന്ദിക്കുറിക്കുവാനും അതിലൂടെ അയിത്തോച്ചാടനത്തിന് കളമൊരുക്കുവാനും സ്വാതന്ത്ര്യസമരവും അതിനെതുടർന്നുള്ള രാഷ്ട്രീയ പ്രബുദ്ധതയും വലിയ ഒരളവുവരെ സഹായിച്ചു. തൊഴിലാളികളെ അവകാശബോധമുള്ളവരാക്കാനും അവരുടെ ശബ്ദവും ശ്രദ്ധിക്കപ്പെടുമെന്ന് അവരെ ഓർമ്മിപ്പിക്കുവാനും ഒന്നിച്ചുനിന്നു വിലപേശി അവകാശങ്ങൾ നേടിയെടുക്കുവാനും കർഷകത്തൊഴിലാളിയൂണിയന്റെ നേതാവായിരുന്ന മണക്കുളങ്ങര കരുണാകരൻ നായരുടെ നേതൃത്വത്തിൽ മുന്നേറ്റം നടന്നു. വിപ്ലവത്തിന്റെ കാഹളം വിളി എന്ന് ചൈനീസ് മാദ്ധ്യമങ്ങൾ വരെ വിശേഷിപ്പിച്ച ഈ മുന്നേറ്റം നിലം ഉടമ - കർഷകത്തൊഴിലാളി ബന്ധത്തെ, തലമുറകളായി നിലനിന്ന ബന്ധത്തെ സമൂലം മാറ്റിമറിച്ചു. കാർഷികമേഖലയിൽ എന്നപോലെ വ്യാവസായികമേഖലയിലും പത്തിയൂർ, എരുവ, കശുവണ്ടിത്തൊഴിലാളി സമരം ചലനങ്ങൾ സൃഷ്ടിച്ചു.

പുരോഗമന പ്രസ്ഥനങ്ങളുടെ ശ്രമഫലമായി കേരളത്തിൽ ആകെയുണ്ടായ ഉണർവ് നമ്മുടെ നാട്ടിലും സാമൂഹികവും സാമ്പത്തികവുമായ ഒരു ഉടച്ചുവാർക്കലിന് കളമൊരുക്കി. തലമുറകളായി ഭൂരഹിതരായി അധ്വാനത്തിനുമാത്രം വിധിക്കപ്പെട്ടിരുന്ന അവശ വിഭാഗങ്ങൾ സ്വന്തമായി ഒരു തുണ്ടുഭൂമിയും തലചായ്ക്കാനൊരിടവും എന്ന സ്വപ്നം സാക്ഷാത്ക്കരിക്കപ്പെട്ട് സംതൃപ്തരായി.

നാടിന് അഭിമാനിക്കത്തക്ക സംഭാവനകൾ നല്കിയ മൺമറഞ്ഞവരും ജീവിച്ചിരിക്കുന്നവരുമായ മഹത് വ്യക്തികളുടെ ഒരു നീണ്ടപട്ടികതന്നെ നമുക്കുണ്ട്. കാർഷിക ശാസ്ത്ര രംഗത്ത് ദേശീയ തലത്തിൽ അംഗീകാരം നേടിയ യുവ ശാസ്ത്രജ്ഞനായ പത്തിയൂർ ഗോപിനാഥ്. ആദ്യമായി മലയാള സാഹിത്യത്തിൽ ഒരു സംഗീതനാടകം രചിക്കുകയും ഭാഷയ്ക്ക് അഭിമാനിക്കത്തക്ക മറ്റ് അനവധി സംഭാവനകൾ നല്കുകയും ചെയ്ത എരുവ ചക്രപാണി വാര്യർ, ഔദ്യോഗികരംഗത്തെ മികവുകൊണ്ടും, സാഹിത്യരംഗത്തെ മികവുകൊണ്ടും നാടിന് അഭിമാനമായി തീർന്ന കെ.ആർ. കൃഷ്ണപിള്ള, താഴവന ഗോവിന്ദനാശാൻ, വെല്ലംപാടി തിരുമേനി, ഏവൂർ സി.കെ.മാധവൻപിള്ള, ദാമോദരൻ ആചാരി(പാതകിസാർ) പത്തിയൂർ കൃഷ്ണപിള്ള, ഏവൂർ പരമേശ്വരൻ, പ്രസിദ്ധീകരിക്കപ്പെട്ടില്ലെങ്കിലും പഴയ ആട്ടക്കഥകളോട് കിടപിടിക്കുന്ന ആട്ടക്കഥകൾ രചിച്ച ഏ.കെ.ഗോപാലകൃഷ്ണപിള്ള, പുളിക്കശ്ശേരി മാധവൻ നായർ, കലാമണ്ഡലം ശങ്കരൻകുട്ടി, ഏവൂർ ദാമോദരൻ നായർ, K.P.A.C ലളിത ഇങ്ങനെ നീണ്ട പട്ടിക തന്നെ നമ്മുക്കുണ്ട്.

ഉത്തര ഭാരതീയർക്ക് സങ്കല്പിക്കാൻ കഴിയാത്ത മതസൗഹാർദ്ദത്തിന് കേരളം എന്നും പേരുകേട്ടതാണ്. നമ്മുടെ പഞ്ചായത്തിൽ ഹിന്ദു-മുസ്ളിം-ക്രിസ്ത്യൻ ദേവാലയങ്ങളാണ് പ്രധാനം. ബുദ്ധമതത്തിന്റെ അവശിഷ്ടങ്ങൾ സമീപ പ്രദേശങ്ങളിൽകാണാറുണ്ടെങ്കിലും ഈ പഞ്ചായത്തിൽ ഇല്ല. പഞ്ചായത്തിലാകെ രണ്ട് പ്രധാന മുസ്ലീം പള്ളികളുണ്ട്. രണ്ട് മദ്രസ്സകളും സ്ഥിതിചെയ്യുന്നു. നാല് ക്രിസ്ത്യൻ പള്ളികളും ഒരു കുരിശ്ശടിയും ഇവിടെയുണ്ട്. അഞ്ച് ദേവീക്ഷേത്രങ്ങളുംമൂന്ന്ശിവക്ഷേത്രങ്ങളും ഒരു ശാസ്താക്ഷേത്രവും ഉൾപ്പെടെ ഒൻപത് ഹിന്ദുദേവാലയങ്ങളും ഈ പഞ്ചായത്തിലുണ്ട്. പത്തിയൂർ പഞ്ചായത്തിന്റെ ഹൃദയഭാഗത്ത് നാടിന് ഐശ്വര്യംപകർന്ന് നിലകൊള്ളുന്ന ഹൈന്ദവ-ഇസ്ലാമിക-ക്രൈസ്തവ ദേവാലയങ്ങളും സഹോദര നിർവിശഷമായ സ്നേഹത്തോടെ വർത്തിക്കുന്നു. ജനങ്ങളും ഭാരത്തിനാകെ മാതൃകയാകേണ്ടതാണ്.

**പത്തിയൂർ പഞ്ചായത്ത്**

16.27 ച:കി.മീറ്റർ വിസ്താരവും, 30281 ജനസംഖ്യയുമുള്ള പത്തിയൂർ പഞ്ചായത്ത് ആലപ്പുഴ ജില്ലയിൽ,കായംകുളം, ഹരിപ്പാടു ടൗണുകൾക്ക് ഏക

ദേശം മദ്ധ്യത്തിൽ ഹൈവേക്ക് കിഴക്കും പടിഞ്ഞാറുമായി സ്ഥിതിചെയ്യുന്നു.

1953 കാലത്ത് ഇന്നത്തേ പത്തിയൂർ പഞ്ചായത്ത്, പത്തിയൂർ, കീരിക്കാട് എന്നീ രണ്ടു പഞ്ചായത്തുകളായിരുന്നു. ആദ്യ തിരെഞ്ഞുടുപ്പിൽ ശ്രീമാന്മാർ, കൃഷ്ണൻ നായർ, ദിവാകരൻ, കൃഷ്ണപ്പണിക്കർ, ഉമ്മിണി വൈദ്യൻ, രാമൻകുട്ടി, നാരായണൻ, മൈതീൻകുഞ്ഞ്, അനന്തശിവയ്യർ ഇവർവിജയികളാകുകയും, ശ്രീമാന്മാർ കൃഷ്ണൻനായർ, ദിവാകരൻ, കൃഷ്ണപണിക്കർ ഇവർ യഥാക്രമം പ്രസിഡന്റുമാരാകുകയും ചെയ്തു.

പത്തിയൂർ, കീരിക്കാട് പഞ്ചായത്തുകളുടെ ചില ഭാഗങ്ങൾ ചേർത്ത് കായുകുളം മുൻസിപ്പാലിറ്റി വികസിപ്പിച്ചപ്പോൾ, കീരിക്കാട് പഞ്ചായത്തിന്റെ ബാക്കി ഭാഗങ്ങൾ ചേർത്ത് പത്തിയൂർ പഞ്ചായത്ത് പുനർനിർണ്ണയം ചെയ്യപ്പെട്ടു. തുടർന്നു നടന്ന തിരഞ്ഞെടുപ്പിൽ ഒൻപതു വാർഡുകളിൽ, ശ്രീമാന്മാർ അച്ചുതവാര്യർ, മേട്ടുതറനാരായണൻ. K. ശങ്കരൻ, നാരായണപിള്ള (പുരുഷോത്തമ കുറുപ്പ്), K. കരുണാകരൻ, ഗോപിനാഥബാനാർജി, കരുണാകരൻനായർ. T.കുട്ടി, തച്ചടി പ്രഭാകരൻ ഇവർ വിജയികളാകുകയും ശ്രീ. അച്ചുതവാര്യർ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെടുകയും ചെയ്തു.


പതിനൊന്ന് വാർഡുകളായി തിരിക്കപ്പെട്ട് നടന്ന അടുത്ത തിരഞ്ഞെടുപ്പിൽ ശ്രീമാന്മാർ. M.ഭാസ്ക്കരൻ,, മഹാദേവൻപിള്ള, വേലായുധൻപിള്ള, K.ചെല്ലപ്പൻ, M.V.കൃഷ്ണൻ,N. രാജൻ,S. മാധവൻനായർ, K.സഹദേവൻ, K. രഘുനാഥൻ, ഗോപിനാഥബാനാർജി, ശ്രീമതി ഇന്ദിരാഭായിഇവർ വിജയിക്കുകയും ശ്രീ. M.ഭാസ്ക്കരൻ പ്രസിഡന്റാകുകയും ചെയ്തു.

1988 ൽ ശ്രീമാന്മാർ. R. രാജൻ, മഹാദേവൻപിള്ള, M.V. കൃഷ്ണൻ, ചന്ദ്രമോഹനൻ, ശ്രീകണ്ഠൻ, രാധാകൃഷ്ണക്കുറുപ്പ്, K. സുകുമാരൻ, V.കൃഷ്ണപിള്ള , അപ്പുക്കുട്ടൻ, ശ്രീമതിമാർ. S. സതിയമ്മ, സാവിത്രി ഇവർ തിരഞ്ഞെടുക്കപ്പെടുകയും ശ്രീ.R. രാജൻ പ്രസിഡന്റാകുകയും ചെയ്തു.

1995ൽ പന്ത്രണ്ടുവാർഡുകളായി പഞ്ചായത്ത് വിഭജിക്കപ്പെട്ടു. തിരഞ്ഞെടുപ്പിൽ ശ്രീമാന്മാർ. M.A. അലിയാർ, K.രഘുനാഥൻ, K. സഹദേവൻ, G.സദാനന്ദപ്പണിക്കർ, K.ദാമോദരൻ, N. കൃഷ്ണൻകുട്ടിനായർ, M.R.പ്രസാദ്. ശ്രീമതിമാർ.രത്നമ്മ നാരായണൻ, K.L.പ്രസന്നകുമാരി, M.K.വിജയമ്മ, S. സതിയമ്മ, M.R. പത്മകുമാരി ഇവർ വിജയികളാകുകയും ഇവരിൽ നിന്നും ശ്രീ. M.A. അലിയാർ പ്രസിഡന്റാക്കുകയും ചെയ്തു.

തെക്കേയറ്റം ദേവികുളങ്ങര പഞ്ചായത്തിനും കായകുളം മുൻസിപ്പാലിറ്റിക്കും കണല്ലൂർ പഞ്ചായത്തിനുമിടയിൽ ഞെരുങ്ങിയതിനുശേഷം സാമാന്യം വിസ്താരത്തോടെ പടിഞ്ഞാറ് കണ്ടല്ലൂർ മുതുകുളം പഞ്ചായത്തുകൾക്കും, കിഴക്ക് കായംകുളം തട്ടാരമ്പലം റോഡിനും വടക്ക് ചേപ്പാട് ചെട്ടിക്കുളങ്ങര പഞ്ചായത്തുകൾക്കും മിടയിൽ കാണപ്പെടുന്ന പത്തിയൂർ പഞ്ചായത്ത് `മലമേൽഭാഗം' എന്നുംമറ്റും ചില ഭാഗങ്ങൾക്ക് പേരുണ്ടങ്കിലും ഏകദേശം സമനിരപ്പായ പ്രദേശമാണ്.

ആരാധാനലയങ്ങളുടേയും വിദ്യാഭ്യാസ സ്ഥാപനങ്ങളുടേയും വായനാശാലകളുടേയും ഫലഭൂയിഷ്ട മായ കൃഷിഭൂമികളുടേയും സമൃദ്ധികൊണ്ട് അനുഗ്രഹീതമാണ് പത്തിയൂർ.



# പഞ്ചായത്തിന്റെ പൊതുചിത്രം

| | | |
|---|---|---|
| 1. പേര് | : | പത്തിയൂർ |
| 2. വില്ലേജുകൾ | : | കീരിക്കാട്, പത്തിയൂർ |
| 3. ബ്ലോക്ക് | : | മുതുകുളം |
| 4. ബ്ലോക്ക് ഡിവിഷനുകൾ | : | രണ്ട് |
| 5. താലൂക്ക് | : | കാർത്തികപ്പള്ളി |
| 6. ജില്ല | : | ആലപ്പുഴ |
| 7. ജില്ലാ പഞ്ചായത്ത് ഡിവിഷൻ | : | മുതുകുളം |
| 8. അസംബ്ളി മണ്ഡലം | : | കായംകുളം |
| 9. പാർലമെന്റ് മണ്ഡലം | : | മാവേലിക്കര |
| 10. വിസ്തീർണ്ണം | : | 16.27 ച:കി. |
| 11. ജനസംഖ്യ | : | 30, 281 |
| 12. പുരുഷന്മാർ | : | 14,639 |
| 13. സ്ത്രീകൾ | : | 15,642 |

14. അതിരുകൾ


| | | |
|---|---|---|
| വടക്ക് | : | ചേപ്പാട് പഞ്ചായത്ത് |
| തെക്ക് | : | കായംകുളം മുനിസിപ്പാലിറ്റി |
| പടിഞ്ഞാറ് | : | കണ്ടല്ലൂർ, മുതുകുളം പഞ്ചായത്തുകൾ |
| കിഴക്ക് | : | ചെട്ടികുളങ്ങര പഞ്ചായത്ത്<br>കായംകുളം മുനിസിപ്പാലിറ്റി |

| | | |
|---|---|---|
| 15. വാർഡുകൾ | : | 12 |
| 16. പ്രസിഡന്റ് | : | M.A.അലിയാർ |
| 17. വൈസ്പ്രസിഡന്റ് | : | രത്നമ്മാനാരായണൻ |
| 18. സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | : | K. രഘുനാഥൻ |

**ഭൂമി**

കാർത്തികപ്പള്ളി മാവേലിക്കര, കരുനാഗപ്പള്ളി എന്നീ താലൂക്കുകൾ ചേർന്ന പ്രദേശമാണ് ഓണാട്ടുകര. ഓണാട്ടുകരയുടെ ഏകദേശം മദ്ധ്യത്തായിട്ടാണ് പത്തിയൂർ പഞ്ചായത്ത് സ്ഥിതി ചെയ്യുന്നത്. കടൽ തീരത്ത് നിന്നും 5 കി. മി. കിഴക്കുമാറി സ്ഥിതി ചെയ്യുന്ന പത്തിയൂർ പഞ്ചായത്തിനെ N.H. 47 നെടുകേമുറിച്ച് കടന്നു പോകുന്നു. ആണ്ടിൽ രണ്ടു പ്രാവശ്യം കാലാവസ്ഥയെ മാത്രം ആശ്രയിച്ച് നെൽകൃഷി ചെയ്യുന്നു. മകരം, കുംഭം, മീനം എന്നീ മാസങ്ങളിൽ കാലാവസ്ഥ അനുകൂലമെങ്കിൽ എള്ള് കൃഷിയും ചെയ്യാറുണ്ട്. വർഷത്തിൽ മുക്കാൽ ഭാഗവും പഞ്ചായത്ത് ഹരിത ഭാഗിയാൽ മുടപ്പെട്ടിരിക്കുന്നു.

പത്തിയൂർ പഞ്ചായത്തിന്റെ ബഹുഭൂരിപക്ഷം ഭാഗവും ചെളി കലർന്ന മണലാണ്. 12-ാം വാർഡിന്റെ നാമ മാത്രമായ സ്ഥലം കായംകുളം കായലിനോട് ചേർന്ന് കിടക്കുന്നു. ഈ പ്രദേശത്തുള്ള വയലുകളിൽ മുണ്ടകൻ കൃഷി നടത്തിയിരുന്നു. നെൽകൃഷി ലാഭകരമല്ലാതായപ്പോൾ കർഷകർ ഈ കൃഷി പാടെ ഉപേക്ഷിച്ചിരിക്കുന്നു. മറ്റ് പ്രദേശങ്ങൾ നെൽകൃഷിക്കും തെങ്ങ് കൃഷിക്കും അനുയോജ്യമാണ് എന്നാൽ പഞ്ചായത്തിന്റെ നെടുകെയും കുറുകെയുമുള്ള P.I.P കനാലും റോഡുകളും വെള്ളക്കെട്ടിന് കാരണമായിട്ടുണ്ട്.




**മണ്ണ്**

പഞ്ചായത്തിൽ ചെളി കലർന്ന മണലാണെന്ന് മുമ്പ് പറഞ്ഞിട്ടുണ്ടല്ലോ. എന്നാൽ 90 Cm. അടിയിലായി കൂടുതൽ പശകലർന്ന മണ്ണ് കണ്ടുവരുന്നു. കൃഷി ഡിപ്പാർട്ട്മെന്റ് നടത്തിയ മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിൽ കർഷകർ നെല്ല്, തെങ്ങ് മുതലായ വിളകൾക്ക് നൈട്രജൻ, പൊട്ടാഷ്, ഫോസ്ഫറസ് എന്നിവ കലർന്ന കൂട്ട് വളം ഉപയോഗിക്കുന്നു. കൂടിയ തോതിലുള്ള രാസവള ഉപയോഗം മണ്ണിന്റെ ഫലപുഷ്ടിയെ സാരമായി ബാധിക്കുന്നതിനാൽ രാസവളങ്ങളുടെ ഉപയോഗം കുറച്ചിരിക്കുകയാണ്. തുലാവർഷം ആവസാനിക്കുന്നതോട് കൂടി കർഷകർ പുരയിടങ്ങൾ വിളച്ച് കൂനപിടിക്കുന്നു. തെങ്ങുകൾക്ക് ഉപ്പും ചാണകവും വളമായി ചേർക്കുകയും ചെയ്യുന്നു. ഇത് മണ്ണിന്റെ അടി ഈർപ്പത്തെ നിലനിർത്താൻ സഹായിക്കുന്നു. ഈ ഒരു പ്രവർത്തി ഓണാട്ടുകര പ്രദേശത്ത് മാത്രം കണ്ടുവരുന്നു. ഇതിന്റെ ശാസ്ത്രീയ വശം കൃഷി ഡിപ്പാർട്ട്മെന്റിന്റെ പാഠനത്തിന് വിധേയമായിട്ടുണ്ട്.

**ഭൂമി ജലം ജനം**

### ഭൂവിനിയോഗം

പത്തിയൂർ പഞ്ചായത്തിന്റെ വിസ്തൃതി 16.27 Sq. Km. ആണ് പ്രധാന കൃഷി തെങ്ങും, നെല്ലും കൂടാതെ മകരം, കുംഭം, മീനം എന്നീ മാസങ്ങളിൽ നെൽപാടങ്ങളിൽ ഇടവിള എന്ന നിലയിൽ എള്ളും കൃഷിചെയ്യുന്നു.

പുരയിടങ്ങളിൽ കശുമാവ്, മാവ്, കമുക്, വാഴ, കപ്പ, കുരുമുളക് എന്നിവയും കൃഷി ചെയ്യുന്നു.

പഞ്ചായത്തിലെ ആകെ ജനസംഖ്യ 30281 (അവലംബം 1991 ലെ സെൻസസ്) ആണ്. ഇതിൽ 2098 പേർ കർഷക തൊഴിലാളികളാണ്. (1973 പുരുഷന്മാരും 125 സ്ത്രീകളും) കർഷകർ 675 വരും അധികവും 2 ഹെക്ടറിൽ താഴെയുള്ള ചെറുകിട കൃഷിക്കാരാണ്. പത്തിയൂർ പഞ്ചായത്തിൽ സമ്പന്നരായ തെങ്ങ് കൃഷിക്കാരോ നെൽകൃഷിക്കാരോ ഇല്ല.

### കാലാവസ്ഥ

ഈ പഞ്ചായത്തിൽ ജൂൺ, ജൂലൈ, ആഗസ്റ്റ് എന്നീ മാസങ്ങളിൽ ഇടവപ്പാതിയും, സെപ്റ്റംബർ, ഒക്ടോബർ, നവംബർ മാസങ്ങളിൽ തുലാവർഷവും, ഡിസംബർ, ജനുവരി, ഫെബ്രുവരി എന്നീ മാസങ്ങളിൽ മിതശീതോഷ്ണവും, മാർച്ച്, ഏപ്രിൽ, മെയ് എന്നീ മാസങ്ങളിൽ ചൂടും അനുഭവപ്പെടുന്നു. ഇത് സംസ്ഥാനത്തിന്റെ പൊതു കാലാവസ്ഥയിൽ നിന്നും വ്യത്യസ്തമല്ല.

**പട്ടിക I**

**പ്രധാന കാർഷിക വിളകളും അവയുടെ ഭൂവിസ്തൃതിയും**

| കാർഷിക വിള | ഭൂവിസ്തൃതി |
|---|---|
| തെങ്ങ് | 2600 എക്കർ |
| കുരുമുളക് | 62 എക്കർ |
| നെല്ല് | 874 എക്കർ |
| കശുമാവ് | 12.5 എക്കർ |
| മാവ് | 20 എക്കർ |
| വാഴ | 112 എക്കർ |
| കപ്പ | 12.5 എക്കർ |
| കമുക് | 42.0 എക്കർ |
| ഇഞ്ചി | 12.05 എക്കർ |
| പയർ | 45.0 എക്കർ |

**പട്ടിക II**

**വർഷ പാതത്തിന്റെ സ്ഥിതി വിവരകണക്ക്**

| വർഷം | ജനു. | ഫെബ്രു. | മാർ. | ഏപ്രി. | മെയ് | ജൂൺ | ജൂലൈ | ആഗസ്റ്റ് | സെപ്റ്റ | ഒക്ടോ | നവം | ഡിസ | ആകെ |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 1994 No. of days | 8.9 (1) | 45.5 (4) | 69.0 (3) | 116.8 (8) | 261.8 (12) | 598.0 (24) | 751.0 (23) | 396.0 (18) | 188.7 (12) | 508.6 (23) | 125.2 (8) | 3.6 (1) | 3073.1 137 |
| 1995 No. of days | 15.2 (4) | 5.1 (2) | 78.2 (5) | 183 (17) | 374.0 (20) | 598.0 (23) | 719.0 (25) | 532.6 (19) | 388.2 (18) | 248.4 (16) | 125.6 (12) | 8.4 (2) | 3375.3 163 |

**പരിസ്ഥിതി പ്രശ്നങ്ങൾ**

1. **വയൽ നികത്ത്** : തന്മൂലം ഉണ്ടാകുന്ന വെള്ള ക്കെട്ട്

2. സ്വാഭാവിക ജലനിർഗ്ഗമന മാർഗ്ഗങ്ങളായ തോടുകൾ, ചാലുകൾ, കുളങ്ങൾ എന്നിവയുടെ സംരക്ഷണക്കുറവ് മൂലം ഉണ്ടാകുന്ന നാശനഷ്ടങ്ങൾ.

**ജൈവസമ്പത്ത്**

പഞ്ചായത്തിലെ വളർത്ത് മൃഗങ്ങളുടെ സ്ഥിതി വിവര കണക്കുകൾ പട്ടിക തിരിച്ച് മൃഗസംരക്ഷണം എന്ന അദ്ധ്യായത്തിൽ കൊടുത്തിട്ടുണ്ട്. വളർത്തു പക്ഷികളല്ലാത്ത പരുന്ത്, കുയിൽ, മരംകൊത്തി, ഞാറ, കുളക്കോഴി, പൊൻമാൻ എന്നീ പക്ഷികളുടെ എണ്ണത്തിൽ നേരിയ കുറവ് അനുഭവപ്പെടുന്നു. കാക്ക മാത്രം വ്യാപകമായി കണ്ടുവരുന്നു.

ഔഷധ ചെടികളായ അമൃത് കുറുംതോട്ടി, ഓരില, കൃഷ്ണ തുളസി, ആടലോടകം, തുമ്പ, കൈയോന്നി, വെള്ള ശംഖ് പുഷ്പ ചെടി, ചെറുകടലാടി, പുത്തരി ചുണ്ട എന്നിവ പഞ്ചായത്തിൽ സുലഭമായി കിട്ടികൊണ്ടിരിക്കുന്നു. എന്നാൽ ഇവയ്കൊക്കെയും വളരെ വേഗം വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്നു.

**ജനം**

1991 ലെ സെൻസസ് പ്രകാരം പഞ്ചായത്തിലെ ജനസംഖ്യ 3028 ആണ്. 14639 പുരുഷന്മാരും 15642 സ്ത്രീകളും. പുരുഷന്മാരേക്കാൾ 1003 സ്ത്രീകൾ കൂടുതലാണ്. 1000 പുരുഷന്മാർക്ക് 1068.5 സ്ത്രീകൾ എന്ന അനുപാതമാണ് പഞ്ചായത്തിന്റേത്. സംസ്ഥാന ശരാശരി 1036 ആണ്. ജനസാന്ദ്രത ച. കി. മീറ്ററിന് 1861 ആണ്. ഏറ്റവും ഉയർന്ന ജനസാന്ദ്രതയുള്ള അലപ്പുഴ ജില്ലയുടെ ശരാശരി 1415 ആണ്. പട്ടികജാതി ജംസംഖ്യ 2948 ഉം പട്ടികവർഗ്ഗം 121 ഉം ആണ്. 25245 പേർ സാക്ഷരർ ആണെന്നാണ് 1991 ലെ സെൻസസ് കാണിക്കുന്നത്. ഇതിൽ 12480 പേർ പുരുഷന്മാരും 12765 പേർ സ്ത്രീകളുമാണ്. സാക്ഷരതാ ശതമാനം 83.40 ഉം പുരുഷ സാക്ഷരത 85.25 ഉം സ്ത്രീ സാക്ഷരത 81.60 ഉം ആണ്. 1991 സെൻസസ് പ്രകാരം സംസ്ഥാന ശരാശരി സാക്ഷരത 89.81% ആണ്. ഒരു വീട്ടിലെ ശരാശരി അംഗസംഖ്യ 4.8 ആണ്. കേരളത്തിന്റേത് 5.3 ഉം ദേശീയ ശരാശരി 5.6 ഉം ആണ്.

**പട്ടിക III**
**പത്തിയൂർ പഞ്ചായത്തിലെ വാർഡ് തിരിച്ചുള്ള ജനസംഖ്യ**


| വാർഡ് | വീടുകൾ | ജനസംഖ്യ | പുരഷന്മാർ | സ്ത്രീകൾ | പട്ടികജാതി പട്ടികവർഗ്ഗം | | | |
|---|---|---|---|---|---|---|---|---|
| | | | | | സ്ത്രീ | പുരു. | സ്ത്രീ | പുരു. |
| 1 | 481 | 2300 | 1097 | 1203 | 70 | 87 - - | | |
| 2 | 362 | 1644 | 755 | 889 | 96 | 75 - - | | |
| 3 | 552 | 2706 | 1290 | 1416 | 232 | 236 | 15 | 6 |
| 4 | 608 | 2983 | 1415 | 1568 | 132 | 111 | 9 | 6 |
| 5 | 539 | 2513 | 1240 | 1273 | 179 | 173 | 34 | 36 |
| 6 | 497 | 2407 | 1149 | 1258 | 150 | 161 - | | |
| 7 | 562 | 2731 | 1359 | 1372 | 102 | 97 - - | | |
| 8 | 699 | 3640 | 1860 | 1780 | 110 | 127 - - | | |
| 9 | 613 | 2739 | 1294 | 1445 | 94 | 82 | 3 | 5 |
| 10 | 712 | 3478 | 1678 | 1800 | 211 | 215 - - | | |
| 11 | 644 | 3140 | 1502 | 1638 | 110 | 95 | 3 | 4 |

**(അവലംബം 1991 ലെ സെൻസസ് അന്ന് പഞ്ചായത്തിന് 11 വാർഡ് മാത്രമേയുള്ളൂ**

| വാർഡ് നമ്പർ | ആകെ തൊഴിലാളികൾ | | ചെറുകിട കർഷകർ | | കർഷ തൊഴിലാളി | | പ്ലാന്റേഷൻ തൊഴിലാളികൾ | | മൈനിംഗ് തൊഴിലാളി | | കുടിൽ വ്യവ. തൊഴി | | [illegible] തൊഴിലാളി | | നിർമ്മാണ സേവന തൊഴിലാ. | | വ്യവ. വാണി. കച്ചവടം | | ഗതാ. വാണി വിനിമയ തൊഴി. | | മറ്റ് സേവന തുറകൾ | | ഭാഗിക. തൊഴിൽ ലഭിക്കുന്നവർ | | തൊഴിൽ രഹിതർ | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | M | F | M | F | M | F | M | F | M | F | M | F | M | F | M | F | M | F | M | F | M | F | M | F | M | F |
| 1 | 420 | 150 | 25 | 4 | 53 | 40 | 15 | 3 | 1 | 2 | 7 | - | 44 | 30 | 50 | 1 | 75 | 5 | 3 | 3 | 126 | 62 | 4 | 12 | 673 | 1041 |
| 2 | 252 | 89 | 30 | 6 | 60 | 24 | 11 | 1 | - | 1 | 3 | 7 | 21 | 4 | 10 | - | 45 | 5 | 17 | - | 55 | 41 | 56 | 52 | 447 | 748 |
| 3 | 472 | 203 | 32 | 1 | 217 | 135 | 8 | - | - | - | 6 | - | 21 | 20 | 6 | - | 82 | 2 | 16 | 1 | 84 | 44 | 94 | 77 | 724 | 1136 |
| 4 | 621 | 184 | 96 | 7 | 315 | 112 | 3 | 1 | - | - | 13 | - | 27 | 25 | 26 | 2 | 53 | 5 | 26 | 2 | 62 | 30 | 48 | 28 | 746 | 1356 |
| 5 | 535 | 177 | 62 | 1 | 200 | 84 | 5 | - | 2 | 2 | 11 | 17 | 51 | 29 | 54 | 3 | 65 | 10 | 4 | 2 | 46 | 34 | 30 | 48 | 673 | 1048 |
| 6 | 503 | 84 | 105 | 8 | 164 | 96 | 17 | 2 | - | - | 18 | 10 | 42 | 35 | 32 | - | 55 | 2 | 16 | - | 54 | 31 | 34 | 177 | 612 | 897 |
| 7 | 528 | 150 | 19 | 4 | 183 | 47 | 9 | 7 | - | - | 3 | 1 | 48 | 44 | 46 | - | 92 | 5 | 24 | 1 | 104 | 52 | 3 | 9 | 878 | 1215 |
| 8 | 747 | 165 | 34 | - | 225 | 34 | 15 | | - | - | 12 | 1 | 43 | 82 | 32 | - | 133 | 6 | 36 | 3 | 197 | 39 | 18 | 4 | 1095 | 1611 |
| 9 | 484 | 206 | 34 | 5 | 166 | 95 | 6 | - | - | - | 19 | - | 36 | 16 | 16 | - | 75 | 6 | 31 | 2 | 101 | 81 | 62 | 37 | 748 | 1202 |
| 10 | 684 | 197 | 40 | 4 | 207 | 104 | 17 | 1 | - | - | 5 | 4 | 37 | 19 | 37 | 2 | 92 | 6 | 30 | 1 | 219 | 56 | 92 | 3 | 902 | 1573 |
| 11 | 529 | 93 | 144 | 5 | 133 | 26 | 19 | - | 1 | - | 7 | 7 | 20 | 25 | 75 | - | 62 | 2 | 38 | 1 | 78 | 32 | 6 | - | 967 | 1545 |

**അവലംബം 1991 ലെ സെൻസസ് (M ആണ് F പെൺ)**

# കൃഷിയും ജലസേചനവും




ഒരു കാർഷികഗ്രാമമായ പത്തിയൂർ പഞ്ചായത്തിൽ കുന്നിൻ പ്രദേശങ്ങളോ, താഴ്‌വരകളോ ഇല്ല. ഇരുപ്പൂ, പുഞ്ച, മുണ്ടകൻ നെൽവയലുകളും പുരയിടങ്ങളും മാത്രം അടങ്ങിയതാണ് ഇവിടുത്തെ ഭൂപ്രദേശം. കൂടുതൽ പ്രദേശത്ത് അമ്ലഗുണമുള്ള പശിമരാശി മണ്ണാണ്. എന്നാൽ പഞ്ചായത്തിൽപെട്ട കരിപ്പുഴ ഉള്ളിട്ട പുഞ്ചയിലും, മുണ്ടകൻ നിലങ്ങളിലും, ചെളിമണ്ണാണ്. ജനങ്ങളുടെ മുഖ്യതൊഴിൽ കൃഷിയും അതുമായി ബന്ധപ്പെട്ട ഇതരമേഖലയിലുള്ള തൊഴിലുകളുമാകുന്നു. തെങ്ങും നെല്ലുമാണ് പഞ്ചായത്തിലെ മുഖ്യകൃഷികൾ കൂടാതെ മരച്ചീനി, പയർ, എള്ള്, വാഴ, കുരുമുളക്, കവുക്, ഇഞ്ചി, പഴവർഗ്ഗങ്ങൾ, പച്ചക്കറി തുടങ്ങിയവ ഇടവിളയായ കൃഷിചെയ്തുവരുന്നു. പഞ്ചായത്തിന്റെ ആകെവിസ്തൃതിയിൽ 874 ഏക്കർ നിലവും , 2600 ഏക്കർ പുരയിടവുമാണ്. പഞ്ചായത്തിലെ കൈവശഭൂമിയുടെവിസ്തീർണ്ണം കണക്കാക്കുമ്പോൾ ഒന്ന് മുതൽ രണ്ട് ഹെക്ടർവരെ ഭൂമിയുള്ള ചെറുകിടകർഷകരും ഒരു ഹെക്ടറിനു താഴ മാത്രം ഭൂമിയുള്ള നാമമാത്രകർഷകരുമാണ്.

മുൻകാലങ്ങളിൽ നെൽകൃഷി ആദായകരമായിരുന്നു. പൂർണ്ണമായും മഴയെ ആശ്രയിച്ചാണ് കൃഷി നടത്തിയിരുന്നത്. ഉല്പാദനക്ഷമത കുറവായിരുന്നെങ്കിലും നാടൻ വിത്തിനങ്ങൾ ഉപയോഗിച്ചുള്ള പഴയ കാലത്തെ നെൽകൃഷിപൊതുവെലാഭകരമായിരുന്നു. അത്യൽപ്പാദനശേഷിയുള്ള വിത്തിനങ്ങൾ ഉപയോഗിക്കുവാൻ തുടങ്ങിയപ്പോൾ അനിയന്ത്രിതമായ രാസവള പ്രയോഗവും കീടനാശിനികളും ഉപയോഗിക്കേണ്ടതായിവന്നു. രാസവളം, കീടനാശിനി എന്നിവയുടെ വിലവർദ്ധനവ് മൂലം നെൽകൃഷി ലാഭകരമല്ലാതായിരിക്കുന്ന പതിതസ്ഥിതിയിൽ തെങ്ങ് കൃഷി പോലുള്ള ദീർഘകാല വിളകൾ കൃഷിചെയ്യുന്നതിന് കർഷകർ പ്രേരിതരാകുകയും ചെയ്യുന്ന ഒരു സ്ഥതി വിശേഷമാണ് പഞ്ചായത്തിന്റെ പലഭാഗങ്ങളിലും കണ്ടുവരുന്നത്. തെങ്ങുകൃഷിക്കുവേണ്ടി നെൽപ്പാടങ്ങൾ നികത്തുന്നതുമൂലം ജലനിർഗ്ഗമനത്തിന് തടസം സൃഷ്ടിക്കുകയും. കൃഷി ചെയ്യാൻ താൽപര്യമുള്ള നെൽകൃഷിക്കാർക്ക് കൃഷി ഇറക്കാൻ കഴിയാത്ത അവസ്ഥ സൃഷ്ടിച്ചിരുക്കുന്നതായും കാണാം. ജലദൗർലഭ്യം കാരണംപഞ്ചായത്തിലെ കൃഷിസ്ഥലങ്ങളിൽ മൂന്നാംവിള അസാദ്ധ്യമാവുകയുമാണ്. നിലവിലുള്ള ജലനിർഗ്ഗമന മാർഗ്ഗങ്ങൾ താഴ്ത്താതിരിക്കുന്നതിനാൽ ഇവയിൽ പലതും ഇന്ന് തികച്ചും പ്രയോജനരഹിതമായിരിക്കുകയാണ്. പഞ്ചായത്തിൽ ഇന്ന്

നിലവിലുള്ള ജലസേചന സംവിധാനങ്ങൾ താഴെ പട്ടികയിൽ വിവരിക്കുന്നു

പട്ടിക.1

| നമ്പർ | ഇനം | എണ്ണം |
|---|---|---|
| 1 | പൊതുജലസേചനകിണർ | 189 |
| 2 | കുഴൽകിണറുകൾ | 32 |
| 3 | കുളങ്ങൾ | 13 |
| 4 | ക്രോസ്ബാർ(ചാലുകൾ) | 4 |
| 5 | ആയക്കെട്ട് | 254 |

പഞ്ചായത്തിൽ ആകെയുള്ള തോടുകളുടെ നീളം 14.240.K.M. ആകുന്നു. ഇവയിൽ പലതിലും നീരൊഴുക്ക് സംരക്ഷിക്കുവാനും, ആവശ്യമില്ലാത്തപ്പോൾ ഒഴുക്കിവിടാനും പര്യാപ്തമായ വിധത്തിൽ വേണ്ടത്ര ചീർപ്പുകൾ[illegible] ലവിലില്ല. പഞ്ചായത്തിലെ നിലവിലുള്ള തോടുകളെസംബന്ധിച്ചുള്ള വിവരങ്ങൾ താഴെപറയും പ്രകാരമാണ്.

പട്ടിക 2

| നമ്പ. | തോടിന്റെ പേര് | നീളം |
|---|---|---|
| 1 | [illegible]രീപ്പുഴ കായംകുളം തോട് | 2.300. K.M. |
| 2. | [illegible]ലയിൽ തോട് | 4.500 |
| 3. | പഴംതോട് | 3,000 |
| 4. | പുത്തൻ [illegible]തോട് | 0.300 |
| 5. | [illegible]ളിൽ തോട് | 0.100 |
| 6. | [illegible]റയിൽതോട് | 0.040 |
| 7. | ആവണക്കുംതോട് | 3.000 |
| 8. | ഏനാത്ത കുളങ്ങര ഉള്ളിട്ട പുഞ്ചത്തോട് | 1.000 |
| 9. | പോളേച്ചാൽ പത്തിയൂർ പുഞ്ചതേട് | 1 K.M. |

പത്തിയൂർ കുരീപ്പുഴ - ഉള്ളിട്ടപുഞ്ച ഒരുപ്പൂ കൃഷി മാത്രം ചെയ്തുവരുന്ന പുഞ്ചയാണ്. പത്തിയൂർ,ചെട്ടികുളങ്ങര. ചേപ്പാട്എന്നീ മൂന്ന് പഞ്ചായത്തുകളിലു[illegible]ച്ചുകിടക്കുന്ന ഈ പുഞ്ച 900 ഏക്കറോളമുണ്ട്. ഇതിൽ 256 ഏക്കർപുഞ്ച പത്തിയൂർ പഞ്ചായത്തിലാണ്. അടുത്തകാലത്ത് കായംകുളത്ത് നിർമ്മാണ പ്രവർത്തനം നടത്തിവരുന്ന നാഷണൽതെർമ്മൽ പവർ സ്റ്റേഷൻ (N.T. P.C) പുറംതള്ളുന്ന ചാരം നിക്ഷേപിക്കാൻപുഞ്ച അക്വയർ ചെയ്യുവാൻ ആദ്യകാല നടപടികൾ ആരംഭിച്ചിരുന്നുവെങ്കിലും പിൽക്കാലത്ത് ഈ ശ്രമം ഉപേക്ഷിച്ചതായാണറിവ്. ഇപ്രകാരം ശ്രമമുണ്ടായതിനാൽ കർഷകർക്ക് കൃഷിയിൽതാല്പര്യമില്ലാതാകുകയും. പ്രതിവർഷം നടത്തേണ്ട

ഭൂമിനന്നാക്കൽ പോലെയുള്ള നടപടികൾ ക്രമേണ ഇല്ലാതാകുകയുംചെയ്തു.ഈ വർഷംമുതൽ പുഞ്ചകൃഷി പുനരാരംഭിക്കുവാൻകർഷകരും കർഷതൊളിലാളികളും ജനപ്രതിനിധികളും കൂട്ടായി ശ്രമിക്കുകയും ആയിതിനുള്ള നടപടികൾ നടന്ന് വരികയുമാണ്. ഒരുപ്പൂമാത്രംകൃഷിയിറക്കാറുള്ള ഈ പുഞ്ച പുറംബണ്ട് കെട്ടി സംരക്ഷിച്ച് ഇരുപ്പൂകൃഷി നടത്താനുള്ള സാദ്ധ്യതകളെ പറ്റിവിദഗ്ദർ അടങ്ങുന്ന ഒരുസമിതിയെകൊണ്ട് പദ്ധതി തയ്യാറാക്കി സർക്കാർ സഹായത്തോടെ നടപ്പാക്കുകയും. ഗ്രൂപ്പ്ഫാമിംഗ്, അടിസ്ഥാനത്തിൽ കൃഷിയിറക്കുകയുംചെയ്യാവുന്നതാണ്. "പഞ്ചായത്തിലെ തെങ്ങുകൃഷി" തെങ്ങുകൾക്ക് ഉണ്ടാവുന്ന കാറ്റുവീഴ്ച. മണ്ടചീയൽ, ചെന്നീരൊലിപ്പ്, കൂമ്പുചീയൽ എന്നീ രോഗങ്ങൾ കാരണവും, ചെമ്പൻചെല്ലി,ഓലപ്പുഴു തുടങ്ങിയുള്ള കൃമികീടങ്ങളുടെ ആക്രമണം കാരണവും പൊതുവെ ആദായംകുറഞ്ഞ് കുറഞ്ഞ് വരുന്നതായ ഒരുകാഴ്ചയാണ്കണ്ട് വരുന്നത്. പഞ്ചായത്തിലിന്ന് നിലവിലുള്ള ഉദ്ദേശം 2, 60,000ത്തോളം വരുന്ന് തെങ്ങുകളിൽ ഏകദേശം 1, 69,000 ത്തോളം തെങ്ങുകളും രോഗബാധിതമാണ്. വർദ്ധിച്ചുവരുന്ന രോഗബാധകളാൽ നാളികേര ഉൽപ്പാദനത്തിലുണ്ടായി കൊണ്ടിരിക്കുന്ന കുറവും, നാളീകേരത്തിന് ശരിയായ വില ലഭിക്കാതിരുന്നതും ഈ പ്രദേശത്തെ നാളീകേര കർഷകരെ വളരെ പ്രതിസന്ധിയിലാക്കിയിരിക്കുകയാണ്. കേരകർഷകസമിതികളുടെ പ്രവർത്തനം മെച്ച പ്പെടുത്തേണ്ടതായുണ്ട്.

ഭക്ഷ്യവിളകളിൽ രണ്ടാംസ്ഥാനം മരച്ചീനികൃഷിക്കാണ്. തെങ്ങിന്റെ ഇടവിളയായും മറ്റും മരച്ചീനികൃഷിചെയ്തുവരുന്നു. എലിയുടെ ശല്യം കാരണം മരച്ചീനികൃഷി വർഷംതോറും കുറഞ്ഞുകുറഞ്ഞു വരികയാണ്. ആകെയുള്ള കൃഷിഭൂമിയിൽ 312.5 ഏക്കർസ്ഥലം എള്ളുകൃഷി ചെയ്തുവരുന്നുവെങ്കിലും പ്രതികൂലാവസ്ഥയും സാഹചര്യങ്ങളും കാരണം ഈ കൃഷി കുറഞ്ഞ് കുറഞ്ഞ് വരികയാണ്. ശരിയായി പദ്ധതികൾ ആസൂത്രണം ചെയ്യുന്നതായാൽ ഏത്തവാഴപോലെയുള്ള എല്ലാത്തരം വാഴകളുടേയും കൃഷിക്ക് വളരെ അനുയോജ്യമായ തരത്തിലുള്ള സാദ്ധ്യകതൾ ഈ പഞ്ചായത്തിലുണ്ട്. എന്നാൽ ഒറ്റപ്പെട്ടകൃഷിരീതികാരണം വാഴകൃഷി ഈ പഞ്ചായത്തിൽ വ്യാപകമായ തോതിൽ ഇതുവരേയും

ആരംഭിച്ചിട്ടില്ല. എന്നാൽ ഒറ്റപ്പെട്ട കൃഷിരീതി കാരണം വാഴകൃഷി ഈ പഞ്ചായത്തിൽ വ്യാപകമായ തോതിൽഇതുവരേയും ആരംഭിച്ചിട്ടില്ല. അതുപോലെ തന്നെയാണ് പയർവർഗ്ഗങ്ങൾ, പച്ചക്കറികൾ എന്നിവയുടേയും കൃഷിരീതികൾ. ഒരോവീട്ടിലേയ്ക്കും ആവശ്യമായ പച്ചക്കറികൾ ഉൽപ്പാദിപ്പിക്കുവാൻ സഹകരണം ഉണ്ടാകേണ്ടിയിരിക്കുന്നു. കുരുമുളക് അടയ്ക്കാമരം പഴവർഗ്ഗങ്ങൾ എന്നിവയെല്ലാം തന്നെ പഞ്ചായത്തിന്റെ വിവിധ സ്ഥലങ്ങളിൽ കൃഷി ചെയ്തുവരുന്നുണ്ട്. സഹകരണമേഖലയിലുള്ളതും സ്വകാരമേഖലയിലുള്ളതുമായ വളം ഡിപ്പോകളിൽനിന്നുമാണ് കർഷകർക്കു രാസവളം ലഭിച്ചുവരുന്നത്. ശാസ്ത്രീയമായ രീതിയിൽരാസവളങ്ങലുടേയും കീടനാശിനികളുടേയും ഉപയോഗം കർഷകർക്കു അറിയാത്തതിനാൽ കൃഷിചിലവിൽ അനാവശ്യവർദ്ധനവു ഉണ്ടാകാറുണ്ട്. ജൈവവളങ്ങൾ വളരെ പരിമിതമായ തോതിലാണ് ഉപയോഗിക്കുന്നത്. ഇഞ്ചി, മഞ്ഞൾ, ചേമ്പ്, കുരുമുളക് കിഴങ്ങ് വർഗ്ഗങ്ങൾ എന്നിവ ഇടവിളയായി കൃഷിചെയ്തുവരുന്നു. കുറ്റിമുല്ല പോലെയുള്ള പുഷ്പ ഫലസസ്യങ്ങളുടെ പൂച്ചെടി കൃഷിക്ക് ഈ പഞ്ചായത്തിൽ നല്ല സാദ്ധ്യതകളുണ്ടെങ്കിലും ആയതിനുള്ള ശ്രമങ്ങൾ ഇതുവരേയും ആരംഭിച്ചുകാണുന്നില്ല. കാർഷിക മേഖലയിൽ ജൈവവളങ്ങളുടെ പ്രാധാന്യമേറിവരുന്ന സാഹചര്യത്തിൽ ജൈവവള നിർമ്മാണ പ്രവർത്തനങ്ങളിൽ കർഷകരുടെ ശ്രദ്ധ ആകർഷിക്കേണ്ടതായിട്ടുണ്ട്. കുറഞ്ഞ ചെലവിൽ ഇന്ധനം ലഭിക്കുന്ന ഗോബർ ഗ്യാസ് പ്ലാന്റും പഞ്ചായത്തിൽ പൊതുവെ വിരളമാണ്.

5 സഹകരണസ്ഥാപനങ്ങളും, ഒരു ദേശസാൽകൃത ബാങ്കുമാണ്. പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്നത്. കൃഷിഭവന്റെ ആഭിമുഖ്യത്തിൽ രൂപികരിക്കപ്പെട്ട ആറു പാടശേഖരസമിതികൾ പഞ്ചായത്തിൽ നിലവിലുണ്ട്. കാർഷികമേഖലയിൽ പണിയെടുക്കുന്നവരുടെ എണ്ണം ക്രമാതീതമായി കുറഞ്ഞു വരുന്ന ഒരു പ്രവണത ഈ പഞ്ചായത്തിൽ കണ്ടുവരുന്നു. എന്നാൽ ഇതനുസരിച്ച് കാർഷിക ഉപകരണങ്ങളുടെ ലഭ്യത വർദ്ധിക്കുന്നില്ല. പഞ്ചായത്തിൽ ഒരു കൃഷി ഭവൻ പ്രവർത്തിക്കുന്നുണ്ടെങ്കിലും. കൃഷി ഭവന്റെ പ്രവർത്തനം കൃഷിയുടെ എല്ലാ മേഖലകളിലും ലഭിക്കുന്നില്ല. ജനസംഖ്യാവർദ്ധനവു ക്രമാതീതമായി ഉയരുന്ന സാഹചര്യത്തിൽ അതനുസരിച്ച് ഭക്ഷ്യസാധനങ്ങളുടെ ഉൽപ്പാദനത്തിൽ വർദ്ധനവ് ഉണ്ടായില്ലെങ്കിൽ രാജ്യത്ത് ഭക്ഷ്യക്ഷാമം എന്ന വിപത്ത് ഉണ്ടാകാനിടയുണ്ട് എന്ന വസ്തുത മനസ്സിലാക്കുമ്പോഴാണ് കാർഷിക മേഖലയുടെ പ്രാധാന്യം ഇതരമേഖലകളെ അപേക്ഷിച്ചു വളരെയേറെ മുൻപന്തിയിലാണെന്ന് നാം അറിയുന്നത്. ഈ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം കൃഷി/ജലസേചനം എന്നീ മേഖലകളിൽ ഇപ്പോൾ അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്ന മുഖ്യപ്രശ്നങ്ങൾ ഏതെല്ലാമെന്ന് പഞ്ചായത്തിലെ വിശേഷാൽ ഗ്രാമസഭകളിൽ നടന്ന ചർച്ചകളുടെ അടിസ്ഥാനത്തിൽ താഴെപ്പറയും പ്രകാരം വിശകലനം ചെയ്യുന്നു.

പ്രശ്നങ്ങൾ

1. കാർഷകരുടെ സാമ്പത്തിക സഹായത്തിനായി പ്രവർത്തിച്ചുവരുന്ന സഹകരണ സ്ഥാപനങ്ങൾ, കോമേഴ്സ്യയൽ ബാങ്കുകൾ, എന്നീ സ്ഥാപനങ്ങളുടെ വായ്പാ വിതരണ സമ്പ്രദായം കർഷകന് സാഹായകരമല്ല.

2. ഈ പ്രദേശത്തെ മണ്ണ്പരിശോധിച്ച് വള ക്രമം നിർണ്ണയിക്കുന്നില്ല.

3. ജലസേചനസൗകര്യം ഇല്ല.

4. ജലനിർഗ്ഗമനത്തിനുള്ള അപര്യാപ്തത

5. വളങ്ങളുടേയും കീടനാശിനികളുടേയും അമിത വില.

6. പഞ്ചായത്തിന്റെ എല്ലാഭാഗങ്ങളിലും ജലമെത്തിക്കുക എന്ന ഉദ്ദേശത്തോടുകൂടി 19972 മുതൽ നിർമ്മിച്ച പമ്പ ഇറിഗേഷൻ കനാൽ നിർമ്മാണത്തിൽ ഉണ്ടായിട്ടുള്ള അപാകതകൾ കൊണ്ടു സാങ്കേതിക തകരാറുകൾ കൊണ്ടും കാർഷികമേഖലക്ക് യാതൊരു പ്രയോജനവും ഉണ്ടായിട്ടില്ല. മാത്രമല്ല കനാലിൽ വെള്ളം തുറന്നുവിടുമ്പോൾ ചോർച്ചമൂലം എള്ളു കൃഷി നശിക്കുന്നുമുണ്ട്.

7. തെങ്ങിൻ തോട്ടങ്ങളിൽ വരൾച്ചക്കാലത്തും മറ്റും ജലസേചനം നടത്തുന്നതിന് ആവിഷ്കരിച്ചിട്ടുള്ള നൂതനമാർഗ്ഗമായ കണിക ജലസേചന പദ്ധതിയുടെ പ്രയോജനം വേണ്ടത്ര കർഷകർക്ക് ലഭിക്കുന്നില്ല.

8. നിലവിലുള്ള തെങ്ങുകളിൽ 60% രോഗബാധിതമാണ്. കാറ്റുവീഴ്ച, കൂമ്പുചീയൽ, ഓലചീയൽ, ചെന്നീർഒലിപ്പ് തുടങ്ങിയ രോഗങ്ങൾക്ക് ഫലപ്രദമായ പ്രതിവിധി കർഷകർക്ക് ഇപ്പോൾ ലഭിക്കുന്നില്ല.

9. ജൈവ വളങ്ങൾ വേണ്ടത്രവിധത്തിൽ ഉപയോഗിക്കുവാൻ കർഷകർക്ക് കഴിയുന്നില്ല.

**10.** രോഗപ്രതിരോധശേഷിയുള്ള തെങ്ങിൻതൈകൾ, നെൽ വിത്തുകൾ തുടങ്ങിയ നടീൽ വസ്തുക്കളും പച്ചക്കറിവിത്തുകളും കർഷകർക്ക് യഥാസമയം ന്യായവിലക്ക് ലഭിക്കാറില്ല.

**11.** നവീന കൃഷിരീതിയിലൂടെ ഇരട്ടിവിളവുൽപ്പാദിപ്പിക്കാൻ കഴിയുന്ന കൃഷിയാണ് പുഞ്ചകൃഷി. പ്രധാന പുഞ്ചയായ പത്തിയൂർ-കരിപ്പുഴ ഉള്ളിട്ട പുഞ്ചയിന്ന് യാതൊരു വികസന വുമില്ലാതെ അവഗണിക്കപ്പെട്ടിരിക്കുന്നു. വർഷങ്ങളായി ഈ പ്രുദേശത്ത് കൃഷിയിറക്കാൻ പോലും സാധിക്കുന്നില്ല.

**12.** മരച്ചീനി പോലെയുള്ള കൃഷികൾക്ക് വ്യാപകമായ തോതിൽ നാശം വരിത്തുന്ന എലികളെ നശിപ്പിക്കുന്നതിനുള്ള ഒരു സമഗ്രപദ്ധതി ഇതുവരെ നടപ്പാക്കിയിട്ടില്ല.

**13.** മൂന്നാം വിളയായി വയലുകളിൽ പയർവർഗ്ഗങ്ങൾ, വാഴ, പച്ചക്കറി എന്നിവ കൃഷി ചെയ്യുന്നതിന് വേണ്ടത്ര പ്രോൽസാഹനം ലഭിക്കുന്നില്ല. 14. മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിലുള്ള വളപ്രയോഗരീതി, കീടങ്ങൾക്കെതിരേയുള്ള നൂതന പ്രതിരോധമാർഗ്ഗങ്ങൾ തുടങ്ങിയ, കാർഷികമേഖലയിൽ അനുദിനം ഉണ്ടായിക്കൊണ്ടിരിക്കുന്ന ശാസ്ത്രീയമായ അറിവ് പഞ്ചായത്തിലെ കർഷകർക്ക് വേണ്ടത്ര ലഭ്യമാകുന്നില്ല.

**15.** കൃഷിഭവനിൽനിന്നും വിതരണം ചെയ്തുവരുന്ന വിത്ത്, വളം, സാമ്പത്തികസഹായം എന്നിവയുടെ ആനുകൂല്യം യഥാർത്ഥ കർഷകർക്ക് ലഭിക്കാറില്ല.

**16.** വിള ഇൻഷ്വറൻസ് ആനുകൂല്യം തീരെ അപര്യാപ്തമാണ്.

**17.** ഉൽപ്പന്നങ്ങളുടെ ശരിയായ സംഭരണം, വിപണനം, എന്നിവയ്ക്ക് വേണ്ടത്രഫലപ്രദമായ സംവിധാനങ്ങളില്ലാത്തതിനാൽ കർഷകർക്ക് അവരുൽപ്പാദിപ്പിക്കുന്ന വിളകൾക്ക് യഥാർത്ഥ വില ലഭ്യമാകാറില്ല.

**18.** കാർഷികമേഖലയിൽ പണിയെടുക്കുന്നതിന് ആവശ്യമായ തൊഴിലാളികളുടെ കുറവ് അടുദിനം വർദ്ധിച്ചുവരുന്നു.

**19.** ആധുനിക കാർഷിക ഉപകരണങ്ങൾ എല്ലാ കർഷകർക്കും യഥാസമയം വേണ്ടത്ര തോതിൽ ലഭിക്കുന്നില്ല.

**20.** നെൽപ്പാടങ്ങൾ കുഴിക്കുകയും നികത്തുകയും ചെയ്യുന്ന പ്രവണത ഏറിവരുന്നു.

കൃഷി ജലസേചന മേഖലകളിൽ ഇപ്പോൾ പഞ്ചായത്ത് അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ താഴെ വിവരിക്കുന്ന പ്രകാരം പരിഹരിക്കപ്പെടാവുന്നതാണ്.

**പരിഹാരനിർദ്ദേശങ്ങൾ**

1. മണ്ണ് പരിശോധന കൃത്യമായി നടത്തുകയും മണ്ണിന്റെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുക.

2. കൃഷിയിടങ്ങൾ താഴ്ത്തുന്നതും നികത്തുന്നതും നിരോധിക്കുക.

3. നെല്ല്, തെങ്ങ്, വാഴ, പച്ചക്കറി, എള്ള്, പയറുവർഗ്ഗങ്ങൾ തുടങ്ങിയ എല്ലാവിധ കൃഷികൾക്കും ശരിയായരീതിയിലുള്ള വളപ്രയോഗം രോഗപ്രതിരോധനടപടികളുടെ ഭാഗമായി കീടനാശിനികളുടെ ഉപയോഗം എന്നിവയെല്ലാം ചെയ്യുന്നതിന് കാലാകാലങ്ങളിൽ കർഷകർക്ക് ശാസ്ത്രീയമായ അറിവും പരിചയവും കൃഷി വകുപ്പ് ഉദ്യോഗസ്ഥന്മാരുടെ മേൽ നോട്ടത്തിൽ നൽകുക.

4. ഗോബാധിതമായ തെങ്ങുകൾ വെട്ടി പകരം അത്യുൽപ്പാദന ശേഷിയുള്ള തൈകൾ കർഷകർക്ക് വിതരണം ചെയ്യുക. വെട്ടിമാറ്റുന്ന തെങ്ങുകൾക്ക് നൽകുന്ന ധനസഹായം വർദ്ധിപ്പിക്കുക.

5. തെങ്ങിന് മരുന്ന് തളിക്കുന്ന പദ്ധതി പുനരാരംഭിക്കുക

6. മേൽത്തരം വിത്തുകൾ നടീൽ വസ്തുക്കൾ എന്നിവ ലഭിക്കുന്നതിലേക്ക് പഞ്ചായത്ത് പ്രദേശത്ത് കുറഞ്ഞത് രണ്ട് നഴ്സറികൾ എങ്കിലും സ്ഥാപിക്കണം.

7. നാളികേര സംസ്കരണത്തിന് ഡ്രൈയറുകൾ ലഭ്യമാക്കുക..

8. ജൈവവള പ്രയോഗം പ്രോത്സാഹിപ്പിക്കുക.

9. സ്പിംഗ്ളർ ജല സേചനം (കണിക ജലസേചനം) പഞ്ചായത്തിൽ വ്യാപിപ്പിക്കുക.

9. a ഒരു കൃഷി മാത്രം ചെയ്യുന്ന പത്തിയൂർ കരിപ്പുഴ ഉള്ളിട്ട പുഞ്ചയിരിപ്പ് കൃഷി ചെയ്യുന്നതിനാവശ്യമായ സംവിധാനങ്ങൾ ഉണ്ടാകണം.

b. നാല് കെട്ടും കവലയിൽ NTPC തടയണ കെട്ടി വെള്ളം കൊണ്ടു പോകുമ്പോൾ കൃഷിക്കാവശ്യമായ ജല ലഭ്യത ഉറപ്പു വരുത്തണം.

c. കുമ്മായം, വിത്ത്, വളം, കീടനാശിനികൾ എന്നിവ പരമാവധി കുറഞ്ഞ വിലയ്ക്ക് കർഷകർക്ക് ലഭ്യമാക്കണം.

10. ഇരിപ്പുനിലങ്ങളിലെ കൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിലേക്ക് ഗ്രൂപ്പ് ഫാമുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തണം.

11. കർഷകതൊഴിലാളികളുടെ ലഭ്യത കുറഞ്ഞുവരുന്നതിനാൽ കാർഷികമേഖലയിൽ ഉപയോഗിക്കാവുന്ന എല്ലാത്തരം നവീനയന്ത്രങ്ങളുടെയും പ്രയോജനം കർഷകർക്ക് ലഭ്യമാക്കണം. പാടശേഖര സമതികൾക്ക് ഒരോ യന്ത്രങ്ങൾ സൗജന്യമായി നൽകുകയും അവ പ്രവർത്തിപ്പിക്കുവാൻ സാങ്കേതിക പരിശീലനം നൽകുകയും വേണം.

12. മരച്ചീനി പോലെയുള്ള ഇടവിളകൾക്കും നെൽകൃഷിക്കും വ്യാപകമായതോതിൽ നാശനഷ്ടങ്ങൾ വരുത്തുന്ന എലികളെ നശിപ്പിക്കുന്നതിന് ഒരു സമഗ്ര പരിപാടി ആവിഷ്കരിക്കുക.

13. കൂടുതൽ ആളുകളെ കാർഷികമേഖലയിലേക്ക് ആകർഷിക്കുന്നതിലേക്ക് പഞ്ചായത്തിലെ മികച്ച കർഷകന് സാമ്പത്തികസഹായം ഉൾപ്പടെയുള്ള പ്രോത്സാഹനം നൽകി ആദരിക്കുകയും അംഗികരിക്കുകയും ചെയ്യുക.

14. കർഷകർക്ക് ഫലപ്രദമായ വിള ഇൻഷ്വറൻസ് പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുക.

15. വർഷത്തിൽ രണ്ടു തവണയെങ്കിലും പഞ്ചായത്തുതലത്തിൽ കാർഷിക സെമിനാറുകൾ നടത്തുകയും തദവസരത്തിൽ കാർഷികമേഖലയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന നൂതന കൃഷി രീതികളെക്കുറിച്ചും ശാസ്ത്രീയ സമീപനത്തെക്കുറിച്ചും വിദഗ്ദരുടെ മേൽനോട്ടത്തിൽ കർഷകർക്ക് വേണ്ടത്ര ബോധവൽക്കരണം നൽകുക.

16. ലഘുവായ തവണവ്യവസ്ഥകൾ നിശ്ചയിച്ചും മിതമായ പലിശനിരക്ക്അനുവദിച്ചും വായ്പാ നടപടിക്രമങ്ങൾ ലഘൂകരിച്ചും കർഷകർക്ക് ദീർഘകാല/ഹൃസ്വകാല കാർഷിക വായ്പ ലഭ്യമാക്കുക. 17. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ഫാർമേഴ്സ് ക്ളബുകൾ രൂപീകരിച്ച് കൃഷിയിൽ താൽപര്യം ഉള്ളവരെ കണ്ടെത്താനും കൃഷി വ്യാപകമാക്കാനും കൂട്ടായ പരിശ്രമം ഉണ്ടാകണം.

18. കൈതച്ചക്ക വൻതോതിൽ കൃഷിചെയ്യുന്നതിനും സംഭരണം വിപണനം സംസ്കരണം എന്നിവയ്ക്കുള്ള നടപടി സ്വീകരിക്കുകയും ചെയ്യണം.

**II. ജലസേചനവും ജലനിർഗ്ഗമനവും**

1. നിലവിലുള്ള PIP കനാൽ ജലസേചനത്തിന് ഉപയുക്തമാക്കുക.

2. പഞ്ചായത്തിന്റെ വിവിധസ്ഥലങ്ങളിലായി കൂടുതൽ കുഴൽ കിണറുകൾ സ്ഥാപിച്ചും സാമൂഹിക ജലസേചനപദ്ധതികൾ ആവിഷ്കരിച്ചും നിലവിലുള്ള കുളങ്ങൾ ആഴം കൂട്ടി വൃത്തിയാക്കിയും ജലലഭ്യത ഉറപ്പാക്കുക.

3. ഈ പഞ്ചായത്തിന്റെ വടക്കെയറ്റത്തു സ്ഥിതി ചെയ്യുന്നതും ജലനിർഗ്ഗമനം തടസ്സപ്പെട്ടു കിടക്കുന്നതുമായ ആവണക്കിൻ തോട് വീതി കൂട്ടേണ്ട ഭാഗത്ത് വീതി കൂട്ടിയും സൈഡുവാൾ കെട്ടേണ്ട സ്ഥലത്ത് സൈഡുവാൾ കെട്ടിയും ഉപയോഗപ്രദമാക്കണം.

4. പോളേച്ചാൽ, നായരുകുളം, തഴയിൽചാൽ, പുതിയവീട്ടിൽ കുളം ഏനാകുളം, തിരുവിന്നാൽ കിഴക്കെക്കുളം, ചിറക്കുളം എന്നീ പഞ്ചായത്ത് ഉടമസ്ഥതയിലുള്ള കുളങ്ങളും ചാലുകളും ആഴം കൂട്ടി ജലസേചനത്തിന് ഉപയോഗ യോഗ്യമാക്കേണ്ടതാണ്.

വാർഡ് I

| തോടിന്റെ പേര് സ്ഥലം | ആവശ്യപ്പെടുന്ന നിർമ്മാണപ്രവർത്തനം |
|---|---|
| കൊച്ചയ്യത്തുമുക്കുമുതൽ വടക്കോട്ടുള്ള തോട് | ആഴം കൂട്ടി സൈഡുവാൾ കെട്ടുക. |
| വെട്ടത്തുപടിഞ്ഞാറുവശം കിഴക്കോട്ടുള്ള തോട് | ആഴം കൂട്ടി സൈഡു വാൾ കെട്ടുക. കലുങ്കു പണിയുക. |
| ഇല്ലത്തുപടിഞ്ഞാറുവശം തെക്കോട്ടുള്ള തോട് | ആഴം വർദ്ധിപ്പിക്കുക, സൈഡുവാൾ കെട്ടുക, കലുങ്കു പണിയുക. |
| റയിൽവേക്രോസുമുതൽ കിഴക്കുവടക്കോട്ടുള്ള തോട് ആവണക്കും തോട് | ആഴം കൂട്ടി സൈഡുവാൾ കെട്ടുക. |
| വാവണ്ണൂർ കിഴക്കുവശം പുത്തുമുറികിഴക്കുവശം തോട് | ആഴം കൂട്ടി സൈഡു വാൾ കെട്ടുക |
| കൊച്ചുപുരയിൽ കിഴക്കുവശം വടക്കോട്ടുള്ള തോട് | സൈഡുവാൾ കെട്ടി സംരക്ഷിക്കുക. |

വാർഡ് II

| തോടിന്റെ പേര് സ്ഥലം | ആവശ്യപ്പെടുന്ന നിർമ്മാണപ്രവർത്തനം |
|---|---|
| അമ്പലത്തിനാൽവയലിന് വടക്കുവശം കാട്ടൂർ തെക്കുവശം | ഓട താഴ്ത്തുക. |
| തുമ്പൻ ചേരി പാടത്ത് വടക്കോട്ട് | ഓടനിർമ്മിക്കുക |
| വടക്കടത്തുകിഴക്കുവശം | കലുങ്കുനിർമ്മിക്കുക |

| തോടിന്റെ പേര് സ്ഥലം | ആവശ്യപ്പെടുന്ന നിർമ്മാണപ്രവർത്തനം |
|---|---|
| റയിൽവേയ്ക്കു കിഴക്കുവശം | കലുങ്കു വിസ്തൃതി കൂട്ടുക |
| കൊട്ടക്കാട്ടുകിഴക്കുവശം | കലുങ്ക് |
| പുന്നൂർ കിഴക്കുവശം | തോട് താഴ്ത്തുക, സൈഡ് വാൾ കെട്ടുക, പുന്നൂർ വടക്കു വശത്തുള്ള ഓടയുമായി ബന്ധിപ്പിക്കുക, വിസ്തൃതമാക്കുക |
| ഊലേത്തു കിഴക്കുവശം | കലുങ്കുതാഴ്ത്തുക |
| തെക്കടത്തുകിഴക്കുവശം | വെള്ളം ഒഴുക്കിന് കലുങ്കു നിർമ്മിക്കുക |
| മാളിയക്കൽ ജംഗ്ഷന് കിഴക്ക് | കലുങ്ക് വിസ്തൃതമാക്കുക |
| കാക്കാൻ പറമ്പിൽ കിഴക്കുവശം | ഓട മിർമ്മിക്കുക, ചുടുകാട്ടിൽ പടിഞ്ഞാറെ ഓടയുമായി ബന്ധിപ്പിക്കുക |
| ഏനാകുളങ്ങര പടിഞ്ഞാറു വശം | തുടർപിച്ചിങ്ങ് കെട്ടുക |
| 78-നമ്പർ അംഗനവാടിയുടെ | അടുത്ത് വെള്ളം ഒഴുക്കു തോട് സൈഡു വാൾ കെട്ടുക |

### വാർഡ് III

| തോടിന്റെ പേര് സ്ഥലം | ആവശ്യപ്പെടുന്ന നിർമ്മാണപ്രവർത്തനം |
|---|---|
| ഏവൂർ ക്ഷേത്രത്തിനു കിഴക്കു | തോടു താഴ്ത്തി |
| വശം ചാമ്പക്കണ്ടം വരെ | സൈഡുവാൾ കെട്ടുക |
| വള്ളക്കയ്ക്കകത്തുമുതൽ പുഞ്ചവരെ | റോഡിന്റെ സൈഡു വാൾ കെട്ടുക |

### വാർഡ് IV

| തോടിന്റെ പേര് സ്ഥലം | ആവശ്യപ്പെടുന്ന നിർമ്മാണപ്രവർത്തനം |
|---|---|
| [illegible] തെക്കേവശം | ഓട സംരക്ഷിക്കുക |
| കുന്നംകുളങ്ങര ഇടക്കൊച്ചി മുക്ക് തോട് | ആഴം കൂട്ടുക സൈഡുവാൾ കെട്ടുക |
| മുഖാരശ്ശേരി പടിഞ്ഞാറുവശം മുലശ്ശേരി തെക്കുവശം | ഓടനിർമ്മിക്കുക |
| മീനത്തേരി തെക്കുവശം ലക്ഷം വീട് | സബ്കനാൽ അറ്റകുറ്റപ്പണി |

| തോടിന്റെ പേര് സ്ഥലം | ആവശ്യപ്പെടുന്ന നിർമ്മാണപ്രവർത്തനം |
|---|---|
| മുക്കാലിശ്ശേരി വടക്കുവശം | കലുങ്കു പൊളിച്ചുപണിയുക |
| പെരുന്തല കിഴക്കുവശം | കലുങ്കു പണിയുക |
| അങ്ങാടിശ്ശേരി കിഴക്കുവശം | കലുങ്കു പണിയുക |
| മലയിൽ ജംഗ്ഷന് പടിഞ്ഞാറുവശം | കലുങ്കുകൾക്ക് ആഴം വർദ്ധിപ്പിക്കുക |
| പുതുശ്ശേരി വടക്കുവശം | ഓട നിർമ്മിക്കുക |

### വാർഡ് V

| തോടിന്റെ പേര് സ്ഥലം | ആവശ്യപ്പെടുന്ന നിർമ്മാണപ്രവർത്തനം |
|---|---|
| ചാലുവയലിൽ ചാല് | ആഴം കൂട്ടുക |
| മലയിൽതോട് | ആഴം കൂട്ടുക- സൈഡുവാൾ കെട്ടുക |

### വാർഡ് VI

| തോടിന്റെ പേര് സ്ഥലം | ആവശ്യപ്പെടുന്ന നിർമ്മാണപ്രവർത്തനം |
|---|---|
| എരുവ കിഴക്ക് കളിക്കൽ പടിഞ്ഞാറ് | വയലിൽ ഓട നിർമ്മിക്കുക |
| ശ്രീമാൻ കുളങ്ങര അമ്പല ത്തിനു കിഴക്കും പടിഞ്ഞാറും | റോഡു സൈഡിൽ ഓട നിർമ്മിക്കുക. |
| കക്കാപ്പള്ളിത്തോട് | ആഴം കൂട്ടുക, സൈഡുവാൾ കെട്ടുക |
| കാടാശ്ശേരി പടിഞ്ഞാറുവശം | കലുങ്ക് അറ്റകുറ്റപ്പണി |
| നഗരൂർ വയൽ വെള്ളം ഒഴുക്ക് | ഓട നിർമ്മിക്കുക. |
| പറത്താഴവയൽ, പള്ളിക്കൽവയൽ, കളത്തട്ട് തെക്കുവശം വയൽ | ജലനിർഗ്ഗമന മാർഗ്ഗം. |

### വാർഡ് VII

| തോടിന്റെ പേര് സ്ഥലം | ആവശ്യപ്പെടുന്ന നിർമ്മാണപ്രവർത്തനം |
|---|---|
| മുണ്ടുപാലത്തിനടുത്ത് | ചീപ്പിന് ഷട്ടറിടുക |
| പാരൂർ വടക്കു മുതൽ കിഴക്കോട്ട് ഇടശ്ശേരി ക്ഷേത്ര ത്തിനുസമീപമുള്ള ചാൽ | ഓട നിർമ്മിക്കുക |

| തോടിന്റെ പേര് സ്ഥലം | ആവശ്യപ്പെടുന്ന നിർമ്മാണപ്രവർത്തനം |
|---|---|
| മേച്ചേത്ത്കിഴക്കുവശത്ത് നീരൊഴുക്ക്തോട് | വീതി പുനഃസ്ഥാപിക്കുക |
| കല്ലൂർകാരാഴ്മ കിഴക്കുവശം വയൽവെള്ളം | നീരൊഴുക്കുതോട് |

വാർഡ് VIII

| തോടിന്റെ പേര് സ്ഥലം | ആവശ്യപ്പെടുന്ന നിർമ്മാണപ്രവർത്തനം |
|---|---|
| സ്പിന്നിംഗ് മില്ലിനു കിഴക്കുവശം | ചാൽ നിർമ്മിക്കുക |
| പോളേച്ചാൽ മണ്ണാഞ്ചിവയൽ തോട് - | സൈഡു വാൾ കെട്ടി നീരൊഴുക്കുസൗകര്യം |
| കരിപ്പുഴ കായംകുളം തോട് മെഴുവേലിക്കടവ് - | സൈഡു വാൾ കെട്ടുക |
| കരിപ്പുഴ കായംകുളം തോട് | ഉപ്പുവെള്ളപ്രതിരോധഷട്ടർ |

വാർഡ് IX

| തോടിന്റെ പേര് സ്ഥലം | ആവശ്യപ്പെടുന്ന നിർമ്മാണപ്രവർത്തനം |
|---|---|
| പനക്കൽ തോട് | ആഴം കൂട്ടി സൈഡു വാൾ കെട്ടുക |
| മാമ്പറയാലും മൂട് പടിഞ്ഞാറോട്ടുള്ള റോഡ് | സൈഡിൽ ഓട കെട്ടുക |
| കളങ്കണ്ട പുഴുക്കത്തോട് | ഓട നിർമ്മിക്കണം |
| കല്ലേലിൽ വയൽ തറയിൽ തോട് | ജലനിർഗ്ഗമനം സുഗമമാക്കുക |
| കല്ലത്തുവയൽ ആയിര പ്പള്ളിത്തോട് | ജലനിർഗ്ഗമനം സുഗമമാക്കുക |
| മഠത്തിൽ പടിഞ്ഞാറെ വയൽ | ജലനിർഗ്ഗമനം സുഗമമാക്കുക |
| താഴെ വയൽ | ജലനിർഗ്ഗമനം സുഗമമാക്കുക |
| ഹൈവെ-ഐശ്വര്യപ്രദായനി റോഡ് | കലുങ്ക് താഴ്ത്തുക |
| തുണ്ടിൽ മുക്ക് തോപ്പിൽ ജലധാര പദ്ധതി | പൂർത്തിയാക്കുക |
| രാമപുരം കല്ലുംമൂട് റോഡ് | കലുങ്കുകൾ അറ്റകുറ്റപ്പണി നടത്തുക |
| കളങ്കണ്ടയിൽ ചാൽ | ആഴം കൂട്ടുക |

വാർഡ് X

| തോടിന്റെ പേര് സ്ഥലം | ആവശ്യപ്പെടുന്ന നിർമ്മാണപ്രവർത്തനം |
|---|---|
| കൊടുവശ്ശേരി തെക്കുവശം | ആഴം കൂട്ടി സൈഡ് വോൾ കെട്ടുക |
| കൈലാസപുരം ശിവക്ഷേത്രത്തിന് വടക്കുവശമുള്ള തോട് | ആഴം കൂട്ടി സൈഡ് വോൾ കെട്ടുക. |
| എം.ജി.എം. എൽ.പി.സ്കൂളിന് തെക്കുവശത്തുള്ള തോട് | ആഴം കൂട്ടി ബലപ്പെടുത്തുക |
| വട്ടത്തറ വെല്ലാറ്റി കണ്ടം ക്രോസ് റോഡ് | ഓട നിർമ്മിക്കുക. |
| മഠത്തിൽ വടക്കേ തോട് | സൈഡ് വാൾ കെട്ടുക, പുഴുക്കത്തോടുമായി ബന്ധിപ്പിക്കുക. |
| കളരിയ്ക്കൽ വെട്ടത്തുമുക്ക് റോഡ് | കലുങ്കുകൾ ആഴം കൂട്ടുക |
| കീപ്പള്ളി കരിണാമുറ്റം റോഡ് | ഇരുമ്പാണിയിൽ കലുങ്ക് ആഴം കൂട്ടണം |
| പുഴിക്കാട്ട് തെക്കുവശം | കലുങ്കുകൾ പുതുക്കി പണിയുക. |
| കാവിന്റെ കന്നേൽ തെക്കുവശം വയൽ | ഓട് ഇടുക |
| കളങ്കണ്ട വയൽ മണക്കാടം പള്ളിയ്ക്ക് കിഴക്ക് വശം | നീരൊഴുക്കു തോട് നിർമ്മിക്കുക |
| മാവോലിൽ വയലിൽ വടക്കേയറ്റം അറയ്ക്കൽ കിഴക്ക് വശം | നീരൊഴുക്ക് തോട് നിർമ്മിക്കുക |
| നല്ലശ്ശേരി പാടം ഇരുമ്പാണി പാടം | നീരൊഴുക്ക് തോട് നിർമ്മിക്കുക |
| കൊയ്പ്പള്ളി വിള വയൽ റോഡ് | കലുങ്ക് നിർമ്മാണം |
| ചെറുക്കര കിഴക്കു വശം ഓട | വീതി കൂട്ടുക |
| കരീലക്കുളങ്ങര പേരാത്തുമുക്ക് റോഡ് | കലുങ്കുകൾ ആഴം കൂട്ടുക |
| ആശാൻ പറമ്പിൽ കിഴക്കുവശം കണ്ണന്തറ പടിഞ്ഞാറ് വശം | ഓട നിർമ്മിക്കുക. തോടിന് പിച്ചിംഗ് കെട്ടുക |
| അറയ്ക്കൽ കിഴക്കു വശം തോട് | വീതി കൂട്ടി ആഴം കൂട്ടി പിച്ചിംഗ് കെട്ടുക |

വാർഡ് XI


| തോടിന്റെ പേര് സ്ഥലം | ആവശ്യപ്പെടുന്ന നിർമ്മാണപ്രവർത്തനം |
|---|---|
| ചായ്പ്പിനേത്തു വടക്കുവശം | നീരൊഴുക്ക് തോട് താഴ്ത്തുക |
| ചക്കാല പടിഞ്ഞാറെ റോഡ് | കലുങ്ക് നിർമ്മിക്കുക |
| കടത്തറയിൽ തെക്കുവശം നീരൊഴുക്ക് ചാൽ | ആഴം കൂട്ടുക |
| പുത്തൂർ വടക്കുവശം അമ്പനാട്ട് തെക്കുവശം കളപ്പുരയ്ക്കൽ തെക്കുവശം | രൊഴുക്ക് തോടുകൾ ആഴംകൂട്ടുക |
| കോയിക്കൽ മുക്ക് പരവൂർ മുക്ക് റോഡ് | നീരൊഴുക്ക് തോട് സുഗമമാക്കുക |
| സ്പിന്നിംഗ് മില്ലിനു കോട്ടൂർ വടക്കുവശം | ഓട പുനർനിർമ്മാണം നടത്തുക |
| ശിവൻനട തെക്കേമുക്ക് | സൈഡ് വോൾ കെട്ടുക |
| ചാങ്കൂർ തെക്ക് വശം നീരൊഴുക്ക് തോട് | സൈഡ് വോൾ കെട്ടുക |
| പുത്തൻതറ വടക്കുവശം | റോഡിൽ കലുങ്ക് കെട്ടുക |
| മണ്ണാർതുണ്ടിൽ വടക്കുവശം | റോഡിൽ കലുങ്ക് കെട്ടുക |
| തോട്ടത്തിൽ പടിഞ്ഞാറുവശം | സൈഡിൽ ഓട് നിർമ്മിക്കുക |
| പുത്തൻ റോഡ് കലുങ്ക് | പുതുക്കി നിർമ്മിക്കുക |


വാർഡ് XII

| തോടിന്റെ പേര് സ്ഥലം | ആവശ്യപ്പെടുന്ന നിർമ്മാണപ്രവർത്തനം |
|---|---|
| വാഴപ്പള്ളി തോട് വൈക്കത്ത് വിള തോട് പാലത്തും പാട്ട തോട് | ആഴംകൂട്ടി സൈഡ് വോൾ കെട്ടുക, ഷട്ടർ നിർമ്മിക്കുക. |
| മാപ്പിള്ളശ്ശേരി കണ്ടത്തിൽ കൊച്ചുതോപ്പിൽ | ഓട കെട്ടുക |
| മേട്ടുതറ തോട് | കലുങ്ക് നിർമ്മിക്കുക |
| വില്ലുമംഗലത്ത് ജംഗ്ഷൻ | കലുങ്ക് കെട്ടുക |
| വേരാളിത്തറ ജംഗ്ഷൻ കിഴക്കേ കറുകയിൽ | 4 കലുങ്കുകൾ നിർമ്മിക്കുക |
| കണ്ടത്തിൽ തെക്കു പുറം | 4 കലുങ്കുകൾ നിർമ്മിക്കുക |
| മുണ്ടകത്തിൽ കിഴക്കുപുറം | 4 കലുങ്കുകൾ നിർമ്മിക്കുക |
| ചെറുശ്ശേരി കിഴക്കു പുറം | 4 കലുങ്കുകൾ നിർമ്മിക്കുക |

**പച്ചക്കറി കൃഷി**

നിത്യോപയോഗ സാധനങ്ങളുടെ വില ക്രമാധികമായി വർദ്ധിച്ചു കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ നമ്മുടെ പഞ്ചായത്തിൽ പച്ചക്കറിക്ക് മാത്രമായി 20 ലക്ഷത്തോളം രൂപ പ്രതിവർഷം ചിലവിടുന്നു എന്ന് കണക്കാക്കപ്പെടുന്നു. ഈ രംഗത്ത് നമ്മുടെ സജ്ജീവശ്രദ്ധ തിരിയേണ്ടിയിരിക്കുന്നു. ഓരോ വാർഡ് തോറും ഓരോ മാതൃകാ പച്ചക്കറി തോട്ടം ആരംഭിക്കണം. ഇത് കൃഷിക്കാരെ ഈ മേഖലയിലേക്ക് ആകർഷിക്കത്തകതാകണം. തൽപരരായ ഒരു പറ്റം കർഷകർ ആയിരിക്കണം ഈ മാതൃകാ കൃഷി തോട്ടത്തിന്റെ മേൽനോട്ടം വഹിക്കേണ്ടത്. തുടർന്ന് വാർഡിലുള്ള എല്ലാ വീടുകളിലും കൃഷി വ്യാപിപ്പിക്കണം. ഇത് നില നിനിർത്തുന്നതിന് അയൽകൂട്ടങ്ങൾ ഒരു പരിധി വരെ സഹായിക്കും. അതു കൊണ്ട് പ്രാരംഭ പ്രവർത്തനം എന്ന നിലയിൽ അയൽ കൂട്ടങ്ങൾക്ക് രൂപം നൽകണം. ഇങ്ങനെ ഒരു സമഗ്ര പരിപാടി പഞ്ചായത്തിൽ ആകെ നടപ്പാക്കിയാൽ ഈ മേഖലയിൽ നമ്മുക്ക് ക്രമേണ സ്വയം പര്യാപ്തത കൈവരിക്കാം.






# മൃഗസംരക്ഷണം
# മത്സ്യബന്ധനം

## മൃഗസംരക്ഷണം

കേരളത്തിലെ സമ്പദ്ഘടനയുടെ വളർച്ചയിൽ പ്രധാനപങ്ക് വഹിക്കുന്ന മേഖലയാണ് മൃഗസംരക്ഷണരംഗം. കഴിഞ്ഞ 3 ദശാബ്ദ കാലയളവിൽ നമ്മുടെ സംസ്ഥാനത്തുണ്ടായ സാമൂഹിക സാമ്പത്തിക വളർച്ചയക്ക് മൃഗസംരക്ഷണ മേഖല തനതായ സംഭാവനകൾ നൽകിയിട്ടുണ്ട്. ആളോഹരി കൃഷിഭൂമിയുടെ ലഭ്യതയിൽ വന്നകുറവും വ്യവസായ സംരംഭങ്ങളുടെ മുരടിപ്പ് മൂലമുണ്ടായ തൊഴിലില്ലായ്മയും ഈ മേഖലയിലേക്ക് ജനശ്രദ്ധ തിരിയാൻ കാരണമായി. ഹ്രസ്വകാല അടിസ്ഥാനത്തിൽ ചുരുങ്ങിയ മൂലധനം മുടക്കിൽ കൂടുതൽ സമ്പത്ത് വർദ്ധനവിന് ഉതകുന്ന മേഖലയാണിത്. സംസ്ഥാനത്തിന്റെ കന്നുകാലി സമ്പത്തിൽ 94% വും ഗ്രാമ പ്രദേശങ്ങളിലാണ് കേന്ദ്രീകരിച്ചിരിക്കുന്നത്. കന്നുകാലി ഉടമകളിൽ ബഹു ഭൂരിപക്ഷവും ചെറുകിട കർഷകരും കർഷക തൊഴിലാളികളുമാണ്. വികസനമെന്നത് ജനങ്ങളുടെ ജീവിത നിലവാരത്തെ പടിപടിയായി ഉയർത്തുന്ന ഒരു സാമൂഹിക പ്രക്രിയയാണെന്നതിനാൽ മൃഗസംരക്ഷണ മേഖലയിൽ ഉണ്ടാകുന്ന ഏത് പുരോഗതിയും ഗ്രാമീണ സമ്പത് ഘടനയെ സമ്പുഷ്ടമാക്കും എന്നത് വ്യക്തമാണ്. കഴിഞ്ഞ രണ്ടു ദശാബ്ദ കാലയളവിൽ മൃഗസംരക്ഷണ രംഗത്ത് കുറ്റമറ്റ സാങ്കേതിക വിദ്യയുടെ സഹായത്തോടെ കന്നുകാലികളുടെ വംശവർദ്ധനവിനും ജനിതക ഗുണമേന്മ വർദ്ധനവിനും ഉൽപ്പാദന ക്ഷമത വർദ്ധനവിനും സാദ്ധ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്.

നമ്മുടെ പഞ്ചായത്തിൽ മൃഗസംരക്ഷണം പ്രധാന വരുമാന മാർഗ്ഗമായി സ്വീകരിച്ചിട്ടുള്ള നിരവധി കുടുംബങ്ങളുണ്ട്. മൃഗസംരക്ഷണ മേഖലയുടെ വികസനവും അതിലൂടെ ജനങ്ങളുടെ സാമൂഹ്യ സാമ്പത്തിക വളർച്ച ദ്രുതപ്പെടുത്തുന്നതിനുള്ള സാദ്ധ്യതകൾ ഇതിന് അനുയോജ്യമായ ഭൂപ്രകൃതിയും കാർഷിക പാരമ്പര്യവുമുള്ള നമ്മുടെ പഞ്ചായത്തിൽ വളരെ അധികം പ്രാധാന്യം അർഹിക്കുന്നു. ഉൽപ്പാദനോപാധികൾ കർഷകർക്ക് ലഭ്യമാക്കുന്നതോടൊപ്പം ഉൽപ്പന്നങ്ങളുടെ സംഭരണം. സംസ്കരണം, വിപണനം എന്നിവയ്ക്ക് മുൻഗണന നൽകുന്ന പദ്ധതികൾ ആസൂത്രണം ചെയ്യുകയും അതിന്റെ പ്രയോജനം ഗ്രാമീണ ജനതയുടെ പ്രതീക്ഷയ്ക്കൊത്ത് താഴെത്തട്ടിൽ എത്തിക്കുന്ന രീതിയിലുള്ള പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തെങ്കിൽ മാത്രമേ ഈ രംഗത്ത് നാം ഉദ്ദേശിക്കുന്ന പുരോഗതി കൈവരിക്കാൻ സാധിക്കുകയുള്ളു.

പട്ടിക I

| നമ്പർ | പഞ്ചായത്തിലെ വളർത്തു മൃഗങ്ങളും പക്ഷികളും | എണ്ണം |
|---|---|---|
| 1 | പശു | 1131 |
| 2 | കിടാരികൾ | 982 |
| 3 | പശു കിടാരികൾ | 439 |
| 4 | കാള | 974 |
| 5 | എരുമ | 11 |
| 6 | പോത്ത് | 14 |
| 7 | ആട് | 807 |
| 8 | കോഴി പൂവൻ | 1021 |
| | പിട | 10817 |
| 9 | താറാവ് പൂവൻ | 269 |
| | പിട | 2827 |
| 10 | ടർക്കി | 2 |
| 11 | ഗിനിക്കോഴി | 59 |
| 12 | നായ്ക്കൾ | 560 |

പട്ടിക II
ആശുപത്രിയിൽ ചികിത്സ നൽകിയ പക്ഷി മൃഗാദികളുടെ വിവരങ്ങൾ

| നമ്പർ | രോഗവിവരം | എണ്ണം |
|---|---|---|
| 1 | ദഹന സംബന്ധിയായവ | 569 |
| 2 | ശ്വാസകോശ സംബന്ധിയായവ | 391 |
| 3 | ഉപാപജയ സംബന്ധിയായവ | 53 |
| 4 | ത്വക്ക് രോഗങ്ങൾ | 109 |
| 5 | ധാതുലവണങ്ങളുടെ അഭാവം | 104 |
| 6 | പരാധ രോഗങ്ങൾ (വിര, ക്രിമി) | 1742 |
| 7 | പ്രത്യുൽപ്പാദനവുമായി ബന്ധപ്പെട്ടവ | 121 |
| 8 | വന്ധ്യത | 126 |
| 9 | അകിടു വീക്കം | 96 |
| 10 | മുടന്തൻ പനി | 142 |
| 11 | പകർച്ച വ്യാധികൾ | 964 |

പട്ടിക III
കൃത്രിമ ബീജസങ്കലന വിവരങ്ങൾ

| | 1995-96 (1 വർഷം) |
|---|---|
| പശു | 1255 |
| കിടാരി | 592 |
| എരുമ | 19 |
| പേവിഷബാധ ചികിത്സ | 7 |
| പ്രതിരോധ വാക്സിനേഷൻ | 327 |

**ആശുപത്രി സംബന്ധിച്ച വിവരങ്ങൾ**

1982 ൽ വെറ്ററിനറി ഡിസ്പ്പെൻസറി സ്ഥാപിതമായി ഇന്നും ആരംഭകാലത്തെ സൗകര്യങ്ങളും അതേ ജീവനക്കാരുടെ എണ്ണവുമായി ആശുപത്രി പ്രവർത്തിച്ചു കൊണ്ടിരിക്കുന്നു. ഭൗതിക സാഹചര്യങ്ങൾ തീരെ പരിമിതമാണ്. വർദ്ധിച്ചു വരുന്ന മൃഗ സംരക്ഷണ പദ്ധതികളുമായി തട്ടിച്ച് നോക്കുമ്പോൾ ജീവനക്കാരുടെ എണ്ണം വളരെ കുറവാണ്. ആശുപത്രി പ്രവർത്തിക്കുന്നത് വാടക കെട്ടിടത്തിലാണ്. ഇതിന്റെ അവസ്ഥ വളരെ ശോചനീയമാണ്. പ്രാഥമിക സൗകര്യവും ശുദ്ധജല സൗകര്യവും ഇല്ല. ഈ അവസ്ഥ മാറ്റി സ്വന്തം കെട്ടിടവും മറ്റ് സൗകര്യങ്ങളും ഉണ്ടാകണം ഇപ്പോൾ ആശുപത്രിയിലുള്ള പ്രധാന ഉപകരണങ്ങളിൽ റഫ്രിജറേറ്ററും ഒരു മൈക്രോസ്കോപ്പും പെടുന്നു. ലാബ് സൗകര്യങ്ങൾ ഓപ്പറേഷൻ തീയറ്റർ, കർഷക പരിശീലന ഹാൾ, സ്റ്റെറിലൈസർ, ഫോൺ, സ്വന്തമായി വാഹനം എന്നിവ ഉണ്ടാകണം. ഇപ്പോൾ ആശുപത്രിയിൽ ചികിത്സ സർജറി, കർഷക പരിശീലനം. കൃത്രിമ ബീജസങ്കലനം, വന്ധ്യതാ നിവാരണം, വിവിധ രോഗപ്രതിരോധത്തിനായി പക്ഷി മൃഗാദികൾക്ക് കുത്തിവയ്പുകൾ, ഇൻഷ്വറൻസ് സൗകര്യങ്ങൾ മുതലായ സേവനങ്ങൾ ലഭ്യമാണ്. ഡിസ്പ്പെൻസറി കൂടാതെ പഞ്ചായത്തിൽ മൂന്നാം വാർഡിൽ ഒരു ഉപകേന്ദ്രം കൂടി പ്രവർത്തിക്കുന്നു. ഇവിടെ കൃത്രിമ ബീജസങ്കലനവും പ്രാഥമിക ചികിത്സയും നടത്തുന്നു. ഇവിടെ ഒരു ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടറും ഒരു പാർട് ടൈം സ്വീപ്പറുമുണ്ട്. ഇത് വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ഇനിയും സ്വന്തമായി കെട്ടിടം ഉണ്ടാകണം.

ഇപ്പോഴത്തെ കന്നുകാലികളുടെ എണ്ണം വെച്ചു നോക്കുമ്പോൾ കൂടുതൽ ബീജസങ്കലനകേന്ദ്രങ്ങളുടെ ആവശ്യകതയുണ്ട്. എന്നാൽ സമീപ പഞ്ചായത്തുകളിലെ സൗകര്യം കൂടി നമ്മൾ ഉപയോഗപ്പെടു

ത്തിന്നതിനാൽ ഉടനെ പുതിയ കേന്ദ്രങ്ങൾ തുറക്കേണ്ടആവശ്യമില്ല. പഞ്ചായത്തിൽ ഇനി കൂടുതലായി വെറ്ററിനറി ഡിസ്പൻസറി തുടങ്ങേണ്ട ആവശ്യമില്ല. എന്നാൽ വിജ്ഞാന വ്യാപനം പ്രായോഗികമാക്കുന്നതിനും ചികിത്സേതര പദ്ധതികൾ നടപ്പാക്കുന്നതിനും വേണ്ടി ഒരു വെറ്ററിനറി സർജന്റെ ആവശ്യം(സേവനം) പഞ്ചായത്തിൽ ആവശ്യമാണ്. വെറ്ററിനറി ഡിസ്പൻസറി വെറ്ററിനറി ആശുപത്രിയായി ഉയർത്തണം.

**കഴിഞ്ഞ പഞ്ചവത്സര പദ്ധതിക്കാലത്ത് നടപ്പിലാക്കിയ പദ്ധതികൾ**

1. പ്രത്യേക കന്നുകുട്ടി പരിപാലനപദ്ധതി.
2. പേവിഷ നിയന്ത്രണപദ്ധതി.
3. കോഴിവസന്ത നിർമ്മാർജ്ജന പദ്ധതി.
4. കാലിരോഗ നിയന്ത്രണ പദ്ധതി
5. കന്നുകാലി വികസനത്തിനുള്ള മൃഗസംരക്ഷണ സേവനങ്ങൾ
6. ആടുവളർത്തൽ പദ്ധതി
7. വികസനവും പരിശീലനവും വിജ്ഞാന വ്യാപനവും.
8. ഇറച്ചിക്കോഴി വളർത്തൽ വ്യാപകമാക്കുന്ന പരിപാടി
9. വീട്ടുവളപ്പിലെ കോഴി വളർത്തൽ
10. താറാവു കൃഷി വികസനം / കാട ഉൽപ്പാദനം
11. ബീജസങ്കലന സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ

എന്നാൽ ഈ പഞ്ചായത്തിൽ നേരിട്ട് നടപ്പാക്കിയില്ലെങ്കിലും പ്രയോജനങ്ങൾ കിട്ടിയ മറ്റ് ചില പദ്ധതികളുമുണ്ട്.

ഈ പദ്ധതികളാകെയും പഞ്ചായത്തിൽ നടപ്പാക്കുന്നുണ്ടെങ്കിലും പഞ്ചായത്തിലെ 12 വാർഡുകളിലും അതിന്റെ പ്രയോജനം ലഭ്യമാക്കുന്നതിലുള്ള പ്രചരണ പ്രവർത്തനങ്ങളുടെ അഭാവം എടുത്തു പറയേണ്ടതുണ്ട്. യഥാർത്ഥ ഗുണഭോക്താവിന് തന്നെയാണോ ഇവയുടെ പ്രയോജനം കിട്ടി വരുന്നത് എന്ന കാര്യത്തിലും സംശയങ്ങൾ ഉള്ളതായി ഗ്രാമസഭാ ചർച്ചകൾ തെളിയിക്കുന്നു. പക്ഷി മൃഗാദികളെ ചികിത്സിക്കുന്നതിന് ഓരോ വാർഡിലും നിശ്ചിത ദിവസം നിശ്ചത സമയത്ത് മൃഗാശുപത്രി സൗകര്യങ്ങളോടെ ഡോക്ടരെ ലഭ്യമാക്കാൻ അവസര മൊരുക്കണമെന്ന് ഗ്രാമസഭ ആവശ്യമായി കാണുന്നു.

കന്നുകാലികൾക്കുണ്ടാകുന്ന വിവിധ തരം രോഗങ്ങൾക്കുള്ള കാരണങ്ങളും ചികിത്സാ രീതികളും രോഗപ്രതിരോധ മാർഗ്ഗങ്ങളും സംബന്ധിച്ചുള്ള അറിവുകൾ കർഷകർക്ക് പൊതുവെ കുറവാണ്. കോഴികളിൽ കണ്ടു വരുന്ന പ്രധാന രോഗങ്ങൾ കോഴി വസന്തയാണ്. കന്നുകാലികളുടെ മൊത്തം എണ്ണത്തിൽ കുറവുണ്ടായിട്ടുണ്ടെങ്കിലും അത്യുൽപ്പാദന ശേഷിയുള്ള സങ്കരയിനം പശുക്കളുടെ എണ്ണം വർദ്ധിച്ചിട്ടുണ്ട്. ഈ പഞ്ചായത്തിൽ ശാസ്ത്രീയമായ രീതിയിൽ കൂട് കെട്ടി ആടുകളെ വളർത്തുന്നില്ല. ആടിനെ വളർത്തുന്നത്. പ്രധാനമായും മാംസോൽപ്പാദനം ലക്ഷ്യമാക്കിയാണ്. പാലിനു വേണ്ടിയും, അപൂർവ്വമായി വളർത്തുന്നു. കരിപ്പുഴ, ഉള്ളിട്ട പുഞ്ച, ഇതര തോടുകൾ, കനാലുകൾ എന്നിവ താറാവ് കൃഷിക്ക് അനുയോജ്യമാണ്.

**മാംസ ഉൽപ്പാദനം സംബന്ധിച്ച വിവരങ്ങൾ**

പഞ്ചായത്തിൽ അറവ് ശാലയില്ല. അറവ് നടത്തുന്ന 5 സ്ഥലങ്ങളുണ്ട്. ഈ സ്ഥലങ്ങളുടെ അവസ്ഥ വളരെ ശോചനീയമാണ്. അറവ് സ്ഥലങ്ങളിൽ പ്രതിവർഷം എത്ര മൃഗങ്ങളെ അറക്കുന്നു?

| | | |
|---|---|---|
| ആടുകൾ | : | 800 |
| പശു, എരുമ, കാള, പോത്ത് | : | 2000 |
| മൂരിക്കുട്ടികൾ | : | 500 |

**പഞ്ചായത്തിൽ ഉല്പാദിപ്പിക്കുന്ന മാംസത്തിന്റെ അളവ്**

| | | |
|---|---|---|
| ആട് | - | 100 x 15 Kg<br>= 1500 Kg |
| പശു, എരുമ, പോത്ത്, കാള | - | 200 x 100 Kg.<br>= 20000 Kg. |
| മുരികുട്ടികൾ | - | 250 x 50 Kg.<br>= 12500 Kg. |

**പഞ്ചായത്തിൽ ഉൽപ്പാദിപ്പിക്കുന്ന മാംസത്തിന്റെ മൂല്യം**

| | | |
|---|---|---|
| ആട് | - | 1500 x 120<br>= 180000 രൂപ |
| പശു, എരുമ, കാള, പോത്ത് | - | 20000 x 40<br>= 80000 രൂപ |
| മുരികുട്ടികൾ | - | 12500 x 50<br>= 625000 രൂപ |

ആകെ : 16,05,000 രൂപ

മാംസ വിൽപ്പന ശാലകളുടെ അവസ്ഥ ശോചനീയമാണ്. പഞ്ചായത്തിൽ വിറ്റഴിക്കപ്പെടുന്ന മാസംത്തിന്റെ അളവ് വിറ്റഴിക്കപ്പെട്ട മാംസത്തിന്റെ മൂല്യം

| | | |
|---|---|---|
| ആട് | - 12000 Kg. (x 120) | 14,40,000 രൂപ |
| പശു, കാള, എരുമ, പോത്ത് | - 200000 Kg. (x 40) | 8000000 രൂപ |
| മൂരികുട്ടൻ | - 25000 Kg. (x 50) | 12,50,000 രൂപ |

ആകെ : 1,06,90,000 രൂപ

മാംസോൽപ്പാദനത്തിനുള്ള മൃഗങ്ങളിൽ 80 - 90% പുറത്ത് നിന്നും വരുന്നു. തന്മൂലം ഉണ്ടാകുന്ന സാമ്പത്തിക നഷ്ടം 90,85,000 രൂപ പ്രതിവർഷം. മാംസോൽപ്പാദനത്തിൽ ആട് വളർത്തൽ കാളകുട്ടി പരിപാലനം. പന്നി വളർത്തൽ മുയൽ വളർത്തൽ ഇറച്ചിക്കോഴി വളർത്തൽ എന്നിവയിലൂടെ സ്വയം പര്യാപ്തത കൈവരിക്കാൻ കഴിയും.

**ആട് വളർത്തൽ**

നിലവിലുള്ള ആട് വളർത്തൽ ശാസ്ത്രീയമായ രീതിയിൽ വിപുലപ്പെടുത്തണം. സാമൂഹ്യ വനവൽക്കരണ പരിപാടിയിലൂടെ പ്ലാവ്, മുരിക്ക്, ശിമക്കൊന്ന [illegible] മുതലായവ കൂടുതലായി വളർത [illegible] വിപണന ശൃംഖല ഉണ്ടാകണം.

**പന്നി വളർത്തൽ**

ഹോട്ടൽ വേസ്റ്റ് അറവ് ശാല വേസ്റ്റ് എന്നിവയുടെ ലഭ്യത കുറവുണ്ട് എന്നാലും താൽപ്പര്യമുള്ളവരെ കണ്ടെത്തി പ്രോത്സാഹിപ്പിക്കാവുന്നതാണ്. സഹകരണ വിപണന ശൃംഖല ആവശ്യമാണ്.

**മൂരികുട്ടികളെ / പോത്തിൻ കുട്ടികളെ വളർത്തൽ**

സാധാരണയായി പഞ്ചായത്തിൽ ജനിക്കുന്ന മൂരികുട്ടികളിലും പോത്തിൻ കുട്ടികളിലും 70-90% ചത്തുപോകുന്നു. ഇത് വളർത്തലിലുള്ള അശാസ്ത്രീയ സമീപനം കൊണ്ടാണ്.

[illegible]ര്യമുള്ളവരെ കണ്ടെത്തി ശാസ്ത്രീയ രീതി [illegible]ത്തുന്നതിനുള്ള പദ്ധതികൾ അവിഷ്കരിക്കാവുന്ന[illegible].

**ബ്രോയിലർ കോഴിയിറച്ചി ഉൽപ്പാദനം.**

പഞ്ചായത്തിൽ ഒരു ബ്രോയിലർ കോഴി വളർത്തൽ കേന്ദ്രം ഉണ്ട്. അവിടെ പ്രതിമാസം നൂറ് കോഴികളെ വളർത്തുന്നു ഇതിന്റെ മൂല്യം 100 x 1.7 [illegible] 32 x 12 മാസം 65,250 രൂപ (വർഷത്തിൽ)

പഞ്ചായത്തിന് പുറത്ത് നിന്ന് പഞ്ചായത്ത് നിവാസികൾ വാങ്ങുന്ന കോഴികൾ

20 x 12 x 17 Kg. = 2400 x 1.7 (വർഷത്തിൽ)

ഇതിന്റെ മൂല്യം 1,30,560 രൂപ

താൽപ്പര്യമുള്ളവരെ കണ്ടെത്തി പരിശീലനം നൽകണം. കുറഞ്ഞത് രണ്ട് യൂണിറ്റുകൾ കൂടിയെങ്കിലും (100 വീതം) തുടങ്ങണം. കോഴി ക്കുഞ്ഞുങ്ങൾ, ചികിത്സ, വിപണന സൗകര്യം എന്നിവ ലഭ്യമാക്കണം.

**മുട്ടയുല്പാദനം**

ആഭ്യന്തര ഉല്പാദനം 10,000 x 100 = 10,00,000 വർഷത്തിൽ ഇതിന്റെ മൂല്യം 15,00,000 രൂപ പുറമേ നിന്നും ഇറക്കുമതി ചെയ്യുന്നത് 40 ,00,000 വർഷത്തിൽ ഇതിന്റെ മൂല്യം 6000000 രൂപ സ്വയം പര്യാപ്തത ആവശ്യമാണ്. കോഴിവളർത്തലിൽ താല്പര്യമുള്ളവരെ കണ്ടെത്തണം.

പകർച്ച വ്യാധികൾ മൂലം കോഴികൾ പെട്ടന്ന് മരിക്കുന്നതും കൂടുകളിൽ വളർത്തുമ്പോഴുണ്ടാകുന്ന തീറ്റച്ചെലവും ആണ് ഈ രംഗത്തേക്ക് കർഷകർ കടന്നുവരാൻ വിമുഖത കാട്ടുന്നത്. പ്രാദേശികമായി കോഴിക്കുഞ്ഞുങ്ങളെ ഉണ്ടാക്കുകയും പ്രതിരോധന ടപടികൾ യഥാസമയം നടത്തുകയും പ്രാദേശികമായി കുറഞ്ഞവിലക്ക് കോഴിത്തീറ്റ ഉല്പാദിപ്പിച്ച് നല്കുകയും ചെയ്താൽമുട്ടയുല്പാദനരംഗത്ത് സ്വയം പര്യാപ്തത കൈവരിക്കാൻ സാധിക്കുന്നതാണ്.

**കാലിത്തീറ്റ ഉല്പാദനം.**

തീറ്റ പുൽക്കൃഷി വളരെ കുറച്ചു മാത്രമേ ഇപ്പോഴുള്ളു. സ്വകാര്യ വ്യക്തികളുടെ സ്ഥലങ്ങൾ തീറ്റപ്പുൽക്കൃഷിക്ക് അനുയോജ്യമാണ്. തീറ്റപ്പുൽക്കൃഷി വ്യാപകമാക്കണം. വ്യാവസായിക അടിസ്ഥാനത്തിൽ തീറ്റപ്പുൽ കൃഷിനടത്തി സഹകരണ വിപണന ശൃംഖലയിലൂടെ വിതരണം നടത്തണം. തീറ്റപ്പുൽ സംസ്കരിച്ച് സൂക്ഷിക്കുന്നതിനുള്ള പ്ലാന്റുകൾ ഉണ്ടാവണം.

പഞ്ചായത്തിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന വൈക്കോൽ നാമമാത്രമാണ് ഇറക്കുമതി ചെയ്യുന്ന വൈക്കോൽ 4033 ടൺ ഇതിന്റെ മൂല്യം 1,61 ,33,000 രൂപ (പ്രതിവർഷം) വൈക്കോലിന്റെ ഉൽപ്പാദനം വർദ്ധിപ്പിക്കണം. കൂടുതൽ തീറ്റപുൽ കൃഷിയിലൂടെ വൈക്കോലിന്റെ ഉപയോഗം കുറയ്ക്കണം. വൈക്കോൽ, സംസ്കരിച്ച് സൂക്ഷിക്കുന്നതിനും

കേക്ക് രൂപത്തിൽ കാലിത്തീറ്റയാക്കുന്നതിനും വേണ്ട പ്ലാന്റുകൾ ആരംഭിക്കണം.

പഞ്ചായത്തിൽ ഉപയോഗിക്കുന്ന മിശ്രിത കാലിത്തീറ്റകളുടെ അളവ് 4081 ടൺ പ്രതിവർഷം ഇതിന്റെ മൂല്യം 2,41,99,500 രൂപ (പ്രതിവർഷം) പ്രാദേശികമായി ലഭ്യമാകുന്ന വിഭവങ്ങൾ ഉപയോഗിച്ച് കാലിത്തീറ്റ ഉൽപ്പാദനം നടത്തണം. ഇതു വഴി ഇത്തരം അസംസ്കൃത വസ്തുക്കൾക്ക് കൂടുതൽ വിലകിട്ടുകയും കുറഞ്ഞ വിലയിൽ കാലിത്തീറ്റ ലഭ്യമാക്കുകയും ചെയ്യും. കാലിത്തീറ്റ മിശ്രിത യൂണിറ്റുകൾ ആവശ്യമാണ്.

കാലിത്തീറ്റ ഗുണനിലവാര നിയന്ത്രണ സംവിധാനം ഉണ്ടാകണം.

കർഷകർക്ക് പരിശീലനവും ബോധവൽക്കരണവും നടത്തണം.

ഈ രംഗത്ത് സ്വയം പര്യാപ്തത ആവശ്യമാണ്.

തുകൽ ഉൽപ്പാദനവും സംസ്കരണവും നിലവിലില്ല ആ മേഖലയിൽ ആവശ്യമായ പ്രവർത്തനം ആരംഭിക്കണം.

ജൈവ വള ഉപയോഗം വർദ്ധിപ്പിക്കണം. മൃഗശക്തി കൂടുതൽ ഉപയോഗപ്പെടുത്തണം. മറ്റ് പഞ്ചായത്തുകളെ അപേക്ഷിച്ച് വളരെ കൂടുതൽ കാളകളെ ജോലിയുടെ ഉപയോഗത്തിനായി നമ്മുടെ പഞ്ചായത്തിൽ വളർത്തുന്നു.

**ഊർജ്ജം**

പഞ്ചായത്തിൽ ബയോഗ്യാസ് പ്ലാന്റുകൾ വിരളമാണ്. ഉൽപ്പാദിപ്പിക്കപ്പെടുന്ന ചാണകത്തിന്റെ അളവ് അനുസരിച്ച് 750 പ്ലാന്റുകൾ എങ്കിലും ആരംഭിക്കാവുന്നതാണ്.

**കർഷക പരിശീലനം**

നമ്മുടെ ജില്ലയിൽ പോലും ഒരു കർഷക പരിശീലന കേന്ദ്രം ഇല്ല. പഞ്ചായത്ത് തലത്തിൽ പരിശീലന കേന്ദ്രം ആരംഭിക്കണം.

**കന്നുകാലികളുടെ ആകസ്മിക മരണം മൂലമുണ്ടാകുന്ന കഷ്ടനഷ്ടങ്ങൾ.**

സമഗ്ര ഇൻഷ്വറൻസ് സംവിധാനമില്ല. നഷ്ടം മുഴുവൻ കർഷകർ താങ്ങേണ്ടി വരുന്നു. ഉയർന്ന പ്രീമിയ നിരക്ക്. മാസ്റ്റർ പോളിസിയിൽ സമഗ്ര കന്നുകാലി ഇൻഷ്വറൻസ് ഏർപ്പെടുത്തണം.

**വന്ധ്യതാ നിവാരണം**

കറവാ പശുക്കളിലെയും കിടാരികളിലെയും വന്ധ്യത ഒരു പരിധി വരെ കർഷകരെ ബുദ്ധിമുട്ടിക്കുന്ന പ്രശ്നമാണ്. പരിഹാരത്തിന് പ്രത്യേക പദ്ധതി ആരംഭിക്കണം. ഇത് ബ്ലോക്ക് തലത്തിൽ ആരംഭിക്കാവുന്നതാണ്.

**പേവിഷ നിർമ്മാർജ്ജനം**

പഞ്ചായത്തിൽ കഴിഞ്ഞ വർഷം 12 മൃഗങ്ങൾക്ക് കടിയേറ്റിട്ടുണ്ട്. മനുഷ്യർക്ക് കടിയേറ്റിട്ടുള്ള റിപ്പോർട്ടുകൾ വ്യക്തമല്ല. പേവിഷ ബാധയേറ്റ് ആരും മരിച്ചതായി റിപ്പോർട്ടില്ല. നായ്ക്കൾക്ക് ലൈസൻസും വാക്സിനേഷനും ഇപ്പോൾ കർശനമായി നടപ്പാക്കിയിട്ടില്ല. അലഞ്ഞ് തിരിഞ്ഞ് നടക്കുന്ന നായ്ക്കളുടെ ശല്യം വളരെ അധികമാണ്. പേവിഷബാധ നിർമാർജ്ജനത്തിന് സമഗ്ര പദ്ധതി ആവശ്യമാണ്.

**കർഷകരെ ആദരിക്കൽ**

മൃഗസംരക്ഷണ മേഖലയിലെ കർഷകരെ പ്രത്യേകം പഞ്ചായത്ത് തലത്തിൽ ആദരിക്കുന്ന പതിവ് ഇപ്പോഴില്ല. അത് ഉണ്ടാകണം. പഞ്ചായത്ത് തല അവാർഡുകൾ ഏർപ്പെടുത്തണം.

**മൃഗസംരക്ഷണ മേഖലയിൽ സാധാരണയായി കാണുന്ന പ്രശ്നങ്ങൾ**

1. ഗുണനിലവാരമുള്ള തീറ്റയുടെ ദൗർലഭ്യവും അനിയന്ത്രിത വിലയും ഗുണ നിലവാര നിർണ്ണയ ലബോറട്ടറികളുടെ അഭാവവും ഉണ്ട്. ഉൽപ്പാദകന് കിട്ടുന്ന പാൽവില ഉൽപ്പാദന ചിലവിന് അനുസൃതമല്ല. ഉപഭോക്താവിന് മിതമായ വിലയ്ക്ക് പാൽ ലഭിക്കുന്നില്ല.

2. വിപണന രംഗത്തെ അപര്യാപ്തത ക്ഷീരവിപണന രംഗത്തെ അശാസ്ത്രീയതയും, കാര്യക്ഷമത ഇല്ലായ്മയും ക്ഷീരോൽപ്പന്നങ്ങളുടെ നിർമ്മാണവും, വിപണനവും സംബന്ധിച്ച് അറിവില്ലായ്മ, മുട്ട, മാംസം, എന്നിവയ്ക്ക് സഹകരണ വിപണന ശൃംഖലയുടെ അപര്യാപ്തത

3. ഭാരിച്ച ചികിത്സാചിലവ്

4. വായ്പ നൽകുന്നതിന് ധനകാര്യ സ്ഥാപനങ്ങളുടെ വിമുഖത.

5. ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യകളെ സംബന്ധിച്ച് കർഷകരുടെ അറിവില്ലായ്മ.

6. ഇൻഷ്വറൻസ് പരിരക്ഷയുടെ അപര്യാപ്തത.

7. തീറ്റപുൽ കൃഷിയുടെ കുറവ്.

8 കർഷകരുടെ ആവശ്യാനുസരണം ഗുണ മേന്മയുള്ള പക്ഷി മൃഗാദികളുടെ ദൗർലഭ്യം.

**മത്സ്യബന്ധനം**

കടലും കായലും അകലെയായതു കൊണ്ട് മറ്റു പഞ്ചായത്തുകളെ അപേക്ഷിച്ച് പത്തിയൂർ പഞ്ചായത്ത് പിന്നിലാണ്. പഞ്ചായത്തിന്റെ തെക്ക് പടിഞ്ഞാറേ മൂല കായലിനോട് അടുത്തു കിടക്കുന്നതു കൊണ്ട് ഈ ഭാഗം ഉൾപ്പെട്ട 12-ാം വാർഡിൽ മത്സ്യബന്ധനത്തിൽ ഏർപ്പെട്ട ഏതാനും കുടുംബങ്ങൾ ഉണ്ട്. 3, 4, 8, 10, 11 ഈ വാർഡുകളിലും ചില കുടുംബങ്ങൾ ഈ തൊഴിലുമായി ബന്ധപ്പെട്ടിരിക്കുന്നു. പത്തിയൂർ, കരിപ്പുഴ ഉള്ളിട്ട പുഞ്ചയിൽ ചില പ്രത്യേക കാലങ്ങളിൽ മത്സ്യബന്ധനം കാര്യമായി നടക്കാറുണ്ട്. തോടുകൾ, കുളങ്ങൾ, ചാലുകൾ ഇവകളിൽ നിന്നും ധാരാളമായി മത്സ്യം ലഭിക്കുന്നുണ്ട്.

കടൽ, കായൽ എന്നിവിടങ്ങളിൽ നിന്നും ലഭിക്കുന്ന ഉപ്പു ജല മത്സ്യങ്ങളും കുളങ്ങൾ, തോടുകൾ, പുഞ്ച എന്നിവിടങ്ങളിൽ നിന്നും ലഭിക്കുന്നതും നീറുമീൻ, ആറ്റുമീൻ എന്നീ പേരുകളിൽ അറിയപ്പെടുന്നതുമായ ശുദ്ധജലമത്സ്യങ്ങളുമാണ് ഇവിടെ കിട്ടുന്ന മത്സ്യങ്ങൾ. ശുദ്ധജല മത്സ്യങ്ങളായ വരാൽ, മുശി, കരിമീൻ എന്നിവ രോഗബാധയെ തുടർന്ന് നഷ്ടപ്രായമായി കൊണ്ടിരിക്കുകയാണ്. ഈ പ്രതിഭാസം ഈ മേഖലയെ ആശ്രയിച്ചു ജീവിച്ചിരുന്നവർക്ക് ഭീക്ഷണിയായിരിക്കുകയാണ്.


ഈ പ്രദേശത്ത് വളരെ സുലഭമായിരുന്ന കുറുവാ, ഊള, ആരകൻ തുടങ്ങിയ മത്സ്യങ്ങൾ അപ്രത്യക്ഷമായി ക്കൊണ്ടിരുക്കുകയാണ്. വള്ളം, വല, ഒറ്റാൽ, കൂട്, ചൂണ്ട എന്നിവയാണ്. മത്സ്യബന്ധനത്തിന് ഇവിടെ ഉപയോഗിച്ചു വരുന്നത്. ചാടിവള്ളത്തിൽ ചെമ്മീൻ പിടിക്കുന്ന തൊഴിലാളികളും ഇവിടെ ചുരുക്കമായുണ്ട്. മത്സ്യ വിപണന രംഗത്ത് സ്ഥിരമായി നിൽക്കുന്ന ധാരാളം തൊഴിലാളികൾ പഞ്ചായത്തിൽ ഉണ്ട്. മത്സ്യം വളർത്തുവാനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുള്ള പലരും ഇവിടെയുണ്ട്.

**പ്രശ്നങ്ങൾ**

1. വംശനാശം സംഭവിച്ചു കൊണ്ടിരിക്കുന്ന മത്സ്യങ്ങൾ
2. നാട്ടിൽ കുളങ്ങൾ നികത്തുന്നത് മൂലമുണ്ടാകുന്ന പ്രതിസന്ധി.
3. സാമ്പത്തിക സഹായത്തിന്റെയും പ്രോത്സാഹനത്തിന്റെയും അഭാവം.
4. വിപണനരംഗത്ത് നിൽക്കുന്ന തൊഴിലാളികൾ സാമ്പത്തിക ആവശ്യത്തിനു വേണ്ടി ഇടത്തട്ടുകാരനെ സമീപിക്കേണ്ടി വരുന്ന ചുറ്റുപാട്.
5. മത്സ്യം വളർത്തലിന് നല്ലയിനം മത്സ്യ കുഞ്ഞുങ്ങളെ കിട്ടാനുള്ള ബുദ്ധിമുട്ട്.
6. മത്സ്യം വളർത്തുന്നതിനുള്ള പ്രോത്സാഹനക്കുറവ്.
7. മത്സ്യ തൊഴിലാളികളുടെ പിന്നോക്കാവസ്ഥ.

**പരിഹാര നിർദ്ദേശങ്ങൾ**

1. മത്സ്യരോഗ നിർമ്മാർജ്ജനത്തിനും പ്രതിരോധത്തിനും ഉള്ള അടിയന്തിര നടപടികൾ സ്വീകരിക്കണം.
2. വെള്ളക്കെട്ടുകളിൽ മത്സ്യ കൃഷി പ്രോത്സാഹിപ്പിക്കുക. മത്സ്യ കൃഷിക്ക് തയ്യാറായി വരുന്നവർക്ക് സാമ്പത്തിക സാങ്കേതിക സഹായങ്ങൾ യഥാസമയം ലഭ്യമാക്കുക.
3. വിപണന രംഗത്തു നിൽക്കുന്നവർക്ക് കുറഞ്ഞ പലിശയ്ക്കും തുക ലഭ്യമാക്കുക.
4. നല്ലയിനം മത്സ്യ കുഞ്ഞുങ്ങളേ വികരണം ചെയ്യുക. മത്സ്യകുഞ്ഞുങ്ങളെ മത്സ്യ കൃഷിക്കാരുടെ കൃഷിസ്ഥലത്ത് എത്തിക്കുന്നതിനുള്ള നടപടി കൊക്കൊള്ളുക.
5. മത്സ്യ തൊഴിലാളികളുടെ വിദ്യാഭ്യാ, പരവും സാമ്പത്തികവുമായ ഉന്നതിക്ക് വേണ്ട പദ്ധതി ഏർപ്പെടുത്തുക.




# വ്യവസായം

### വ്യവസായം

തികച്ചും കാർഷിക മേഖലയാണ് നമ്മുടെ പഞ്ചായത്ത്. ഭൂരിപക്ഷം ജനങ്ങളും കൃഷിയും മറ്റ് അനുബന്ധ തൊഴിലും ചെയ്ത് ജീവിക്കുന്നു. ഘന വ്യവസായമോ മറ്റ് ചെറുകിട വ്യവസായമോ കേന്ദ്ര സംസ്ഥാന ഉയമസ്ഥതയിൽ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല. പത്തിയൂർ പഞ്ചായത്തിന്റെ ചിരകാല അഭിലാഷങ്ങളിൽ ഒന്നാണ് ആലപ്പുഴ സഹകരണ സ്പിന്നിംഗ് മിൽ. 15 വർഷങ്ങൾക്ക് മുമ്പ് ആരംഭിച്ച അതിന്റെ നിർമ്മാണ പ്രവർത്തനം നാളിതു വരെ പൂർത്തീകരിച്ചിട്ടില്ല. ഗ്രാമീണ ജനതയിൽ 5% മാത്രമാണ് വ്യവസായ മേഖലയിൽ പ്രവർത്തിയെടുക്കുന്നത്. അതു തന്നെ പരമ്പരാഗത വ്യവസായ മേഖലയായ കശുവണ്ടിയിലും കയർ രംഗത്തും മാത്രമായി ഒതുങ്ങി നിൽക്കുന്നു.

#### പരമ്പരാഗത വ്യവസായം

**1. കശുവണ്ടി വ്യവസായം**

ഈ രംഗത്ത് പ്രധാനമായി രണ്ട് ഫാക്ടറിയാണ് പ്രവർത്തിക്കുന്നത്. അതിൽ ഒന്ന് 49 വർഷം പഴക്കമുള്ളതാണ്. ഈ ഫാക്ടറി ആദ്യം സ്വകാര്യ ഉടമസ്ഥതയിൽ പ്രവർത്തിച്ചിരുന്നു. 1987 ൽ ഈ ഫാക്ടറി കാപ്പെക്സ് ഏറ്റെടുത്തു. 1987 മുതൽ 1995 വരെയുള്ള കാലഘട്ടത്തിൽ ഒരു വർഷം ശരാശരി 120 ദിവസത്തെ തൊഴിൽ മാത്രമാണ് തൊഴിലാളികൾക്ക് ലഭിച്ചത്. ഇവിടെ 627 സ്ത്രീ തൊഴിലാളികളും 19 പുരുഷന്മാരും പണിയെടുക്കുന്നു. മിനിമം വേജ് നിയമം അനുസരിച്ച് ഇവിടെ തൊഴിലാളികൾക്ക് വേതനം ലഭിക്കുന്നു. രണ്ടാമത്തെ ഫാക്ടറി സ്വകാര്യ ഉടമസ്ഥതയിൽ പ്രവർത്തിക്കുന്നു. 1500 സ്ത്രീ തൊഴിലാളികളും 22 പുരുഷന്മാരും തൊഴിൽ ചെയ്യുന്ന ഇവിടെ 750 സ്ത്രീ തൊഴിലാളികൾക്ക് രജിസ്റ്റർ ചെയ്ത് കാർഡ് കൊടുത്തിട്ടുണ്ട് ബാക്കിയുള്ളവരുടെ കാര്യത്തിൽ അനിശ്ചിതത്വം തുടരുന്നു. മിനിമം വേജ് നിയമം അനുസരിച്ച് കൂലിയും ലഭിക്കുന്നില്ല. എന്നാൽ വർഷത്തിൽ 250 ദിവസം വരെ തൊഴിൽ ലഭിക്കുന്നുണ്ട്.

**2. കയർ വ്യവസായം**

പരമ്പരാഗത വ്യവസായമായ കയർ മേഖല ഈ പഞ്ചായത്തിൽ തികച്ചും തകർച്ചയിലാണ്. പഞ്ചായത്തിലെ 8, 11, 12 എന്നീ പഞ്ചാഡുകളിൽ കയർപിരി നടക്കുന്നുണ്ട്. യന്ത്രവൽകൃത റാട്ട് ഇവിടെ നാമമാത്രമായി ഉപയോഗിക്കുന്നു. ചില വീടുകളിൽ ചകിരി പുറമെ നിന്ന് കൊണ്ടു വന്ന് കയർ പിരിച്ച് ജനങ്ങൾ ഉപജീവനം നടത്തുന്നു. സ്ത്രീ തൊഴിലാ

ളികളാണ് ഈ വ്യവസായവുമായി കൂടുതൽ ബന്ധപ്പെട്ടിരിക്കുന്നത്. ഒരു ദിവസം ശരാശരി 30 രൂപ കൂലി ലഭിക്കും.

### 3. ചെറുകിട വ്യവസായം

22 വർഷം പഴക്കമുള്ള ഒരു മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് പഞ്ചായത്തിന്റെ ഏഴാം വാർഡിൽ പ്രവർത്തിക്കുന്നു. ആദ്യഘട്ടത്തിൽ പത്ത് ചെറുകിട വ്യവസായ യൂണിറ്റുകളാണ്. ഇവിടെ പ്രവർത്തിച്ചിരുന്നത്. ഇപ്പോൾ 7 യൂണിറ്റായി ചുരുങ്ങിയിരിക്കുകയാണ്.

ഈ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ പ്രവർത്തിക്കുന്ന ചെറുകിട വ്യവസായ സ്ഥാപനങ്ങളുടെ കണക്ക് താഴെ കുറിക്കുന്ന പട്ടിക പ്രകാരമാണ്.

| വാർഡ് നമ്പർ | വ്യവസായ യൂണിറ്റന്റെ പേര് | എണ്ണം | പുരുഷ തൊഴിലാളികൾ | സ്ത്രീ തൊഴിലാളികൾ | സഹകരണ സംഘം യൂണിറ്റ് |
|---|---|---|---|---|---|
| 1 | a. സോപ്പ് നിർമ്മാണം | 1 | 4 | | |
| | b. റൈസ് മിൽ | 2 | 2 | | |
| | c. തീപ്പെട്ടി കമ്പനി | 1 | 5 | 10 | |
| | d. ചിപ്പ്സ്, അച്ചാറുകൾ, സിപ്പ്അപ്പ് എന്നിവ | 1 | | | |
| | e. സോമിൽ | 1 | 4 | | 1 |
| 2 | ചിപ്പ്സ് അച്ചാറുകൾ, സിപ്പ്അപ്പ് എന്നിവ | 1 | | 4 | |
| 3 | a. റൈസ് മിൽ | 2 | 2 | | |
| | b. കറിപൗഡർ നിർമ്മാണം | 1 | 1 | 3 | |
| 4 | a. റൈസ് മിൽ | 2 | 2 | | |
| | b. സോമിൽ | 1 | 3 | | |
| 5 - | | | | | |
| 6 | a. റൈസ് മിൽ | 2 | 2 | | |
| 7 | a. റൈസ് മിൽ | 2 | 3 | | |
| | b. പുളിയരി പൊടിക്കുന്ന മിൽ | 2 | 3 | | |
| | c. വെൽഡിംഗ് യൂണിറ്റ് | 1 | 2 | | |
| | d. പ്രിന്റിംഗ് പ്രസ്സ് | 1 | 2 | | |
| 8 | a. റൈസ് മിൽ | 1 | 1 | | |
| | b. പുളയരി പൊടിക്കുന്ന മിൽ | 1 | 2 | | |
| | c. സോമിൽ | 1 | 3 | | |
| 9. | a. റൈസ് മിൽ | 1 | 1 | | |
| | b. പുളയരി പൊടിക്കുന്ന മിൽ | 1 | 1 | | |
| | c. വെൽഡിംഗ് യൂണിറ്റ് | 1 | 1 | | |
| | d. പ്രിന്റിംഗ് പ്രസ്സ് | 1 | 1 | | |
| 10 | a. റൈസ് മിൽ | 1 | 1 | | |
| | b. വെൽഡിംഗ് യൂണിറ്റ് | 1 | 1 | | |
| | c. ഐസ് പ്ലാന്റ് | 1 | 3 | | |
| | d. പ്രിന്റിംഗ് പ്രസ്സ് | 1 | 1 | | |
| 11 | a. റൈസ് മിൽ | 1 | 1 | | |
| | b. സോമിൽ | 1 | 2 | | |
| 12 - | | | | | |

പഞ്ചായത്തിലെ 3, 4 വാർഡുകളിലെ പുഞ്ചയോട് ചേർന്ന് കിടക്കുന്ന പ്രദേശങ്ങളിൽ ഇഷ്ടിക വ്യവസായം നടക്കുന്നു. ഏതാനും വർഷങ്ങളായി തൊഴിലാളികളുടെ എണ്ണത്തിൽ നേരിയ വർദ്ധനവ് കാണുന്നു.

**കുടിൽ വ്യവസായം**

പഞ്ചായത്തിന്റെ ഏത് തുറയിലും എന്ന പോലെ കുടിൽ വ്യവസായത്തിന്റെ കാര്യത്തിലും പഞ്ചായത്ത് വളരെ പിന്നിലാണ്. വളരെ ഒന്നും ശ്രദ്ധിക്കപ്പെടാത്ത ഓല വ്യവസായം പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ നടക്കുന്നു. നാട്ടിൻപുറങ്ങളിൽ നിന്നും ഓല ശേഖരിച്ച് വെള്ളത്തില്ലിട്ട് കുതിർത്ത് മെടഞ്ഞ് വിൽപ്പന നടത്തി ഒരു വിഭാഗം ജനങ്ങൾ ഉപജീവനം നടത്തുന്നു.

ബീഡി തെറുപ്പ് തൊഴിലായി സ്വീകരിച്ച് ഏതാനും പുരുഷന്മാരും പഞ്ചായത്തിന്റെ വിവിധ വാർഡുകളിലുണ്ട്.

പഞ്ചായത്തിൽ തഴപ്പായ് നെയ്ത്ത് ഒരു കുടിൽ വ്യവസായമായി സ്ത്രീകളുടെ ഇടയിൽ നടന്നിരുന്നു. എന്നാൽ അതിനാവശ്യമായ കൈതഓല കിട്ടാനില്ല. തൻനിമിത്തം അതും പാടെ നിലച്ചിരിക്കുകയാണ്.

**ഖാദി മേഖല**

ഗ്രാമീണ ജനതയുടെ ഉന്നമനത്തിനും സ്വയം പര്യാപ്തതയ്ക്കും വേണ്ടി ഗാന്ധിജി വിഭാവനം ചെയ്ത് ഈ തൊഴിൽ രംഗം പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം വളരെ ദയനീയ സ്ഥിതിയാണ്. 1, 2, 10 വാർഡുകളിൽ മൂന്ന് ഖാദി യുണിറ്റ് പ്രവർത്തിക്കുന്നു. ഖാദി ബോർഡിൽ നിന്നും നൽകുന്ന പഞ്ഞി ഉപയോഗിച്ച് നൂൽ നൂൽക്കുക മാത്രമാണ് ഇവിടെ ചെയ്യുന്നത്. ഖാദിയുമായി ബന്ധപ്പെട്ട മറ്റ് തൊഴിലുകൾ ഒന്നും നടക്കുന്നില്ല. 3 യൂണിറ്റുകളിലുമായി 35 പെൺകുട്ടികൾ പണിയെടുക്കുന്നു. 8 രൂപ മുതൽ 10 രൂപ വരെയാണ് ദിവസം കിട്ടുന്ന വേതനം.

ഒരു ജനതയുടെ ജീവിത നിലവാരം ഉയർത്തേണ്ടുന്ന വ്യവസായവും അനുബന്ധ മേഖലയും പത്തിയൂർ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം വളരെ ശോചനീയമാണെന്നാണ് മുകളിൽ വിവരിച്ച സ്ഥിതി വിവരവും ഗ്രാമ സഭയിൽ നിന്നുയർന്ന് വന്നിട്ടുള്ള ജനങ്ങളുടെ അഭിപ്രായങ്ങളും ദ്വിതീയ വിവരങ്ങളും കാണിക്കുന്നത്. ഈ അവസ്ഥ മാറ്റിയെടുക്കാൻ നമ്മൾക്ക് പഞ്ചായത്ത് തലത്തിൽ ചില പദ്ധതികൾ അവിഷ്കരിച്ച് നടപ്പാക്കാൻ ശ്രമിക്കേണ്ടിയിരക്കുന്നു. പദ്ധതികൾ അവിഷ്കരിച്ച് നടപ്പാക്കാൻ ശ്രമിക്കുമ്പോൾ ചില പ്രശ്നങ്ങൾ പ്രാദേശിക തലത്തിൽ ഉയർന്നു വരും

**പ്രശ്നങ്ങൾ**

1. മിതമായ വിലയ്ക്ക് ഭൂമി കിട്ടാനില്ല.
2. വൈദ്യുതി കിട്ടാനുള്ള ബുദ്ധിമുട്ട്
3. സാമ്പത്തിക സഹായം നൽകാൻ ധനകാര്യ സ്ഥാപനങ്ങൾ കാണിക്കുന്ന വൈമുഖ്യം.
4. വിദഗ്ധോ ഉപദേശം കിട്ടാനില്ല.
5. മുതൽമുടക്കാൻ സ്വകാര്യ വ്യക്തികൾ തയ്യാറാകുന്നില്ല.
6. അസംസ്കൃത പദാർത്ഥങ്ങൾ പഞ്ചായത്ത് തലത്തിൽ കിട്ടാമനില്ല.
7, 15 വർഷം മുമ്പ് ആരംഭിച്ച ആലപ്പുഴ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽ പണി പൂർത്തീകരിച്ചിട്ടില്ല.
8. സഹകരണ മേഖലയിൽ ഒറ്റ വ്യവസായ യൂണിറ്റ് പോലും പ്രവർത്തിക്കുന്നില്ല.
9. കശുവണ്ടി മേഖലയിൽ ആവശ്യത്തിന് കശുവണ്ടി ലഭിക്കുന്നില്ല.
10. കയർ മേഖലയിൽ യന്ത്രവൽകൃത റാട്ട് പ്രയോജനപ്പെടുത്തിയിട്ടില്ല.
11. സർക്കാർ ഉദ്യോഗത്തോടുള്ള അമിത ആഭിമുഖ്യം.

**സാദ്ധ്യതകൾ**

1. പഞ്ചായത്തിന്റെ അധീനതയിലുള്ള മിനി ഇൻഡസ്ട്രീയൽ എസ്റ്റേറ്റ് പൂർണ്ണതോതിൽ പ്രവർത്തിപ്പിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുക.

2. കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മില്ലിന് ഏറ്റെടുത്തിരിക്കുന്ന ഭൂമിയിൽ. അധികമുള്ള സ്ഥലത്ത് മറ്റ് വ്യവസായങ്ങൾ നടത്തുക. 3. സഹകരണ സ്പിന്നിംഗ് മില്ലിന്റെ പ്രവർത്തനത്തിന്റെ അനുബന്ധമായി കയർ ഉൽപ്പന്നങ്ങൾ (കയറ്റുപ്പായ്, ചവിട്ടി, ഫൈബർ ബെഡ് കസേരയുടെ ചാരി) നിർമ്മിക്കുന്നതിന് ആധുനിക സജ്ജീകരണത്തോട് കൂടിയ ഒരു വ്യവസായ യൂണിറ്റ് സ്ഥാപിക്കുക. അതു വഴി കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുവാൻ കഴിയും. അസംസ്കൃത വസ്തുക്കൾ പ്രാദേശികമായി ലഭ്യമാണ്.

4. ഒരു കാലിത്തീറ്റ ഫാക്ടറി സ്ഥാപിക്കുക, അസംസ്കൃത വസ്തുക്കളായ ധാന്യങ്ങൾ പിണ്ണാക്ക്, പഴ

ൊൊലി, മരച്ചീനിയുടെ അവശിഷ്ടങ്ങൾ, പുളിയരി, ചക്കക്കുരു, നിലക്കടല, ഉണക്കമീൻ എന്നിവ പ്രദേശികമായി ലഭ്യമാണ്.

5. ഒരു നാളീകേര സംസ്കരണ യൂണിറ്റ് സ്ഥാപിക്കുക.

6. പഞ്ചായത്തിൽ തയ്യലിൽ വൈദിഗ്ധ്യം സിദ്ധിച്ചിട്ടുള്ള യുവതി യുവാക്കളെ സംഘടിപ്പിച്ച് ഒരു റെഡിമെയ്ഡ് വസ്ത്ര നിർമ്മാണ യൂണിറ്റ് സ്ഥാപിക്കുക.

7. വ്യവസായ സംരംഭകർക്ക് സാങ്കേതിക പരിജ്ഞാനം നൽകുന്നതിനും വിപണന സാധ്യതകളെക്കുറിച്ച് അറിവ് പകരുന്നതിനും ഉപകരിക്കുന്ന തരത്തിൽ വിദഗ്ദ്ധർ അടങ്ങുന്ന ഒരു വ്യവസായ ഉപദേശക സമിതി പഞ്ചായത്ത് തലത്തിൽ രൂപീകരിക്കുക.


8. ഉൽപ്പന്ന വിപണനത്തിനും പഞ്ചായത്തിന്റെ വരുമാന വർദ്ധനവിനുമായി ഒരു ഷോപ്പിംഗ് കോംപ്ലക്സ് സ്ഥാപിക്കുക.

9. വ്യവസായ സംരഭകർക്ക് സാമ്പത്തിക സഹായം ലഭ്യമാക്കി കൊടുക്കുക. കശുവണ്ടിക്ക് കുത്തകസംഭരണം. സീസൺ തുടങ്ങുമ്പോൾ ഏർപ്പെടുത്തുക. അതുവഴി ഒരു പരിധി വരെ തൊഴിൽ ദിനങ്ങൾ കൂട്ടാൻ കഴിയും.

10. യുവാക്കളെ വ്യാവസായിക മേഖലകളിലേക്ക് ആകർഷിക്കുന്നതിനുള്ള ബോധവൽക്കരണം നടത്തണം.


11. കായംകുളം താപവൈദ്യുത നിലയത്തിന്റെ പണി പൂർത്തിയാക്കി പ്രവർത്തനം ആരംഭിക്കുക.

ഇച്ഛാശക്തിയും ദൃഢ പ്രവർത്തനവും കൊണ്ട് നമ്മുടെ പഞ്ചായത്തിന്റെ വ്യാവസായിക പിന്നോക്കാവസ്ഥ മാറ്റാൻ കഴിയും.



ഊർജ്ജാസൂത്രണം എന്നുപറയുമ്പോൾ വൈദ്യുതിയുടെ ഉൽപാദനവും വിതരണവും എന്നാണ് പൊതുവെ മനസ്സിലാക്കുന്നത്. എന്നാൽ വിറക്, ചാണക വരളി, ചപ്പുചവറുകൾ മറ്റ് ജൈവവാതകം, മണ്ണെണ്ണ, പാചകവാതകം, പെട്രോൾ, കൽക്കരി, പ്രകൃതിവാതകം തുടങ്ങിയ വിവിധ ഊർജ്ജസ്രോതസ്സുകളെ നാം ഉപയോഗപ്പെടുത്തുന്നുണ്ട്. സൂര്യനിൽനിന്ന് കിട്ടുന്ന ചൂടും വ്യാപകമായി ഉപയോഗപ്പെടുത്തുന്നുണ്ട്. മണ്ണെണ്ണയിലേക്കും ഗ്യാസിലേക്കുമുള്ള മാറ്റം ശക്തി പ്രാപിക്കുന്നുണ്ടെങ്കിലും വിറക് അടുപ്പുകളുടെ സ്ഥാനം മറന്നുകൊണ്ടുള്ള ഒരു ഊർജ്ജാസൂത്രണവും പൂർണ്ണമാവില്ല.

ഇപ്പോഴും വൈദ്യുതി എത്തിയിട്ടില്ലാത്ത ആയിരക്കണക്കിനു വീടുകൾ നമ്മുടെ പഞ്ചായത്തിലുണ്ട്. ഈ വീടുകളിൽ മണ്ണെണ്ണയാണല്ലോ വെളിച്ചത്തിന് ഉപയോഗിക്കുന്നത്. ഇങ്ങനെയുള്ള എല്ലാ ഊർജ്ജ ഉപയോഗങ്ങളും കണക്കിലെടുത്ത് വേണം ഊർജ്ജാസൂത്രണം അവിഷ്കരിക്കേണ്ടത്.




ആറാം പഞ്ചവത്സര പദ്ധതി മുതൽ നടപ്പാക്കി വരുന്ന സംയോജിത ഗ്രാമിണ ഊർജ്ജാസൂത്രണ പദ്ധതി (IREP) ഈ ലക്ഷ്യത്തോടെയാണ് അവിഷ്കരിച്ചിട്ടുള്ളത്. എന്നാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ഒഴിച്ചു നിർത്തിക്കൊണ്ടും വേണ്ടത്ര ജനപങ്കാളിത്തമില്ലാതെയും നടപ്പിലാക്കിയ ഈ പദ്ധതിക്ക് പരിമിതികളുണ്ടെന്ന് സമ്മതിച്ചേതീരു.

കേന്ദ്രീകൃത ഊർജ്ജാസൂത്രണ സ്രോതസ്സുകളാണ് വൈദ്യുതി, മണ്ണെണ്ണ, കൽക്കരി, ഗ്യാസ്സ് എന്നിവ. ഇത് ഗ്രാമീണ സ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിന് അതീതമാണ്. നമ്മുടെ പഞ്ചായത്തിൽ ആകെയുള്ള 8721 വീടുകളിൽ 3700 മാത്രം ആണ് വൈദ്യുതി എത്തിയിട്ടുള്ളത്. 310 വ്യാപാര സ്ഥാപനങ്ങളിലും 86 വ്യാവസായിക സ്ഥാപങ്ങളിലും 45 കാർഷിക കണക്ഷനുമാണ് നൽകിയിട്ടുള്ളത്. മൊത്തം 24 കി. മി. ദൂരത്തിൽ വൈദ്യുതി ലൈൻ വലിച്ചിട്ടുണ്ട്.

# ഊർജ്ജം

നമ്മുടെ പഞ്ചായത്ത് പരിധിയിൽ വൈദ്യുതി വിതരണത്തിന് സ്ഥാപിച്ചിരിക്കുന്ന എൽ.റ്റി. ട്രാൻസ്ഫോർമറുകളുടെ പട്ടിക താഴെ കൊടുത്തിരിക്കുന്നു.

പട്ടിക 1

| ക്രമ നമ്പർ | കപ്പാസിറ്റി | സ്ഥാപിച്ചിരിക്കുന്ന സ്ഥലം | അഭിപ്രായം |
|---|---|---|---|
| 1 | 100 KVA | ഏവൂർ തെക്ക് | വോൾട്ടേജ് ക്ഷാമം കുറയ്ക്കുന്നതിന് പഞ്ചായത്തിൽ ട്രാസ്ഫോർമറുകളുടെ എണ്ണം കൂട്ടണം. |
| 2 | 100 KVA | ശങ്കർ ഐസ് ഫാക്ടറി | |
| 3 | 100 KVA | മാളിയേക്കൽ | |
| 4 | 100 KVA | രാമപുരം | |
| 5 | 100 KVA | ഐശ്വര്യ പ്രദായിനി | |
| 6 | 100 KVA | പത്തിയൂർ 1 | |
| 7 | 100 KVA | പത്തിയൂർ 2 | |
| 8 | 100 KVA | മുല്ലശ്ശേരിൽ | |
| 9 | 100 KVA | പുളിയം ഹരിജൻ കോളനി | |
| 10 | 100 KVA | മലയിൽ ജംഗ്ഷൻ | |

മൊത്തം വീടുകൾ ഉള്ളതിൽ 10% വീടുകളിൽ പോലും ഗ്യാസ് ഉപയോഗിക്കുന്നില്ല അവയുടെ ലഭ്യതയും കുറവാണ്. കൽക്കരിയുടെ ഉപയോഗം തീരെയില്ല. പാചകാവശ്യത്തിന് മണ്ണെണ്ണ ഭാഗികമായി ഉപയോഗിക്കുന്ന വീടുകളുടെ എണ്ണം 280 (വിവിധ റേഷൻ കടകളിൽ നിന്നും ശേഖരിച്ച് കണക്കുപ്രകാരം)

പത്തിയൂർ പഞ്ചായത്തിലെ വിവിധ ഊർജ്ജ ഉപയോഗത്തെ കുറിച്ചുള്ള പട്ടിക താഴെ കൊടുക്കുന്നു.

പട്ടിക 2

| വാർഡ് നമ്പർ | ഗ്യാസ് | മണ്ണെണ്ണ | ഇലക്ട്രിസിറ്റി | സൗരോർജ്ജം | ബയോഗ്യാസ് | വിറക് | ആകെ |
|---|---|---|---|---|---|---|---|
| 1 | 10 | 22 - - | | | | 606 | 638 |
| 2 | 15 | 25 - - | | | | 448 | 486 |
| 3 | 16 | 30 - - | | | | 776 | 822 |
| 4 | 11 | 20 - - | | | | 728 | 756 |
| 5 | 12 | 19 - - | | | | 708 | 729 |
| 6 | 10 | 20 - - | | | | 542 | 622 |
| 7 | 15 | 20 - - | | | | 778 | 813 |
| 8 | 18 | 23 - - | | | | 920 | 961 |
| 9 | 20 | 27 - - | | | | 836 | 883 |
| 10 | 18 | 22 - - | | | | 878 | 918 |
| 11 | 20 | 24 - - | | | | 878 | 899 |
| 12 | 3 | 8 - - - | | | | 383 | 394 |

വാണിജ്യ ഇന്ധനങ്ങളായ കൽക്കരി, എണ്ണ, പ്രകൃതി വാതകം, പെട്രോളിയം ഉൽപ്പന്നങ്ങൾ എന്നിവയുടെ ഖനനവും വിപണനവും വൻകിട ജലവൈദ്യുത പദ്ധതികൾ താപനിലയങ്ങൾ എന്നിവ കേന്ദ്ര സംസ്ഥാന ആസൂത്രണത്തിന്റെ പരിധിയിൽ നിർത്തികൊണ്ടുള്ള ഒരു സംവിധാനമാണല്ലോ ഇപ്പോൾ നിലവിലുള്ളത്. അങ്ങനെ നോക്കുമ്പോൾ വിറക്, തെങ്ങുൽപ്പന്നങ്ങൾ, കാർഷിക അവശിഷ്ടങ്ങൾ, ജൈവ ഊർജ്ജ സ്രോതസ്സുകൾ എന്നിവയെക്കുറിച്ച് ചിന്തിക്കേണ്ടിയിരിക്കുന്നു.

ഗാർഹിക, കാർഷിക, വാണിജ്യ മേഖലകളിലെ ഊർജ്ജ സംരക്ഷണവും വിതരണവും മാത്രമേ പഞ്ചായത്തുകളുടെ പരിധിയിൽ വരുന്നുള്ളു. ഇത് പഞ്ചായത്തിലെ മുഴുവൻ ആവശ്യങ്ങൾക്കും അപര്യാപ്തവുമാണ്. ഇങ്ങനെ നോക്കുമ്പോൾ വെള്ളിച്ചത്തിനും ഭക്ഷണം പാകം ചെയ്യുന്നതിനും കാർഷിക ആവശ്യത്തിനും പ്രാദേശിക തലത്തിൽ മറ്റ് ഊർജ്ജ സ്രോതസ്സുകളെ കൂടി ആശ്രയിക്കേണ്ടി വരുന്നു.

നമ്മുടെ പഞ്ചായത്തിലെ 90% ആളുകളും വിറകടുപ്പുകളാണ് ഉപയോഗിക്കുന്നത്. മടൽ, കൊതുമ്പ്, തൊണ്ട്, ചിരട്ട മുതലായവ ഇന്ധനമായി ഉപയോഗിക്കുന്നു. ഗ്രാമീണ ഊർജ്ജാസൂത്രണത്തിൽ വിറക് അടുപ്പുകൾക്ക് വളരെ പ്രധാനമായ ഒരു സ്ഥാനമുണ്ട്. നമ്മുടെ പരമ്പരാഗതമായ വിറക്കടുപ്പുകൾക്ക് ചില പ്രശ്നങ്ങളുണ്ട്

1. വിറകടുപ്പിൽ നിന്നും ഉയരുന്ന പുക വീട് മുഴുവൻ വ്യാപിക്കുന്നു. ഇത് വീട്ടമ്മമാരുടെ ആരോഗ്യം നശിപ്പിക്കുന്നു.

2. അടുപ്പിന്റെ ദക്ഷതകുറവാണ്.

പാവപ്പെട്ടവന്റെ ഇന്ധനമാണ് വിറക്. എങ്കിലും വിറക് വിലക്കൊടുത്ത് വാങ്ങുന്ന ഒരു കുടുംബത്തിന്റെ ചിലവ് ഗ്യാസ് വാങ്ങി ആഹാരം പാകം ചെയ്യുന്ന ഒരു കുടുംബത്തിന്റെ ചിലവിനേക്കാൾ കൂടുതലാണ്. പാചക വാതകത്തിന്റെ ഉയർന്ന ഇന്ധന മൂല്യവും (വിറകിന്റെ 3 ഇരട്ടി) ഗ്യാസ് സ്റ്റൗവിന്റെ ഉയർന്ന് ഇന്ധന മൂല്യവും (വിറകിന്റെ 5 ഇരട്ടി) ആണ് ഇതിന് കാരണം. ബയോഗ്യാസ് അടുപ്പും പുകയില്ലാത്ത മെച്ചപ്പെട്ട അടുപ്പും ഉപയോഗിക്കേണ്ടതിന്റെ പ്രസക്തി ഇവിടെ വ്യക്തമാകുന്നു.

**പ്രശ്നങ്ങൾ**

1. നമ്മുടെ ആവശ്യത്തിന് വൈദ്യുതി ലഭിക്കുന്നില്ല.

2. പഞ്ചായത്തിൽ 8721 വീടുകളിൽ 3700 വീടുകൾ മാത്രമാണ് വൈദ്യുതീകരിച്ചിട്ടുള്ളത്.

3. പഞ്ചായത്തിലെ മൊത്തം വൈദ്യുതി ലൈൻ 24 കി. മീറ്ററിൽ ഒതുങ്ങുന്നു.

4. വോൾട്ടേജ് ക്ഷാമം വളരെ രൂക്ഷമാണ്.

5. ആവശ്യത്തിന് വിറക് കിട്ടാനില്ല

6. റേഷൻ കടകളിൽ കൂടി കിട്ടുന്ന മണ്ണെണ്ണയുടെ ലഭ്യത വളരെ കുറവാണ്.

7. ഗ്യാസ് കണക്ഷൻ കിട്ടാൻ വളരെ ബുദ്ധിമുട്ടാണ്.

8. ബയോഗ്യാസ് ഉൽപ്പാദനം ഒട്ടും തന്നെയില്ല.

**സാദ്ധ്യതകൾ**

1. വിറക് ഇന്ധനമായി ഉപയോഗിക്കുന്ന എല്ലാ വീടുകളിലും മെച്ചപ്പെട്ട പുകയില്ലാത്ത അടുപ്പുകൾ സ്ഥാപിക്കണം. അടുപ്പുകളുടെ പ്രചരണത്തിനായുള്ള ദേശീയ പരിപാടി NPIC കേരളത്തിൻ അനർട്ട് എന്ന സർക്കാർ സ്ഥാപനമാണ് നടത്തുന്നത്. അത് കൂടാതെ സംയോചിത ഊർജ്ജാസൂത്രണ പദ്ധതി (IREP) നടപ്പാക്കി വരുന്നു. ഇവയുടെ സാങ്കേതിക ഉപദേശവും സബ്സിഡിയും ഉപയോഗപ്പെടുത്താവുന്നതാണ്.

2. മണ്ണെണ്ണ സ്റ്റൗ ഉപയോഗിക്കുന്ന വീടുകളിൽ മെച്ചപ്പെട്ട് ഇന്ധനക്ഷമത കൂടിയ സ്റ്റൗ ഉപയോഗിക്കുവാൻ പ്രചരണം നടത്തുക. കൂടാതെ പ്രഷർ കുക്കറും, കച്ചിപ്പെട്ടിയും ഉപയോഗിക്കാം.

3. വിറകിന്റെ ഉൽപ്പാദനം കൂടാൻ സാമൂഹിക വനവൽക്കരണം നടപ്പാക്കണം.

4. നമ്മുടെ പഞ്ചായത്തിൽ മൂന്നാം വാർഡിൽ ഒരു കാറ്റാടി പമ്പ് സ്ഥാപിക്കുന്നതിനുള്ള സാദ്ധ്യത ആരായേണ്ടതാണ്. ഇക്കാര്യത്തിൽ പ്രാഥമിക പഠനങ്ങൾ അനർട്ടിന്റെ സഹായത്തോട് കൂടി നടത്തി അതിന്റെ അടിസ്ഥാനത്തിൽ പദ്ധതി നടപ്പാക്കാവുന്നതാണ്.

5. കാർഷിക അവശിഷ്ടങ്ങൾ ചാണകം വിസർജ്യ വസ്തുക്കൾ എന്നിവ ഉപയോഗിച്ച് സമൂഹിക ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുക.

6. നമ്മുടെ ആവശ്യത്തിന് തികയുന്ന അളവിലുള്ള വൈദ്യുതി കിട്ടാൻ സാദ്ധ്യത കുറവാണ്. എങ്കിലും ഇപ്പോഴുള്ള അനുകൂല സാഹചര്യം ഉപയോഗപ്പെടുത്തി കായംകുളം താപവൈദ്യുത നിലയത്തിന്റെ പണി ഏറ്റവും വേഗം പൂർത്തിയാക്കുവനുള്ള ബഹു

ജന പങ്കാളിത്തവും സമ്മർദ്ദവും ഉണ്ടാക്കുക.


7. വോൾട്ടേജ് ക്ഷാമം കുറയ്ക്കുന്നതിന് 150 ഉപഭോക്താവിന് ഒരു ട്രാൻസ്ഫോർമർ എന്ന കണക്കിൽ സ്ഥാപിക്കുക.

8. വൈദ്യുതി വിതരണം കാര്യക്ഷമമാക്കുന്നതിന് ഒരു ഇലക്ട്രിക്കൽ സബ് സെക്ഷൻ ഓഫീസ് നമ്മുടെ പഞ്ചായത്തിൽ സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുക.

9. അംഗീകൃത പഞ്ചായത്ത് റോഡുകൾ വൈദ്യുതീകരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുക. ഇത് ഒരു ഗ്രാമീണ ആവശ്യമാണ്.

10. എല്ലാ വീടുകൾക്കും കൺസന്ററിന്റെ ആവശ്യമില്ലാതെ തന്നെ വൈദ്യുതി കണക്ഷൻ കിട്ടാനുള്ള സാഹചര്യം സൃഷ്ടിക്കുന്നതിന് ബഹുജന സമ്മർദ്ദവും ഉണ്ടാകണം.

ഊർജ്ജ സംബന്ധമായ എല്ലാ പ്രവർത്തനത്തിനും സാങ്കേതികവും സാമ്പത്തികവുമായ സഹായം ലഭിക്കുവാൻ എല്ലാ സർക്കാർ ഏജൻസികളെയും സന്നദ്ധ സംഘടനകളെയും കണ്ടെത്തണം.




# ഗതാഗതം

പത്തിയൂർ പഞ്ചായത്തിലെ പ്രധാന ഗതാഗത മാർഗ്ഗം റോഡുഗതാഗതം തന്നെ. കായംകുളം ആലപ്പുഴ തീരദേശ റയിൽവേയുടെ ഇതുവഴി കടന്നുപോകുന്നു. ഏതാണ്ട് 5 കി. മി. ആണ് റെയിൽവേ പാതയുടെ ഈ പഞ്ചായത്തിലെ ആകെ നീളം. N.H. 47 ഈ പഞ്ചായത്തിലൂടെ കടന്നുപോകുന്നു. ഏതാണ്ട 4 കി. മീ. ദൂരമാണ് N.H. ന്റെ പഞ്ചായത്തിലെ ആകെ നീളം. നിരവിധി മൺ റോഡുകളും ഗ്രാവൽ റോഡുകളുമുള്ള ഈ പഞ്ചായത്തിൽ കാവൽക്കാരില്ലാത്ത ലെവൽ ക്രോസ്സുകൾ ഒരു പ്രധാന പ്രശ്നമാണ്. ഈ വർഷം പഞ്ചായത്ത് അതിർത്തിയിൽ ഉള്ള ഏവൂർ ലെവൽ കോസ്രിൽ വച്ചുണ്ടായ അപകടം ഒരു ഉദാഹരണമാണ്. പഞ്ചായത്തിലെ ആകെ റോഡുകളുടെ നീളം 78535 മീ. ആണ്. 1 ച. കി. മി. ന് ശരാശി 1861 പേർ വീതം ജനസാന്ദ്രതയുള്ള പത്തിയൂർ പഞ്ചായത്തിലെ ഓരോ ആളിനും 1.712 മീ. ഗ്രാവൽ റോഡും .52 മീ. ടാർ റോഡുകളുമാണുള്ളത്. മൊത്തം റോഡുകളുടെ ദൈർഘ്യം പൊതുവെ മെച്ചമാണെങ്കിലും മഴക്കാലത്ത് തോടായി മാറുന്നവയാണ് അധികവും. അതായത് ആധുനിക യുഗത്തിന് ആവശ്യമായ റോഡ് ഗുണമേന്മയുടെ അയലത്തെത്തുന്നതിന് പോലും ഇനിയും നമ്മുക്കായിട്ടില്ല.

ജനസംഖ്യാവർദ്ധനവ് നിമിത്തം വയലുകൾ നികത്തി വീട് വയ്ക്കുന്നതിലൂടെ ഗതാഗത രംഗത്ത് പഞ്ചായത്തിൽ രണ്ട് ഗുരുതരമായ പ്രശ്നങ്ങൾ ഉടലെടുത്തിരിക്കുന്നു. ഒന്ന് വയൽ നികത്തുന്നതിലൂടെ പരമ്പരാഗതമായി വെള്ളം ഒഴുകിയിരുന്ന പല തോടുകളും നികത്തപ്പെട്ടു. രണ്ട് പുതിയ വീടുകൾക്ക് വേണ്ടി പുതിയ വഴികൾ നിർമ്മിച്ചതു വഴി നീരൊഴുക്കിനെ നിരവധി ഇടങ്ങളിൽ തടഞ്ഞു വയ്ക്കപ്പെട്ടു. ഇതു മൂലമാണ് പ്രധാനമായും മഴക്കാലത്ത് റോഡുകൾ തോടുകളായി മാറുന്നതും ടാർ ചെയ്തവ പോലും പൊട്ടി പ്പൊളിയുന്നതും. പഞ്ചായത്തിലെ ആകെ റോഡുകളുടെ എണ്ണം, നീളം എന്നിവ, ടാർ, ഗ്രാവൽ, മണ്ണ്, മെറ്റൽ എന്നിങ്ങനെ തരം തിരിച്ചുള്ള പട്ടിക ഇതിനോടൊപ്പം കൊടുത്തിട്ടുണ്ട്.

വിശേഷാൽ ഗ്രാമ സഭകളിൽ ഉയർന്നു വന്ന ഏറ്റവും പ്രധാനപ്പെട്ട ആവശ്യം പുതിയ റോഡുകൾ ഉണ്ടാക്കുക. നിലവിൽ ഉള്ളവ പുനർ ടാറിംഗ് നടത്തുക, ഓട, കലുങ്ക്, സൈഡ് വാൾ തുടങ്ങിയവ നിർമ്മിക്കുക എന്നിവയായിരുന്നു. പുതിയ റോഡുകൾ വേണമെന്നുള്ള ആവശ്യം ഏറ്റവും കൂടുതലായി വന്നിട്ടുള്ളത് 8-ാം വാർഡിലാണ്. എന്നാൽ പഴയ റോഡുകൾ പുതുക്കി പണിയാനുള്ള ആവശ്യം കൂടിയിരിക്കുന്നത് 9, 10 ഉം വാർഡുകളിലാണ്.



പഞ്ചായത്ത് റോഡ് രജിസ്റ്റർ കണക്കനുസരിച്ച് ഏറ്റവും കൂടുതൽ റോഡുകളുള്ളത് 10-ാം വാർഡിലാണ്. 22 റോഡുകളാണ് ഇവിടെയുള്ളത്. ഏറ്റവും കുറവ് റോഡുകൾ 12-ാം വാർഡിലാണ്. ഏറ്റവും കൂടുതൽ ടാർ റോഡുകൾ 9-ാം വാർഡിലാണ്. എന്നാൽ 5, 12 വാർഡുകളിൽ ടാർ റോഡുകളെ ഇല്ല എന്നാണ് രജിസ്റ്ററിൽ കാണുന്നത്.

പഞ്ചായത്തിൽ കരീലക്കുളങ്ങര, രാമപുരം പത്തിയൂർ എന്നിവടങ്ങളിലാണ് ഓട്ടോ, കാർ എന്നിവ പാർക്ക് ചെയ്യുന്നത്.

കായംകുളം - മുട്ടം റോഡ് പഞ്ചായത്തിന്റെ ഏതാണ്ട് മദ്ധ്യഭാഗത്തു കൂടിയാണ് കടന്നു പോകുന്നത്. K.S.R.T.C. സ്വകാര്യ ബസ്സുകൾ ഇതു വഴി സർവ്വീസ് നടത്തുന്നുണ്ട്. കായംകുളം - പുല്ലുകുളങ്ങര - ധാണാപ്പടി റോഡും ഈ പഞ്ചായത്തിലെ പന്ത്രണ്ടാം വാർഡിലൂടെ കടന്നു പോകുന്നുണ്ട്.

പഞ്ചായത്ത് ഫണ്ടിന്റെ നല്ലൊരു പങ്ക് വിനിയോഗിക്കപ്പെടുന്ന മേഖലയാണ് ഗതാഗതം. ഗ്രാമ സഭകളിലും ഭൂമി ശാസ്ത്രപഠന പര്യടത്തിലും പഞ്ചായത്ത് അംഗങ്ങളുടെ റിപ്പോർട്ടിലും പൊതുവെ ഉയർന്ന് വന്നിട്ടുള്ള വഴികൾക്കു വേണ്ടിയുള്ള ആവശ്യം പദ്ധതി തയ്യാറാക്കുമ്പോൾ പരിഗണിക്കുന്നതോടൊപ്പം അതിന് ഓരോ വാർഡിലെയും ജനസംഖ്യ അടിസ്ഥാന മാനദണ്ഡം ആക്കേണ്ടതാണ്. ചിലവഴിക്കുന്ന തുക ജനസംഖ്യാനുപാതികമായിരിക്കണം. ആയതിനു വേണ്ടി മുൻഗണനാ ക്രമം നിശ്ചയിക്കുന്നതിന് ഇതിനൊടൊപ്പമുള്ള പട്ടിത സഹായകമാകുന്നതാണ്.


ജനകീയ ആസൂത്രണ പരിപാടി അവിഷ്കരിക്കുന്നതിന് എത്രയോ മുമ്പ് തന്നെ ജനകീയ പങ്കാളിത്തത്തോടെ നിരവിധി റോഡുകൾ പഞ്ചായത്തിൽ നിർമ്മിച്ചിട്ടുണ്ട് വിശേഷാൽ ഗ്രാമ സഭകളിൽ നിന്നും ഉയർന്ന് വന്ന ആവശ്യങ്ങളനുസരിച്ചുള്ള ഈ റോഡുകളെല്ലാം നിർമ്മിക്കുവാനും അതുപോലെ പഴയതിന്റെ പുനരുദ്ധാരണം നടത്തുവാനും കോടികണക്കിന് രൂപയുണ്ടെങ്കിലേ കഴിയൂ. പഞ്ചായത്തിന്റെ പരിമിതമായ സാമ്പത്തിക വിഭവശേഷി അതിന് അനുവദിക്കുന്നില്ല. അതുകൊണ്ട് ശാസ്ത്രീയവും ജനകീയവുമായ മുൻഗണനകളുടെ അടിസ്ഥാനത്തിൽ മാത്രമായിരിക്കണം റോഡിന്റെ വികസനം നടത്തേണ്ടത്. മാത്രമല്ല ജനകീയ പങ്കാളിത്വത്തോടെ നടപ്പാക്കാനും ആവണം. സന്നദ്ധ സേവനത്തിന് ജനങ്ങൾ തയ്യാറാണ്.

കൂടുതൽ റോഡുകൾ

കൂടുതൽ ഗുണത്തിന്

കൂടുതൽ പങ്കാളിത്തത്തോടെ

ജനകീയമായ നടപ്പാക്കുന്ന റോഡ് വികസനമാകട്ടെ നമ്മുടെ ലക്ഷ്യം



## പഞ്ചായത്തിലെ ഗ്രാമീണ റോഡുകൾ

| വാർഡ് | I | II | III | IV | V | VI | VII | VIII | IX | X | XI | XII | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| ഇനം<br>ടാർ | 2<br>2150 M | 4<br>2950 M | 300 M | - 2 -<br>1500 M | | 1<br>2130 M | 1<br>600 M | 2<br>2500 M | 3 - - -<br>3000 M | 1500 M | 300 M | | 15 | 16930 M |
| ഗ്രാവൽ | 8<br>4250 M | 4<br>4300 M | 13<br>5750 M | 7<br>5750 M | 7<br>5700 M | 10<br>3075 M | 7<br>3150 M | 9<br>3920 M | 6<br>4355 M | 18<br>7460 M | 7<br>4050 M | 5<br>2300 M | 101 | 52060 M |
| മണ്ണ് | 2<br>900 M | 1<br>300 M | 600 M | -2<br>1600 M | 1<br>500 M | 3<br>750 M | 2<br>550 M | 1<br>700 M | 3<br>2000 M | 3 -<br>655 M | 400 M | 1<br>1000 M | [illegible] | 545 M |
| ഗ്രാവൽ & മണ്ണ് | - | - | 3<br>850 M.G.<br>600 M.E. | 1<br>800 M.G.<br>150 M.E. | 1 - -<br>200 M.G.<br>100 M.E. | | | 1 -<br>200 M.G.<br>450 M.E. | | | 1<br>100 M.G.<br>400 M.E. | 2<br>450 M.G.<br>300 M.E. | 9 - | |
| ടാർ & ഗ്രാവൽ | - | 1<br>200 M.T<br>100 M.G. | 1 - -<br>300 M.T.<br>100 M.G. | | | - | 1 - -<br>200 M.T.<br>500 M.G. | | | 1<br>1500 M.T.<br>300 M.G. | 1 -<br>300 M.T.<br>700 M.G. | | 5 - | |
| ആകെ റോഡ് | 12 | 10 | 17 | 12 | 9 | 14 | 11 | 13 | 12 | 22 | 9 | 8 | 149 | |
| | 7300 | 5550 | 6550 | 8410 | 6200 | 5955 | 4300 | 7120 | 9355 | 9645 | 4750 | 3300 | | 78535 |

Note : 1. ഗ്രാവൽ & മണ്ണ്, ടാർ & ഗ്രവൽ എന്നീ ഇനത്തിൽ പെടുത്തിയട്ടുള്ള റോഡുകളുടെ നിളവും ഓരോ ഇനത്തിലും എത്ര മീറ്റർ വീതം എന്നതും ടാർ, ഗ്രാവൽ, മണ്ണ് എന്നി ഇനങ്ങളിൽ അവയുടെ ആകെ നിളത്തോടൊപ്പം ചേർത്തിട്ടുണ്ട്. 2. M - മീറ്റർ, G - ഗ്രാവൽ T - ടാർ E - മണ്ണ് (അവലംബം : പഞ്ചായത്ത് റോഡ് രജിസ്റ്റർ)

Note : 1. ആദ്യത്തെ രണ്ട് നമ്പരുകൾ വാർഡിനെയും രണ്ടാമത്തെ നമ്പറുകൾ റോഡിന്റെ ക്രമ നമ്പറുമാണ്.
2 ഇംഗ്ലീഷ് വലിയ അക്ഷരം പുതിയ റോഡിനുള്ള നിർദ്ദേശങ്ങളാണ് സുചിപ്പിക്കുന്നത്.

| വാർഡ് & ക്രമ നമ്പർ | റോഡിന്റെ പേര് | ആവശ്യം ചെയ്യേണ്ട പണികൾ മറ്റ് വിശദാംശങ്ങൾ | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | ടാർ | റീടാർ | ബേസ് | കോൺക്രീറ്റ് | ഗ്രാവലിംഗ് | വീതി കൂട്ടൽ | നീളം കൂട്ടൽ | ഓവുചാൽ | അറ്റകുറ്റ പണി | മറ്റ് വിശദാംശങ്ങൾ |
| 0101 | S.R.K.V.L.P.S. - ഗവൺമെന്റ് എൽ.പി.എസ്. കീരിക്കാട് | | | | | * | | | | | N.H. 47 ലെത്തുന്നു |
| 0102 | പുല്ലുപറമ്പിൽ മുക്ക് - റെയിൽ ലൈൻ | | | | | * | * | | | | |
| 0103 | ഏവൂർ ക്ഷേത്രത്തിന് തെക്ക് - കടമ്പാട്ട് തറ | | | | | * | * | | | | തെക്കോട്ട് |
| 0104 | പുതുശ്ശേരികുളങ്ങര - ഏവൂർ ക്ഷേത്രം വരെ | | | | | | * | | | | [illegible] പടിഞ്ഞാറുവശം |
| 01 05 | വെട്ടാട്ട് മുക്ക് തെക്കോട്ടുള്ളത് | | | * | | * | | | | | |
| 0106 | റെയിൽ ക്രോസിന് പടിഞ്ഞാറ് വശം തെക്കോട്ടുള്ള വഴി | | | | | | | | | * | |
| | രാമപുരം ക്ഷേത്രത്തിന് കിഴക്കുവശം | | | | | | | | | * | |
| 01A | റെയിൽ ക്രോസിനു കിഴക്കുവശം പുതിയ റോഡ് | | | | | | | | | | തെക്കോട്ട് |
| 0201 | കീപ്പള്ളിൽ - എരുവാകുളങ്ങര | | * | | | | | | | | |
| 0202 | ചെട്ടിയത്തിൽ ചുടുകാട്ടിൽ ജംഗ്ഷൻ | | * | | | | | | | | |
| 0203 | രാമപുരം - മുതേൽ ആലുംമൂട് | | * | | | | | | | | |
| 0204 | പുല്ലൂപ്പണത്ത് - രാമപുരം | * | | | | | | | | | |
| 0205 | N.S.S. കരയോഗം പടിഞ്ഞാറ് | | | | | * | * | | | * | |
| 0206 | പോസ്റ്റോഫീസ് - പത്തിയൂർ ചാല | | | | | * | * | | | * | |
| 0207 | പടുവാത് കിഴക്ക് - തെക്കോട്ട് | | | | | * | * | | | * | |
| 0208 | കല്ലുപുരയ്ക്കൽ - പുതുപ്പൂർ ലക്ഷംവീട് കോളനി | | | | | * | * | | | * | |
| 0209 | ഉള്ളിട്ടയിൽ റോഡ് | | | | | * | * | | | * | |
| 02A | കീപ്പള്ളിൽ - എരുവാക്കുളങ്ങര റോഡ് - കോണ്ടൂരത്ത് കിഴക്ക് | | | | | | | | | | പുതിയത് |
| 02B | ചുടുകാട്ടിൽ ജംഗ്ഷൻ - വടക്കോട്ട് PIP (W) | | | | | | | | | | പുതിയത് |
| 02C | പുതുപ്പൂർ ലക്ഷംവീട് എരുവാകുളങ്ങര | | | | | | | | | | പുതിയത് |
| 02D | കരോളിൽ കിഴക്കുവശം | | | | | | | | | | പുതിയത് |
| 02E | പുല്ലൂപ്പണത്ത് പടിഞ്ഞാറ് - രാമപുരം | | | | | | | | | | പുതിയത് |
| 02F | [illegible] വടക്ക് - റെയിൽ ലൈൻ | | | | | | | | | | പുതിയത് |
| 02G | N.S.S. കരയോഗം വടക്ക് - പുല്ലൂപ്പണത്ത് രാമപുരം M.L.A. റോഡ് | | | | | | | | | | പുതിയത് |
| 02H | റെയിൽ ക്രോസ് - കിഴക്കുവശം - കൊപ്പു കളീക്കൽ | | | | | | | | | | പുതിയത് |
| 02I | രാമപുരം മുടയിൽ മുക്ക് | | | | | | | | | | പുതിയത് |
| 0301 | തരിശ്ശേരി - ഉള്ളിട്ട പുഞ്ച | | | | | * | * | | | | |
| 0302 | പുത്തൻ പുരയ്ക്കൽ വടക്ക് ഉള്ളിട്ട പുഞ്ച | | | | | | | | | * | |
| 0304 | ഏവൂർ ചന്ത - പാലമൂട് | * | | | | | | | | | |
| 0305 | മുടയിൽ മുക്ക് - ഉള്ളിട്ട പുഞ്ച | * | | | | | | | | | |
| 0306 | കൃഷിഭവൻ മുക്ക് - കിഴക്കോട്ട് | * | | | | | | | | | |

| വാർഡ് & ക്രമ നമ്പർ | റോഡിന്റെ പേര് | ആവശ്യം ചെയ്യേണ്ട പണികൾ മറ്റ് വിശദാംശങ്ങൾ | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | ടാർ | റീടാർ | ഓട | കലുങ്ക് | ഗ്രാവലിംഗ് | വീതി കൂട്ടൽ | നീളം കൂട്ടൽ | സൈഡ് വാൾ | അറ്റകുറ്റ പണി | മറ്റ് വിശദാംശങ്ങൾ |
| 0307 | മങ്ങാട്ട് കോളനി റോഡ് | * | | * | | | | | | | |
| 0308 | മങ്ങാട്ട് കോളനി തെക്കോട്ട് | | | | | * | | | | | |
| 0309 | പത്തിയൂർ കാല മുക്ക് - കോട്ടൂർ അമ്പലം | * | | | | | | | | | |
| 0310 | വളയ്കക്കത്ത് മുക്ക് - വടക്കോട്ട് | | | | | * | * | | | | |
| 0311 | വളയ്ക്കകത്ത് മുക്ക് - ഉളളിട്ട പുഞ്ച | | | * | | | | | | | |
| 0312 | വില്ലേജ് ആഫീസ് - തോണി കടവ് | | | | | | | | | * | |
| 0313 | മുടാംപാടി - പായിപ്പാട്ട് തറ | | | | | | | | | * | |
| 0314 | ചിറ്റാങ്കേരി - തങ്കശ്ശേരി | | | | | | | | | * | |
| 03A | മുണ്ടുപാലം വടക്കോട്ട് പഞ്ചായത്ത് അതിർത്തി | | | | | | | | | * | |
| 03B | കണ്ടല്ലൂർ പറമ്പിൽ കിഴക്ക് | | | | | | | | | | പുതിയത് |
| 03C | മുടേൽ മുക്ക് - മൈനാഗപ്പള്ളി കിഴക്ക് | | | | | | | | | | പുതിയത് |
| 0401 | വോള്ളൂർ തെക്ക് - കിഴക്കോട്ട് | | | | | | | | | | പുതിയത് |
| 0402 | ചാപ്രായിൽ - പോരുവഴി | | | | | | | | | * | |
| 0403 | ആറാട്ടുകുളങ്ങര - മായിപാലം | * | | | | | | | | * | |
| 0404 | ആറാട്ടുകുളം - കണ്ണമംഗലം | * | | | | | | | | | |
| 0405 | മലയിൽമുക്ക് - വെട്ടിക്കാട്ട് മുക്ക് | * | | | | | | | | | |
| 0406 | ഇളയിടത്ത് ഹരിജൻ കോളനി - അങ്ങാടിശ്ശേരി | | | | | | | | | | |
| 0407 | ചെറിയ പത്തിയൂർ പടിഞ്ഞാട്ട് റോഡ് | | | | | | | | | * | |
| 0408 | കുന്നുംകട - കപ്പൂർ മുക്ക് | * | | | | | | | | * | |
| 04A | അങ്ങാടിശ്ശേരിൽ കിഴക്ക് - ചെറിയ പത്തിയൂർ ക്ഷേത്രം | | | | | | | | | | |
| 04B | കോപ്പാടി കിഴക്ക് വോള്ളൂർ റോഡ് | | | | | | | | | | പുതിയത് |
| 0501 | തട്ടാവഴി - കുമ്പോൽ മുക്ക് | * | | | | | | | | | പുതിയത് |
| 0502 | [illegible] മുക്ക് - S.K.V.H.S. | * | | | | | | | | | |
| 0503 | [illegible] | | | * | * | * | | | | | |
| 0504 | തുണ്ടയ്യത്ത് കോളനി റോഡ് | | | | | * | | | | | |
| 0505 | അംബേദ്കർ കോളനി - കാർത്തികപ്പള്ളി പടിഞ്ഞാറ് | * | | | | | | | | | |
| 0506 | പ്ലാംമൂട്ടിൽ - പാടാലുയ്ക്കൽ | | | | | * | | | | | |
| 0507 | കോയിക്കലേത്ത് - വാലയിൽ | | | | | * | | | | | |
| 0508 | അരിവിയൂർ കുറ്റി [illegible] | * | | | | | | | | | |
| 0509 | അരിവിയൂർ കുറ്റി - റെയിൽ റോഡ് | | | * | * | | | | | * | |
| 0510 | പയ്യൂർ വടക്കുവശം - കുറുമ്പാറ്റത്ത് ജംഗ്ഷൻ | | | | | * | * | | | | |
| 0511 | കോയിക്കലേത്ത് കിഴക്ക് - കനാൽ റോഡ് | | | | * | | | | | | പാലം പണിയുക |
| 0512 | മാരൂർ ചിറ - പാടാലുയ്ക്കൽ | | | | | * | * | | | | |
| 05A | തെക്കേ മുക്ക് - വെട്ടുവിയിൽ കിഴക്ക് | | | | | | | | | | പുതിയത് |
| 05B | S.K.V.H.S. - മുനിസിപ്പൽ റോഡ് | | | | | | | | | | പുതിയത് |
| 0601 | പത്തിയൂർ - എരുവ | * | | | | | | | | | |
| 0602 | പത്തിയൂർ ചിറ - പുലത്തൻ പറ | * | | * | | | | | | | |


| വാർഡ് & ക്രമ നമ്പർ | റോഡിന്റെ പേര് | ആവശ്യം ചെയ്യേണ്ട പണികൾ മറ്റ് വിശദാംശങ്ങൾ | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | ടാർ | റീടാർ | ബേസ് | കൾവർട്ട് | ഗ്രാവലിംഗ് | വീതി കൂട്ടൽ | നീളം കൂട്ടൽ | ഓവുചാൽ | അറ്റകുറ്റ പണി | മറ്റ് വിശദാംശങ്ങൾ |
| 0603 | പണ്ടാരപ്പള്ളി - ശാലയിൽ ഭാഗം | | | * | | | | | | | |
| 0604 | കുറ്റികുളങ്ങര - മുടവംപള്ളിൽ തെക്ക് | | | | | * | | | | | |
| 0605 | സാധുപുരത്ത് തെക്ക് റോഡ് | | | | | | * | | | | |
| 0606 | കുന്നിൽ ജംഗ്ഷൻ - താമരവിളയൂർ കുറ്റി | | | | | * | | | | | |
| 0607 | കുടുംബവിളശ്ശേരി - പാലക്കുത്തറ ജംഗ്ഷൻ | | | | | * | | | * | | |
| 0608 | കിടങ്ങയ്യൂർ വടക്ക് - തോട്ട്ചിറ | | | | | * | | | | | |
| 0609 | ശംഖത്തൂർ ചിറ റോഡ് | | | | | | * | | | | |
| 0610 | വള്ളിയിൽ റോഡ് - കനാൽ റോഡ് | | | | | * | | | * | | |
| 0611 | റെയിൽ - തെക്ക് - പടിഞ്ഞാറ് | | | | / | * | | | | | |
| 0612 | കുന്നിൽ പടിഞ്ഞാറ് - മേൽ വട്ടത്ത് | | | | | | * | | | | |
| 06A | പട്ടാണി പറമ്പിൽ - തോപ്പുകടവ് | | | | | | | | | | പുതിയത് |
| 06B | അംബലവയലിൽ | | | | | | | | | | പുതിയത് |
| 06C | പാലമൂട്ടിൽ തറ - താമരവിളയൂർ കുറ്റി | | | | | | | | | | കോളനി റോഡുമായി ബന്ധിപ്പിക്കുക |
| 0701 | വലിയകുളങ്ങര - ബംഗ്ലാവ് | | | | | | | | | * | |
| 0702 | മംഗല പള്ളിൽ - ആയിക്കാട് ജംഗ്ഷൻ | | | | | | | | | * | |
| 0703 | പത്തിയൂർ മെയിൻ കനാൽ റോഡ് - തോട് | | | | * | | | | | | |
| 0704 | കീപ്പള്ളി - എരുവാക്കുളങ്ങര കനാൽ റോഡ് | | | | | | | | | * | |
| 0705 | കളരിയ്ക്കൽ - കനാൽ റോഡ് | * | | | | | | | | | |
| 0706 | എരുവാകുളങ്ങര - തെക്കോട്ട് | | | | | * | | | | | |
| 0707 | വെട്ടത്ത് ചിറ - തെക്ക്, വടക്ക് റോഡുകൾ | | | | | * | | | | | |
| 0708 | ചിറ്റാങ്കേരി കിഴക്കോട്ട് | | | | | * | * | | | | |
| 0709 | പട്ടയത്ത് പടിഞ്ഞാറ് - കിഴക്കോട്ട് | | | | | * | * | | | | |
| 0710 | ചിറ്റാങ്കേരിൽ പടിഞ്ഞാട്ട് - റെയിൽവേ കിഴക്കുവശം - വടക്കോട്ട് | | | | | * | * | | | | |
| 0711 | മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് - വടക്ക് കിഴക്കോട്ട് | | | | | * | * | | | | |
| 0712 | പത്തിയൂർ കശുവണ്ടി ഫാക്ടറി - വാലികുളങ്ങര | | | | | * | * | | | | |
| 07A | എരുവാക്കുളങ്ങര - കീപ്പള്ളിൽ റോഡ് | | | | | | | | | | |
| 07B | എരുവാക്കുളങ്ങര - കീപ്പള്ളിൽ റോഡ് | | | | | | | | | | പുതിയത് |
| 07C | കപ്പിത്താന - വടക്ക് - മുസ്ലീം പള്ളി | | | | | | | | | | പുതിയത് |
| 07D | മണ്ണൂർത്തറ കിഴക്ക് - കനാൽ വശം | | | | | | | | | | പുതിയത് |
| 07E | ഭുവനത്ത് - ചിറ്റാങ്കേരി റോഡ് | | | | | | | | | | പുതിയത് |
| 0801 | കരികുളങ്ങര - കല്ലുമൂട് | | | * | * | | | | | | |
| 0802 | സാംസ്കാരിക നിലയം - കൊപ്പാറേത്ത് മുക്ക് | * | | * | * | | | | | | |
| 0803 | വാലികുളങ്ങര - കിഴക്കോട്ട് | | | * | * | * | | | | | |
| 0804 | പുളിമൂട്ടിൽ ജംഗ്ഷൻ - വടക്കോട്ട് | | | | | * | | | | | |
| 0805 | ചെങ്ങിലാത്ത് ജംഗ്ഷൻ - വടക്കേനട മുക്ക് | | | | | * | | | | | |
| 0806 | നാഗക്കുളത്തിൽ മുക്ക് - സ്പിന്നിംഗ് മിൽ റോഡ് | | | | | * | | | | | |
| 0807 | മഠത്തിക്കോട്ട് - മാധവ സദനം | | | | | * | | | | | |
| 0808 | പാണ്ടിയത്ത് ജംഗ്ഷൻ - വേലുത്തറ | | | | | * | | | | | |

| വാർഡ് & ക്രമ നമ്പർ | റോഡിന്റെ പേര് | ആവശ്യമായ പണികൾ മറ്റ് വിശദാംശങ്ങൾ | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | ടാർ | മെറ്റൽ | ഓട | കലുങ്ക് | ഗ്രാവലിംഗ് | വീതി കൂട്ടൽ | നീളം കൂട്ടൽ | സൈഡ് വാൾ | തോടുകെട്ട് പണി | മറ്റു വിശദാംശങ്ങൾ |
| 0809 | മുണ്ടിരം ജംഗ്ഷൻ - വേലിക്കര | | | | | * | | | | | |
| 0810 | കണ്ണീയ്ക്കൽ തറ - കണ്ണരിയ്ക്കൽ | | | | | * | | | | | |
| 0811 | ചിങ്ങവ്വൂരി - ശ്രീഹരിനിവാസ് മിൽ | | | | | * | | | | | |
| 0812 | വാലിയത്തിൽ ജംഗ്ഷൻ - വാഴക്കൂട്ടത്തിൽ ജംഗ്ഷൻ | | | * | | * | | | | | |
| 0813 | താമരൻ കോവിൽ റോഡ് | | | | | * | | | | | [illegible] വികസിപ്പിക്കണം |
| 08A | പണിയ്ക്കന്റെ കിഴക്കതിൽ ജംഗ്ഷൻ - മുനിസിപ്പൽ റോഡ് | | | | | | | | | | |
| 08B | കളരുവാതുക്കൽ - വെളുത്തറ ജംഗ്ഷൻ | | | | | | | | | | |
| 08C | 319 S.N.D.P. ശാഖ - P.I.P. കനാൽ | | | | | | | | | | |
| 08D | വാലിയത്ത് പടിഞ്ഞാറ് - താമരപ്പെട്ട കിഴക്ക് | | | | | | | | | | |
| 08E | കുന്നേൽ തെക്ക് - കുന്നിൽ വടക്ക | | | | | | | | | | |
| 08F | കാട്ടുവായിൽ പടിഞ്ഞാറ് - മുനിസിപ്പൽ റോഡ് | | | | | | | | | | |
| 08G | ഒല്ലൂക്കരി ജംഗ്ഷൻ - പിറയിൽ വടക്ക് | | | | | | | | | | |
| 08H | കണ്ണരിയ്ക്കൽ തെക്ക് - കണ്ണീയ്ക്കൽ തറ കിഴക്ക് | | | | | | | | | | |
| 08I | കല്ലുമൂട്ടിൽ മുക്ക് - മെഡിക്കൽ കോളേജ് കടവ് | | | | | | | | | | |
| 08J | വെളുത്തറ വടക്ക് - ചെങ്കിലാത്ത് റോഡ് | | | | | | | | | | |
| 08K | മണ്ണുവേലി കടവ് - കുറവന്റെ കടവ് | | | | | | | | | | [illegible] |
| 0901 | കീരിക്കാട് L.P.S. - കല്ലുമൂട് | | * | | | | | | | | |
| 0902 | പത്മാരപ്പുള്ളി - ചെട്ടിയത്ത് മുക്ക് | * | | | | | | | | | |
| 0903 | ഗുരുമഠം കളരി റോഡ് | * | | | | | | | | | |
| 0904 | പുതുവൂരിത്തി - ക്ഷേത്രം ഗ്രാമസിദ്ധി | | | | | | | | | * | |
| 0905 | മാമ്പ്രയാറും മുട് - കൊയ്പ്പള്ളി | | | | | * | | | | | |
| 0906 | കൊച്ചുമഠത്തിൽ മുക്ക് - മുട്ടക്കുളത്ത് മുക്ക് | | | | | | * | | | | |
| 0907 | കല്ലത്ത് മുക്ക് - മുണ്ടസ്സേരിൽ മുക്ക് | | | | | * | | | | | |
| 0908 | കല്ലേലിൽ കിഴക്ക് - ആരൂർ | | | | | * | | | | | |
| 0909 | മുടിയിൽ കടകവിള | | | | | * | | | | | |
| 0910 | പുതുവനശേരി - തയ്യാവിഹാർ | | | | | * | | | | | |
| 0911 | കല്ലേത്ത് മുക്ക് - വലിയവീട്ടിൽ മുക്ക് | | | | | * | | | | | |
| 0912 | കന്നാസ്സേരി മുക്ക് - കൊച്ചുമഠത്തിൽ മുക്ക് | | | | | * | | | | | |
| 0913 | പറവിള മുക്ക് - കൊയ്പ്പള്ളി മുക്ക് | | | | | * | | | | | |
| 0914 | തോപ്പിൽ മുക്ക് - വിശാലം തറ | | | | | * | | | | | |
| 0915 | വിശാലം തറ - ചെറിയത്ത് ചെമ്പുർ | | | | | * | | | | | |
| 0916 | ആരൂർ - തുമ്പിൽ റോഡ് | | | | | * | | | | | |
| 0917 | കിഴക്കേടത്ത് മുക്ക് - തുണ്ടത്തിൽ റോഡ് | | | | | * | | | | | |
| 0918 | ചെട്ടിശ്ശേരി - ചെറുവള്ളി | | | | | * | | | | | |
| 0919 | തയ്യിൽ പുരയിടം - തയ്യാവീട് | | | | | | * | | | * | |
| 0920 | പുതൂർ പടിഞ്ഞാറ് മടപ്പാലം | | | | | | | | | * | |
| 09A | എലക്കരമുറി - പത്മാരപ്പുള്ളി മുക്ക് | | | | | | | | | | മടപ്പാലം |

| വാർഡ് & ക്രമ നമ്പർ | റോഡിന്റെ പേര് | ആവശ്യം ചെയ്യേണ്ട പണികൾ മറ്റ് വിശദാംശങ്ങൾ | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | ടാർ | റീടാർ | ഓട | കലുങ്ക് | ഗ്രാവലിംഗ് | വീതി കൂട്ടൽ | നീളം കൂട്ടൽ | സൈഡ് വാൾ | അറ്റകുറ്റ പണി | മറ്റ് വിശദാംശങ്ങൾ |
| 09B | കൊട്ടിമുട്ടിൽ - കോയിക്കലേത്ത് | | | | | | | | | | റോഡ് |
| 09C | തുണ്ടയ്യത്ത് കിഴക്ക് - മഠത്തിൽ പടിഞ്ഞാറ് | | | | | | | | | | വടക്കോട്ട് |
| 09D | തൊട്ടാൽ മുക്ക് - കല്ലേല്ലിൽ മുക്ക് | | | | | | | | | | കിഴക്കോട്ട് |
| 1001 | മാളിയേക്കൽ - മേഴാത്ത് റോഡ് | | | | | * | | | * | | |
| 1002 | പൊച്ചപടീറ്റതിൽ പള്ളി - വടക്കോട്ട് | | | | | | | | | * | |
| 1003 | കരടംപാളിൽ റോഡ് | | | | | | | | * | | |
| 1004 | ഇരുമ്പാണി വയൽ റോഡ് | | | | | * | | | | | |
| 1005 | തട്ടയ്ക്കാട്ട് ഭാഗം റോഡ് | | | | | * | * | | | | |
| 1006 | പടിയാരത്ത് കിഴക്കുവശം റോഡ് | * | | | | | * | | | | |
| 1007 | അതിരമ്പുർ പടിഞ്ഞാറ് തെക്കോട്ട് റോഡ് | | | | | * | * | | | | |
| 1008 | കളയ്ക്കാട്ട് റോഡ് | * | | | | | | | * | | |
| 1009 | ചെറുകര പടിഞ്ഞാറ് - വെളിയം കോളനി | | | * | | * | | | * | | |
| 1010 | കാവിൽ സ്കൂൾ - പടിഞ്ഞാട്ട് | * | | | | | | | | | |
| 1011 | പാഗ്രായിൽ കിഴക്ക് - കാവിൽ സ്കൂൾ | | | | | * | * | | | | |
| 1012 | കാവിൽ സ്കൂൾ. കിഴക്കുവശം - വടക്കോട്ട് | * | | | | | * | | | | |
| 1013 | തുരുത്തിയിൽ കിഴക്കുവശം റോഡ് | | | | | | * | | * | | |
| 1014 | വില്ലേജ് ആഫീസ് കിഴക്കുവശം തെക്കോട്ട് | | | * | | * | * | | * | | |
| 1015 | ചെറുകര കിഴക്കുവശം വടക്കോട്ട് | | | | | | * | | | | |
| 1016 | രാമപുരം ലക്ഷംവീട്ടിലേക്ക് റോഡ് | | | | | * | * | | | | |
| 1017 | സുരേന്ദ്രൻ ജംഗ്ഷൻ - മുതുകുളം അതിര് | | | | | * | | | | | |
| 1018 | കീപ്പള്ളി - കരുണാമുറ്റം റോഡ് | * | | | | | | | | | വാഗിങ്ങാഗം |
| 1019 | കാപ്പുകുളങ്ങര - M.L.A. റോഡ് | | | | | * | | | | * | ബന്ധി പ്പിക്കൽ |
| 10A | കോട്ടയ്ക്കാവ് - മാളിയേക്കൽ റോഡ് | | | | | | | | | | |
| 10B | കളരിയ്ക്കൽ - വടക്കോട്ട് | | | | | | | | | | |
| 10C | കാവിൽ സ്കൂൾ - ഗവൺമെന്റ് ഹോസ്പിറ്റൽ | | | | | | | | | | |
| 10D | കൊച്ചുപനയിൽ വടക്ക് - പടിഞ്ഞാറ് | | | | | | | | | | |
| 1101 | ഷൺമുഖം ജംഗ്ഷൻ - മന്ദിരം മുക്ക് | * | | | | | | | | | വാക്കിഭാഗം |
| 1102 | തുണ്ടത്തിൽ വടക്ക് റോഡ് | | | * | | | | | | * | |
| 1103 | ചേലിക്കുളങ്ങര - കാരുവള്ളി മുക്ക് | * | | * | * | | | | | | |
| 1104 | പറമ്പിൽ മുക്ക് - കെ.കെ. കോയിക്കൽ മുക്ക് | * | | * | | | | | | | |
| 1105 | ഓടനാട് - കഷായ ആശുപത്രി | * | | | | | | | | | |
| 1106 | വാലേകുട്ടിൽ മുക്ക് - പനയനാർ കാവ് | * | | | | | | | * | | |
| 1107 | കോയിക്കൽ മുക്ക് - താമരശ്ശേരി മുക്ക് | * | | | | | | | | | |
| 1108 | താമരശ്ശേരി - കോട്ടേൽ ചിറ | | | | | * | * | | | | |
| 1109 | പക്കാലമുക്ക് - കോക്കാട്ട് മുക്ക് | | | | | * | | | | | |
| 1110 | പറമ്പ് - തൊട്ടത്തിൽ പുത്തൻ റോഡ് | | | | | * | | | | | കലുങ്ക് വരെ |
| 1111 | കോട്ടൂർ മുക്ക് - പുത്തൂർ മഠം തെക്ക് | | | | | | | | | * | |
| 1112 | കുട്ടിയത്ത് വയൽ റോഡ് | | | | | * | | | | | |
| 1113 | കൊച്ചിയിൽ മുക്ക് - ഇല്ലിക്കൽ വയൽ | | | | | * | | | | | [illegible] |

| വാർഡ് & ക്രമ നമ്പർ | റോഡിന്റെ പേര് | ആവശ്യം ചെയ്യേണ്ട പണികൾ മറ്റ് വിശദാംശങ്ങൾ | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | ടാർ | റീടാർ | ഓട | കലുങ്ക് | ഗ്രാവലിംഗ് | വീതി കൂട്ടൽ | നീളം കൂട്ടൽ | സൈഡ് വാൾ | അറ്റകുറ്റ പണി | മറ്റ് വിശദാംശങ്ങൾ |
| 11A | കോട്ടൂർ ചിറ - നടയിൽ ചിറ | | | | | | | | | | |
| 1201 | കൊച്ചുതോപ്പിൽ - മാരത്തിലയ്യത്ത് ചിറ | * | | | * | | | | | | |
| 1202 | കുറവേലിൽ - കൊച്ച് മീനത്തേതിൽ | * | | | | | | | | | |
| 1203 | ആംമ്പിയിൽ - കൊച്ചുതോപ്പിൽ | | | | | * | | | | | |
| 1204 | പാനിയന്റയ്യത്ത് - പാണ്ടവർ കൊട്ടാരം | * | | | | | | | | | |
| 1205 | മാരത്തില്ലയ്യത്ത് - കൊച്ചുകടവിൽ | * | | | | | | | | | |
| 1206 | കാവിൽ മുക്ക് - കരുകേൽ | | | | | * | | | | | ബാക്കി ഭാഗം |
| 1207 | കോല്ലാത്ത് - മുല്ലമംഗലത്ത് | | | | | * | | | | | |
| 1208 | മുല്ലശ്ശേരി ചിറ - മുല്ലമംഗലം | | | | | * | | | | | |
| 1209 | ചെമ്പകപ്പള്ളിൽ - പോംപകിൽ | | | | | * | | | | | |
| 1210 | വടക്കേ തോപ്പിൽ - കുരണ്ടപ്പള്ളിൽ | | | | | * | | | | | |

# വിദ്യാഭ്യാസം സംസ്കാരം




ഈ വിഷയങ്ങൾ രണ്ടും പരസ്പരം ബന്ധപ്പെട്ടതും ഇഴപിരിയാത്തതുമാണ്. കേരളത്തിൽ ഒരു പ്രത്യേക പ്രദേശത്തിനായി സംസ്കാരമില്ലെന്നുള്ളതാണ് വസ്തുത. ഉണ്ണുനീലി സന്ദേശത്തിന്റെ കാലത്തും തുടർന്നും നാട്ടു രാജാകന്മാരുടെ ഭരണവും പടയോട്ടങ്ങളും ഒക്കെ ഇവിടെ ഉണ്ടായിട്ടുണ്ട്. അത് ഇവിടെ മാത്രമല്ല താനും. ആകെയാൽ നമ്മൾ കേരളീയർ ഒന്നായ സാംസ്കാരിക പൈതൃകമുള്ളവരാണ്. ദേശഭേദം കൊണ്ട് ഭാഷയിലോ ആചാരവിശേഷങ്ങളിലോ ഈഷത്ത് വ്യത്യാസങ്ങൾ കണ്ടേക്കാമെങ്കിലും അവ ഓരോ സംസ്കാര വിശേഷമായി കരുതുന്നത് ശരിയല്ല. കേരളീയ സംസ്കാരം എന്നു പറയുമ്പോൾ കാലാകാലങ്ങളിൽ ഉണ്ടായിട്ടുള്ള ദേശീയ ധാരയിൽ നിന്ന് വ്യത്യസ്തമല്ലാത്തതും നമ്മുടേതായ സാമുഹ്യ പരിതസ്ഥിതിയിൽ നിന്ന് ഉരുതിരിഞ്ഞ് ആചാരങ്ങളും ആഹാര രീതികളും വേഷവിധാനങ്ങളും നിലനിർത്തുന്നതുമായ ഒരു സംസ്കാരമെന്നാണ് കാണേണ്ടത്. ആര്യ സംസ്കാരമെന്നോ ദ്രാവിഡ സംസ്കാരമെന്നോ ഉത്തരേന്ത്യൻ സംസ്കാരമെന്നോ ഒക്കെ പേരിട്ടു വിളിക്കുന്നുവെങ്കിലും ആര്യ ദ്രാവിഡ മിശ്രിത സംസകാരമാണ് ഇന്ത്യിൽ ഉടനീളം നിലനിൽക്കുന്നത്. ഏതായാലും സമാനമായ വിശ്വാസ പരമ്പരകളും ആചാര ക്രമകളും ഭാരതമാകെ പടർന്ന് ഇങ്ങ് പത്തിയൂർ വരെ എത്തിയെന്നുള്ളതാണ് ഖാണ്ഡവദാഹകാലത്തെ "കത്തിയ ഊര്" കാലം തേച്ചുമിനിക്കി പത്തിയൂർ ആക്കിയ കഥ വെളിവാക്കുന്നത്.

### വിദ്യാഭ്യാസം

സംസ്കാരത്തിന്റെ ഭാഗമാണ് വിദ്യാഭ്യസം. വേദ സംസ്കാരത്തിന്റെ ചരിത്ര പരമായ വളർച്ച് ഫ്യൂഡൽ സംസ്കാരത്തിലേക്ക് ഇന്ത്യയെ എത്തിച്ചപ്പോൾ വിദ്യാഭ്യാസം ബ്രാഹ്മണർക്കും ക്ഷത്രിയർക്കും മാത്രമായി ചുരുങ്ങി. കാലാന്തരത്തിൽ ഗുരുകുലങ്ങൾ നിലവിൽ വന്നു.

### വിദ്യാഭ്യാസത്തിന്റെ ആധുനിക വശം

16-ാം ശതകം വരെ ഇന്ത്യൻ ദേശീയ വിദ്യാഭ്യാസം എന്ന പൊതുസമ്പ്രദായം ഉണ്ടായിരുന്നില്ല. ഹിന്ദി, തമിഴ, മലയാളം, തെലുങ്ക്, പാലി എന്നിവ പഴമ അവകാശ്പ്പെടാവുന്ന ഭാഷകളാണ്. ബ്രിട്ടീഷ്കാരുടെ അധിനിവേശത്തോടെ ഈ നില ക്രമാനുഗതമായി മാറുകയും ഇംഗ്ലീഷ് ഭാഷ ലോക ഭാഷകളുമായും ലോക [illegible] ബന്ധപ്പെടാൻ ഭാരതീ[illegible]ക്കുകയും ചെയ്തപ്പോൾ നമ്മുടെ [illegible] തന്നെ വഴിമാറി ഒഴുകാൻ തുടങ്ങുകയാ

യിരുന്നു. നിഷേധിക്കപ്പെട്ട അറിവിന്റെ [illegible] തുറന്ന് കിട്ടിയപ്പോൾ ആശ്വാസത്തോടെ, ആഹ്ലാദത്തോടെ ഇംഗ്ലീഷിനെ മാതൃഭാഷയെ പോലെ സ്നേഹിച്ചു, സ്വായത്തമാക്കി. ക്രമേണ കേരളത്തിലെ മലയാളം വിദ്യാലയങ്ങളിൽ ഇംഗ്ലീഷ് വിദ്യാഭ്യാസം നിലവിൽ വന്നു. ഈ കാലത്താണ്. പഞ്ചായത്തിലെ അദ്യത്തെ സ്കൂൾ ആയ രാമപുരം മലയാളം സ്കൂൾ, ഇംഗ്ലീഷ് സ്കൂൾ ആയത് അങ്ങനെ പഞ്ചായത്തിലെ ആദ്യത്തെ സ്കൂളും അദ്യത്തെ ഇംഗ്ലീഷ് സ്കൂളും ഇന്നത്തെ രാമപുരം ഗവ: ഹൈസ്കൂൾ ആയി. അതുകഴിഞ്ഞാൽ ഏറ്റവും പഴക്കമുള്ളത് പത്തിയൂർ ഗവ: L.P.S. എന്ന് അറിയപ്പെടുന്ന തൂണേത്ത് സ്കൂളാണ്. ഇത് ഒരു വ്യക്തിയുടെ വകയായിട്ടാണ് ആരംഭിച്ചത്. അതിന്റെ ഒടുവിലത്തെ അവകാശി ഇടനിലത്ത് ശ്രീമാൻ രാഘവൻ പിള്ള ഇന്നും ജീവിച്ചിരിപ്പുണ്ട്.

**സ്വാതന്ത്ര്യ സമര കാലഘട്ടം**

സ്വാതന്ത്ര്യ സമരം ജനജീവിതത്തിന്റെ സമസ്ത മേഖലയിൽ എന്നപോലെ വിദ്യാഭ്യാസ മേഖലയിലും ശക്തമായ സ്വാധീനെ ചെലുത്തിയിട്ടുണ്ട്. ദേശീയ വികാരം എല്ലാവരിലും എത്തിക്കുവാൻ ഒരു പൊതു ഭാഷ വേണമെന്നും അത് ഹിന്ദി ആയിരിക്കണമെന്നും ഗാന്ധിജി അഭിപ്രായപ്പെട്ടു. ഈ ആഹ്വാനത്തിന്റെ അലയൊലി പത്തിയൂർ പഞ്ചായത്തിലും ചില ചലനങ്ങൾ സൃഷ്ടിക്കുകയുണ്ടായി ഇക്കാലത്ത് സർവ്വശ്രീ കെ.എസ്. രാഘവൻ പിള്ള പഞ്ചായത്തിന്റെ രണ്ടാം വാർഡിൽ സ്ഥാപിച്ച ഹിന്ദി വിദ്യാലയമാണ്. ഗാന്ധിസ്മാരക ഹിന്ദി വിദ്യാലയം എന്ന പേരിൽ അറിയപ്പെടുന്ന സ്ഥാപനം.

**സ്വാതന്ത്ര്യാനന്തര കാലഘട്ടം**

ഈ കാലഘട്ടത്തിലാണ് പഞ്ചായത്തിൽ അധികം സ്കൂളുകളും ഉണ്ടായത്. പ്രത്യേകിച്ചും ഹൈസ്കൂളുകൾ. രാമപുരം ഗവ: യു.പി. സ്കൂൾ ഹൈസ്കൂളാക്കി ഉയർത്തിയതൊഴിച്ചാൽ മറ്റ് മൂന്ന് ഹൈസ്കൂളും സ്വകാര്യ മേഖലയിലാണ് ഉണ്ടായത്.

ഇതിൽ ഒന്ന് പത്തിയൂർ പഞ്ചായത്തിന്റെ ഭരണത്തിൻ കീഴിലാണെന്നു മാത്രം.

അങ്ങനെ പഞ്ചായത്തിലാകെ 4 ഹൈസ്കൂളും ഒരു U.P. സ്കൂളും 7 എൽ.പി. സ്കൂളും ചേർത്ത് 12 സ്കൂളുകളാണ്ടുള്ളത് ഹൈസ്കൂളിൽ എല്ലാം യു.പി. വിഭാഗവും U.P. യിൽ L.P. വിഭാഗവും ചേർന്ന് പ്രവർത്തിക്കുന്നു.

**ഭൗതിക സാഹചര്യങ്ങൾ (പട്ടിക കൊടുത്തിട്ടുണ്ട്)**

ഇവിടെ ഹൈസ്സ്കൂളുകൾ 4 ആണെന്ന് നേരത്തെ പറഞ്ഞുവല്ലോ. ഒരിടത്തും ഭൗതിക സാഹചര്യങ്ങൾ തൃപ്തികരമല്ല. ചുറ്റുമതിൽ പൂർണ്ണമല്ല. പ്രാഥമിക ആവശ്യങ്ങൾ നിറവേറ്റാനുള്ള സൗകര്യം കുറവാണ്. പഞ്ചായത്ത് ഹൈ സ്കൂളിനുമാത്രമേ പ്രത്യേകം കളിസ്ഥലമുള്ളു. ആകെ സാമഗ്രികളുടെ കാര്യത്തിലും തൃപ്തികരമായ അവസ്ഥയല്ല ഉള്ളത് പുസ്തകങ്ങൾ ധാരാളമുള്ള ലൈബ്രറികൾ ഉണ്ട് പക്ഷെ കുട്ടികൾക്ക് അത് പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല. ഗ്രന്ഥങ്ങൾ സൂക്ഷിക്കുവാൻ വേണ്ട സൗകര്യങ്ങൾ ഇല്ല. സ്കൂൾ ലൈബ്രറിക്ക് പ്രത്യേക മുറികൾ ഒരിടത്തും സൗകര്യപെടുത്തിയിട്ടില്ല. കായിക കലാരംഗങ്ങളിൽ പ്രതിഭകൾ ധാരാളമുണ്ട്. പ്രോത്സാഹനം ലഭിച്ചാൽ സംസ്ഥാന ദേശീയ തലങ്ങളിൽ അറിയപ്പെടുന്ന താരങ്ങൾ ഉണ്ടാവും അങ്ങനെ മുമ്പുണ്ടായിട്ടുള്ള ചരിത്രമുണ്ട്. സംസ്ഥാന തലത്തിലുള്ള കായിക താരങ്ങളെ വളർത്തിയെടുക്കുന്ന ചില സ്കൂളുകൾ എങ്കിലും നമ്മുടെ സംസ്ഥാനത്ത് ഉണ്ടെന്നുള്ള വസ്തുത നമ്മുക്ക് അറിയമല്ലോ. നീന്തലിന് ജില്ലാ സംസ്ഥാന തലങ്ങളിൽ മികച്ച പ്രകടനം കാഴ്ച വയ്ക്കുവാൻ കഴിയുന്ന താരങ്ങളെ വളർത്തിയെടുക്കുവാൻ പഞ്ചായത്ത് ഹൈസ്കൂളിന് കഴിയുന്നു.

പട്ടിക

പഞ്ചായത്തിലുള്ള സ്കൂളുകളിലെ ആകെ വിദ്യാർത്ഥികൾ

| വിഭാഗം | ആകെ ആൺകുട്ടികൾ | ആകെ പെൺകുട്ടികൾ | SC/ST ആൺകുട്ടികൾ | SC/ST പെൺകുട്ടികൾ | ആകെ കുട്ടികൾ |
|---|---|---|---|---|---|
| L.P. വിഭാഗം | 793 | 748 | 94 | 89 | 1549 |
| U.P. വിഭാഗം | 1035 | 882 | 107 | 90 | 1917 |
| ഹൈസ്കൂൾ വിഭാഗം 1294 | 1139 | 140 | 123 | 2433 | |
| | 3122 | 2769 | 341 | 302 | 5891 |

പട്ടിക

വിദ്യാലയ സൗകര്യങ്ങൾ (ഭൗതിക സാഹചര്യങ്ങൾ)

| സ്കൂളിന്റെ പേര് | വിസ്തീർണ്ണം | ഓഫീസ് മുറി | സ്റ്റാഫ് റൂം | ലബ് | ലൈബ്ര. | മൂത്രപ്പുര | കക്കൂസ് | പാചക മുറി | വൈദ്യു | കളി സ്ഥലം | കിണർ | പഠനോ ഉപകര. | റോഡി ..... | ടി.വി. | P.T.A. |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 Panchayath H.S. | 3 എക്കർ 85 സെന്റ് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | 1 | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | വേണ്ടത്ര ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് |
| 2. N.R.P.M.H.S. | 3 എക്കർ 5 സെന്റ് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | 1 | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല |
| 3 Ramapuram H.S. | 2 എക്കർ 20 സെന്റ് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | 3 | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | വേണ്ടത്ര ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 4 S.K.V.H.S. | 2 എക്കർ 65 സെന്റ് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | 1 | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല |
| 5 Aiswarya Pradayini U.P.S. | 1 എക്കർ 30 സെന്റ് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല |
| 6 Arattukulangara L.P.S. | 20 സെന്റ് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | വേണ്ടത്ര ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 7 Keerikkadu Govt. L.P.S. | 8.5 സെന്റ് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | 2 | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | വേണ്ടത്ര ഇല്ല | ഉണ്ട് | ഇല്ല | ഇല്ല |
| 8 S.K.V.L.P.S. Eruva East | 50 സെന്റ് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല |
| 9 M.G.M.L.P.S., Karuvattum Kuzhi | 90 സെന്റ് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | വേണ്ടത്ര ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 10 S.R.K.V.L.P.S Evoor South | 45 സെന്റ് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | 1 | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 11 M.M.K.M.L.P.S. Pathiyoorkala | 1 എക്കർ | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | 1 | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | വേണ്ടത്ര ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 12 S.K.V.L.P.S. (Govt.) Pathiyoor | 51 സെന്റ് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | 1 | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | വേണ്ടത്ര ഇല്ല | ഇല്ല | ഇല്ല | ഇല്ല |

പട്ടിക
വിദ്യാലയ വിവരങ്ങൾ

| സ്കൂളിന്റെ പേര് | മാനേജ്മെന്റ് | കുട്ടികളുടെ എണ്ണം | | SC/ST വിദ്യാർത്ഥികൾ | | അദ്ധ്യാപകർ | |
|---|---|---|---|---|---|---|---|
| | | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ |
| 1 Panchayath H.S. | Aided | 599 | 527 | 97 | 66 | 80 | 31 |
| 2. N.R.P.M.H.S. | Aided | 1203 | 853 | 62 | 67 | 18 | 47 |
| 3 Ramapuram H.S. | Govt. | 333 | 294 | 33 | 37 | 04 | 18 |
| 4 S.K.V.H.S. | Aided | 297 | 299 | 85 | 43 | 5 | 22 |
| 5 Aiswarya Pradayini U.P.S | Aided | 141 | 110 | 8 | 20 | 1 | 9 |
| 6 Arattukulangara L.P.S. | Aided | 83 | 87 | 11 | 21 - | | 6 |
| 7 Kurikkadu Govt. L.P.S. | Govt. | 115 | 101 | 15 | 11 | 2 | 6 |
| 8 S.K.V.L.P.S. Eruva East | Aided | 117 | 127 | 15 | 16 | 1 | 7 |
| 9 M.G.M.L.P.S. | Aided | 113 | 107 | 14 | 15 | 2 | 5 |
| 10 S.R.K.V.L.P.S. | Aided | 63 | 74 | 5 | 9 - | | 4 |
| 11 M.M.K.M.L.P.S. | Aided | 136 | 89 | 18 | 12 | 1 | 8 |
| 12 S.K.V.L.P.S. (Govt.) Pathiyoor | Govt. | 102 | 101 | 12 | 11 | 3 | 5 |

പട്ടിക
S.S.L.C. വിജയശതമാനം

| സ്കൂളിന്റെ പേര് | 1992-93 | | | 1993-94 | | | 1994-95 | | | 1995-96 | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | പരീക്ഷ എഴുതിയവർ | വിജയിച്ചവർ | വിജയ ശതമാനം | പരീക്ഷ എഴുതിയവർ | വിജയിച്ചവർ | വിജയ ശതമാനം | പരീക്ഷ എഴുതിയവർ | വിജയിച്ചവർ | വിജയ ശതമാനം | പരീക്ഷ എഴുതിയവർ | വിജയിച്ചവർ | വിജയ ശതമാനം |
| പഞ്ചായത്ത് ഹൈസ്കൂൾ പത്തിയൂർ | 206 | 132 | 64.1% | 210 | 82 | 39.2% | 204 | 104 | 51% | 198 | 99 | 50% |
| L.R.P.M.H.S. | 281 | 130 | 46.2% | 294 | 142 | 48.2% | 318 | 146 | 45.9% | 326 | 147 | 45% |
| രാമപുരം ഗവ: H.S. | 119 | 70 | 59% | 110 | 60 | 62% | 115 | 66 | 57% | 94 | 71 | 76% |
| S.K.V.H.S. പത്തിയൂർ | 112 | 45 | 40.1% | 95 | 26 | 27.3% | 96 | 35 | 36.5% | 96 | 20 | 20.8% |

പട്ടിക

U.P. വിഭാഗത്തിലെ വിദ്യാർത്ഥികളെയും അദ്ധ്യാപകരെയും സംബന്ധിക്കുന്ന വിവരങ്ങൾ

| സ്കൂളിന്റെ പേര് | ആകെ കുട്ടികൾ | | SC/ST കുട്ടികൾ | | അദ്ധ്യാപകർ | |
|---|---|---|---|---|---|---|
| | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ |
| 1 | 2 | 3 | 4 | 5 | 6 | 7 |
| Panchayath H.S., U.P. വിഭാഗം | 269 | 241 | 44 | 33 | 4 | 11 |
| N.R.P.M.H.S., U.P. വിഭാഗം | 381 | 303 | 33 | 22 | 6 | 14 |
| രാമപുരം H.S., U.P. വിഭാഗം | 166 | 133 | 12 | 17 | 1 | 8 |
| S.K.V.H.S., U.P. വിഭാഗം | 142 | 157 | 18 | 18 | 1 | 11 |
| ഐശ്വര്യ പ്രദായിനി U.P. | 77 | 48 | 7 | 4 | 1 | 5 |
| ആകെ | 1035 | 882 | 114 | 94 | 13 | 49 |

പട്ടിക

U.P. വിഭാഗത്തിലെ വിദ്യാർത്ഥികളെയും അദ്ധ്യാപകരെയും സംബന്ധിക്കുന്ന വിവരങ്ങൾ

| സ്കൂളിന്റെ പേര് | ആകെ കുട്ടികൾ | | SC/ST കുട്ടികൾ | | അദ്ധ്യാപകർ | |
|---|---|---|---|---|---|---|
| | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ |
| 1 | 2 | 3 | 4 | 5 | 6 | 7 |
| Aiswarya Pradayini L.P. വിഭാഗം | 64 | 62 | 5 | 2 | | 4 |
| Arattukulnagata L.P.S. | 83 | 87 | 10 | 11 | - | 6 |
| Keerikadu Govt. L.P.S. | 115 | 101 | 15 | 11 | 2 | 6 |
| S.K.V.L.P.S. Eruva East | 117 | 127 | 15 | 16 | 1 | 7 |
| M.G.M.L.P.S. Karuvattu Kuzhi | 113 | 107 | 14 | 15 | 2 | 5 |
| S.R.K.V.L.P.S. Evoor South | 63 | 74 | 5 | 9 | - | 4 |
| M.M.K.M.L.P.S. Pathiyoor Kala | 136 | 89 | 18 | 12 | 1 | 8 |
| S.K.V.L.P.S. Govt. Pathiyoor | 102 | 103 | 12 | 11 | 3 | 5 |
| ആകെ | 793 | 750 | 94 | 87 | 9 | 45 |

പഞ്ചായത്തിലെ ആകെയുള്ള ഒരു U.P. സ്കൂളാണ് ഐശ്വര്യ പ്രദായിനി. ഭൗതിക സാഹചര്യങ്ങളുടെ കാര്യത്തിൽ അത് പൂർണ്ണമായും ദരിദ്രമാണ്. 1 ഏക്കർ 30 സെന്റ് സ്ഥലം സ്കൂളിന് അവകാശപ്പെടാവുന്നതായിട്ടുണ്ടെങ്കിലും അത് മുഴുവൻ സ്കൂൾ ആവശ്യത്തിന് ഉപയോഗിക്കുവാൻ കഴിയുന്നില്ല. കുറച്ച് ലൈബ്രറി പുസ്തകങ്ങൾ ഉണ്ട്. അവ വേണ്ടവണ്ണം അടുക്കി വയ്ക്കാനുള്ള സംവിധാനം ഒന്നും ഇല്ല. ലാബ് ഇല്ല. പ്രാഥമിക ആവശ്യത്തിനുള്ള സംവിധാനം തൃപ്തികരമല്ല. വൈദ്യുതി കരിച്ചട്ടില്ല കലാകായിക രംഗത്ത് വളരെ പിന്നോക്ക അവസ്ഥയാണ്.

അടുത്തതായി L.P. വിഭാഗത്തിന്റെ അവസ്ഥ പരിശോധിക്കാം. ആകെയുള്ള 7 എണ്ണത്തിൽ നാലെണ്ണം സ്വകാര്യ മാനേജ്മെന്റിന്റെ കീഴിലുള്ളതും 3 എണ്ണം ഗവ: സ്കൂളുകളുമാണ്. ഭൗതിക സാഹചര്യങ്ങൾ ഒരിടത്തും തൃപ്തികരമല്ല ഇവയിൽ രണ്ട് സ്കൂളുകളുടെ കാര്യം എടുത്ത് പറയാതെ നിർവ്വാഹമില്ല. ആറാട്ടുകുളങ്ങര L.P.S. ആണ് ഒന്ന്. ആകെ 20 സെന്റ് സ്ഥലമാണ് സ്കൂളിന് സ്വന്തമായുള്ളത്. അതിൽ ഒരു കെട്ടിടം 170 കുട്ടികൾ 6 അദ്ധ്യാപികമാർ. നിന്ന് തിരിയാൻ ഇടമില്ല. കുടിവെള്ളത്തിന് സംവിധാനം ഇല്ല പഠനോ ഉപകരണങ്ങളും വേണ്ടത്രയില്ല. ലൈബ്രറി ഇല്ല. മറ്റൊന്ന് ഗവ: S.K.V.L.P.S. പത്തിയൂർ ആണ്. അവിടെ 51 സെന്റ് സ്ഥലമുണ്ട്. ആകെ 205 കുട്ടികൾ ഡിവിഷൻ 7 ഇപ്പോൾ നാലു ക്ലാസ്സ് നടത്താനുള്ള സൗകര്യമേയുള്ളു. ടിച്ചേഴ്സ് റൂം ഇല്ല. ആകെയുള്ള 7 സ്കൂളുകളിൽ രണ്ടണ്ണമേ വൈദ്യുതികരിച്ചിട്ടുള്ളു.

**ആകാദമിക്ക് നിലവാരം** (പട്ടിക നോക്കുക)

കഴിഞ്ഞ നാലു വർഷങ്ങളിലെ S.S.L.C. പരീക്ഷാഫലം പരിശോധിച്ചപ്പോൾ രാമപുരം ഗവ: H.S. ഒന്നാം സ്ഥാനത്തു നിൽക്കുന്നതായി കാണാൻ കഴിയുന്നു. രണ്ടാം സ്ഥാനത്ത് പഞ്ചായത്ത് H.S. ആണ് നിൽക്കുന്നത്. 3 ഉം 4 ഉം സ്ഥാനങ്ങൾ യഥാക്രമം N.R.P.M.H.S നും S.K.V.H.S. നും ആണ്. ഏറ്റവും കൂടുതൽ കുട്ടികളെ S.S.L.C. ക്ക് ഇരുത്തുന്നത് N.R.P.M. ആണെങ്കിൽ ഏറ്റവും കുറച്ച് കുട്ടികളെ ഇരുത്തുന്നത് S.K.V.H.S. ആണ്. നമ്മുടെ സ്കൂളുകളിൽ മൊത്തം 5891 വിദ്യാർത്ഥികൾ ഉണ്ട് അതിൽ 3122 ആൺകുട്ടികളും 2769 പെൺകുട്ടികളുമാണ് ഇവരിൽ 13.3% പേർ ഇക്കഴിഞ്ഞ പരീക്ഷയിൽ 30% ത്തിന് താഴെ മാർക്ക് വാങ്ങിയവരാണ്. പഞ്ചായത്തിലെ ജനസംഖ്യയിൽ പുരുഷന്മാർ കുറവും സ്ത്രീകൾ കുടുതലുമാണ് പഠിത്താക്കളുടെ കാര്യത്തിൽ മറിച്ചൊരു ചിത്രമാണ് നാം കാണുന്നത്.

**ഉച്ചക്കഞ്ഞി**

7-ാം സ്റ്റാൻഡേഡിൽ വരെ പഠിക്കുന്ന കുട്ടികൾക്കാണ് ഉച്ചക്കഞ്ഞി നൽകുന്നത്. P.T.A. ഫണ്ടില്ലാതെ കഞ്ഞി നടത്തികൊണ്ടുപോകുവാൻ കഴിയാത്ത് ഒരു സ്ഥിതി വിശേഷമാണ് നിലനിൽക്കുന്നത്.

**സ്കോളർഷിപ്പ്** (പട്ടിക നോക്കുക)

നമ്മുടെ പഞ്ചായത്തിലുള്ള സ്കൂളുകളിൽ 643 പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്. സ്കോളർഷിപ്പിന് യോഗ്യതയുള്ള 236 മുസ്ലീം പെൺകുട്ടികൾ 96-97 ൽ പഠിക്കുന്നുണ്ട്. മത്സ്യതൊഴിലാളി കുടുംബങ്ങളിൽ നിന്ന് വരുന്ന 24 കുട്ടികളും മൂന്ന് വികലാംഗരും ഉണ്ട്. ഇവർക്കെല്ലാം യഥാസമയം ലംപ്സം ഗ്രാന്റും, സ്കോളർഷിപ്പും ലഭിക്കുന്നുണ്ട്. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട. 24 കുട്ടികൾക്ക് മെരിറ്റ് സ്കോളർഷിപ്പും ലഭിക്കുന്നുണ്ട്.

**P.T.A.**

എല്ലാ സ്കൂളുകളിലും P.T.A. സജ്ജീവമാണ് എന്നാൽ പഞ്ചായത്ത് ഹൈ സ്കൂളിലെയും രാമപുരം H.S. ലെയും P.T.A. കളുടെ പ്രവർത്തനം പ്രശംസനീയമാണ്. മറ്റ് ചിലയിടത്തെ P.T.A. കളുടെ പ്രവർത്തനം തൃപ്തികരമല്ലന്ന് മനസ്സിലാക്കാം. P.T.A. നല്ല നിലയിൽ പ്രവർത്തിക്കുന്ന സ്കൂളുകളിൽ അദ്ധ്യയന രംഗത്തും കലാകായിക രംഗങ്ങളിലും സാരമായ വളർച്ച ഉണ്ടാകുന്നതായി കാണുന്നു

**മാതൃസംഗം "ക്ലാസ്സ് റും P.T.A"**

മാതൃസംഗമമങ്ങൾ എല്ലാ സ്കൂളിലും ഉണ്ട്. സജ്ജീവവുമാണ് എന്നാൽ വളരെ അത്യവശ്യമായിട്ടുള്ള ക്ലാസ്സ്റൂം P.T.A. ഒരിടത്തും ഇല്ലെന്ന് തന്നെ പറയാം. ഉള്ള ഇടങ്ങളിൽ സജ്ജീവവുമല്ല.

**നഴ്സറി സ്കൂൾ**

ഇവിടെ മൂന്ന് നഴ്സറി സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്. S.N. നഴ്സറി സ്കൂൾ, ചെറിയ പത്തിയൂർ, S.K.V. നഴ്സറി സ്കൂൾ എരുവ കിഴക്ക്, കളരിയ്ക്കൽ നഴ്സറി സ്കൂൾ ഏവൂർ തെക്ക് എന്നിവയാണ്. ഇവയ്ക്കെല്ലാം കളിക്കോപ്പുകൾ, കളിസ്ഥലം, കെട്ടിടം ശാസ്ത്രീയ നിലയിൽ പരിശീലനം നേടിയിട്ടുള്ള അദ്ധ്യാപികമാർ, ആയമാർ ഇവയെല്ലാമുണ്ട്. ഒരു സ്ഥാപനത്തിന് സ്വന്തമായി വാഹനമുണ്ട്.

**അംഗൻവാടികൾ**

പഞ്ചായത്തിൽ 25 അംഗൻവാടികൾ ആകെ യുണ്ട്. പഞ്ചായത്തിലുള്ള 2454 കുട്ടികളിൽ 750 കുട്ടികളെ മാത്രമേ ഇവയിൽ ചേർക്കാൻ കഴിഞ്ഞിട്ടുള്ള ഇവയോടനുബന്ധിച്ചുള്ള മാതൃസംഗമങ്ങൾ സജ്ജീവങ്ങളാണ്.

**ആശാൻ പള്ളികൾ (കുടിപ്പള്ളിക്കൂടങ്ങൾ)**

ഇവിടെ 50 ൽ കൂടുതൽ കുടിപ്പള്ളിക്കൂടങ്ങൾ ഉണ്ട്. സ്വന്തമായി സ്ഥലവും കെട്ടിടവും ഉള്ളവ ചുരുങ്ങും.

**സ്കൗട്ട് / ഗൈഡ് യൂണിറ്റുകൾ**

വിദ്യാർത്ഥികളിൽ സേവന മനോഭാവം, സാഹോദര്യം, അർപ്പണബോധം, കർത്തവ്യ ബോധം, സത്യസന്ധത എന്നീ ഗുണവിശേഷങ്ങൾ വളർത്തുന്നതിന് ഏറ്റവും പറ്റിയ ഒരു പ്രസ്ഥാനമാണിത്. പഞ്ചായത്തിലുള്ള എല്ലാ ഹൈസ്കൂളുകളിലും U.P. സ്കൂളിലും ഇതിന്റെ യൂണിറ്റുകൾ പ്രവർത്തിക്കുന്നു. പഞ്ചായത്ത് H.S. ലെ ചില സകൗട്ടുകൾക്ക് ഇന്ത്യൻ പ്രസിഡന്റിന്റെ പക്കൽ നിന്ന് മെഡൽ ലഭിച്ചിട്ടുണ്ട്.

**സയൻസ് കോർണർ**

നമ്മുടെ പഞ്ചായത്തിൽ ഒരു സ്കൂളിലും സയൻസ് കോർണർ പ്രവർത്തിക്കുന്നില്ല

**കാർഷിക യൂണിറ്റ്**

കാർഷിക യൂണിറ്റ് ഒരിടത്തും സജീവമല്ല. പഞ്ചായത്ത് ഹൈസ്കൂളിൽ ഈ യൂണിറ്റ് കാര്യമായി പ്രവർത്തിച്ചിരുന്നു എന്നാൽ ഇപ്പോൾ ഇതിന്റെ പ്രവർത്തനം തൃപ്തികരമല്ല.

**സാക്ഷരതാ പ്രവർത്തനം**

കേരളത്തിൽ ഏറ്റവും നന്നായി സാക്ഷരതാ പ്രവർത്തനം നടത്തിയിട്ടുള്ള പഞ്ചായത്തുകളിൽ ഒന്നാണ് പത്തിയൂർ പഞ്ചായത്ത്. ഇവിടെ മൂന്ന് ജന വിദ്യാകേന്ദ്രങ്ങളുടെ കീഴിലായി 40 ഓളം അക്ഷര സംഘങ്ങൾ പ്രവർത്തിക്കുന്നു. ഇപ്പോൾ പ്രവർത്തനം അൽപ്പം മന്ദഗതിയിലാണ്. ചിലയിടങ്ങളിൽ കണ്ടൻസ്ഡ് കോഴ്സുകൾ നടക്കുന്നുണ്ട്.

**പ്രശ്നങ്ങൾ**

1. പഞ്ചായത്ത് ഹൈസ്കൂളിൽ ഒഴിച്ച് മറ്റൊരിടത്തും പ്രത്യേകം കളിസ്ഥലമില്ല.

2. ലൈബ്രറി പ്രവർത്തനം തൃപ്തികരമല്ല.

3. റീഡിംഗ് റൂം ഒരിടത്തും ഇല്ല

4. ലബോറട്ടറി സൗകര്യങ്ങൾ തൃപ്തികരമല്ല

5. പാചകമുറി മിക്കയിടത്തും ഇല്ല

6. ചില സ്കൂളുകളിൽ പ്രാഥമിക ആവശ്യം നിറവേറ്റാൻ സൗകര്യമില്ല.

7. ഒരു സ്കൂളിൽ കുടി വെള്ള സൗകര്യമില്ല

8. അർഹരായ എല്ലാ കുട്ടികൾക്കും ഉച്ചഭക്ഷണം കിട്ടുന്നില്ല.

9. ഉച്ചക്കഞ്ഞി വയ്ക്കുന്നവർക്ക് മാന്യമായ കൂലി ലഭിക്കുന്നില്ല.

10. സ്കോളർഷിപ്പ്, ലംപ്സം ഗ്രാന്റ്, പെൻഷനുകൾ ഇവ മാറിവരുന്ന വില സൂചികയുമായി വർഷം തോറും പൊരുത്തപ്പെടുത്തുന്നില്ല.

11. ഒന്നാം ക്ലാസ്സ് മുതൽ മുസ്ലിം പെൺകുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുന്നില്ല

12. പി.റ്റി.എ. എല്ലാ സ്കൂളിലും ശക്തമല്ല.

13. പ്രവൃത്തി പരിചയം എല്ലാ സ്കൂളിലും ലക്ഷ്യബോധത്തോടെ പ്രവർത്തിക്കുന്നില്ല

14. നഴ്സറി സ്കൂളിന്റെ പ്രവർത്തനത്തിൽ ഐകരൂപ്യം ഇല്ല.

15. കുടിപ്പള്ളിക്കൂടങ്ങൾക്ക് പ്രോത്സാഹനം ലഭിക്കുന്നില്ല.

16. സാക്ഷരതാ പ്രവർത്തനത്തിന്റെ കാര്യത്തിൽ ശ്രദ്ധിക്കുന്നില്ല.

17. ജില്ലാ സംസ്ഥാന തലങ്ങളിലേക്ക് പ്രതിഭയുള്ള കായിക താരങ്ങളെ സംഭാവന ചെയ്യത്തക്ക തരത്തിലുള്ള പരിശീലനം കുട്ടികൾക്ക് നൽകുന്നില്ല.

18. പഞ്ചായത്തിലുള്ള സ്കൂളുകളിൽ കുട്ടികളുടെ എണ്ണം (പ്രത്യേകിച്ച് പെൺകുട്ടികളുടെ) വർഷം തോറും കുറഞ്ഞ് വരുന്നു.

19. സയൻസ് കോർണർ, കാർഷിക യൂണിറ്റ് ഇവ സ്കൂളുകളിൽ സജ്ജീവമായി പ്രവർത്തിക്കുന്നില്ല.

**സാദ്ധ്യതകൾ**

1. കഴിഞ്ഞ നാലുവർഷങ്ങളിലെ വിദ്യാർത്ഥികളുടെ എണ്ണം പരിശോധിക്കുമ്പോൾ U.P., H.S. വിഭാഗങ്ങളെ അപേക്ഷിച്ച് L.P. വിഭാഗത്തിൽ ഗണ്യമായ കുറവ് അനുഭവപ്പെട്ടു കൊണ്ടിരിക്കുന്നതായി കാണാൻ കഴിയുന്നു. ഈ പ്രതിഭാസം അനുസ്യൂതം തുടരുകയാണ്. പൊതുവിദ്യാഭ്യാസ രംഗത്തിന് വെല്ലുവിളി ഉയർത്തുന്ന ഈ പ്രക്രിയ നിരുത്സാഹപ്പെടുത്തിയേ മതിയാകു.

2. സ്കൂളിലെ അക്കാദമിക് നിലവാരം മെച്ചപ്പെടുത്തണം. പഞ്ചായത്ത് തലത്തിലുള്ള വിദഗ്ധ വ്യക്തികൾ, P.T.A., മാതൃസംഗമം, അദ്ധ്യാപക പ്രതിനിധികൾ, പഞ്ചായത്ത് പ്രസിഡന്റ് എന്നിവർ ഉൾക്കൊള്ളുന്ന ഒരു വിദഗ്ധ സംഘത്തിന്റെ മേൽ നോട്ടത്തിൽ സ്കൂൾ കോംപ്ലക്സ് നടപ്പാക്കണം.

3. സ്പോർട്സ്, ഗെയിംസ്, ഇവയിൽ നിരന്തര പരിശീലനം കുട്ടികൾക്ക് ലഭ്യമാക്കണം. പ്രൈമറി തലം മുതൽ ഇത് ആരംഭിക്കണം. സ്കൂളുകൾ തമ്മിൽ തന്നെ ചിലയിനങ്ങളിൽ മത്സരം ഏർപ്പെടുത്തണം.

4. പഞ്ചായത്ത്തലത്തിൽ വർഷത്തിൽ ഒരിക്കലെങ്കിലും സ്കൂളുകളുടെ കായിക മത്സരങ്ങൾ ഏർപ്പെടുത്തണം.

5. എല്ലാ സ്കൂളിലും സ്വന്തമായോ അല്ലാതെയോ കായിക പരിശീലനത്തിനുള്ള സൗകര്യം ഉറപ്പാക്കണം.

6. പ്രാഥമിക ആവശ്യത്തിനുള്ള സൗകര്യം ഇല്ലാത്ത ഇടങ്ങളിൽ അതുണ്ടാക്കണം.

7. കുടിവെള്ള സംവിധാനം ഇല്ലാത്തിടത്ത്. അത് ഉണ്ടാക്കണം.

8. ഹൈസ്കൂളുകളിൽ ആൺ കുട്ടികൾക്ക് പെൺ കുട്ടികൾക്കും പ്രത്യേകം പ്രത്യേകം ഫിസിക്കൽ എഡ്യുക്കേഷൻ അദ്ധ്യാപകർ ഉണ്ടാകണം.

9. ലാബ്, ലൈബ്രറി ഇവ ഇല്ലാത്ത കുറവ് അടുത്തുള്ള ഹൈസ്കൂൾ നികത്തുന്ന സമ്പ്രദായം നടപ്പാക്കണം.

10. ഓരോ സ്കൂളിലും വായനയ്ക്ക് പ്രത്യേക മുറികളും അതിൽ കുട്ടികൾക്ക് പരിശീലനവും നൽണം.

11. അംഗൻവാടികളുടെ പ്രവർത്തന ലക്ഷ്യത്തെ കുറിച്ച് ബോധവൽക്കരണം നടത്തണം.

12. സ്വന്തമായി സ്ഥലവും കെട്ടിടവുമില്ലാത്ത അംഗൻവാടികൾക്ക് അതുണ്ടാകണം.

13. നമ്മുടെ വിദ്യാഭ്യാസ നിലവാരം അഖിലേന്ത്യാ നിലവാരത്തിലും താഴെയാണ് നിൽക്കുന്നത്. അഖിലേന്ത്യാ പരീക്ഷകളിൽ നമ്മുടെ വിദ്യാർത്ഥികൾ പിൻതള്ളപ്പെടുന്നു നമ്മുടെ രക്ഷിതാക്കൾ മക്കൾക്ക് റാങ്ക് വാങ്ങാൻ നെട്ടോട്ടം ഓടുന്നതിനിടയിൽ വിദ്യർത്ഥി വിദ്യാർത്ഥി അല്ലാതാകുന്നു. അന്വേഷണ ബുദ്ധി, വിജ്ഞാന ദാഹം, വായനാശീലം എന്നീ അടിസ്ഥാന ഗുണങ്ങൾ വിദ്യാർത്ഥികൾക്ക് അന്യമായിരിക്കുന്നു. നിലവാര തകർച്ചയ്ക്കുള്ള പരിഹാരം യഥാർത്ഥ വിദ്യാർത്ഥികൾ ഉണ്ടാകുക എന്നുള്ളത് തന്നെയാണ്. എന്താണ് ഇതിനുള്ള മാർഗ്ഗം? നമ്മുക്ക് കൂട്ടായി ചിന്തിക്കാം.

14. ഇപ്പോൾ സ്കൂളികളില്ലാത്ത വാർഡുകളിൽ സ്കൂളുകൾ തുടങ്ങാനുള്ള സാദ്ധ്യത ആരായണം.

15. പത്താം വാർഡിലെ M.G.M.L.P.S. ന്റെ ശോച്യാവസ്ഥ പരിഹരിച്ച് U.P.S. ആക്കണം.

16. പഞ്ചായത്ത് ഹൈസ്കൂൾ, രാമപുരം ഗവ: ഹൈസ്കൂൾ എന്നിവിടങ്ങളിൽ പ്ലസ് ടൂ ആരംഭിക്കണം.

17. പഞ്ചായത്തിൽ സൗകര്യം കണ്ടെത്തി സാങ്കേതിക വിദ്യാലയങ്ങൾ ആരംഭിക്കണം.

18. കീരിക്കാട് ഗവ: L.P.S. ന്റെ കെട്ടിടത്തിന്റെ ഒരു ഭാഗം, മതിൽ എന്നിവ N.H. 47 ന്റെ ആവശ്യത്തിന് വേണ്ടി സ്ഥലമെടുത്തപ്പോൾ നഷ്ടപ്പെട്ടു. ആ കുറവ് പരിഹരിക്കണം.

19. സാക്ഷരതാ രംഗം സജ്ജീവമാക്കണം. നവസാക്ഷരരും 35 വയസ്സിനു താഴെയുള്ളവരുമായ എല്ലാവർക്കും പ്രൈമറി വിദ്യാഭ്യാസം നൽകണം അവരിൽ താൽപ്പര്യമുള്ളവരെ ഘട്ടം ഘട്ടമായി S.S.L.C. വരെ എത്തിക്കുകയും അവരിൽ തന്നെ താൽപ്പര്യമുള്ളവരെയും പ്രായം കുറഞ്ഞവരെയും ഉന്നത വിദ്യാഭ്യാസത്തിന് പ്രാപ്തരാക്കുകയും ചെയ്യണം.

20. ഇവിടെയുള്ള ഒരു സ്കൂളിലും സയൻസ് കോർണർ പ്രവർത്തിക്കുന്നില്ല. വിദ്യാർത്ഥികളുടെ ശാസ്ത്രീയ ബോധം വളർത്തുന്നതിനും അവരിൽ ശാസ്ത്രാഭിമുഖ്യം ജനിപ്പിക്കുന്നതിനും ഇതുപോലയുള്ള യൂണിറ്റുകൾ ആരംഭിച്ച് പ്രവർത്തിക്കേണ്ടതാണ്.

21. തികച്ചും കാർഷിക ഗ്രാമമാണല്ലോ നമ്മുടേത്. കൃഷിയിൽ ഒരു ആഭിമുഖ്യം വളർത്തിയെടുക്കുന്നതിനും കൃഷി ചെയ്യുന്നത് മാന്യമായ ഒരു കാര്യമാണെന്നുള്ള ബോധം ഉണ്ടാകുന്നതൊടൊപ്പം ഉൽപ്പാദനവ രംഗത്ത് തങ്ങളും പങ്കാളികൾ ആണെന്ന് സാഭിമാനം ചിന്തിക്കുന്നതിനും കുട്ടികൾക്ക് അവസരം ഉണ്ടാക്കുന്ന ഒന്നാണ് കാർഷിക യൂണിറ്റ്. സ്കൂളുകളിൽ ഇത് സജ്ജീവമാക്കണം.

### ഗ്രന്ഥശാലകൾ

അനൗപചാരികവിദ്യാഭ്യാസ രംഗത്ത് അമൂല്യ സംഭാവനകൾ നൽകികൊണ്ട് 3 ഗ്രന്ഥശാലകൾ നമ്മുടെ പഞ്ചായത്തിൽ നിൽക്കുന്നുണ്ട്. പത്താം വാർഡിൽ സ്ഥിതി ചെയ്യുന്ന ശ്രീമൂല രാജവിജയം വായനശാലയ്ക്ക് ശ്രീമൂലം തിരുനാളിന്റെ കാല ത്തോളം പഴമ അവകാശപ്പെടുന്നു. ഇതിന്റെ സ്ഥാപ കൻ യശ: ശരീരനായ ശ്രീ കെ. ആർ. ഗോവിന്ദപിള്ള ആയിരുന്നു. വളരെ പഴക്കമുള്ള താളിയോല ഗ്രന്ഥ ങ്ങൾ അത്യാധുനികങ്ങളായവ വരെയുള്ള പരസ ഹസ്രം ഗ്രന്ഥങ്ങൾകൊണ്ട് സമ്പന്നമായ ആ സര സ്വതി ക്ഷേത്രത്തിൽ എത്തുന്നവരുടെ വിജ്ഞാന ക്ഷുത്ത് അടക്കാൻ അതിന് കഴിയുന്നുണ്ട്. 3-ാം വാർഡിൽ സ്ഥിതി ചെയ്യുന്ന ദേശാഭിവർദ്ധിനി ഗ്രന്ഥ ശാലയും പഞ്ചായത്തിന്റെ സാംസ്കാരിക കേന്ദ്രവു മാണ് മറ്റുള്ള രണ്ടെണ്ണം. സ്വന്തമായി സ്ഥലവും കെട്ടി ടവും ഇവയ്ക്കുണ്ട് നാട്ടുകാരുടെ സഹായ സഹക രണം ഉണ്ടെങ്കിലും വളരെയധികം സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്ന ഗ്രന്ഥശാലയാണ് ദേശാ ഭിവർദ്ധിനി ഗ്രന്ഥശാല. യശ: ശരീരനായ വാഴശ്ശേരിൽ ശ്രീ. കെ. ജി. കേശവ പിള്ള സ്ഥലം സംഭാവന ചെയ്ത് ആരംഭിച്ച ഗ്രാമോദ്ധാരണ യുവജന സമാജം വായനശാലയാണ് ഇന്നത്തെ പത്തിയൂർ പഞ്ചായത്ത് സാംസ്കാരിക കേന്ദ്രം ഭൗതിക സാഹചര്യങ്ങളുടെ കാര്യത്തിൽ സമ്പന്നമായ ഈ സ്ഥാപനം കൂടുതൽ പുരോഗതിക്കേണ്ടതുണ്ട്.

പട്ടിക
ഗ്രന്ഥശാലകളുടെ വിവരം

| ഗ്രന്ഥശാലകളുടെ പേര് | സ്ഥാപിച്ച വർഷം | രജിസ്റ്റർ നമ്പർ | പുസ്തകങ്ങളുടെ എണ്ണം |
|---|---|---|---|
| 1 | 2 | 3 | 4 |
| ശ്രീമൂലരാജവിജയം, രാമപുരം | 1917 | 1617 | 12500 |
| ദേശാഭിവർദ്ധിനി, പത്തിയൂർ | 1943 | 770 | 9958 |
| പഞ്ചായത്ത് സാംസ്കാരിക കേന്ദ്രം, കരീലക്കുളങ്ങര | 1990 | 1013 | 2900 |

### പ്രശ്നങ്ങൾ

1. കൂടുതലായി അംഗങ്ങളെ ചേർക്കാനുള്ള സംരഭം നടക്കുന്നില്ല. വനിതകൾ വളരെ അകന്നു നിൽക്കുന്നു.

2. പുസ്തകങ്ങൾ വർഷാവർഷം നശിച്ചു കൊണ്ടിരിക്കുന്നു.

3. വരുമാനം പേരിനു മാത്രമാകുന്നു.

4. പരിചയ സമ്പന്നരായ ലൈബ്രേറിയൻമാരില്ല്

### സാദ്ധ്യതകൾ

1. യുവതീയുവാക്കളെ ആകർഷിക്കുവാനുള്ള പരിപാടികൾ അവിഷ്കരിക്കണം. അവരുടെ ചിന്താമണ്ഡലത്തെ ഉണർത്തി വായനയുടെ ലോകത്തിലേക്ക് നയിക്കുവാനുള്ള പരിപാടികൾ ആലോചിച്ച് നടപ്പാക്കണം. ഇതിന് ഈ രംഗത്ത് വൈദഗ്ധ്യം ഉള്ളവരുടെ സേവനം ഉപയോഗപ്പെടുത്തണം.

2. മറ്റു മണ്ഡലത്തിൽ എന്ന പോലെ ഈ രംഗത്തും സ്ത്രീ പങ്കാളിത്വം ഉറപ്പുവരുത്തണം. അതിന് സ്ത്രീകൾ തന്നെ മുന്നോട്ട് വന്നേ പറ്റു.

3. പുസ്തകങ്ങൾ കേട് വരാതെ സൂക്ഷിക്കുവാനുള്ള സൗകര്യങ്ങൾ ഗ്രന്ഥ ശാലകൾക്ക് ലഭ്യമാക്കണം.

4. ആകർഷകമായ ശമ്പളം നൽകി പരിശീലനം ലഭിച്ച ലൈബ്രേറിയന്മാരെ നിയമിക്കണം.

5. സാംസ്കാരിക കേന്ദ്രത്തിന്റെ പ്രവർത്തനത്തിൽ കൂടുതൽ ജന പങ്കാളിത്തം ഉറപ്പാക്കണം.

6. ഇന്ന് ശ്രീമൂലരാജവിജയം വായനശാലയിൽ പ്രവർത്തിക്കുന്നതു പോലെ പോൽ സഞ്ചരിക്കുന്ന ഗ്രന്ഥശാല മറ്റുള്ള ഇടങ്ങളിലും വ്യാപിപ്പിക്കണം.

### കലാകായിക രംഗം

തിളക്കമാർന്ന സാംസ്കാരിക പാരമ്പര്യം കേരളത്തിനുണ്ട്. പത്തിയൂർ പഞ്ചായത്തിനും ഒരു ഉറച്ച് സാംസ്കാരിക പശ്ചാത്തലമുണ്ട്. കേരളത്തിന് സ്വന്തമെന്ന് അവകാശപ്പെടാവുന്ന കഥകളി, തുള്ളൽ എന്നീ കലകൾക്ക് ദേശീയവും അന്തർദേശിയവുമായ പ്രശസ്തി ഉണ്ടാക്കിയ കലാകാരന്മാരിൽ പലരുടെയും ജന്മദേശം പത്തിയൂർ ആണ്. കേരള കലാമണ്ഡലത്തിന്റെ പുരസ്കാരവും കുഞ്ചൻ നമ്പ്യർ

അവാർഡും നേടിയ ഏവൂർ ദാമോദരൻ നായർ പത്തിയൂരിന്റെ അഭിമാനമാണ്. കഥകളിയിൽ പ്രശസ്തരായ കലാകാരന്മാർ ഇന്നും ഈ രംഗത്ത് സജ്ജീവമായി പ്രവർത്തിക്കുന്നുണ്ട് ഇത്രയേറെ അഭിമാനകരമായ ഒരു പശ്ചാത്തലമുണ്ടായിട്ടും ഇവിടെ കലാസമിതികൾ ചാപിള്ളകളായി പിറന്ന് മറയുകയാണ്. പഞ്ചായത്തിൽ ആകെ പരിശോധിച്ചാൽ ഒന്നു രണ്ടും മൂന്നും വാർഡുകളിൽ വോയ്സ് ഓഫ് ഏവൂർ, മൂന്നാം വാർഡിൽ ദേശാഭിവർദ്ധിനി ആർട്സ് & സ്പോർട്സ് ക്ലബ്ബ് നാലാം വാർഡിൽ അർച്ചന, അഞ്ചാം വാർഡിൽ A & S ഏഴാം വാർഡിൽ P.A.S.C. പത്താം വാർഡിൽ അർച്ചന, പുലരി, പന്ത്രണ്ടാം വാർഡിൽ S.N.A. & S എന്നീ കലാകായിക സമിതികളാണ് കാണാൻ കഴിയുക. ഇവയിൽ പലതും വാർഷികത്തിന് മുഖം കാണിച്ച് മറയുന്നവയാണ്.

**പ്രശ്നങ്ങൾ**

1. കലാകായിക താരങ്ങളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിനുള്ള സംവിധാനം പഞ്ചായത്തിൽ ഇല്ല.

2. അങ്ങിങ്ങ് ഉണ്ടാകുന്ന കലാസമതികളെയും കലാകായിക താരങ്ങളെയും ഊട്ടി വളർത്താനുള്ള പ്രവണത ഇവിടെയില്ല

3. ഈ രംഗത്തേക്ക് കൂടുതൽ യുവതി യുവാക്കളെ ആകർഷിക്കാൻ കഴിയുന്നില്ല.

4. ഗ്രാമീണ യുവതികൾ ഈ രംഗത്തേക്ക് കടന്ന് വരാൻ അറയ്ക്കുന്നു.

5. അർഹതയുള്ള സംഘടനകൾക്ക് സാമ്പത്തിക സഹായം നൽകുന്നില്ല.

**സാദ്ധ്യതകൾ**

1. സ്കൂൾ തലത്തിലും സബ് ജില്ലാ തലത്തിലും കലാകായിക മത്സരങ്ങൾ നടക്കുന്നതു പോലെ വാർഡ് തലത്തിലും പഞ്ചായത്ത് തലത്തിലും മത്സരങ്ങൾ സംഘടിപ്പിക്കണം. വിജയികൾക്ക് ആകർഷകങ്ങളായ സമ്മാനങ്ങൾ നൽകണം. പ്രതീക്ഷ അർപ്പിക്കാവുന്നവരെ കണ്ടെത്തി പരിശീലനം നൽകി നാടിന്റെ മുതൽകൂട്ടാക്കണം.

2. പുരാതന കലകളായ പുള്ളുവൻപാട്ട്, ഓട്ടൻ തുള്ളൽ, കാക്കാരിശി നാടകം, നാടോടിപ്പാട്ട്, തോറ്റം പാട്ട് ഇവ തനിമ നഷ്ടപ്പെടാതെ നിലനിർത്തുന്നതിനുള്ള പരിപാടികൾ അവിഷ്കരിക്കണം.

3. പഞ്ചായത്തിലെ കവികൾ, കഥാകാരന്മാർ മറ്റ് സാഹിത്യ ശാഖയിൽ ഉള്ളവർ ചിത്രകാരന്മാർ, ശിൽപ്പികൾ അഭിനേതാക്കൾ പാട്ടുകാർ തുടങ്ങിയവർക്ക് മാസത്തിലൊരിക്കല്ലെങ്കിലും ഒന്നിച്ചു കൂടുവാനുള്ള അവസരം ഉണ്ടാക്കണം.

4. പഞ്ചായത്തിൽ കലാകായിക രംഗങ്ങളിൽ ജീവിച്ചിരുന്നിട്ടുള്ളവരുടേയും ഇപ്പോൾ ജീവിച്ചിരിക്കുന്നവരുടേയും ചിത്രങ്ങൾ ഗ്രന്ഥശാലകളുടെ ഹാളിൽ പ്രദർശിപ്പിക്കണം.

5. സ്കൂളുകളിലെ കലാകായിക രംഗവും പഞ്ചായത്തിലെ ആ രംഗവും അനുപൂരകങ്ങളായി പ്രവർത്തിക്കുന്നതിന് വേദി ഒരുക്കണം. 6. 12 വാർഡിലും ഓരോ കായിക കലാസംഘടന ഉണ്ടാക്കുകയും പൊതുവിൽ അവയ്ക്ക് ഒരു ഭരണ സമിതി ഉണ്ടാക്കുകയും വേണം.


7. ഈ രംഗത്ത് തഴക്കവും പഴക്കവുമുള്ളവർ പഞ്ചായത്തിലുണ്ട്. അവരുടെ സേവനം ഈ മേഖലയുടെ വളർച്ചയ്ക്ക് ഉപയോഗപ്പെടുത്തണം.

8. പഞ്ചായത്തിൽ ഒരു ഫിലിം സൊസൈറ്റി ഉണ്ടാക്കണം നല്ല സിനിമ കാണാൻ അവസരം ഉണ്ടാക്കണം.

9. 1, 2, 3 വാർഡുകൾ കേന്ദ്രീകരിച്ച് മാതൃകാ പരമായി പ്രവർത്തിക്കുന്ന വോയീസ് ഓഫ് ഏവൂരിനെ പോലെ പ്രവർത്തിക്കുന്ന ക്ലബ്ബുകളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കണം.

അധികാരം ജനങ്ങളിലേക്ക്

# പാർപ്പിടം




തലചായ്ക്കാൻ ഇടമില്ലാതെ എന്നുള്ളത് മനുഷ്യ ദുഖങ്ങളിൽ വലുതാണ്. തലചായ്ക്കാൻ ഒരിടം ഉണ്ടാകുന്നത് മനുഷ്യ മോഹങ്ങളിൽ വലുതും പലർക്കും അത് ഒരു വൃതാമോഹവുമായിരുന്നു. എന്നാൽ ഇന്ന് പാർപ്പിടം ഉണ്ടാക്കി കൊടുക്കുന്നത് സമൂഹത്തിന്റെയും സർക്കാരിന്റെയും കടമയാണെന്ന ബോധം വളർന്നു വന്നിട്ടുണ്ട്. അതിന്റെ ഫലമായി ഗവ: ലക്ഷം വീട് പദ്ധതി നടപ്പിലാക്കി. ഇന്ന് പലരീതിയിൽ പല ഭവന നിർമ്മാണ പദ്ധതികളും നടപ്പാക്കി കൊണ്ടിരിക്കുന്നു.

ഭവനം കാലദേശ വ്യത്യാസമോ, ജാതിമത വ്യത്യാസമോ കൂടതെ എല്ലാവർക്കും ലഭ്യമാകണം. ശാസ്ത്ര സാങ്കേതിക പരീക്ഷണങ്ങളുടെ ഫലമായി ഭവന നിർമ്മാണ രംഗത്ത് പല സാങ്കേതിക വിദ്യകളും ഉരുത്തിരിഞ്ഞ് വന്നിട്ടുണ്ട്. ഈ രംഗത്ത് പ്രവർത്തിക്കുന്ന പല ഏജൻസികളും ഇന്ന് നിലവിലുണ്ട്. സംസ്ഥാന ഭവന നിർമ്മാണ ബോർഡ്, നിർമ്മിതി കേന്ദ്രം, നാഷണൽ ബിൽഡിംഗ് റിസർച്ച് ഇൻസ്റ്റിട്ട്യൂട്ട് എന്നിവയിൽ ചിലത് മാത്രം എന്നാൽ വാണം പോല ജനസംഖ്യ കുതിച്ചു കയറുമ്പോൾ അതിന്റെ ഒപ്പം എത്തി നിൽക്കാൻ ഭവനിർമ്മാണ പദ്ധതികൾക്കൊന്നും കഴിയുന്നില്ല.

വീട് നിർമ്മാണത്തെ കുറിച്ച് ഓർക്കുമ്പോൾ നാം ഒന്ന് അറിയണം താമസിക്കുന്ന ആളിന്റെ യോഗ്യതയിലാണ് വീടിന്റെ ശ്രേഷ്ഠത അല്ലാതെ ദുർവ്യയം ചെയ്തല്ല മഹത്വവും ആദരവും നേടേണ്ടത്. നമ്മുടെ വലുപ്പത്തിലാണ് വീടിന്റെ വലിപ്പം - എന്നറിയുക. വീട് നിർമ്മാണം ചിലവ് കുറഞ്ഞതായിരിക്കണം. വർദ്ധിച്ചു വരുന്ന സാധന വിലയും പണികൂലിയും വീട് പണിയാൻ ബുദ്ധിമുട്ടുന്ന സാധാരണ ജനങ്ങൾ അറിഞ്ഞിരിക്കേണ്ട കാര്യമാണിത്.

ദ്രുതഗതിയിലുള്ള ജനസംഖ്യാ വർദ്ധനവിനോടൊപ്പം നിൽക്കാൻ പാർപ്പിട്ട നിർമ്മാണ രംഗത്തുള്ള നമ്മുടെ പ്രവർത്തനം തൃപ്തികരമാകുന്നുല്ല. അഖിലേന്ത്യ തലത്തിൽ 1901 ൽ നാം പണിത വീടുകളുടെ എണ്ണം 47 ദശലക്ഷം. 1971 ൽ ഇത് 92 ദശലക്ഷം. എന്നാൽ ഇതേ കാലയളവിൽ ജനസംഖ്യ 238 ദശലക്ഷത്തിൽ നിന്നും 548 ദശലക്ഷമായി വർദ്ധിച്ചു. അതായത് 70 വർഷം കൊണ്ട് 45 ദശലക്ഷം വീടുകൾ പണിതപ്പോൾ ജനസംഖ്യാ 310 ദശലക്ഷമായി വർദ്ധിച്ചു.

നമ്മുടെ പഞ്ചായത്തിൽ ആകെ 8721 വീടുകൾ ഉണ്ട് പഞ്ചായത്ത് രജിസ്റ്റർ അനുസരിച്ച് നികുതി ചുമ

പട്ടിക I

**പത്തിയൂർ പഞ്ചായത്തിലെ ഭവനങ്ങളുടെ മേൽകൂരയുടെ സ്ഥിതി വിവര പട്ടിക**


**(1996 ലെ കെട്ടിട നികുതി രജിസ്റ്റർ പ്രകാരം)**

| വാർഡ് | ടെറസ്സ് | ഓട് | ടെറ്സ് ഓട് | ഇരുനില | കുടിൽ (ഓലപ്പുര) | ആകെ |
|---|---|---|---|---|---|---|
| I | 15 | 415 | 87 | 9 | 112 | 638 |
| II | 12 | 352 | 59 | 3 | 119 | 486 |
| III | 30 | 450 | 91 | 11 | 240 | 822 |
| IV | 27 | 433 | 132 | 12 | 152 | 756 |
| V | 26 | 400 | 128 | 10 | 165 | 729 |
| VI | 33 | 402 | 42 | 8 | 137 | 622 |
| VII | 20 | 430 | 172 | 12 | 179 | 813 |
| VIII | 25 | 456 | 207 | 15 | 158 | 861 |
| IX | 25 | 428 | 320 | 13 | 97 | 883 |
| X | 20 | 560 | 213 | 10 | 105 | 918 |
| XI | 15 | 345 | 170 | 5 | 164 | 699 |
| XII | 8 | 334 | 34 | - | 52 | 394 |

പട്ടിക II

**പത്തിയൂർ പഞ്ചായത്തിലെ കഴിഞ്ഞ മൂന്ന് വർഷത്തെ വാർഷിക പാർപ്പിട വർദ്ധന**

| വാർഡ് | വർഷം | | | വർദ്ധന |
|---|---|---|---|---|
| | 1993- 1994 | 1994- 1995 | 1995- 1996 | |
| I | 618 | 623 | 638 | 20 |
| II | 459 | 470 | 486 | 27 |
| III | 782 | 803 | 822 | 40 |
| IV | 730 | 740 | 756 | 36 |
| V | 701 | 713 | 729 | 28 |
| VI | 605 | 614 | 622 | 17 |
| VII | 757 | 776 | 813 | 56 |
| VIII | 924 | 936 | 961 | 37 |
| IX | 844 | 856 | 883 | 39 |
| X | 876 | 895 | 918 | 42 |
| XI | 666 | 678 | 699 | 39 |
| XII | 378 | 385 | 394 | 16 |
| | | ആകെ | 8721 | |




വികസനത്തിന്റെ മുഖ്യ ലക്ഷ്യം സാമൂഹ്യക്ഷേമമാണ്. ഭക്ഷണം, വസ്ത്രം, പാർപ്പിടം എന്നീ പ്രാഥമിക ആവശ്യങ്ങൾ എല്ലാവർക്കും ഉറപ്പു വരുത്തിയെങ്കിൽ മാത്രമേ, സാമൂഹ്യ ക്ഷേമം കൊവരുത്തുവാൻ കഴിയുകയുള്ളു.

ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള പാവപ്പെട്ടവർ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾ എന്നിവരുടെ ജീവിത നിലവാരം ഉയർത്തുന്നതിനും അവരുടെ ഭാതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമായി കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ പല പദ്ധതികളും അവിഷ്കരിച്ച് നടപ്പാക്കുന്നുണ്ട്. അതിൽ പ്രധാനപ്പെട്ട ഒന്നാണ് IRDP. ഇതനുസരിച്ച് വിവിധ തൊഴിൽ അവസരങ്ങൾ ആവിഷ്കരിക്കപ്പെടുന്നു. ഡയറി യൂണിറ്റ്,. കയർ റാട്ട്, വള്ളം, പെട്ടികട, തയ്യൽ യൂണിറ്റ്, ടീ ഷോപ്പ്, കച്ചവടം തുടങ്ങിയ സംരംഭങ്ങൾ ഈ പദ്ധതി പ്രകാരം പത്തിയൂർ പഞ്ചായത്തിലും നടപ്പാക്കിയിട്ടുണ്ട്.

IRDP സ്കീമിൽ പത്തിയൂർ, കരീലക്കുളങ്ങര സർക്കിൾ ഉൾപ്പെട്ട പത്തിയൂർ പഞ്ചായത്തിലെ ഉപഭോക്തക്കളുടെ വിവവരം താഴെ കൊടുക്കുന്നു. 1991 -1996 വരെയുള്ള വർഷങ്ങളിലെ കണക്കാണ് സൂചിപ്പിക്കുന്നത്.,

# പാർപ്പിടം

| ക്രമ നമ്പർ | വർഷം | ലോൺ വാങ്ങിയവർ | ലോൺ തുക | സബ്സിഡി |
|---|---|---|---|---|
| 1 | 1991 92 | 105 | 449167 | 318090 |
| 2 | 1992-93 | 104 | 441914 | 340131 |
| 3 | 1993-94 | 81 | 348082 | 252896 |
| 4 | 1994-95 | 52 | 274970 | 205768 |
| 5 | 1995-96 | 61 | 706789 | 257442 |
| | ആകെ | 403 | | 1374327 |

**ഇന്ദിരാ ആവാസ് യോജന IAY പദ്ധതി പ്രകാരം പാവപ്പെട്ടവർക്ക് അനുവദിച്ച ഭവന നിർമ്മാണ പദ്ധതിയുടെ പട്ടിക ചുവടെ ചേർക്കുന്നു.**

| ക്രമ നമ്പർ | വർഷം | S.C/ST കൾക്ക് അനുവദിച്ച വീടുകൾ | മറ്റുള്ളവർക്ക് അനുവദിച്ച് വീടുകൾ |
|---|---|---|---|
| 1 | 1992 93 | 9 - | |
| 2 | 1993-94 | 9 - | |
| 3 | 1994-95 | 21 - | |
| 4 | 1995-96 | 16 | 6 |
| 5 | 1996-97 | 12 | 8 |

**CRSP പദ്ധതി പ്രകാരം മുതുകുളം ബ്ലോക്ക് പത്തിയൂർ പഞ്ചായത്തിൽ അനുവദിച്ച് കക്കൂസുകളുടെ പട്ടിക താഴെ ചേർക്കുന്നു.**

| ക്രമ നമ്പർ | വർഷം | അനുവദിച്ച് കിട്ടയവരുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|---|
| 1 | 1993-94 | 15 | 37500 |
| 2 | 1994-95 | 34 | 85000 |
| 3 | 1995-96 | 38 | 9000 |
| 4 | 1996-97 | 39 | 97500 |

ഇത് കൂടാതെ പഞ്ചായത്തിൽ നിന്നും അ... റൈറ്റഡ് ഫണ്ട് ഉപയോഗിച്ച് 1993-95 കാലയാളവിര... 231 കക്കൂസുകൾ വിവിധ വാർഡുകളിലായി നൽകി യിട്ടുണ്ട്.

D.W.C.R.A. പദ്ധതി പ്രകാരം പത്തിയൂർ പഞ്ചായത്തിൽ ഒരു ഡയറി യൂണിറ്റ് പത്താം വാർഡിൽ പ്രവർത്തിക്കുന്നു.

ട്രൈസം മില്ല്യൻ ബൈൽ സ്കീം RAP മുതലായ പദ്ധതി പ്രകാരം പഞ്ചായത്തിൽ വിവിധ പരിപാടികൾ അവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. ഇത് കൂടാതെ വിധവാ പെൻഷൻ, കർഷക തൊഴിലാളി പെൻഷൻ, വികലാംഗ പെൻഷൻ, വാർദ്ധക്യകാല പെൻഷൻ എന്നിങ്ങനെയുള്ള പദ്ധതി പ്രകാരം പഞ്ചായത്തിലെ അർഹരായവർക്ക് ആനുകൂല്യം ലഭിക്കുന്നു.

**അവശകലാകാരന്മാർക്കുള്ള പെൻഷൻ**

കലാകാരന്മാർ നാടിന്റെ സമ്പത്താണ്. അവശരായവർക്ക് സംരക്ഷണം നൽകേണ്ട ബാദ്ധ്യതയും നമ്മുടെതാണ്. ഈ പഞ്ചായത്തിൽ പെൻഷന് അർഹതയുള്ള കലാകാരന്മാർ നിരവധിയുണ്ട്. പക്ഷെ, ചുരുക്കം ചിലർക്കെ പെൻഷൻ ലഭിക്കുന്നുള്ളു.

ക്യാൻസർ, ക്ഷയം, കുഷ്ടം എന്നീ രോഗബാധിതർക്കുള്ള പെൻഷൻ.

ക്യാൻസർ, ക്ഷയം, കുഷ്ടം എന്നീ മാരാരോഗങ്ങളാൽ വിശമിക്കുന്ന ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവർക്ക് അനുവദിക്കുന്ന പെൻഷനാണ് ഇത്. പഞ്ചായത്തിൽ ഈ ആനുകൂല്യം പതിനഞ്ച് പേർക്ക് ലഭിക്കുന്നുണ്ട്.

**പട്ടികജാതി പട്ടികവർഗ്ഗ സ്കോളർഷിപ്പ്**

പട്ടികജാതി പട്ടികവർഗ്ഗത്തിൽ പെട്ട 341 കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുന്നുണ്ട്. 236 മുസ്ലീം പെൺകുട്ടികൾക്ക് സ്കോളർഷിപ്പ് ലഭിക്കുന്നു. അതുപോലെ തന്നെ പഞ്ചായത്തിന്റെ പടിഞ്ഞാറൻ മേഖലയിൽ പെട്ട മത്സ്യ തൊഴിലാളി കുടുംബങ്ങളിലെ 24 പേർക്കും മൂന്ന് വികലാംഗരായ കുട്ടികൾക്കും പെൻഷൻ ആനുകൂല്യം ലഭിക്കുന്നുണ്ട്.

**സ്കോളർഷിപ്പുകൾ**

| SC/ST വിദ്യാർത്ഥികൾക്ക് | മുസ്ലീം പെൺകുട്ടികൾക്ക് | മത്സ്യതൊഴിലാളികൾക്ക് | വികലാംഗർ | ആകെ |
|---|---|---|---|---|
| 341 | 236 | 24 | 3 | 604 |

**പെൻഷനുകൾ**

| വിധവ | വികലാംഗ | വാർദ്ധക്യകാല | ക്യാൻസർ, ക്ഷയം ഈ രോഗമുള്ളവർക്ക് | ആകെ |
|---|---|---|---|---|
| 168 | 148 | 54 | 15 | 385 |

**അംഗൻവാടി**

പത്തിയൂർ പഞ്ചായത്തിൽ ആകെ 25 അംഗൻവാടികൾ പ്രവർത്തിക്കുന്നുണ്ട്. 30281 ആണ് പഞ്ചായത്തിലെ ജമസംഖ്യ. 1000 പേർക്ക് ഒരു അംഗൻവാടി എന്ന കണക്കുനോക്കുമ്പോൾ ഇവിടെ 30 അംഗൻവാടികൾ ലഭിക്കേണ്ടതാണ്.

| ഒരു വയസ്സിന് താഴെ പ്രായമുള്ള കുട്ടികളുടെ വിവരം | 1-നും -2 നും മദ്ധ്യേ പ്രായമുള്ള കുട്ടികൾ | 2 നും 3 നും ഇടയ്ക്ക് പ്രായമുള്ളവർ | 3 നും 5 നും ഇടയ്ക്ക് പ്രായമുള്ളവർ |
|---|---|---|---|
| 210 | 266 | 922 | 1056 |

## പൊതുവിതരണം

**മാവേലി സ്റ്റോർ**

പത്തിയൂർ പഞ്ചായത്തിൽ ഒരു മാവേലി സ്റ്റോർ പ്രവർത്തിക്കുന്നുണ്ട്. കരീലക്കുളങ്ങരയിലാണ് ഇതിന്റെ ആസ്ഥാനം. പഞ്ചായത്തിന്റെ ഏതാണ്ട് മദ്ധ്യഭാഗത്ത് തന്നെയാണ് ഇത് പ്രവർത്തിക്കുന്നത് സ്റ്റോക്ക് വിവരവും വിലവിവരവും അവിടെ പ്രദർശിപ്പിച്ചിട്ടുണ്ട്.

**റേഷൻ കടകൾ**

പഞ്ചായത്തിലാകെ 16 റേഷൻ കടകൾ പ്രവർത്തിക്കുന്നു. ഇവയിൽ മിക്കതിന്റെയും പ്രവർത്തനം തൃപ്തികരമല്ല.

**പ്രശ്നങ്ങൾ**

1. സാമൂഹ്യ പുരോഗതി ലക്ഷ്യമാക്കി ഗവ: ആവിഷ്കരിക്കുന്ന പദ്ധതിയെ പറ്റി ഗുണഭോക്താക്കൾ അജ്ഞരാണ്.

2. ചുവപ്പ് നാടയിൽ കുടുങ്ങുന്നിതിനാൽ പദ്ധതിയുടെ ലക്ഷ്യം കൈവരിക്കാൻ കഴിയാതെ പോകുന്നു.

3. വനിതാ വികസന കോർപ്പറേഷൻ മുഖേന വനിതകൾക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ ലഭിക്കാതെ പോകുന്നു.

4. D.W.C.R.A. പ്രകാരം വനിതകൾക്ക് സ്വയം തൊഴിൽ കണ്ടെത്താനുള്ള പദ്ധതി പഞ്ചായത്തിൽ വേണ്ട നിലയിൽ ഉപയോഗപ്പെടുന്നില്ല.

5. ട്രൈസം പദ്ധതി പ്രകാരം ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള യുവതീ യുവാക്കൾക്ക് പരിശീലനം നൽകുന്ന പരിപാടി തൃപ്തികരമായി നടക്കുന്നില്ല.

6. R.A.P. പദ്ധതി പ്രകാരം ടൂൾകിറ്റ് കൊടുക്കുന്ന പരിപാടി വേണ്ടപോലെ പുരോഗമിച്ചിട്ടില്ല.

7. C.R.S.P. പ്രകാരമുള്ള കക്കൂസ് വിതരണം പരിമിതമാണ്.

8. പെൻഷനുകൾ അർഹരായ എല്ലാവർക്കും ലഭിക്കുന്നില്ല.

9. അർഹരായ ആവശ കലാകാരന്മാർക്കെല്ലാം പെൻഷൻ ലഭിക്കുന്നില്ല.

10. മാരാരോഗങ്ങൾ കൊണ്ട് കഷ്ടപ്പെടുന്ന നിർദ്ധനർക്ക് ലഭിക്കുന്ന പെൻഷൻ നൂലാമാലകളിൽ കുരുങ്ങി കാലതാമസം ഉണ്ടകുന്നു.

11. വികലാംഗ പെൻഷൻ ലഭിക്കാൻ ബുദ്ധിമുട്ട് നേരിടുന്നു.

12. നിയമപ്രകാരം കിട്ടേണ്ട അംഗൻവാടികൾ എല്ലാം കിട്ടിയിട്ടില്ല.

13. പൊതുവിതഏഐഐഏരണ സമ്പ്രദായം തൃപ്തികരമല്ല

14. നിലവിലുള്ള I.R.D.P. ലിസ്റ്റ് പൂർണ്ണമല്ല.

**സാദ്ധ്യതകൾ**

1. I.R.D.P., D.W.C.R.A., J.R.Y., C.R.S.P., F.R.Y.S.M. എന്നീ പദ്ധതികൾ കൂടുതൽ ജനങ്ങൾക്ക് പ്രയോജനപ്പെടും വിധം വിപുലീകരിക്കണം.

2. വനവൽക്കരണ പരിപാടി നമ്മുടെ രാജ്യത്തിന് അത്യാന്താപേക്ഷിതമാണ്. അതിന്റെ ഭാഗമായി മരം വച്ച് പിടിപ്പിക്കുന്നതിനുള്ള പ്രചരണ പരിപാടികൾ നടത്തണം. "മരം ഒരു വരം" എന്ന പ്രചരിപ്പിക്കണം" ഒരു മരം മുറിക്കുമ്പോൾ ഒരു മരം നടുവാൻ മറക്കരുത്.

3. വിധവാ പെൻഷൻ, വികലാംഗ പെൻഷൻ, കർഷക തൊഴിലാളി പെൻഷൻ, വാർദ്ധക്യകാല പെൻഷൻ, അവശകലാകാരന്മാർക്കുള്ള പെൻഷൻ തുടങ്ങിവ അർഹരായ എല്ലാവർക്കും ലഭ്യമാക്കണം. അതുപോലെ ക്ഷയം, കുഷ്ടം, ക്യാൻസർ എന്നീ രോഗങ്ങൾ കൊണ്ട് കഷ്ടപ്പെടുന്ന രോഗികൾക്ക് പഞ്ചായത്തിൽ നിന്നും നേരിട്ട് സഹായം നൽകുന്ന രീതി ആരംഭിക്കണം. എല്ലാവിധ പെൻഷൻ പദ്ധതികളും പഞ്ചായത്ത് ആഫീസ് വഴി വിതരണം നടത്തണം.

4. മാറി വരുന്ന സാഹചര്യം കണക്കിലെടുത്തു കൊണ്ട് വൃദ്ധ ജനങ്ങൾക്ക് ഒരു വൃദ്ധസദനം ഉണ്ടായിരിക്കണം.


5. പഞ്ചായത്തിൽ 5 അംഗൻവാടികൾ കൂടി ലഭിക്കണം. എല്ലാ അംഗൻവാടികൾക്കും തൃപ്തികരമായ ഭൗതിക സാഹചര്യങ്ങൾ ഉണ്ടാകണം.

6. മാവേലി സ്റ്റോറുകൾ വഴി വിപുലമായ തോതിൽ നിത്യോപയോഗ സാധനങ്ങൾ ആവശ്യക്കാർക്കെല്ലാം ലഭ്യമാക്കണം. മാവേലി സ്റ്റോകളുടെ എണ്ണം വർദ്ധിപ്പിക്കണം.

7. റേഷൻ ഷോപ്പുകൾ വഴിയുള്ള പൊതു വിതരണ സമ്പ്രദായം തൃപ്തികരമല്ല. എല്ലാ റേഷൻ കടകളുടെ മുൻപിലും വിലവിവര പട്ടിക പ്രദർശിപ്പിക്കണമെന്നാണ് നിയമം. എന്നാൽ അത് കൃത്യമായി ചെയ്യാറില്ല. ഇതുമൂലം വാങ്ങുന്ന സാധനങ്ങളുടെ വില മനസ്സിലാക്കാൻ കാർഡ് ഉടമയ്ക്ക് കഴിയുന്നില്ല. പഞ്ചായത്തിലെ റേഷൻ കടകളിൽ ഓരോ സാധനത്തിനും പല വിലകൾ ഈടാക്കുന്ന സമ്പ്രദായം സാർവ്വർത്രികമായി നിലനിർത്തുന്നു. അളവിലും തൂക്കത്തിലും കൃത്രിയ പാലിക്കാറില്ല. ഈ നില തുടരുന്നത് ആശ്വാസ്യമല്ല. അടിയന്തിരമായി ഇതിന് പരിഹാരം കാണണം.

8. I.R.D.P. ലിസ്റ്റ് പുതുക്കി നിശ്ചയിക്കണം.

# പൊതുജനാരോഗ്യം



പൊതുജന ആരോഗ്യ പ്രവർത്തനം കൊണ്ട് നാം ഉദ്ദേശിക്കുന്നത് രോഗ ചികിത്സയോടൊപ്പം പ്രതിരോധ പ്രവർത്തിനത്തിനും ആരോഗ്യ വിദ്യാഭ്യാസത്തിനും പ്രാധാന്യം നൽകികൊണ്ടുള്ള ഒരു രീതിയാണ്.

പത്തിയൂർ പഞ്ചായത്ത് പ്രദേശത്ത് ആദ്യകാല ആരോഗ്യ സേവങ്ങൾ ലഭിച്ചിരുന്നത്. ഇവിടുത്തെ പരമ്പരാഗത ആയുർവ്വേദ – മർമ്മാണി – വിഷ ചികിത്സാ വൈദ്യൻമാരിൽ നിന്നും ഹോമിയോ അലോപ്പതി വിഭാഗത്തിലെ സ്വകാര്യ ചികിത്സാ വിദഗ്ധന്മാരിൽ നിന്നും ആയിരുന്നു. അവരിൽ ആയുർവ്വേദത്തിൽ ഏവൂർ പുല്ലാംപ്പള്ളിൽ ഗേവിന്ദൻ വൈദ്യൻ എരുവയിൽ ചെപ്പള്ളിത്തറ കേശവ കുറുപ്പ്, അച്യുത കുറുപ്പ്, പത്തിയൂർ പടിഞ്ഞാറ് തുണേത്ത് വേലായുധൻ വൈദ്യൻ, കുമാരൻ വൈദ്യൻ, എന്നിവരും മർമ്മാണി ചികിത്സയിൽ തച്ചടിയിൽ ഉമ്മിണി വൈദ്യൻ, കല്ലൂർ കിഴക്കതിൽ വെളുത്ത കുഞ്ഞ് പണിക്കർ, ഹോമിയോ ചികിത്സയിൽ കല്ലൂർ കുട്ടൻ വൈദ്യൻ, അലോപ്പതി ചികിത്സയിൽ ഡോക്ടറായ പുത്തുമുറി നാരായണൻ എന്നിവർ അറിയപ്പെടുന്നവരായിരുന്നു. ഇപ്പോഴും സേവനം നൽകുന്ന പത്തിയൂർകാല വളയിക്കകത്ത് രാമപണിക്കർ വിഷ ചികിത്സ ഇപ്പോഴും തുടരുന്ന മാങ്കുളത്ത് ഗോവിന്ദൻ നമ്പൂതിരി എന്നിവരും അവരവരുടെ തുറകളിൽ പ്രസിദ്ധർ തന്നെയാണ്.

1964 മുതൽ രോഗ ചികിത്സാരംഗവും പൊതുജന ആരോഗ്യ പ്രവർത്തനങ്ങളും സംയോജിപ്പിച്ച് കൊണ്ടുള്ള പ്രവർത്തനം കേരളത്തിലാകെ ആരംഭിച്ചതോടൊപ്പം നമ്മുടെ പഞ്ചായത്തിലും ഈ രീതിയിലുള്ള പ്രവർത്തനം തുടങ്ങി. ഈ പ്രവർത്തനങ്ങൾ മുതുകുളം പ്രൈമറി ഹെൽത്ത് സെന്റർ കേന്ദ്രീകരിച്ചായിരുന്നു. 1985 മുതൽ നമ്മുടെ പഞ്ചായത്തിലുള്ള P.H.C. പ്രവർത്തനം ആരംഭിച്ചു.

ഇന്നു പത്തിയൂർ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി പൊതു മേഖലയിലും സ്വകാര്യ മേഖലയിലും ചികിത്സാ സൗകര്യങ്ങൾ പരിമിതമായ നിലയിൽ നിലവിലുണ്ട് പൊതു മേഖലയിൽ പത്തിയൂർ പ്രാഥമിക ആരോഗ്യ കേന്ദ്രം 3-ാം വാർഡിലും, ഗവൺമെന്റ് ഹോമിയോ ഡിസ്പെൻസറി രണ്ടാം വാർഡിലും ഗവൺമെന്റ് ആയുർവ്വേദ ഡിസ്പെൻസറി 11-ാം വാർഡിലും പ്രവർത്തിച്ചു വരുന്നു. കൂടാതെ ഫാക്ടറി തൊഴിലാളികൾക്കു വേണ്ടി ഒരു E.S.I. ഡിസ്പെൻസറി മൂന്നാം വാർഡി

ലുണ്ട്. സ്വകാര്യ മേഖലയിൽ പരിമിധ സൗകര്യത്തോട് കൂടി കരീലകുളങ്ങരയിൽ ലക്ഷ്മി ഹോസ്പിറ്റലും ഭഗവതിപ്പടിയിൽ നിഷാ ഹോസ്പിറ്റലും പ്രവർത്തിക്കുന്നുണ്ട് ഏതാനും ആയുർവ്വേദ - ഹോമിയോ ക്ലിനിക്കുകളും നമ്മുടെ പഞ്ചായത്തിലുണ്ട്. എങ്കിലും അൽപ്പം മെച്ചപ്പെട്ട ആതുര ശുശ്രൂഷ സൗകര്യങ്ങൾക്ക് ഈ പഞ്ചായത്തു നിവാസികൾ ആശ്രയിക്കുന്നത് 6 കിലോമീറ്റർ തെക്കുള്ള കായംകുളം ഗവൺമെന്റ് ആശുപത്രിയേയും, എട്ടു കിലോമീറ്റർ വടക്കുള്ള ഹരിപ്പാട് ഗവ: ആശുപത്രിയേയും അത്രയും തന്നെ ദൂരത്തിൽ കിഴക്ക് മാവേലിക്കര ഗവ: ആശുപത്രയിയേയുമാണ്.

പത്തിയൂർ പഞ്ചായത്തിലെ ജനസംഖ്യയിൽ സ്ത്രീകളാണ് കൂടുതൽ. ശരാശരി ആയൂർദൈർഘ്യം സ്ത്രീകൾക്ക് 75 വയസ്സും പുരുഷന്മാർക്ക് 65 വയസ്സുമാണ്. ജനനമരണ നിരക്കുകൾ സ്റ്റേറ്റ് അവറേജിനു തുല്യമാണ്. (യഥാക്രമം 10, 6) നടപ്പു വർഷത്തിൽ ശിശുമരണങ്ങളോ മാതൃ മരണങ്ങളോ റിപ്പോർട്ട് ചെയ്തിട്ടില്ല ഗുരുതരമായ പോഷകക്കുറവ് അനുഭവപ്പെടുന്ന കുട്ടികൾ ഒന്നും ഇല്ല. വിവിധ തരം അംഗവൈകല്യമുള്ള 168 പുരുഷന്മാരും 153 സ്ത്രീകളുമുണ്ട്. രോഗികളുടെ എണ്ണവും പകർച്ചവ്യാധികളുടെ എണ്ണവും വർഷം തോറും വർദ്ധിച്ചു വരുന്നതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഇത് രോഗപ്രതിരോധ - പൊതുജന ആരോഗ്യരംഗങ്ങളിലെ പ്രവർത്തനങ്ങൾ കൂടുതൽ വിപുലവും ഊർജ്ജസ്വലമാക്കണമെന്ന് നമ്മെ ഓർമ്മപ്പെടുത്തുന്നു. ഇതാണ് നമ്മുടെ പഞ്ചായത്തിലെ ജനങ്ങളുടെ ആരോഗ്യ സ്ഥിതിയുടെ ഏകദേശ രൂപം.

### ശുചിത്വം

നമ്മുടെ പഞ്ചായത്തിലെ 30% വീടുകളിൽ ഇപ്പോഴും കക്കൂസുകളില്ല. വെളിസ്ഥലത്ത് മലവിസർജ്ജനം ചെയ്യുക വഴി രോഗാണുക്കളും വിരയുടെ മുട്ടയും ഭക്ഷണത്തിലൂടെയും ജലത്തിലൂടെയും മറ്റുള്ളവരിലേക്ക് പകരുന്നു. നമ്മുടെ നാട്ടിലെ മുഖ്യ ആരോഗ്യ പ്രശ്നമാണ് ഇത്. വീട്ട് പരിസരത്തും പൊതുസ്ഥലത്തും നിരത്തുവക്കിലുമൊക്കെ ചപ്പ് ചവറുകൾ കിടക്കുന്നത് നമ്മുടെ നാട്ടിലെ ഒരു സാധാരണ കാഴ്ചയാണ്. അത് രോഗാണുവാഹകരായ ഈച്ചകൾ, കൊതുക് ഇവയെ വർദ്ധിപ്പിക്കാൻ ഇടയാകും.

### ഗവ: ആയുർവ്വേദ ഡിസ്പെൻസറി

നമ്മുടെ പഞ്ചായത്തിൽ പൊതുമേഖലയിലെ ആദ്യത്തെ ആതുര ശുശ്രൂഷാ കേന്ദ്രം 1960 ൽ പ്രവർത്തനം ആരംഭിച്ച ഗവ: ആയൂർവ്വേദ ഡിസ്പെൻസറിയാണ്. 11-ാം വാർഡിലേക്ക് പ്രത്യേകം അനുവദിക്കപ്പെട്ട ഈ സ്ഥാപനം വാർഡിന്റെ തെക്കേ അറ്റത്ത് സൗകര്യങ്ങൾ തീരെ ക്കുറവായ ഒരു വാടക കെട്ടിടത്തിൽ പ്രവർത്തിച്ചു വരുന്നു. അവിടെ ഒരു ഡോക്ടർ ഒരു ഫാർമസിസ്റ്റ്, ഒരു പ്യൂൺ, ഒരു പാർട്ട് ടൈം സ്വീപ്പർ എന്നീ നാലു ജോലിക്കാരുണ്ട്. ഇവിടെ ചികിത്സയ്ക്കായി എത്തുന്നവരുടെ എണ്ണം വർഷം തോറും കുറഞ്ഞ് വരുന്നു. കിടത്തി ചികിത്സിക്കുവാനുള്ള സൗകര്യക്കുറവ്, മരുന്നുകളുടെ ലഭ്യതക്കുറവ്, രോഗികൾക്ക് പെട്ടെന്ന് എത്തിച്ചേരുവാൻ പ്രയാസമുള്ള സ്ഥലം, എന്നിവയാണ് ഇതിന് പ്രധാന കാരണങ്ങൾ.

### പരിഹാരങ്ങൾ

1. ഈ സ്ഥാപനത്തിന് സൗകര്യ പ്രദമായ സ്ഥലത്ത് സ്വന്തമായി സ്ഥലവും കെട്ടിടവുമുണ്ടാകണം.

2. ഇത് ആയൂർവ്വേദ ആശുപത്രിയായി ഉയർത്തി കിടത്തി ചികിത്സിക്കുവാനുള്ള സൗകര്യവവും. പ്രത്യേക ചികിത്സാ വിഭാഗങ്ങളായ പഞ്ചകർമ്മ ചികിത്സ, ബാല ചികിത്സ, സ്ത്രീ ചികിത്സ തുടങ്ങിയവ ഘട്ടം ഘട്ടമായി ഏർപ്പെടുത്തി ചികിത്സാ സൗകര്യം വിപുലപ്പെടുത്തണം.

3. അവശ്യമരുന്നുകളുടെ ലഭ്യത ഉറപ്പു വരുത്തുകയും മരുന്നുകൾ തയ്യാറാക്കുന്നതിന് ഗ്യാസ് അടുപ്പു സംവിധാനം ഏർപ്പെടുത്തുകയും വേണം.

4. ഒറ്റമൂലികൾ നട്ടുവളർത്തുന്നതിന് വീടിന് ഒരു ഔഷധത്തോട്ടം പരിപാടി നടപ്പാക്കുവാൻ വ്യാപകമായ പ്രചാരണ പ്രവർത്തനങ്ങൾ ഉണ്ടാകണം. വ്യാവസായിക അടിസ്ഥാനത്തിൽ ഔഷധ തോട്ടങ്ങൾ വിപുലപ്പെടുത്തണം.

5. ആയുർവ്വേദ ഔഷധങ്ങളുടെ പ്രയോഗം, പ്രയോജനം, ആരോഗ്യ പരിപാലനത്തിന് ആയുർവ്വേദ ഔഷധങ്ങളുടെ പ്രാധാന്യം എന്നിവകളെ കുറിച്ചുള്ള ബോധവൽക്കരണ ക്ലാസ്സുകൾ ആയുർവ്വേദ ചികിത്സാ ക്യാമ്പുകൾ എന്നിവ സംഘടിപ്പിക്കണം.

### ഗവ : ഹോമിയോ ഡിസ്പൻസറി

1980 ൽ ഗവ: ഹോമിയോ ഡിസ്പെൻസറി 10-ാം വാർഡിൽ ഒരു വാടക കെട്ടിടത്തിൽ പ്രവർത്തനം ആരംഭിക്കുകയും ഇപ്പോൾ 2-ാം വാർഡിൽ തുടരുകയും ചെയ്യുന്നു. അവിടെ ഒരു ഡോക്ടർ, ഒരു ഫാർമസിസ്റ്റ്, ഒരു പ്യൂൺ, ഒരു പാർട് ടൈം സ്വീപ്പർ എന്നീ

നാലു ജീവനക്കാർ ഉണ്ട്. രോഗ വിവരകണക്കുക നോക്കുമ്പോൾ അവിടെ വർഷം തോറും ചികിത്സയ്ക്കെത്തുന്ന രോഗികളുടെ എണ്ണം വർദ്ധിച്ചു വരുന്നതായി കാണാം. സ്ഥിരമായ ഡോക്ടറുടെ സാന്നിദ്ധ്യവും യാത്രാ സൗകര്യവുമാണ് ഇതിനുള്ള പ്രധാന കാരണമെന്ന് മനസ്സിലാക്കാം. എന്നാൽ ആവശ്യാനുസരണം ഉള്ള മരുന്നുകൾ, ആശുപത്രി ഉപകരണങ്ങൾ, രജിസ്റ്ററുകൾ, ഫർണിച്ചർ എന്നിവയുടെ കുറവുകൾ ഈ സ്ഥാപനത്തിന്റെ സുഖമമായ പ്രവർത്തനത്തിന് തടസ്സം നിൽക്കുന്നു.

**പരിഹാരം**

1. സ്വന്തമായി സ്ഥലവും കെട്ടിടവും ഉണ്ടാകണം

2. ആശുപത്രിസൗകര്യങ്ങൾ വർദ്ധിപ്പിക്കുക. ആവശ്യമായ മരുന്നുകൾ ലഭ്യമാക്കുകയും വേണം.

3. ഹോമിയോചികിത്സ,പ്രതിരോധചികിത്സ എന്നിവയെക്കുറിച്ചുള്ള ബോധവത്ക്കരണക്ളാസുകളും ഹോമിയോമെഡിക്കൽ ക്യാമ്പുകളും കാലാകാലങ്ങളിൽ സംഘടിപ്പിക്കണം.

4. കുട്ടികൾക്ക് ഹോമിയോ ചികിത്സ ലഭ്യമാക്കാനുള്ള സംവിധാനം ഉണ്ടാക്കണം.

5. ആശുപത്രി ഉപകരണങ്ങൾ, ഫർണീച്ചർ തുടങ്ങിയവ ലഭ്യമാക്കി ചികിത്സ സുഗമമാക്കണം.

**പ്രാഥമിക ആരോഗ്യ കേന്ദ്രം**

ഈ പഞ്ചായത്തിലെ ജനങ്ങൾക്കുള്ള ആദ്യത്തെ ആലോപ്പതി ആതുരാലായം എന്ന നിലയിൽ ഒരു ഗ്രാമീണ ഡിസ്പെൻസറി 1972 ൽ വാടക കെട്ടിടത്തിൽ പ്രവർത്തനം ആരംഭിച്ചു. 1985 ൽ ഈ സ്ഥാപനം പ്രാഥമിക ആരോഗ്യ കേന്ദ്രമാക്കി ഉയർത്തുകയും സൗകര്യങ്ങൾ ഒട്ടുതന്നെയില്ലാത്ത പഞ്ചായത്ത് വക ഒരു പഴയ കെട്ടിടത്തിൽ പ്രവർത്തിച്ചു വരുകയുമാണ്. ചികിത്സാ വിഭാഗം, ഓഫീസ് വിഭാഗം എന്നിവയിലെ ജീവനക്കാരും മാതൃ-ശിശു സംരക്ഷണം, പൊതുജനാരോഗ്യം എന്നിവയ്ക്കുള്ള ഫീൽഡ് വിഭാഗം ജീവനക്കാർ ഉൾപ്പടെ 20 പേർ ഇവിടെ സേവനം അനുഷ്ഠിക്കുന്നുണ്ട്. രോഗികൾക്കും, ജീവനക്കാർക്കും പ്രാഥമിക ആവശ്യങ്ങൾ നിറവേറ്റുവാനുള്ള സൗകര്യങ്ങൾ ഇവിടെയില്ല.

ജലവിതരണം, വൈദ്യുതി എന്നിവ അടുത്തുള്ള പഞ്ചായത്ത് ഹൈസ്കൂളിൽ നിന്നും താൽക്കാലികമായി എടുത്തിട്ടുള്ളതാണ്. ഇപ്രകാരം അസൗകര്യങ്ങളും ഇല്ലായ്മകളും ധാരാളമുള്ള ഈ സ്ഥാപനത്തിലൂടെയാണ് രോഗ ചികിത്സയ്ക്കും രോഗപ്രതിരോധ പൊതുജന ആരോഗ്യ പ്രവർത്തനങ്ങൾക്കും തുല്യ പ്രാധാന്യം നൽകികൊണ്ടുള്ള സമഗ്ര പരിപാടികൾ നടപ്പിലാക്കി കൊണ്ടിരിക്കുന്നത്.

പ്രതിദിനം ശരാശരി 100 നും 150 നും ഇടയ്ക്ക് രോഗികൾ ഈ ആശുപത്രിയിൽ ചികിത്സതേടി എത്തുന്നുണ്ട്. ഒരു ഡോക്ടർ ഉൾപ്പടെ അനുവദിക്കപ്പെട്ട എല്ലാ ജിവനക്കാരും ചികിത്സാ വിഭാഗത്തിനുണ്ട്. രോഗികൾക്ക് വിതരണം ചെയ്യാനുള്ള മരുന്നുകൾ ഇവിടെ ലഭ്യമല്ല. അതുകൊണ്ടുതന്നെ ഓ.പി. വിഭാഗത്തിൽ എത്തിച്ചേരുന്ന രോഗികളുടെ എണ്ണത്തിൽ കുറവുവരുന്നു. കിടത്തി ചികിത്സയ്ക്കുള്ള ഒരു സൗകര്യവും, ഈ സ്ഥാപനത്തിൽ ഇല്ല.

ഇന്നു സർക്കാർ നടപ്പാക്കി കൊണ്ടിരിക്കുന്ന മാതൃ-ശിശു സംരക്ഷണം, കുടുംബാസൂത്രണം, രോഗപ്രതിരോധ പ്രവർത്തനം വിദ്യാലയാരോഗ്യം പൊതുജനാരോഗ്യം തുടങ്ങിയ പ്രവർത്തനങ്ങൾ ഒക്കെ നമ്മുടെ പഞ്ചായത്തിലും നടക്കുന്നുണ്ട്. ഇവയൊക്കെ വേണ്ടത്ര ഫലപ്രദമായി നടത്തുവാൻ കഴിയുന്നില്ല.

**പരിഹാരം**

1. അവശ്യ മരുന്നുകളുടെ ലഭ്യത ഉറപ്പാക്കുക.

2. പത്തിയൂർ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിനു വേണ്ടി വാങ്ങിയ ഒരു ഏക്കർ സ്ഥലത്ത് കുറഞ്ഞത് 25 ബെഡുകളോട് കൂടിയ ഒരു കെട്ടിടം നിർമ്മിച്ച് പ്രവർത്തനം ആരംഭിക്കുക.

3. 6 കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾക്ക് സ്വന്തമായി സ്ഥലും കെട്ടിടവും നിർമ്മിക്കുക.

4. കായംകുളം കരിപ്പുഴ തോട്, പമ്പാ ഇറിഗേഷൻ കനാൽ മറ്റുള്ള വെള്ളക്കെട്ടുകൾ എന്നിവയിൽ വേനൽകാലത്ത് കെട്ടി നിൽക്കുന്ന വെള്ളത്തിൽ ഓല കുതിർത്തും മറ്റും ഉണ്ടാകുന്ന കൊതുക് ശല്യത്തിനും ദുർഗന്ധത്തിനും എതിരായ നടപടികൾ സ്വീകരിക്കുക.

5. ആശുപത്രി സംരക്ഷണ സമിതികൾ രുപീകരിച്ച് പ്രവർത്തനം മെച്ചപ്പെടുത്തുക.

6. പൊതുജന ആരോഗ്യ സേവനങ്ങൾ ഫലപ്രദമായി എത്തിക്കുന്നതിന് വാർഡുകൾ തോറും "ആരോഗ്യ സേനകൾ" രൂപീകരിച്ച് പ്രവർത്തനം ആരംഭിക്കുക.

7. അനുയോജ്യമായ സ്ഥലത്ത് പഞ്ചായത്ത് ഒരു പൊതു ശ്മശാനം നിർമ്മിക്കുക.

8. ആരോഗ്യ സൂക്തങ്ങൾ പതിച്ചിട്ടുള്ള ആരോഗ്യ വാർത്താ ബോർഡുകൾ പഞ്ചായത്തിന്റെ വിവിധ സ്ഥലങ്ങളിൽ പ്രദർശിപ്പിക്കുക.

9. എല്ലാ വീടുകൾക്കും കക്കൂസ് നിർമ്മിക്കുക.

10. വിദ്യാലയാരോഗ്യ പരിപാടിയിൽ ഹോമിയോ ആയുർവ്വേദ ഡോക്ടർമാരുടെ സേവനം കൂടി ഉൾപ്പെടുത്തുക.

11. എല്ലാ വീടുകളിലും, ചന്തസ്ഥലത്തും, സ്കൂളുകളിലും, പൊതു സ്ഥലങ്ങളിലും കമ്പോസ്റ്റ് കുഴി ഉണ്ടാക്കി ചപ്പു ചവറുകൾ ഇട്ട് ജൈവവളമാക്കി മാറ്റി ഈച്ച ശല്യം ഒഴിവാക്കണം. "പത്തിയൂർ പഞ്ചായത്ത് ശുചിത്വമുള്ള പഞ്ചായത്ത്" എന്ന മുദ്രാവാക്യവുമായി ഈ പരിപാടി ഉടൻ തന്നെ നടപ്പാക്കണം.

12. ഓരോ വാർഡിലും 25 - 30 വീടുകൾ ഉള്ള അയൽകൂട്ടം ഉണ്ടാക്കി ഓരോ അയൽ കൂട്ടത്തിൽ നിന്നും ഒരു സ്ത്രീയെയും ഒരു പുരുഷനെയും (S.S.L.C. യെങ്കിലും പാസ്സായവർ ആയിരിക്കണം) പ്രതിനിധികളായി തെരഞ്ഞെടുക്കണം.

13. ഈ പ്രതിനിധികൾക്ക് ആരോഗ്യ ശാസ്ത്രത്തെ പറ്റി വിശദമായ പരിശീലനം നൽകണം.

14. ഇവർ താൻതാങ്ങളുടെ അയൽകൂട്ടത്തിലെ എല്ലാവർക്കും ആരോഗ്യ വിദ്യാഭ്യാസം നൽകണം. അയൽകൂട്ടത്തിലെ ഏത് ആരോഗ്യ പ്രശ്നങ്ങളും പരിഹരിക്കുന്നതിനു വേണ്ട നിർദ്ദേശവും നേതൃത്വവും നൽകണം.

15. പ്രമേഹം, അമിത രക്ത സമ്മർദ്ദം തുടങ്ങിയവ അറിയുവാനുള്ള പരിശോധന ഓരോ വാർഡിലും 6 മാസത്തിലൊരിക്കൽ നടത്തണം. 30 വയസ്സിനു മുകളിലുള്ള വാർഡിലെ മുഴുവൻ വ്യക്തികളെയും ഈ പരിശോധനയ്ക്ക് വിധേയരാക്കണം.

16. കണ്ണ് ത്വക്ക് തുടങ്ങിയ അവയവങ്ങളിലെ രോഗങ്ങൾ ക്യാൻസർ എന്നിവ കണ്ടുപിടിക്കാനുള്ള പരിശോധന കാലാകാലങ്ങളിൽ നടത്തണം.

17. സ്ത്രീകൾക്കുള്ള പ്രത്യേക രോഗങ്ങൾ കണ്ടെത്താനുള്ള പരിശോധനകൾ നടത്തുക.

18. പഞ്ചായത്തിലെ എല്ലാവരുടെയും രക്ത ഗ്രൂപ്പ് നിർണ്ണയിക്കുകയും ഒരു രക്തദാന സേന രൂപീകരിക്കുകയും ചെയ്യുക.

19. മാനസ്സിക ആരോഗ്യ സംരക്ഷണത്തിനുതകുന്ന പരിപാടികൾ അവിഷ്കരിക്കുക.

2000 - മാണ്ടിൽ എല്ലാവർക്കും ആരോഗ്യം എന്ന സങ്കൽപ്പത്തിന് രൂപം നൽകിയ ലോകാരോഗ്യ സംഘടന ജനങ്ങളുടെ ആരോഗ്യം സാമൂഹ്യ സാമ്പത്തിക മാറ്റങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

നമ്മുക്കും 2000 - മാണ്ടോടെ സാമൂഹ്യവും സാമ്പത്തികവുമായി ഉൽപ്പാദന പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ നമ്മുടെ പഞ്ചായത്തിലെ ജനങ്ങളെ കഴിവുറ്റവരാക്കുന്ന ആരോഗ്യ സ്ഥിതി നേടിയെടുക്കുവാൻ പ്രാപ്തരാകാം.

**കുടിവെള്ളം**

പത്തിയൂർ പഞ്ചായത്തിന് പൊതുജലവിതരണ സംവിധാനം പരിമിതമാണ്. ഇവിടുത്തെ മുഖ്യ കുടിവെള്ള സ്രോതസ്സുകൾ സ്വകാര്യ കിണറുകളും പൊതു കിണറുകളും കുഴൽ കിണറുകളുമാണ്. 29 പൊതുകിണറുകൾ ഉള്ളതിൽ ബഹു ഭൂരിപക്ഷവും ഉപയോഗ യോഗ്യമല്ല പലതും കൊതുക് വളർത്തൽ കേന്ദ്രങ്ങളായി മാറിയിരിക്കുന്നു. കുഴൽ കിണറുകൾ 7 എണ്ണം പ്രവർത്തന ക്ഷമമമാണ്. കൂടാതെ 6390 സ്വകാര്യ കിണറുകളും ഉണ്ട്.

വേനൽകാലത്ത് അതിരൂക്ഷമായ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നില്ല. നമ്മുടെ പഞ്ചായത്തിൽ 7, 10 വാർഡുകളിൽ രണ്ടു വാട്ടർ ടാങ്കുകൾ നിർമ്മിച്ചിട്ടുണ്ട്. അതിന്റെ പ്രവർത്തനത്തിന്റെ മുന്നോടിയായി റോഡുകളിൽ പൈപ്പുകൾ ടാപ്പുകൾ എന്നിവ ഘടിപ്പിക്കുന്നതിനുള്ള പ്രവർത്തനം നടന്നുവരുന്നു എരുവ കിഴക്ക് റെയിൽവേ ലൈനിന്റെ തെക്ക് വശം 5, 6 വാർഡുകളുടെ ഭാഗങ്ങളിൽ ജലവിതരണം എത്തിക്കുവാനുള്ള പ്രത്യേക സൗകര്യങ്ങൾ കണ്ടെത്തണം. പത്തിയൂർ പഞ്ചായത്ത് ഹൈസ്കൂൾ ഗ്രൗണ്ടിൽ കേന്ദ്ര ഭൂഗർഭ ജല വകുപ്പ് രണ്ട് കുഴൽ കിണറുകൾ നിർമ്മിച്ചിട്ടുണ്ട്. അത് ഇപ്പോൾ പൊതു ഉപയോഗത്തിന് ലഭ്യമല്ല.

**പരിഹാരം**

1. പഞ്ചായത്തിലെ 7, 10 വാർഡുകളിൽ വാട്ടർ അതോറിറ്റി സ്ഥാപിച്ചിട്ടുള്ള വാട്ടർ ടാങ്കുകൾ പ്രവർത്തന ക്ഷമമാക്കുകയും എല്ലാ റോഡുകളിലും പൊതു ടാപ്പുകൾ സ്ഥാപിച്ച് കുടിവെള്ളം എത്തിക്കുവാനുള്ള സംവിധാനം ഉണ്ടാക്കുക.

2. ഉപയോഗശൂന്യമായി കിടക്കുന്ന പൊതുകിണറുകൾക്ക് അറ്റകുറ്റ പണികൾ നടത്തി ഉപയോഗ്യമാക്കുവാനുള്ള നടപടികൾ ആരംഭിക്കുക.

3. എല്ലാ കുടിവെള്ള സ്രോതസ്സുകളും കാലാകാലങ്ങളിൽ ക്ലോറിനേഷൻ നടത്തി അണുവിമുക്തമാക്കിന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

## മാതൃശിശു സംരക്ഷണ കേന്ദ്രങ്ങൾ
## (കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ)

| വാർഡ് | ഇപ്പോഴുള്ള ഉപകേന്ദ്രങ്ങളുടെ എണ്ണം | സ്വന്തമായി സ്ഥലവും കെട്ടിടവും ഉള്ളവ | സ്ഥലവും കെട്ടിടവും വേണ്ടവ | ജൂനിയർ പബ്ളിക്ക് നേഴ്സുകളുടെ എണ്ണം | റിമാർക്ക് |
|---|---|---|---|---|---|
| 1 - - - - | | | | | 1, 2, 6, 7, 11 വാർഡുകളിലെ ഗ്രാമ സഭകളിൽ ഈ വാർഡുക ളിൽ കൂടി ഉപ കേന്ദ്രങ്ങൾ സ്ഥാപിച്ച് പ്രവർത്തിക്കണ മെന്നുള്ള ആവശ്യം ഉയർന്നു വന്നു. |
| 2 - - - - | | | | | |
| 3 | 1 - | | 1 | 1 | |
| 4 | 1 - | | 1 | 1 | |
| 5 | 1 - | | 1 | 1 | |
| 6 - - - - | | | | | |
| 7 - - - - | | | | | |
| 8 | 1 - | | 1 | 1 | |
| 9 | 1 | 1 | 1 | | |
| 10 | 1 | | 1 | 1 | |
| 11 - - - - | | | | | |
| 12 | 1 - | | 1 | 1 | |
| ആകെ | 7 | 1 | 6 | 7 | |

## മാതൃ ശിശു സംരക്ഷണ സേവനങ്ങൾ
## (നടപ്പു വർഷം)


| | | |
|---|---|---|
| 1 | ആകെ ഗർഭിണികൾ | 293 |
| 2 | പ്രതിരോധ ചികിത്സ ലഭിച്ചവർ | 293 |
| 3 | ഒരു വയസ്സിനു താഴെ പ്രായമുള്ള കുട്ടികൾ | 450 |
| 4 | പൂർണ്ണമായും പ്രതിരോധ ചികിത്സ ലഭിച്ചവർ | 431 |
| 5 | ആശുപത്രികളിൽ നടന്ന പ്രസവങ്ങൾ | 282 |
| 6 | വീടുകളിൽ നടന്ന പ്രസവങ്ങൾ ഇല്ല | |
| 7 | അർഹരായ ദമ്പതികളുടെ എണ്ണം | 3557 |
| 8 | കുടുംബാസൂത്രണ മാർഗ്ഗങ്ങൾ സ്വീകരിച്ചവരുടെ എണ്ണം | 3209 |

## പകർച്ച വ്യാധി വിവരങ്ങൾ

| വർഷം | ജലജന്യ രോഗങ്ങൾ | വായു ജന്യ രോഗങ്ങൾ | പ്രാണി ജന്യ രേഗങ്ങൾ | മറ്റുള്ളവ | ആകെ |
|---|---|---|---|---|---|
| 1993-94 | 142 | 195 | 39 | 21 | 397 |
| 1994-95 | 149 | 210 | 15 | 15 | 389 |
| 1995-96 | 171 | 220 | 19 | 5 | 415 |
| ആകെ | 462 | 625 | 73 | 41 | 1201 |

## കുട്ടികളുടെ ആരോഗ്യ പോഷണ നിലവാരം

| പ്രായം | നോർമൽ | | ലഘുവായ പോഷണക്കുറവുള്ളവർ | | മിതമായ പോഷണക്കുറവുള്ളവർ | | ഗുരുതരമായ പോഷണക്കുറവുള്ളവർ | |
|---|---|---|---|---|---|---|---|---|
| | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ |
| 1 വയസ്സിൽ താഴെ | 159 | 141 | 60 | 81 | 23 | 19 | | |
| 1-3 വയസ്സ് | 255 | 226 | 158 | 184 | 46 | 58 | | |
| 3-6 വയസ്സ് | 215 | 225 | 143 | 163 | 38 | 38 | | |
| ആകെ | 629 | 592 | 361 | 428 | 107 | 115 | ഇല്ല | ഇല്ല |




# വനിതാരംഗം

സാമൂഹ്യ പ്രവർത്തന മേഖലയിലുള്ള സ്ത്രീ പങ്കാളിത്തത്തെ ക്കുറിച്ചും സ്ത്രീകളുടെ സാമൂഹ്യ പദവിയേക്കുറിച്ചും ഇന്ന് സജീവമായ ചർച്ചകൾ നട ക്കുന്നുണ്ട്. കേരളത്തിലാകെത്തന്നെ പുരോഗമന പ്രസ്ഥാനങ്ങളും മഹിളാ സംഘടനകളും സ്ത്രീകളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്ന തിനായുള്ള ശ്രമങ്ങൾ നടത്തുന്നുണ്ട് എങ്കിലും ആശാവഹമായ പുരോഗതിയിലേക്ക് ഈ രംഗത്ത് നമ്മൾ എത്തിയോ എന്ന കാര്യം സംശയമാണ്.

പത്തിയൂർ പഞ്ചായത്തിലുള്ള സ്ത്രീകളുടെ സാമൂഹ്യ പ്രസക്തി കേരളത്തിലുള്ള പൊതു നില യിൽ നിന്നും വ്യത്യസ്തമല്ല. സാക്ഷരതാ പ്രവർത്തനം ഉൾപ്പടെയുള്ള സാമൂഹിക പ്രവർത്തന മേഖലയിൽ കാര്യമാത്ര പ്രസക്തമായ സ്വാധീനം ചെലുത്താൻ ഈ പഞ്ചായത്തിലെ സ്ത്രീകൾക്ക് കഴി ഞ്ഞിട്ടുണ്ട്. ഇത് ഒരു ചെറിയ കാര്യമായി കണ്ടുകൂടാ.

പഞ്ചായത്തിലെ ആകെ ജനസംഖ്യയിൽ സ്ത്രീക ളാണ് പുരുഷന്മാരേക്കാൾ അധികം.

| | |
|---|---|
| ആകെ ജനസംഖ്യ | 30281 |
| സ്ത്രീകൾ | 15642 |
| പുരുഷന്മാർ | 14639 |

സ്ത്രീകളിൽ അധികവും ഗൃഹജോലിക്കാരായ വീട്ടമ്മമാരാണ്. സർക്കാർ മേഖലയിലും വ്യാവസാ യിക കാർഷിക രംഗങ്ങളിലും പണിയെടുക്കുന്നവ രുമാണ്. പരമ്പരാഗത തൊഴിൽ ചെയ്ത് ജീവിക്കുന്ന വളരെ കുറച്ച് സ്ത്രീകളും ഇവിടെയുണ്ട്.

വ്യാവസായിക മേഖലയിൽ പണിയെടുക്കുന്ന സ്ത്രീകളിൽ അധികവും പത്തിയൂരിലും കാക്കനാട്ടും എരുവയിലുമുള്ള കശുവണ്ടി ഫാക്ടറികളിലെ തൊഴി ലാളികളാണ്. കരിമുളയ്ക്കൽ, കൃഷ്ണപുരം എന്നി വിടങ്ങളിലെ കശുവണ്ടി ഫാക്ടറിയിൽ ജോലി ചെയ്യുന്ന സ്ത്രീകളും ഈ പഞ്ചായത്തിലുണ്ട്. പഞ്ചാ യത്തിലുള്ള പത്തിയൂർ, കാക്കനാട് കശുവണ്ടി ഫാക്ടറികളിലായി ഈ പഞ്ചായത്തിലെ 2117 സ്ത്രീകൾ തൊഴിൽ നോക്കുന്നു. കശുവണ്ടി മേഖ ലയിൽ പണിയെടുക്കുന്ന സ്ത്രീകൾക്ക് വളരെ കുറച്ച് തൊഴിൽ ദിനങ്ങൾ മാത്രമാണ് ലഭിക്കുന്നത്. ഒന്നാം വാർഡിലുള്ള തീപ്പെട്ടിക്കമ്പനി, രണ്ടാം വാർഡിലുള്ള വനിതാ യൂണിറ്റ്, മൂന്നാം വാർഡിലെ കറി പൗഡർ നിർമ്മാണ കമ്പനി എന്നീ ചെറുകിട വ്യവസായ യൂണിറ്റുകളിൽ ആകെ കൂടി 17 സ്ത്രീകൾ മാത്രമാണ് പണിയെടുക്കുന്നത്.

കയർ വ്യവസായ മേഖലയിൽ പണിയെടുക്കുന്നവരിൽ അധികവും സ്ത്രീകളാണ്. 8, 11, 12 വാർഡുകളിലാണ് പ്രധാനമായും കയർ മേഖലയിൽ പണിയെടുക്കുന്ന സ്ത്രീകൾ ഉള്ളത്.

ഖാദി മേഖലയിൽ പഞ്ചായത്തിൽ ആകെയുള്ള മൂന്ന് യൂണിറ്റുകളിലായി (1, 2, 10 വാർഡുകൾ) 35 വനിതകൾ പെൺകുട്ടികൾ പണിയെടുക്കുന്നു.

കുടിൽ വ്യവസായങ്ങളായ പായ്നെയ്ത്ത്, കുട്ട, മുറം നിർമ്മാണം എന്നീ മേഖലയിൽ തൊഴിൽ ചെയ്യുന്ന നാമമാത്രമായ സ്ത്രീകളും ഇവിടെയുണ്ട്.

വിവിധ മേഖലയിൽ പണിയെടുക്കുന്ന സ്ത്രീകളിൽ സർക്കാർ മേഖലയിൽ ഒഴിച്ച് മറ്റു രംഗങ്ങളിലെല്ലാം പുരുഷന്മാരെക്കാൾ കുറഞ്ഞ വേതനമാണ് സ്ത്രീകൾക്ക് ലഭിച്ചു കൊണ്ടിരിക്കുന്നത്. അവർ ചെയ്യുന്നത് തുല്യ തൊഴിൽ ആണെങ്കിൽ കൂടി പാർപ്പിട നിർമ്മാണ രംഗത്ത് ജോലി ചെയ്യുന്ന മൈക്കാഡ് തൊഴിലാളികളായ സ്ത്രീകൾ മാത്രമാണിതിനു ഒരപവാദം.

| തൊഴിൽ മേഖല | സ്ത്രീകൾ | പുരുഷന്മാർ |
|---|---|---|
| കർഷക തൊഴിലാളി | 40 - 50 (രൂപ) | 75-100 (രൂപ) |
| കയർ തൊഴിലാളി | 20-30 (രൂപ) | 60-70 (രൂപ) |
| നിർമ്മാണ തൊഴിലാളി (മൈക്കാഡ്) | 100-110 (രൂപ) | 100-110 രൂപ |

കാർഷിക മേഖലയിൽ പണിയെടുത്തിരുന്ന ഒട്ടേറെ സ്ത്രീകൾ പഞ്ചായത്തിലുണ്ട്. ഈ രംഗത്ത് വളരെ കുറച്ചു തൊഴിൽ ദിനങ്ങളെ സ്ത്രീകൾക്കു ലഭിക്കുന്നുള്ളു. വർഷത്തിൽ ഉദ്ദേശം 70 തൊഴിൽ ദിനങ്ങൾ മാത്രമാണ് അവർക്ക് ലഭിക്കുന്നത്. വയലുകളിൽ ഞാറ് നടുന്നതിനും കള പറിയ്ക്കുന്നതിനും ഇട കിളയ്ക്കുന്നതിനും മറ്റുമായി പൊയ്ക്കൊണ്ടിരിക്കുന്ന സ്ത്രീകൾക്ക്. കാർഷിക മേഖലയുടെ തളർച്ച മൂലം ആ രംഗത്ത് ഉറച്ച് നിൽക്കാൻ ആകാത്ത സ്ഥിതിയാണുണ്ടായിരിക്കുന്നത്. കാർഷിക വൃത്തിയെമാത്രം ഉപജീവന മാർഗ്ഗമായി കാണാൻ ആ രംഗത്തുള്ള സ്ത്രീ തൊഴിലാളികൾക്ക് ഇന്ന് കഴിയുന്നില്ല.

വിദ്യാഭ്യാസ രംഗത്ത് പൊതുവെ പറഞ്ഞാൽ ഈ പഞ്ചായത്തിലെ സ്ത്രീകൾ മുൻ പന്തിയിലാണ്. 90% ത്തോളം സ്ത്രീകളും സാക്ഷരരാണ്. ഉന്നത വിദ്യാഭ്യാസവും സാങ്കേതിക വിദ്യാഭ്യാസവും നേടിയിട്ടുള്ള നല്ലൊരു ശതമാനം സ്ത്രീകൾ ഈ പഞ്ചായത്തിലുണ്ട്. കഴിഞ്ഞ വർഷങ്ങളിലെ S.S.L.C. പരീക്ഷാഫലം തെളിയിക്കുന്നത് ആൺ കുട്ടികളെക്കാൾ പെൺകുട്ടികളാണ് വിദ്യഭ്യാസ രംഗത്ത് മുന്നിൽ നിൽക്കുന്നതെന്നാണ്. ഇത് വളരെ ആശ്വാസകരമായ വസ്തുതയാണ്. ഗൃഹ ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന വീട്ടമ്മമാരുടെ ജോലി ഭാരത്തെ പറ്റിയും പ്രശ്നങ്ങളെ പറ്റിയും വേണ്ടത്ര ചർച്ച ചെയ്യപ്പെടുന്നില്ല.

കരിയും പുകയും നിറഞ്ഞ അടുക്കളയിലെ ജീവിതത്തിൽ മാത്രം അഭയം തേടുന്ന അവരെ സാമൂഹിക രംഗത്തേക്ക് ആകർഷിക്കുന്നതിന് പര്യാപ്തമായ മഹിളാ സംഘടനകൾ നിർഭാഗ്യവശാൽ നമ്മുടെ പഞ്ചായത്തിൽ കുറവാണ്. 1, 2, 3, 4, 8 എന്നീ വാർഡുകളിൽ മഹിളാ സമാജങ്ങളുണ്ട്. അംഗൻ വാടികളോട് ചേർന്ന് ചില വാർഡുകളിൽ മഹിളാ സമാജങ്ങൾ പ്രവർത്തിക്കുന്നു. 1, 2, 3 വാർഡുകൾ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന "അക്ഷയ മഹിളാ സമാജം" മാതൃകാ പരമായ പ്രവർത്തനമാണ് കാഴ്ച വയ്ക്കുന്നത്. ഇതിന്റെ ആഭിമുഖ്യത്തിൽ ഒരു ക്ഷീരോൽപ്പന്ന യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. എരുവ മഹിളാ സംഘത്തിന്റെ പ്രവർത്തനവും ത്പ്തികരമായ തരത്തിലായിരുന്നുവെങ്കിലും ഇപ്പോൾ മന്ദീഭവിച്ചിരിക്കുകയാണ്.

**പ്രശ്നങ്ങൾ**

1. സാമൂഹ്യ മേഖലയിൽ പ്രവർത്തന സജ്ജരായി കൂടുതൽ സ്ത്രീകൾ മുന്നോട്ട് വരുന്നില്ല.

2. സ്വന്തമായി ജോലി കണ്ടെത്തുന്നതിന് സ്ത്രീകൾ വേണ്ടത്ര അഭിമുഖ്യം കാണിക്കുന്നില്ല. സർക്കാർ ജോലിയോടാണ് വിദ്യാ സമ്പന്നരായ സ്ത്രീകൾക്ക് ആഭിമുഖ്യം.

3. ഒരേ ജോലി ചെയ്യുന്ന പുരുഷനും സ്ത്രീക്കും ഒരേ വേതനമല്ല ലഭിക്കുന്നത്.

4. അംഗനവാടി അദ്ധ്യാപികമാർക്ക് വേണ്ടത്ര വേതനം ലഭിക്കുന്നില്ല. അംഗനവാടികൾക്ക് വേണ്ടത്ര സൗകര്യം ഇല്ല.

5. കശുവണ്ടി മേഖലയിൽ പണിയെടുക്കുന്ന സ്ത്രീകൾക്ക് വേണ്ടത്ര ആരോഗ്യ പരിരക്ഷണം ലഭിക്കുന്നില്ല.

6. വീട്ടമ്മമാർക്ക് ഉദ്യാനകൃഷി നടത്തുന്നതിന്. വേണ്ടത്ര സഹായമോ ബോധവൽക്കരണമോ ലഭിക്കുന്നില്ല.

7. സ്ത്രീകൾക്ക് മാത്രമായി ഒരു തൊഴിൽ പരിശീലന കേന്ദ്രം പഞ്ചായത്തിൽ ഇല്ല.

8. മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിനോട് അനുബന്ധിച്ച് പ്രവർത്തിച്ചിരുന്ന സ്ത്രീകളുടെ വ്യവസായ യൂണിറ്റ് തുറന്നു പ്രവർത്തിക്കുന്നില്ല.

9. D.W.C.R.A. പദ്ധതിയുടെ പ്രവർത്തനം പഞ്ചായത്തിൽ വ്യാപകമായി നടക്കുന്നില്ല.

10. സ്ത്രീകൾക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങളെ സംബന്ധിച്ചും മറ്റ് പദ്ധതികളെ സംബന്ധിച്ചും സ്ത്രീകൾ വേണ്ടത്ര ബോധവതികളല്ല.

**സാദ്ധ്യതകൾ**

1. എല്ലാ വാർഡിലും മഹിളാ സംഘടനകളുടെ പ്രവർത്തനം ആരംഭിക്കുകയും, കാര്യക്ഷമമായി മുന്നോട്ട് കൊണ്ടു പോകുകയും വേണം.

2. സ്ത്രീകൾക്ക് സ്വയം തൊഴിൽ പരിശീലനം നൽകുന്ന സ്ഥാപനങ്ങൾ പഞ്ചായത്തു തലത്തിൽ ഉണ്ടാകണം. സ്ത്രീകൾക്ക് ചെയ്യാവുന്ന അച്ചാർ, കറി പൗഡർ നിർമ്മാണം, റെഡിമെയ്ഡ് ഗാർമെന്റ്സ്, പച്ചക്കറി കൃഷി എന്നീ മേഖലകളിലേക്ക് സ്ത്രീകളുടെ ശ്രദ്ധ തിരിക്കണം.

3. ഒരേ ജോലിക്ക് പുരുഷനും സ്ത്രീക്കും തുല്യ വേതനം ലഭിക്കുന്ന സാമൂഹ്യ മാറ്റം ഉണ്ടാകണം.

4. അംഗനവാടികളുടെ സൗകര്യം വർദ്ധിപ്പിക്കുകയും അവിടുത്തെ ജീവനക്കാർക്ക് മാന്യമായ വേതനം ഉറപ്പു വരുത്തുകയും വേണം.

5. ഉദ്യാനക്കൃഷി, ഓഷധക്കൃഷി, പൂക്കൃഷി, കൂൺ കൃഷി എന്നീ മേഖലയിലേക്ക് സ്ത്രീകളെ ആകർഷിക്കുന്ന തരത്തിൽ ബോധവൽക്കരണവും സഹായവും ഉണ്ടാകണം.

6. കശുവണ്ടി മേഖലയിലും മറ്റ് തൊഴിൽ മേഖലയിലും പണിയെടുക്കുന്ന സ്ത്രീകളുടെ ആരോഗ്യ സംരക്ഷണ പദ്ധതികൾ ആവിഷ്കരിക്കണം.

7. അടഞ്ഞു കിടക്കുന്ന വ്യവസായ യൂണിറ്റ് തുറന്ന് പ്രവർത്തിക്കുകയും പുതിയ സംരംഭങ്ങൾ ഉണ്ടാകുന്നതിനുള്ള ശ്രമങ്ങൾ നടത്തുകയും വേണം.

8. സ്ത്രീകളുടെ അയൽക്കൂട്ട സമിതികൾ രൂപീക്കുകയും പഞ്ചായത്ത്തലത്തിൽ അതിന് നേതൃത്വവും നിർദ്ദേശവും നൽകുകയും വേണം.


9. രാഷ്ട്രീയ സാമൂഹിക സാംസ്കാരിക സംഘടനകളിൽ സ്ത്രീകൾക്ക് അർഹമായ പ്രാതിനിധ്യം ഉറപ്പാക്കണം.



പുരോഗതിയുടെ പാതയിൽ മറ്റുള്ള വിഭാഗത്തോടൊപ്പം കൈകോർത്ത് പോകുവാൻ തക്ക ഒരു നില പട്ടികജാതി പട്ടികവർഗ്ഗത്തിൽ പെട്ട് ആളുകൾ പത്തിയൂർ പഞ്ചായത്തിൽ ഉണ്ടാക്കിയിട്ടുണ്ട്. ഔദ്യോഗികവും സാമ്പത്തികവുമായ മേഖലകളിൽ ഉന്നതമായ പുരോഗതി കൈവരിക്കുവാൻ ഒരു ന്യൂനപക്ഷത്തിനെങ്കിലും കഴിയുകയും ചെയ്തു. ഭൂപരിഷ്കരണ നിയമ, പുരോഗമന പ്രസ്ഥാനങ്ങൾ, തൊഴിലാളി സംഘടനകൾ തുടങ്ങിയവയുടെ പ്രവർത്തന ഫലങ്ങളാണ് ഇതിന് സഹായിച്ചത്.

നമ്മുടെ പഞ്ചായത്തിൽ ആകെ 8 പട്ടികജാതി പട്ടികവർഗ്ഗ കോളനികൾ ഉണ്ട്. പുതിയൊരു ജീവിതാവേശം ഉൾക്കൊള്ളാനും എല്ലാ വിധത്തിലും ചുറ്റുപാടുമുള്ളവയുമായി അനുകൽപ്പനം ചെയ്യാനുമുള്ള ഒരു മനോഭാവവും കോളനി നിവാസികൾക്ക് ഇനിയും കൈവന്നിട്ടില്ല.

1991 ലെ സെൻസസ് പ്രകാരം നമ്മുടെ പഞ്ചായത്തിലെ 11 വാർഡിലെ പട്ടികജാതി പട്ടികവർഗ്ഗ ജനസംഖ്യ പട്ടിക I ൽ കൊടുക്കുന്നു




പട്ടിക I

| വാർഡ് | പട്ടികജാതി | | പട്ടികവർഗ്ഗം | |
|---|---|---|---|---|
| | പുരു. | സ്ത്രീ. | പുരു. | സ്ത്രീ. |
| 1 | 87 | 70 - - | | |
| 2 | 76 | 96 - - | | |
| 3 | 236 | 232 | 6 | 15 |
| 4 | 111 | 132 | 6 | 9 |
| 5 | 179 | 179 | 36 | 34 |
| 6 | 161 | 150 - - | | |
| 7 | 97 | 102 - - | | |
| 8 | 127 | 110 | 5 | 3 |
| 9 | 82 | 94 - - | | |
| 10 | 215 | 211 | 4 | 3 |
| 11 | 92 | 110 - - | | |
| | 1463 | 1486 | 57 | 64 |

# പട്ടികജാതി/പട്ടികവർഗ്ഗം

IRDP, NRDP, RLEGP, JRY എന്നീ പദ്ധതികളുടെ സാമ്പത്തിക സഹായം നൽകി ഇവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുൻ കന്ദ്രം സംസ്ഥാന ഗവ: ശ്രമിച്ചെങ്കിലും അതിന്റെ ഫലം സ്ഥിരമായി നില നിർത്താൻ ഇവർക്ക് കഴിഞ്ഞിട്ടില്ല.

പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ പുരോഗതിക്ക് വേണ്ടി പല പദ്ധതികളും നടപ്പാക്കിയിട്ടുണ്ട്. അതും വേണ്ടവിധത്തിൽ ഇവർക്ക് ഫലപ്രദമാക്കാൻ കഴിയുന്നില്ല.

പരമ്പരാഗതമായി പഞ്ചായത്തിലെ കാർഷിക മേഖല സംപുഷ്ടമാക്കി കൊണ്ടിരുന്ന ഈ വിഭാഗം ഇന്ന് ആ മേഖല ഏതാണ്ട് ഉപേക്ഷിച്ച മട്ടാണ്. അതുപോലെ തന്നെ പാരമ്പര്യമായി സ്വീകരിച്ച് പോന്ന വ്യവസായ രംഗങ്ങളും ഇന്ന് നിർജ്ജീവമായിരിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗത്തിന്റെ പുരോഗതിക്കായി സർക്കാർ പദ്ധതികൾ ഒന്നൊന്നായി പുറത്ത് വന്നു കൊണ്ടിരിക്കുന്നു. പക്ഷെ, അവ വെറും ജലരേഖകളായി പരിണമിക്കുന്നു.

JRY പദ്ധതി പ്രകാരം പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി 1991-96 വർഷങ്ങളിൽ പഞ്ചായത്തിൽ നിന്ന് അനുവദിച്ച് വീടിന്റെ പട്ടിക ചുവടെ ചേർക്കുന്നു.

പട്ടിക II

| ക്രമ നമ്പർ | വർഷം | അനുവദിച്ച വീടുകൾ |
|---|---|---|
| 1 | 1991-92 | 8 |
| 2 | 1992-93 | 6 |
| 3 | 1993-94 | 6 |
| 4 | 1994-95 | 9 |
| 5 | 1995-96 | 6 |

Untied Fund ഉപയോഗിച്ച് പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് പഞ്ചായത്തിൽ നിന്നും അനുവദിച്ച് വീടിന്റെ കണക്ക്

പട്ടിക 3

| ക്രമ നമ്പർ | വർഷം | അനുവദിച്ച വീടുകൾ |
|---|---|---|
| 1 | 1993-94 | 6 |
| 2 | 1994-95 | 6 |

**പ്രശ്നങ്ങൾ**

1. സ്വന്തമായി സ്ഥലവും വീടും ഇല്ലാത്തഹരിജനങ്ങൾ നമ്മുടെ പഞ്ചായത്തിലുണ്ട്.

2. കക്കൂസുകൾ ഇല്ലാത്ത കുടുംബങ്ങളുണ്ട്.

3. ഉള്ള കക്കൂസുകളുടെ അറ്റകുറ്റപ്പണി യഥാസമയം നടക്കുന്നില്ല.

4. എല്ലാവീടുകൾക്കും വൈദ്യുതി ലഭിച്ചിട്ടില്ല.

5. കുടിവെള്ളപ്രശ്നം പൂർണ്ണമായി പരിഹരിച്ചിട്ടില്ല.

6. പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം മെച്ചമല്ല.

7. പട്ടികജാതി പട്ടികവർഗ്ഗത്തിന് മാത്രമായുള്ള സഹകരണസംഘം പ്രവർത്തിക്കുന്നില്ല.

8. മിക്ക കോളനികളിലും ദൃശ്യ ശ്രാവ്യ മാദ്ധ്യമങ്ങളില്ല.

9. IHDP കോളനികളുടെ സൗകര്യം പഞ്ചായത്തിലുള്ള പട്ടികജാതി പട്ടികവർഗ്ഗ കോളനികളിൽ ഏർപ്പെടുത്തിയിട്ടില്ല.

**സാദ്ധ്യതകൾ**

1. ഇനിയും സ്വന്തമായി പറമ്പും വീടും ഇല്ലാത്ത പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് അത് ലഭ്യ മാക്കണം. അതുപോലെതന്നെ അവർക്ക്പറമ്പ് വാങ്ങുന്നതിന് ഇപ്പോൾ അനുവദിക്കുന്ന തുക വളരെ കുറവാണ്. അത് വർദ്ധിപ്പിക്കണം.

2. കക്കൂസില്ലാത്തവർക്ക് ഉടനടി അത് ലഭ്യമാക്കുകയും ഉപയോഗ്യമല്ലാത്തവ എത്രെയും വേഗം കേടുപാട് പോക്കി ഉപയോഗ്യമാക്കണം.

3. കോളനികളിലെ വീടുകളുടെ അറ്റകുറ്റപണി ഉടനെ തീർക്കുകയും വൈദ്യുതി കണക്ഷന്ഡ ഉടൻ തന്നെ ലഭ്യമാക്കുകയും വേണം.

4. എല്ലാ കോളനിയിലും ശുദ്ധജലം ലഭ്യമാക്കണം.

5. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലുള്ള 35 വയസ്സിനു താഴെ പ്രായമുള്ളവരും സ്റ്റാൻഡേർഡ് 7 നും 9. നും മദ്ധ്യേവരെ പഠിച്ചിട്ട് പഠിത്തം മുടക്കിയവരുമായ ആളുകളെ മുഴുവൻ S.S.L.C. പാസ്സാക്കുന്ന ഒരു പരിപാടി അവിഷ്കരിച്ച് നടപ്പാക്കണം

6. അതുപോലെ തന്നെ ഇപ്പോൾ സ്കൂളിൽ പഠിച്ചു കൊണ്ടിരിക്കുന്ന ഈ വിഭഗാത്തിൽ പെട്ട വളരെ താണ നിലവാരം പുലർത്തുന്ന വിദ്യാർത്ഥികൾക്ക്

സൗജന്യ ട്യൂഷൻ നൽകിയും മറ്റും അവരുടെ പിന്നോകാ അവസ്ഥയ്ക്കും പരിഹാരം കാണണം.

7. ഇവരുടെ ഇടയിൽ ഉണ്ടാകുറുകുന്ന മിശ്ര വിവാഹ പ്രശ്നങ്ങൾ സഹിഷ്ണതയോടെ വീക്ഷിക്കുകയും അങ്ങനെ സാമൂഹ്യമായ തുല്യത കൈവരുത്താൻ സഹായിക്കുകയും വേണം.

8. എല്ലാ കോളനികൾക്കും ദൃശ്യ ശ്രവ്യ മാദ്ധ്യമങ്ങൾ ലഭ്യമാക്കണം.

പട്ടികജാതി പട്ടികവർഗ്ഗ വിഭഗത്തിന്റെ സർവ്വതോന്മുഖമായ ഉന്നതിക്കു വേണ്ടി അനവധി പദ്ധതികൾ നടപ്പാക്കി പോരുന്നു. എന്നാൽ സർക്കാരിൽ നിന്ന് ലഭിക്കുന്ന ഈ ആനുകൂല്യങ്ങൾ അവരുടെ ഭൗതിക സാഹചര്യങ്ങളിൽ കാര്യമായ മാറ്റം ഉണ്ടാക്കുന്നതായി കാണുന്നില്ല. സ്വാശ്രയ ബോധക്കുറവാണ് അതിന് പ്രധാന കാരണമെന്ന് തോന്നുന്നു. തന്റെ വീടും തന്റെതായതെല്ലാം. തന്റെ ചുറ്റുപാടുമുള്ളവർ ചെയ്യുന്നതു പോലെ സംരക്ഷിക്കപ്പെടണമെന്നും അത് തന്റേതാണെന്നും ഉള്ള ബോധം അവനുണ്ടാകണം. സാമൂഹിക സാംസ്കാരിക രംഗങ്ങളിലെ പിന്നോക അവസ്ഥ മാറ്റുവാൻ തങ്ങളുടെ ജീവിതാവബോധം ചുറ്റുപാടിനു ഒപ്പം ആക്കുക മാത്രമാണ് പോംവഴി എന്നവർ അറിയണം.


9. നമ്മുടെ പഞ്ചായത്തിലുള്ള പട്ടികജാതി പട്ടികവർഗ്ഗ കേളനികൾ IHDP കേളനികളായി ഉയർത്തണം.

10. ട്രൈസം തൊഴിൽ പരിശീലന പദ്ധതി പ്രകാരം പഞ്ചായത്തിലുള്ള എല്ലാ പട്ടികജാതി പട്ടികവർഗ്ഗത്തിൽ പെട്ട യുവതീ യുവാക്കൾക്കും തൊഴിൽ പരിശീലനം നൽകണം.

ഒമ്പതു പതിറ്റാണ്ടിന്റെ പാരമ്പര്യവും ചരിത്രവുമുള്ള സഹകരണ പ്രസ്ഥാനമാണ് ഭാരതത്തിന്റേത്. 1904 ലെ ആദ്യത്തെ സഹകരണ നിയമത്തിന്റെ പരിമിതികൾ പരിഹരിക്കുവാൻ വേണ്ട മാറ്റങ്ങളോടെ 1912 ൽ ബ്രിട്ടിഷ് ഗവ: പാസ്സാക്കിയ സഹകരണ നിയമം, സഹകരണ പ്രസ്ഥാനം ഭാരതത്തിൽ ആഴത്തിൽ വേരോടുന്നതിന് സഹായകമായി.

1912 ലെ സഹകരണ നിയമത്തെ പിൻതുടർന്ന് കേരളവും സഹകരണ പ്രസ്ഥാനത്തിലേക്ക് കടന്നുവന്നു. മലബാറിലും കൊച്ചിയിലും തിരുവിതാംകൂറിലും നിരവധി സഹകരണ സംഘങ്ങൾ ജന്മമെടുത്തു. "ചെല്ലപ്പെട്ടി സംഘങ്ങൾ" എന്ന് പരക്കെ അറിയപ്പെട്ടിരുന്ന ഐക്യനാണയ സംഘങ്ങൾ വടക്കേ മലബാറിൽ ജനകീയ ഐക്യം ഊട്ടി വളർത്തി ഇന്നും നിലകൊള്ളുന്നു. 1913 ൽ കൊച്ചിയിലും 1914 തിരുവിതാംകൂറിലും പിന്നീട് സഹകരണ നിയമങ്ങൾ പാസ്സാക്കി. അതിൽ 1914 ലെ തിരുവിതാംകൂർ സഹകരണ നിയമപ്രകാരം ആദ്യം രജിസ്റ്റർ ചെയ്ത സംഘമാണ് തിരുവിതാംകൂർ സെൻട്രൽ സഹകരണ ബാങ്ക് (ക്ലിപ്തം) ഈ സ്ഥാപനം വളർന്ന് കേരളം മുഴുവൻ പ്രവർത്തന വ്യാപ്തിയുള്ള കേരള സംസ്ഥാന സഹകരണ ബാങ്കായി ഇന്ന് രൂപാന്തരപ്പെട്ടിരിക്കുന്നു.

1949 ൽ തിരു-കൊച്ചി സംസ്ഥാനം ഉടലെടുത്തതിനെ തുടർന്ന് ആ സംസ്ഥാനത്ത് ഒട്ടാകെ ബാധകമാം വിധം 1951 ലെ തിരു-കൊച്ചി സഹകരണ സംഘം നിയമം നിലവിൽ വന്നു. 1956 ൽ കേരള സംസ്ഥാനം രൂപീകൃതമായ ശേഷം 1969 ലെ കേരള സഹകരണ നിയമം പാസ്സാക്കുകയും ആയത് 15-05-1969 ൽ കേരളത്തിൽ പ്രബല്യത്തിൽ വരുകയും ചെയ്തു, 1969 ലെ സഹകരണ നിയമം കേരളത്തിലെ സഹകരണ പ്രസ്ഥാനത്തിന് ഒരു സംഘടിത രൂപം നൽകുകയും പുതിയ ഒരു കാഴ്ചപാട് പ്രദാനം ചെയ്യുകയും ഉണ്ടായി.




**പത്തിയൂർ പഞ്ചായത്ത് സഹകരണ മേഖല**

സഹകരണ സംഘങ്ങളെ പ്രധാനമായി രണ്ട് വിഭാഗങ്ങളായി തരംതിരിക്കാം (1) വായ്പാ സഹകരണ സംഘങ്ങൾ (2) വായ്പേതര സഹകരണ സംഘങ്ങൾ.

പത്തിയൂർ പഞ്ചായത്ത് പ്രദേശത്ത് ഇന്ന് നിലവിലുള്ള വായ്പാ സഹകരണ സംഘങ്ങൾ ചുവടെ ചേർക്കുന്നു.

# സഹകരണ മേഖല

1. രാമപുരം സർവ്വീസ് സഹകരണ സംഘം (ക്ലിപ്തം) നമ്പർ 11

2. പത്തിയൂർ ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്ക് (ക്ലിപ്തം) നമ്പർ 1282

3. രാമപുരം വടക്ക് ഐശ്വര്യ പ്രദായിനി സർവ്വീസ് സഹകരണ സംഘം (ക്ലിപ്തം) നമ്പർ 1493

4. പത്തിയൂർകാല സർവ്വീസ് സഹകരണ ബാങ്ക് (ക്ലിപ്തം) നമ്പർ 2626

5. പുല്ലുകുളങ്ങര സർവ്വീസ് സഹകരണ ബാങ്ക് (ക്ലിപ്തം) നമ്പർ 2992

6. പുല്ലുകുളങ്ങര ഹരിജൻ വിവിധോദ്ദേശ സഹകരണ സംഘം (ക്ലിപ്തം) നമ്പർ A 660

**വായ്പേതര സഹകരണ സംഘങ്ങൾ**

പത്തിയൂർ പഞ്ചായത്ത് പ്രദേശത്ത് നിലവിലുള്ള വായ്പേതര സഹകരണ സംഘങ്ങളിൽ ഭൂരിഭാഗവും ക്ഷീരോൽപ്പാദക സംഘങ്ങളാണ്. വായ്പേതര സഹകരണ സംഘങ്ങളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

1. പത്തിയൂർ ക്ഷീരോൽപ്പാദക സഹകരണ സംഘം (ക്ലിപ്തം) നമ്പർ A 27 (D)

2. കരീലക്കുളങ്ങര ക്ഷീരോൽപ്പാദക സഹകരണ സംഘം (ക്ലിപ്തം) നമ്പർ A 70 (D)

3. പത്തിയൂർ കാല ക്ഷീരോൽപ്പാദക സഹകരണ സംഘം (ക്ലിപ്തം) നമ്പർ A 91 (D)

4. ആറാട്ടുകുളങ്ങര ക്ഷീരോൽപ്പാദക സഹകരണ സംഘം (ക്ലിപ്തം)

5. ആലപ്പുഴ സഹകരണ സ്പിന്നിംഗ് മിൽ (ക്ലിപ്തം) നമ്പർ (ST) 8

6. പത്തിയൂർ വനിത വ്യവസായ സഹകരണ സംഘം (ക്ലിപ്തം)

7. ശ്രീമാൻ കുളങ്ങര ഗ്രാമ വ്യവസായ സഹകരണ സംഘം (ക്ലിപ്തം)

8. പത്തിയൂർ പടിഞ്ഞാറ് കയർ സഹകരണ സംഘം (ക്ലിപ്തം)

9. പത്തിയൂർ കൺസ്യൂമർ സഹകരണ സംഘം (ക്ലിപ്തം)

10. പത്തിയൂർ പഞ്ചായത്ത് ഹൈസ്കൂൾ സഹകരണ സംഘം (ക്ലിപ്തം)

11. രാമപുരം ഹൈസ്കൂൾ സഹകരണ സംഘം (ക്ലിപ്തം)

12. പത്തിയൂർ S.K.V. ഹൈസ്കൂൾ സഹകരണ സംഘം (ക്ലിപ്തം)

13. പുല്ലുകുളങ്ങര N.R.P.M. ഹൈസ്കൂൾ സഹകരണ സംഘം (ക്ലിപ്തം)

കാർത്തികപ്പള്ളി താലൂക്ക് കാർഷിക - ഗ്രാമവികസന ബാങ്കിന്റെയും മുതുകുളം റൂറൽ ഹൗസിംഗ് സഹകരണ സംഘത്തിന്റെയും പ്രവർത്തന പരിധിയിൽ പത്തിയൂർ പഞ്ചായത്ത് പ്രദേശം ഉൾപ്പെടുന്നു. കൂടാതെ വർഷങ്ങൾക്കു മുമ്പ് സ്വകാര്യ മേഖലിയിൽ പ്രവർത്തിച്ചിരുന്ന പത്തിയൂർ കശുവണ്ടി ഫാക്ടറി തൊഴിൽ സ്തംഭനത്തെ തുടർന്ന് അടച്ചിടുകയും അതു മൂലം വളരെ യേറെ തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെടുകയും ചെയ്ത - അവസരത്തിൽ കേരള ഗവൺമെന്റ് ഇടപ്പെട്ട് ഫാക്ടറിയുടെ പ്രവർത്തനം സഹകരണ അടിസ്ഥാനത്തിൽ പുന: സംഘടിപ്പിച്ച് ഒരു സഹകരണ സ്ഥാപനമായി രജിസ്റ്റർ ചെയ്ത് പ്രവർത്തനക്ഷമം ആക്കിയിട്ടുള്ളതാണ്. പത്തിയൂർ കാഷ്യു വർക്കേഴ്സ് ഇൻഡസ്ട്രീയൽ സഹകരണ സംഘം (ക്ലിപ്തം) എന്ന നിലയിൽ ഇപ്പോൾ നല്ല നിലയിൽ ടി സ്ഥാപനം പ്രവർത്തിച്ചു വരുന്നു. ഇത് കാപ്പക്സിന്റെ ഒരു പ്രാഥമിക യൂണിറ്റാണ്. കാർത്തികപ്പള്ളി താലൂക്ക് മാർക്കറ്റിംഗ് സഹകരണ സംഘത്തിന്റെ പ്രവർത്തന പരിധിയിലും പത്തിയൂർ പഞ്ചായത്ത് പ്രദേശം ഉൾപ്പെടുന്നുണ്ട്.

വായ്പാ സഹകരണ സംഘങ്ങളിൽ സർവ്വീസ് സഹകരണ സംഘങ്ങൾ / ബാങ്കുകൾ ആണ് പഞ്ചായത്ത് തലത്തിലെ ഏറ്റവും പ്രധാന സ്ഥാപനങ്ങൾ പഞ്ചായത്തിന്റെ സകലവിധ പുരോഗതിക്കും അത്താണിയാകേണ്ടവയാണ് സർവ്വീസ് സഹകരണ ബാങ്കുകളും സംഘങ്ങളും. നിലവിലുള്ള വായ്പാ സഹകരണ സംഘങ്ങളുടെ ഇപ്പോഴത്തെ പൊതു സ്ഥിതി വിവരങ്ങൾ അടങ്ങിയ പട്ടിക ഇതോടൊപ്പം (പട്ടിക I) ചേർക്കുന്നു.

## പട്ടിക I

**Period upto 30-06-1996**

| സംഘത്തിന്റെ പേര് | പ്രവർത്തനം ആരംഭിച്ച വർഷം | ആകെ അംഗങ്ങൾ | പിരിഞ്ഞു കിട്ടിയ ഓഹരി മൂലധനം | സർക്കാർ ഓഹരി | പൊതുജനങ്ങളിൽ നിന്നും സ്വീകരിച്ച നിക്ഷേപങ്ങൾ | ആകെ വായ്പകൾ |
|---|---|---|---|---|---|---|
| 1 പത്തിയൂർ ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്ക് നമ്പർ - 1282 | 23.12.1101 (M.E.) | 11,285 | 13,97,788 | 90,000 | 4,31,21,119 | 2,59 ,05,564 |
| 2. പത്തിയൂർകല സർവ്വീസ് സഹകരണ ബാങ്ക് (ക്ലിപ്തം) നമ്പർ 2626 | 13.09.1122 (M.E.) | 3312 | 4,30,144 | 1,60,000 | 20,40,070 | 18,19,423 |
| 3. രാമപുരം സർവ്വീസ് സഹകരണ സംഘം (ക്ലിപ്തം) നമ്പർ 11 | 29.08.1091 (M.E.) | 2649 | 1,36,336.50 | 24,000 | 1,15,877 | 1,94,667 |
| 4. രാമപുരം വടക്ക് ഐശ്വര്യ പ്രദായിനി S.C.S. ലിമിറ്റഡ് നമ്പർ 1493 | 29.06.1102 (M.E.) | 1363 | 1,01,055 | 5,000 | 5,31,244 | 5,92,657 |
| 5. പുല്ലുകുളങ്ങര സർവ്വീസ് സഹകരണ ബാങ്ക് (ക്ലിപ്തം) നമ്പർ 2992 | 18.9.1949 | 8804 | 12,59,334 | 1,00,000 | 1,75,00,000 | 2,08,35,947 |

പത്തിയൂർ പഞ്ചായത്തിൽ ആദ്യം രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ച 29.08.1091 (M.E.) രാമപുരം സർവ്വീസ് സഹകരണ സംഘത്തിന്റെ പ്രവർത്തനം ഇപ്പോൾ മിക്കവാറും നിലച്ച അവസ്ഥയിലാണ്. ദേശിയ പാതയുടെ പടിഞ്ഞാറ് വശത്ത് സ്വന്തമായി സ്ഥലവും കെട്ടിടവുമുള്ള ഈ സ്ഥാപനത്തിന്റെ പ്രവർത്തന മേഖലയായ പഞ്ചായത്തിലെ 9, 10, 11 വാർഡുകളിൽ സർവ്വീസ് സഹകരണ സംഘത്തിന്റെ സേവനം ഇപ്പോൾ ലഭ്യമല്ല. പൊതുവെ വളരെ നല്ല നിലയിൽ പ്രവർത്തിച്ചു വന്നിരുന്ന ഈ സംഘം കഴിഞ്ഞ കാലങ്ങളിലെ സംഘം ഭരണ സമിതികളുടെയും ജീവനക്കാരുടെയും ആനാസ്ഥ മൂലം മാത്രമാണ് ഈ സ്ഥിതിയിൽ ആയത്.

1282-ാം നമ്പർ പത്തിയൂർ ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്ക് പഞ്ചായത്തിൽ ഏറ്റവും നല്ല നിലയിൽ പ്രവർത്തിക്കുന്ന സഹകരണ ബാങ്കാണ്. ഇതിന്റെ പ്രവർത്തന പരിധി പത്തിയൂർ പഞ്ചായത്തിലെ മൂന്ന് മുതൽ ഏട്ട് വരെ വാർഡുകളും കായംകുളം മുനിസിപ്പാലിറ്റിയിലെ ഏഴ് മുതൽ 14 വരെയുള്ള വാർഡുകളും ഉൾപ്പെട്ട പ്രദേശമാണ്. ഈ ബാങ്കിന് കായംകുളത്ത് ഇപ്പോൾ ഒരു ശാഖ ഉണ്ട്. നാലര കോടി രൂപയോളം നിക്ഷേപം പൊതുജനങ്ങളിൽ നിന്നും സ്വീകരിക്കുവാൻ കഴിഞ്ഞ ടി ബാങ്ക് ആലപ്പുഴ ജില്ലയിലെ ഏറ്റവും നല്ല ബാങ്കുകളിൽ ഒന്നായി സഹകരണ ഡിപ്പാർട്ട്മെന്റും, ജില്ലാ സഹകരണ ബാങ്കും അംഗീകരിച്ചു കഴിഞ്ഞു.

1493-ാം നമ്പർ രാമപുരം വടക്ക് ഐശ്വര്യ പ്രദായിനി സർവ്വീസ് സഹകരണ സംഘത്തിന്റെ പ്രവർത്തന പരിധി വളരെ പരിമിതമാണ്. ഭരണ സമിതിയും പണിയെടുക്കുന്ന സംഘം ജീവനക്കാരും കൂടി ആത്മാർത്ഥമായി ശ്രമിച്ചാൽ ടി സംഘത്തെ ഉയർത്തി കൊണ്ടുവരുവാൻ കഴിയുന്നതാണ്.

2626-ാം നമ്പർ പത്തിയൂർകാല സർവ്വീസ് സഹകരണ ബാങ്കിന്റെ പ്രവർത്തന മേഖല പഞ്ചായത്തിലെ 1, 2 വാർഡുകളും 3-ാം വാർഡിന്റെ ഏതാനും ഭാഗങ്ങളും ഉൾപ്പെട്ട പ്രദേശമാണ്. നിക്ഷേപസമാഹരണത്തിനും വായ്പാ വിതരണത്തിനും മറ്റു സേവന രംഗത്തും പ്രവർത്തിച്ചു വരുന്ന ഈ സഹകരണ സംഘത്തിന്റെ പ്രവർത്തനം ഇനിയും പ്രതീക്ഷയ്ക്കൊത്ത് ഉയർന്നിട്ടില്ല.

2992-ാം നമ്പർ പുല്ലുകുളങ്ങര സർവ്വീസ് സഹകരണ ബാങ്കിന്റെ ഓഫീസ് പ്രവർത്തിക്കുന്നത് പത്തിയൂർ പഞ്ചായത്തിൽ ആണെങ്കിലും അതിന്റെ പ്രവർത്തന മേഖലയിൽ ഏറിയ ഭാഗവും കായംകുളം മുനിസിപ്പാലിറ്റിയിലും കണ്ടല്ലൂർ പഞ്ചായത്തിലുമാണ്. 1,75,00 രൂപയോളം ജനങ്ങളിൽ നിന്ന് ഇതിനോടകം നിക്ഷേപം സമാഹരിച്ചു കഴിഞ്ഞ ടി ബാങ്ക് വായ്പാ വിതരണത്തിലും മുന്നിട്ട് നിൽക്കുന്നു. നിക്ഷേപത്തിലും വായ്പാ വിരണത്തിലും മറ്റ് സേവന രംഗങ്ങളിലും പ്രശംസനീയമായ മുന്നേറ്റമാണ് പുല്ലുകുളങ്ങര സർവ്വീസ് സഹകരണ ബാങ്ക് നടത്തി കൊണ്ടിരിക്കുന്നത്.

പുല്ലുകുളങ്ങര ഹരിജൻ വിവിധോദ്ദേശ സഹകരണ സംഘത്തിന്റെ പ്രവർത്തന പരിധി പത്തിയൂർ പഞ്ചായത്തിലെ 7 - 12 വരെ വാർഡുകൾ ഉൾപ്പെട്ട പ്രദേശമാണ്. പട്ടികജാതിക്കാർക്ക് മാത്രമായി രൂപീകരിച്ച ഈ സംഘത്തിന്റെ പ്രവർത്തനം ഇപ്പോൾ മന്ദീഭവിച്ച നിലയിലാണ്.

പത്തിയൂർ പഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്ന മുകളിൽ സൂചിപ്പിച്ച വായ്പാ വിതരണ സംഘങ്ങളിൽ 1282-ാം നമ്പർ ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കും 2992-ാം നമ്പർ പുല്ലുകുളങ്ങര സർവ്വീസ് സഹകരണ ബാങ്കും മാത്രമാണ് ഇപ്പോൾ ലാഭത്തിൽ പ്രവർത്തിച്ചുവരുന്നത്.

നിലവിലുള്ള ക്ഷീരസഹകരണ സംഘങ്ങളുടെ ഇപ്പോഴത്തെ പൊതു സ്ഥിതി വിവരങ്ങൾ അടങ്ങിയ പട്ടിക ഇതോടൊപ്പം ചേർക്കുന്നു.

### പട്ടിക I
### വായ്പേതര സഹകരണ സംഘങ്ങൾ
### ക്ഷീരോൽപ്പാദക സഹകരണ സംഘങ്ങൾ
### Period upto 30-06-1996

| സംഘത്തിന്റെ പേര് | പ്രവർത്തന മേഖല | പ്രവർത്തനം ആരംഭിച്ച തീയതി | ആകെ അംഗങ്ങൾ | പിരിഞ്ഞു കിട്ടിയ മൂലധനം |
|---|---|---|---|---|
| 1. പത്തിയൂർ ക്ഷീരോൽപ്പാദക സഹകരണ സംഘം നമ്പർ A 27(D) | പത്തിയൂർ പഞ്ചായത്ത് വാർഡുകൾ 5, 6, 8 | 1978 | 441 | 4410 |
| 2. പത്തിയൂർകാല ക്ഷീരോൽപ്പാദക സഹകരണ സംഘം (ക്ലിപ്തം) നമ്പർ A 91 (D) | പത്തിയൂർ പഞ്ചായത്ത് വാർഡുകൾ 1, 2, 3 | 1982 | 206 | 2060 |
| 3. കരിലക്കുളങ്ങര ക്ഷീരോൽപ്പാദക സഹകരണ സംഘം (ക്ലിപ്തം) നമ്പർ A 70 (D) | പത്തിയൂർ പഞ്ചായത്ത് വാർഡുകൾ 9, 10, 11 | 1981 | 151 | 1940 |

വായ്പേതര സഹകരണ സംഘങ്ങളിൽ ഉൾപ്പെട്ട് ക്ഷീരോൽപ്പാദക സഹകരണ സംഘങ്ങളിൽ ആറാട്ടുകുളങ്ങര ക്ഷീരോൽപ്പാദക സഹകരണ സംഘത്തിന്റെ പ്രവർത്തനം പ്രാരംഭ ഘട്ടം മുതൽ കാര്യക്ഷമമായിരുന്നില്ല. ഇപ്പോൾ അതിന്റെ പ്രവർത്തനം നിലച്ച് രീതിയിലാണ്.

പത്തിയൂർ ക്ഷീരോൽപ്പാദക സഹകരണ സംഘം നമ്പർ A-27 (D) അടുത്തകാലം വരെ നല്ല നിലയിൽ പ്രവർത്തിച്ചു വന്നിരുന്നു എന്നാൽ ഭരണ സമിതിയുടെയും ജീവനക്കാരുടെയും കെടു കാര്യസ്ഥതയും അനാസ്ഥയും കാരണം ഇപ്പോൾ അതിന്റെ പ്രവർത്തനം മന്ദീഭവിച്ചിരിക്കുന്നു.

പത്തിയൂർക്കാല ക്ഷീരോൽപ്പാദക സഹകരണ സംഘവും കരിലക്കുളങ്ങര ക്ഷീരോൽപ്പാദക സഹകരണ സംഘവും സാമാന്യം ഭേദപ്പെട്ട് നിലയിൽ പ്രവർത്തിച്ചു വരുന്നുണ്ട്.

**ആലപ്പുഴ ജില്ലാ സഹകരണ സ്പിന്നിംഗ് മിൽ**

ആയിരക്കണക്കിന് ആളുകൾക്ക് തൊഴിൽ നൽകാമെന്ന് ലക്ഷ്യത്തോടെ കരീലക്കുളങ്ങരയിൽ 19 എക്കർ സ്ഥലം പൊന്നിൻ വിലയ്ക്കെടുത്ത് 21-07-1981 ൽ സഹകരണ നിയമ പ്രകാരം രജിസ്റ്റർ ചെയ്ത ആലപ്പുഴ ജില്ലാ സഹകരണ സ്പിന്നിംഗ് മില്ലിന്റെ പ്രവർത്തനം നാൾ ഇതുവരെയും ആരംഭിച്ചിട്ടില്ല. ഈ സ്ഥാപനത്തിൽ ഇപ്പോൾ 1782 അംഗങ്ങൾ ഉണ്ട്. ഏകദേശം 10,000 സ്പിൻഡിൽഡ് സ്ഥാപിക്കുവാനുള്ള ഫാക്ടറി കെട്ടിടത്തിന്റെ പണി ഇപ്പോൾ പൂർത്തി ആയിട്ടുണ്ട്. പത്തിയൂർ പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന നാല് സ്കൂൾ സഹകരണസംഘങ്ങളും പരിമിതമായ നിലയിൽ പ്രവർത്തിച്ചു വരുന്നു. എന്നാൽ പത്തിയൂർ വനിതാ വ്യവസായ സഹകരണ സംഘം ശ്രീമാൻ കുളങ്ങര ഗ്രാമ വ്യവസായ സംഘം പത്തിയൂർ പടിഞ്ഞാറ് കയർ സഹകരണ സംഘം പത്തിയൂർ കൺസ്യൂമർ സഹകരണ സംഘം എന്നീ സഹകരണ സംഘങ്ങൾ പ്രവർത്തനരഹിതമായ നിലയിലാണ്. ഇതിൽ പലതും ലിക്വിഡേഷന്റെ വക്കിലാണ്.

**നേരിടുന്ന പ്രശ്നങ്ങൾ**

1. കാർഷിക ആവശ്യത്തിനും സ്വയം തൊഴിൽ പദ്ധതി പ്രകാരമുള്ള വായ്പകൾ കുറഞ്ഞ പലിശ നിരക്കിൽ വന്നിരുന്നത് തുടരുവാൻ നിവർത്തിയില്ലാത്ത അവസ്ഥയിലാണ്. ദേശീയ കൃഷി ഗ്രാമ വികസന ബാങ്കിന്റെ (NABARD) അടുത്തകാലത്തെ വായ്പാനയം മൂലമാണ് ഈ സ്ഥിതി സംജാതമായിട്ടുള്ളത്.

2. സഹകരണ സംഘങ്ങളിൽ നിന്നും വായ്പ ലഭ്യമാക്കുന്നതിന് നിലവിലുള്ള ഓഹരി അനുപാതവും വായ്പാ പ്രമാണങ്ങൾക്കുള്ള രസിസ്ട്രേഷൻ ഫീസും വായ്പ എടുക്കുന്ന അംഗങ്ങൾക്ക് പ്രയാസങ്ങൾക്ക് ഇടയാക്കുന്നു.

3. ഓരോ സർവ്വീസ് സഹകരണ സംഘത്തിന്റെയും പ്രവർത്തനാതിർത്തിയിലുള്ള കാർഷിക സ്ഥിതി ഗതികൾ കണക്കിലെടുത്ത് ആവശ്യമായ പദ്ധതികൾ ആവിഷ്കരിച്ച് വായ്പ ലഭ്യമാക്കുന്നതിൽ വേണ്ടത്ര ശ്രദ്ധ പുലർത്തിക്കാണുന്നില്ല.

4. ക്ഷീരോൽപ്പാദന രംഗത്ത് ഈ പഞ്ചായത്തിലെ എല്ലാ വാർഡുകളിലും നിലവിലുള്ള സാദ്ധ്യതകൾ സഹകരണ അടിസ്ഥാനത്തിൽ പ്രയോജനപ്പെടുത്താൻ ബന്ധപ്പെട്ട സ്ഥാപനങ്ങൾ ശ്രദ്ധിക്കുന്നില്ല.

5. പഞ്ചായത്തിന്റെ വികസന പദ്ധതികൾ നടപ്പാക്കുന്നതിൽ സഹകരണ സംഘങ്ങളുടെ സേവനം വേണ്ട വിധം പ്രയോജനപ്പെടുത്തുന്നില്ല

6. പത്തിയൂർ പഞ്ചായത്ത് പ്രദേശത്ത് വനിതാ സഹകരണ സംഘങ്ങൾ ഫലപ്രദമായി പ്രവർത്തിക്കുന്നില്ല. പുതിയ വനിതാ സഹകരണ സംഘം രൂപീകരിക്കുന്നതിനുള്ള ശ്രമവും ഉണ്ടായിട്ടില്ല.

7. സാങ്കേതിക വിദ്യാഭ്യാസം ലഭിച്ച യുവജനങ്ങൾക്ക് തൊഴിൽ ലഭിക്കാൻ ഉപകരിക്കുന്ന സഹകരണ സംഘങ്ങൾ രൂപീകരിക്കാനുള്ള സാദ്ധ്യതകൾ അരാഞ്ഞിട്ടില്ല.

8. പട്ടികജാതി/പട്ടികവർഗ്ഗങ്ങൾക്കുമാത്രമായി രൂപീകരിക്കുന്ന സംഘങ്ങൾ ഒന്നും ഫലപ്രദമായി ഈ പശ്ചാത്തലത്തിൽ പ്രവർത്തിക്കുന്നില്ല. അത്തരത്തിലുള്ള പുതിയസംഘം റൂപീകരിക്കുന്നതിനുള്ള ശ്രമവും ഉണ്ടായിട്ടില്ല.

9. ഇപ്പോൾ സഹകരണ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന പത്തിയൂർ കശുവണ്ടി ഫക്ടറിയിലെ തൊഴിലാളികൾക്ക് വർഷത്തിൽ വളരെ പരിമിതമായ ദിവസങ്ങളിൽ മാത്രമാണ് തൊഴിൽ ലഭിച്ചു വരുന്നത്. ഈ സ്ഥിതി മാറ്റിയെടുക്കുന്നതിനുള്ള ശ്രമങ്ങൾ ഇതുവരെ വിജയിച്ചിട്ടില്ല.

**നിർദ്ദേശങ്ങൾ**

1. സഹകരണ സംഘങ്ങൾക്ക് അർഹതപ്പെട്ട സർക്കാർ ഓഹരി മൂലധനം ഉപാധിരഹിതമായി നടപടിക്രമങ്ങൾ ലഘൂകരിച്ച് അനുവദിച്ചുകൊടുക്കേണ്ടതുണ്ട്.

2. കാർഷികാവശ്യങ്ങൾക്കും സ്വയം തൊഴിലിനുമുള്ള വായ്പകൾ, കുറഞ്ഞപലിശനിരക്കിൽ സഹകരണ ബാങ്കുകൾ/സംഘങ്ങൾ മുഖേന നല്കുവാൻ കഴിയും വിധം NABARD -ന്റെ വായ്പോ നയത്തിൽ മാറ്റം വരുത്തുന്നതിന് അധികാരസ്ഥാനങ്ങളിൽ സമ്മർദ്ദം ചെലുത്തണം.

3. സഹകരണസംഘങ്ങളിൽ നിന്നും വിവിധയിനം വായ്പകൾ ലഭിക്കുന്നതിന് നിലവിലുള്ള ഓഹരി അനുപാതം ഒരുശതമാനത്തിൽ അധീകരിക്കാത്ത വിധം നിജപ്പെടുത്തുന്നതിനും വായ്പാ പ്രമാണങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള ഫീസ് ഒഴിവാക്കുന്നതിനും നടപടി സ്വീകരിക്കണം.

4. പഞ്ചായത്തുപ്രദേശത്ത് പ്രധാനപ്പെട്ട കൃഷികളുടെ പ്രത്യേകതകൾ കണക്കിലെടുത്ത് ഓരോ കൃഷിയുടെയും വികസനത്തിന് ഉതകുന്ന പദ്ധതികൾ പഞ്ചായത്തിന്റെയും കൃഷിഭവന്റെയും സഹകരണസംഘങ്ങളുടെയും സംയുക്ത ആഭിമുഖ്യത്തിൽ ആവിഷ്കരിച്ച് കൃഷി വായ്പകളും മറ്റ് ആനുകൂല്യങ്ങളും യഥാസമയം കൃഷിക്കാർക്ക് ലഭ്യമാക്കണം. ഇതിലേക്ക് ആവശ്യമായ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് മുൻകൈ എടുക്കണം.

5. പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലേയും ക്ഷീരോൽപാദകർക്ക് പ്രയോജനം ലഭിക്കത്തക്ക വിധം നിലവിലുള്ള ക്ഷീരോൽവാദക സംഘങ്ങളെ "ആനന്ദ് മാതൃകാ ക്ഷീരസഹകരണ സംഘങ്ങളായി" പു:സംഘടിപ്പിച്ച് പ്രവർത്തന സജ്ജമാക്കുകയും ആവശ്യമുള്ള പക്ഷം പുതിയ ജ്ഞീരസംഘങ്ങൾ രൂപീകരിക്കുകയും ചെയ്യണം.

6. പഞ്ചായത്തിലെ വികസനപദ്ധതികൾ നടപ്പാക്കുമ്പോൾ സഹകരണസ്ഥാപനങ്ങളുടെ പരിധിയിൽ വരുന്ന പ്രവർത്തനങ്ങളിൽ അവയുടെ സേവനം കൂടി പ്രയോജനപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്. പഞ്ചായത്തിന്റെ ഫണ്ടുകൾ സർക്കാർ നിശ്ചയിച്ച മാനദണ്ഡങ്ങൾ പുലർത്തുന്ന സഹകണബാങ്കുകളിൽ നിക്ഷേപിക്കാൻ നടപടിവേണ്ടതാണ്.

7. ഈ പഞ്ചായത്ത് പ്രദേശം മുഴുവൻ പ്രവർത്തന മേഖലയാക്കി ഒരു വനിതാ സഹകരണസംഘം രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കാൻ നടപടി സ്വീകരിക്കണം. പത്തിയൂർ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ പ്രവർത്തിച്ചിരുന്ന വനിതാവ്യവസായ സഹകരണ സംഘം സമയബന്ധിതമായി പുനരുദ്ധരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

8. അടുത്തുനടക്കുന്ന സാമൂഹ്യസാമ്പത്തിക സർവ്വെയുടെ അടിസ്ഥാനത്തിൽ ഈ പഞ്ചായത്തിലെ സാങ്കേതിക വിദ്യാഭ്യാസം നേടിയ തൊഴിൽ രഹിതർക്കുവേണ്ടി അനുയോജ്യമായ സഹകരണ സംഘങ്ങൾ രൂപികരിക്കുവാൻ നടപടി സ്വീകരിക്കണം.

9. പത്തിയൂർ പഞ്ചായത്തിൽ നിലവിലുള്ള പട്ടികജാതി സഹകരണസംഘം പ്രവർത്തനക്ഷമമാക്കാൻ സമയബന്ധിത മായി പ്രവർത്തിക്കേണ്ടതും ആ സംഘത്തിന്റെ പ്രവർത്തനപരിധിയിൽ പെടാത്ത പഞ്ചായത്തിന്റെ ഭാഗങ്ങൾ പ്രവർത്തന മേഖലയാക്കി പുതിയ ഒരു പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘം രൂപീകരിക്കേണ്ടതുമാണ്.

10. പത്തിയൂർ കശുവണ്ടി ഫാക്ടറിയിലെ തൊഴിലാളികൾക്ക് വർഷത്തിൽ കുറഞ്ഞത് 6 മാസമെങ്കിലും തൊഴിൽ ലഭിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കാൻ ബന്ധപ്പെട്ട അധികാരികളിൽ സമ്മർദ്ദം ചെലുത്തനം.

11. കരീലക്കുളങ്ങര സ്ഥാപിച്ചിട്ടുള്ള ആലപ്പുഴ ജില്ല സഹകരണ സ്പിന്നിംഗ് മില്ലിന്റ് പ്രവർത്തനം എത്രയും വേഗം തുടങ്ങുവൻ കഴിയും വിധം നിലവിലുള്ള തടസ്സങ്ങൾ നീക്കു ന്നതിനും സാഹചര്യങ്ങൾ ഒതുക്കുന്നതിനും സത്ത്വര നടപടി സ്വീകരിക്കണം.


12. കുറച്ചു വർഷങ്ങളായി പ്രവർത്തന മാന്ദ്യം സംഭവിച്ച് അംഗങ്ങൾക്ക് പ്രയോജനം ലഭിക്കാത്ത് നിലയിൽ തുടരുന്ന 11-ാം നമ്പർ രാമപുരം സർവ്വീസ് സഹകരണ സംഘം സയമ ബന്ധിതമായി പുനരുദ്ധരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണം.

13. സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സഹായമാം വിധം (പ്രത്യേകിച്ചും പട്ടികജാതി പട്ടികവർഗ്ഗം, വനിതാ തൊഴിലാളികൾക്ക് വേണ്ടി രുപുകരിക്കുന്ന സഹ: സംഘങ്ങൾ) മാനേജീരിയിൽ സബ്സിഡി, പ്രവർത്തന മൂലധന ഗ്രാന്റ് / വായ്പാ, ഓഫീസ് കെട്ടിടം, ഗോഡൗൺ, വർക്ക് ഷോപ്പ് തുടങ്ങിയവയുടെ നിർമ്മാണത്തിമനുള്ള വായ്പയും ഗ്രാന്റും തുടങ്ങിയ സർക്കാർ ധനസഹായങ്ങൾ മുൻപദ്ധതി കാലത്ത് നൽകിയിരുന്നതിന്റെ തോത് അവലോകനം ചെയ്ത് കാലോചിതമായി പരിഷ്കരിച്ച് ഒമ്പതാം പദ്ധതി കാലത്തും തുടർന്നും നൽകുന്നതിന് നടപ്പടി സ്വീകരിക്കേണ്ടതാണ്.

# വിഭവസമാഹരണം

സമ്പന്നമായിരുന്ന കാർഷിക ഗ്രാമമായിരുന്നു പത്തിയൂർ. നൂറുമേനി വിളയിക്കുന്ന നിണ്ടു നിവർന്ന പാടശേഖരങ്ങൾ നമ്മുടെ പഞ്ചായത്തിന്റെ കാർഷികാഭിവൃദ്ധിയുടെ പ്രതീകങ്ങളായിരുന്നു. എന്നാൽ ഈ മേഖല ഇന്ന് നമ്മുക്ക് അഭിമാനം നൽകുന്നില്ല. ഇപ്പോഴും കാർഷിക വിഭവങ്ങളാണ് നമ്മുടെ പ്രധാനപ്പെട്ട വിഭവമെങ്കിലും നെല്ല്, തെങ്ങ്, വാഴ, കശുമാവ്, മറ്റ് ഇടവിളകൾ ഒന്നും ആശാവഹമായ തരത്തിൽ നിലനിൽക്കുന്നില്ല. ഈ രംഗത്തിന്റെ സമഗ്ര പരിഷ്കരണത്തിലൂടെ നമ്മുടെ പ്രധാനപ്പെട്ട വിഭവമായി കാർഷിക മേഖലയെ ഉയർത്താൻ ആകണം.

വ്യാവസായിക മേഖലയിലും പത്തിയൂരിന് അഭിമാനിക്കാൻ വകയുണ്ടായിരുന്നു. കശുവണ്ടി വ്യവസായ രംഗത്ത് വളരെ വലിയ ഒരു പൈതൃകമുള്ള പഞ്ചായത്തായിരുന്നു ഇത്. എന്നാൽ ഇന്ന് ഈ രംഗവും മെച്ചമല്ല.




മനുഷ്യവിഭവം

നമ്മുടെ പഞ്ചായത്തിലെ മനുഷ്യവിഭവം വളരെ സമ്പന്നമാണ്. പ്രതീക്ഷ ഉണർത്തുന്ന യുവജന സമൂഹവും, സാമൂഹിക പ്രതിബദ്ധത ആവാഹിച്ചെടുക്കാനാവുന്ന വനിതാരംഗവും പഞ്ചായത്തിന്റെ സർവ്വതോന്മുഖമായ വികസനത്തിന് പിന്തുണ നൽകുന്ന ഉദ്യോഗസ്ഥ വൃന്ദവും ഊർജ്ജസ്വലരും വിദ്യാസമ്പന്നരുമായ ഒരു വിഭാഗം സന്നദ്ധ സേവകരും കർമ്മോന്മുഖരും പ്രതിഭാശാലികളുമായ ജനപ്രതിനിധികളും നമ്മുക്കുണ്ട്. ഈ ശക്തി പ്രവർത്തന നിരതമാക്കുവാനും അതു വഴി നേട്ടങ്ങളുടെ പ്രവാഹം സൃഷ്ടിക്കുവാനും കഴിയുന്നതിനാലാണ് ഈ ജനകീയ ആസൂത്രണ പദ്ധതിയുടെ വിജയം കുടികൊള്ളുന്നത്.

പത്തിയൂർ പഞ്ചായത്തിൽ ജനസംഖ്യ 30281 ആണ്. അതിൽ 14639 പുരുഷന്മാരും 15642 സ്ത്രീകളുമാണ്. വിദ്യാഭ്യാസവും ചുറുചുറുക്കുമുള്ള നിരവധി യുവജനങ്ങൾ ഉള്ള ഈ പഞ്ചായത്തിൽ ശക്തമായൊരു തൊഴിൽ സേന നിഷ്പ്രയാസം രൂപീകരിക്കുവാൻ സാധിക്കും. കൃഷിപണി - നിർമ്മാണ തൊഴിലാളികൾ - സാങ്കേതിക വൈദഗ്ദ്ധ്യം ലഭിച്ചവർ - തുടങ്ങി മേഖല തിരിച്ച് രജിസ്ട്രേഷൻ നടത്തി തൊഴിൽ സേനയുടെ പ്രയോജനം പഞ്ചായത്തിൽ ആകമാനം ലഭ്യമാക്കുവാൻ കഴിയണം. തൊഴിൽ സേനയുടെ സേവനം പഞ്ചായത്തിന്റെ സമഗ്ര വികസനത്തിന് ഉപയോഗിക്കുന്നതിന് പുറമെ തൊഴിൽ സേനയുടെ സേവനം ആവശ്യമുള്ളപ്പോൾ പഞ്ചായ

ത്തുമായി ബന്ധപ്പെട്ട് സേവനം വിനിയോഗിക്കാവുന്നതും അതിനുള്ള വേതനം പഞ്ചായത്തിൽ നിന്നും വാങ്ങാവുന്നതുമായ രീതിയിൽ വേണം പ്രവർത്തനങ്ങൾ സംവിധാനം ചെയ്യേണ്ടത്

ഈ പഞ്ചായത്തിനെ സംബന്ധിച്ച് പരിശോധിക്കുമ്പോൾ ഗൾഫ് മലയാളികളെ അവഗണിക്കുവാൻ കഴിയില്ല. പഞ്ചായത്തിലെ ഉദ്ദേശം 500 ഓളം പേർ വിവിധ ഗൾഫ് നാടുകളിൽ പണിയെടുക്കുന്നുണ്ട് അവരുടെ വരുമാനത്തിന്റെ ഒരു നിശ്ചിത ശതമാനം പഞ്ചായത്തിന്റെ വികസന പ്രവർത്തനത്തിന് ഉപയോഗിക്കേണ്ടതാണ്.

**നേരിടുന്ന പ്രശ്നങ്ങൾ**

1. കാർഷിക രംഗത്തെ മുരടിപ്പ്
2. വ്യവസായ രംഗം - കശുവണ്ടി മേഖലയിലെ തകർച്ച
3. വൈദ്യുത പ്രതിസന്ധി
4. ചെറുകിട - വൻകിട വ്യവസായ സ്ഥാപനങ്ങളുടെ അഭാവം
5. ഗൾഫ് മലയാളികളുടെ വരുമാനം വേണ്ട വിധത്തിൽ പ്രയോജനപ്പെടുത്താൻ കഴിയാത്തത്.

**വയ്ക്കുന്ന നിർദ്ദേശങ്ങൾ**

1. വിനോദ നികുതി പരിശോധന കർകശമാക്കണം. വാർഡ് വികസന സമിതിയുടെയും, പഞ്ചായത്ത് പ്രവർത്തക സമിതിയുടെയും, അധികൃതരുടെയും കൂട്ടായ പ്രവർത്തനം വഴി ഇത് ചെയ്യാവുന്നതാണ്.

2. തൊഴിൽ നികുതി ഈടാക്കുന്നതിന് നിലവിലുള്ള സ്ലാബ് സമ്പ്രദായം പരിഷ്കരിക്കണം.

3. വില്ലേജ് ആഫീസിൽ നിന്നും നിയമപ്രകാരം കിട്ടേണ്ട നികുതിയുടെ വിഹിതം. മാസാവസാനം വില്ലേജിൽ നിന്നു തന്നെ കിട്ടാനുള്ള സംവിധാനം ഉണ്ടാകണം.

4. ശുദ്ധജലവിതരണം പഞ്ചായത്ത് ഏറ്റെടുത്ത് നടത്തണം.

5. പഞ്ചായത്തിന്റെ മുഴുവൻ നിർമ്മാണ പ്രവർത്തനങ്ങളുടെയും കൂലി ഇനത്തിൽ വരുന്ന ചിലവ് ശ്രമദാനമായി സംഘടിപ്പിക്കണം.

6. സർവ്വീസ് സഹകരണ സംഘങ്ങൾ പഞ്ചായത്തിന്റെ ബാങ്കായി മാറുന്നതിനുള്ള കാര്യങ്ങൾ ചെയ്യണം.

7. പഞ്ചായത്ത് നിവാസികളുടെ ചെറുതും വലുതുമായ നിക്ഷേപങ്ങൾ പഞ്ചായത്ത് ബാങ്കിൽ നിക്ഷേപിക്കുന്നതിനാവശ്യമായ കാര്യങ്ങൾ ചെയ്യണം.

8. ഗൾഫ് മലയാളികളുടെ പണം. പഞ്ചായത്ത് ബാങ്കിൽ നിക്ഷേപിക്കുന്നതിന് അവരെ പ്രേരിപ്പിക്കണം - അവരുടെ ആനുകൂല്യങ്ങൾ നഷ്ടപ്പെടാത്ത് രീതിയിൽ വേണം ഇത് കൈകാര്യം ചെയ്യേണ്ടത്

9. പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ചു നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾ മുഴുവൻ വികസ സമിതി മുഖേന ആയിരിക്കണം.

10. വിവാഹ രജിസ്ട്രേഷൻ ഫീസ് 100 രൂപയായി നിശ്ചയിക്കണം.

11. വിവാഹങ്ങളിൽ ഇരുന്നൂറ് പേരിൽ കൂടുതൽ പങ്കെടുക്കുകയാണെങ്കിൽ അധികം പങ്കെടുക്കുന്ന ഓരോ നൂറ് പേർക്കും 50 രൂപ വീതം ചാർജ്ജ് ഈടാക്കണം.

12. പഞ്ചായത്തിൽ വികസന കാണിക്കപ്പെട്ടി സ്ഥാപിക്കണം. ഓരോ ആവശ്യത്തിനുമായി പഞ്ചായത്ത് ഓഫീസിൽ എത്തുന്നവർ ഒരു സംഭാവന വികസനത്തിന് വേണ്ടി ടി കാണിക്കപ്പെട്ടിയിൽ നിക്ഷേപിക്കണം.

13. നമ്മുടെ പഞ്ചായത്തിലെ സഹകരണേതര ബാങ്കുകളിലേ നിക്ഷേപത്തിന്റെ 95% വും ഇവിടെത്തന്നെ ലോണായി നൽകണം.

14. ടി.വി., കേബിൾ ടി.വി. ഇവ ഉള്ളവരിൽ നിന്നും ആണ്ടിൽ 25 രൂപ ലൈസൻസ് ഫീസ് ഈടാക്കണം.

# ഉപസംഹാരം

ഏതൊരു നാടിന്റേയും സാമൂഹിക സാമ്പത്തിക സാംസ്കാരിക വളർച്ചയാണ് ആ നാടിന്റെ പുരോഗതി. പത്തിയൂർ ഗ്രാമ പഞ്ചായത്തിന്റെ സാമ്പത്തിക വളർച്ചയ്ക്കും സാമൂഹിക സാംസ്കാരിക രംഗത്തെ പുതിയ അവബോധത്തിനും നാന്ദിക്കുറിക്കുവാൻ ഈ വികസന രേഖ ഒരു മാർഗ്ഗമായി തീരുമെന്ന് കരുതാം.


രാഷ്ട്രീയത്തിന്റെ നിറഭേദങ്ങളോ, ആശയ ഭേദങ്ങളോ നാടിന്റെ വികസനത്തിന് തടസ്സമായികൂടാ. ഒത്തൊരുമ്മയുടെ ശക്തി, വികസനത്തിന്റെ ചാലക ശക്തിയും സൗന്ദര്യവുമാക്കി മാറ്റാൻ നമുക്കാകണം. വേദനകൾ കുഴിവെട്ടിമൂടുകയും ശക്തിയിലേക്ക് കുതികൊള്ളുകയും ചെയ്യാൻ നമുക്കാകണം. സമ്പത്തും ആരോഗ്യവും സംസ്കാരവും തികഞ്ഞ പുതിയൊരു സമൂഹത്തെ ഇവിടെ വാർത്തെടുക്കണം. ജനകീയാസൂത്രണത്തിന്റെ ലക്ഷ്യവും അതാണ്.

ഒട്ടേറെപ്പേരുടെ അശ്രാന്തപരിശ്രമം ഈ വികസന രേഖ തയ്യാറാക്കുന്നതിന്റെ പിന്നിലുണ്ട് നാടിനേ സ്നേഹിക്കുന്നവർക്ക് ഇവരുടെ സന്നദ്ധസേവനങ്ങൾ മതൃകയും പുതിയ അനുഭവ പാഠവുമായി മാറുക തന്നെ ചെയ്യേണ്ടതാണ്. കേവല കൃതജ്ഞതയും അപ്പുറമാണ് ഇവർ നാടിനു ചെയ്യുന്ന സേവനങ്ങൾ.

നാളത്തെ തലമുറയ്ക്ക് ഇത് ഒരു ചരിത്ര രേഖയായി മാറുകയാണ് ഇന്നത്തെ ജനതയ്ക്ക് ചെയ്തു തീർക്കാനുള്ള പദ്ധതികളും. നമ്മുടെ നാടിന് പുതിയൊരു വികസ സംസ്കാരത്തിന്റെ വരകളും വർണ്ണങ്ങളും തീർക്കാൻ ഈ വികസന രേഖയ്ക്കു കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ഈ ലക്ഷ്യം മുൻനിർത്തി തയ്യാറാക്കിയ പത്തിയൂർ ഗ്രാമ പഞ്ചായത്ത് വികസന രേഖ സെമിനാറിന്റെ വിശദമായ ചർച്ചയ്ക്കും നിർദ്ദേശങ്ങൾക്കും വേണ്ടി സവിനയം സമർപ്പിക്കുന്നു.

സ്നേഹപൂർവ്വം,

**എം എം അലിയാർ**
പ്രസിഡൻറ്
പഞ്ചായത്ത് പ്രസിഡൻറ്



"എന്നെ സംബന്ധിച്ച് സ്വരാജ് എൻെറ രാജ്യത്തിലെ ഏറ്റവും നിസ്വരായവരുടെ സ്വാതന്ത്ര്യമാണ്. ഉറക്കും തൂങ്ങുന്നവരുടെയും അജ്ഞരുടെയുമല്ല, ഉണർത്തപ്പെട്ടവരുടേതാണ് സ്വരാജ്."

-ഗാന്ധിജി

# ഒമ്പതാം പദ്ധതി
# ജനകീയപദ്ധതി

# അധികാരം ജനങ്ങളിലേക്ക്

# വികസന റിപ്പോർട്ട്



# കണ്ടല്ലൂർ ഗ്രാമപഞ്ചായത്ത്

## ഒൻപതാം പദ്ധതി ജനകീയ പദ്ധതി

22 CT സ്വർണ്ണാഭരണങ്ങൾക്കും
വെള്ളി ആഭരണങ്ങൾക്കും
പുല്ലുകുളങ്ങരയിലെ
വിശ്വസ്ത സ്ഥാപനം

**സൂര്യാ ജ്വല്ലേഴ്സ്**
**പുല്ലുകുളങ്ങര**
**Ph: 444266**


സൂര്യാമെറ്റൽസ്

പുല്ലുകുളങ്ങര

ഓട്, ചെമ്പ്, അലുമിനിയ
പാത്രങ്ങളുടെ കലവറ

# കണ്ടല്ലൂർ ഗ്രാമപഞ്ചായത്ത്


# വികസനറിപ്പോർട്ട്



## ഒൻപതാം പദ്ധതി ജനകീയപദ്ധതി

# കണ്ടല്ലൂർ ഗ്രാമപഞ്ചായത്ത്

അതിരുകൾ




ജനകീയാസൂത്രണം



# കണ്ടല്ലൂർ ഗ്രാമ പഞ്ചായത്ത്

## പൊതുവിവരം

| | | |
|---|---|---|
| ഗ്രാമ പഞ്ചായത്തിന്റെ പേര് | - | കണ്ടല്ലൂർ ഗ്രാമ പഞ്ചായത്ത് |
| റവന്യൂ വില്ലേജ് | - | കണ്ടല്ലൂർ വില്ലേജ് |
| ബ്ലോക്ക് പഞ്ചായത്ത് | - | മുതുകുളം |
| ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ | - | കണ്ടല്ലൂർ<br>ആറാട്ടുപുഴ ഈസ്റ്റ് |
| ജില്ലാപഞ്ചായത്ത് ഡിവിഷൻ | - | കൃഷ്ണപുരം |
| താലൂക്ക് | - | കാർത്തികപ്പള്ളി |
| ജില്ല | - | ആലപ്പുഴ |
| അസംബ്ലി നിയോജകമണ്ഡലം | - | കായംകുളം |
| പാർലമെന്റ് നിയോജകമണ്ഡലം | - | മാവേലിക്കര |
| അതിരുകൾ | - | വടക്ക്, മുതുകുളം പഞ്ചായത്ത്<br>കിഴക്ക്, പത്തിയൂർ, ദേവികുളങ്ങര പഞ്ചായത്ത്,<br>തെക്ക്, ദേവികുളങ്ങര, ആറാട്ടുപുഴ പഞ്ചായത്തുകൾ<br>പടിഞ്ഞാറ് ആറാട്ടുപുഴ. |
| ജനസംഖ്യ | - | 21480 |
| പുരുഷൻ | - | 10452 |
| സ്ത്രീ | - | 11028 |
| വിസ്തീർണ്ണം | - | 974.39 ഹെക്ടർ |
| സാക്ഷരർ | - | 85% |
| വാർഡുകൾ | - | 10 |
| ഗ്രാമ പഞ്ചായത്തു പ്രസിഡന്റ് | - | കെ. ലക്ഷമിക്കുട്ടിയമ്മ |
| വൈസ് പ്രസിഡന്റ് | - | എം. ഓ. പ്രഭാകരൻ |
| സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ | - | ജി. ശങ്കരപ്പിള്ള |

## പത്രാധിപസമിതി

കെ. ലക്ഷ്മിക്കുട്ടിയമ്മ (പ്രസിഡന്റ്)

എം. ഒ. പ്രഭാകരൻ (വൈസ് പ്രസിഡന്റ്)

ജി. ശങ്കരപ്പിള്ള (സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ)

എം. കെ. സുരേന്ദ്രൻ

എം. ഗോപാലകൃഷ്ണ കാർണവർ

അഡ്വ: ജെ. മാധവൻപിള്ള

**മുഖച്ചിത്രം**

കണ്ടല്ലൂർ പൊടിയൻ

**ലേഔട്ട് & കംപ്യൂട്ടർ ടൈപ്പ് സെറ്റിംഗ്**

നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കംപ്യൂട്ടർ ടെക്നോളജി

കായംകുളം PH: 445357

# കണ്ടല്ലൂർ ഗ്രാമ പഞ്ചായത്ത്

## തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള കമ്മറ്റികൾ

**1953 - 63**

ഏ. ഗോവിന്ദപ്പണിക്കർ (പ്രസി: 53 - 56)
കെ. വി. സദാനന്ദപ്പണിക്കർ (പ്രസി: 56 - 61)
ജി. അച്ചുതൻപിള്ള
ഏ. കൃഷ്ണൻ
പി. കെ. തങ്കപ്പൻ ചാന്ദാർ
കെ. ജി. ഭാസ്ക്കരൻപിള്ള
എം. ശങ്കരൻ നായർ (പ്രസി: 61 - 63)

**1964 - 79**

എൻ. കൃഷ്ണപ്പണിക്കർ (പ്രസി: 64 - 66 & 73 - 78)
പി. കെ. തങ്കപ്പൻചാന്ദാർ (പ്രസി: 66 - 72 & 73 - 78)
കെ.വി. കുഞ്ഞുപിള്ള
ജി. ശങ്കരപ്പിള്ള (പ്രസി: 78 - 79)
വി. ശ്രീധരൻ
ഏ. ബാലകൃഷ്ണപിള്ള
ഏ. കുഞ്ഞിപ്പിള്ള
വി. കുഞ്ഞുകുഞ്ഞ്
ഏ. ദാമോദരൻ നായർ

**1980 - 85**


ജി. ശങ്കരപ്പിള്ള (പ്രസിഡന്റ്)
വി. ഗോപിനാഥൻ
കെ. ശിവദാസൻ
വി. കുമാരഭദ്രൻ
എൻ. സോമൻ
എൻ. പുരുഷോത്തമൻപിള്ള
എസ്. വേണുഗോപാൽ (വൈസ് പ്രസിഡന്റ്)
സരസമ്മ മഹാദേവൻപിള്ള
കെ. ജി. പ്രഭാകരൻ

**1988 - 95**


എൻ. പുരുഷോത്തമൻപിള്ള (പ്രസിഡന്റ്)
കെ. ശിവദാസൻ (വൈസ് പ്രസിഡന്റ്)
ജി. ശങ്കരപ്പിള്ള
എൻ. ശിവാനന്ദൻ
ജി. ഉദയമ്മ
എൻ. പത്മാവതി
എസ്. വേണുഗോപാൽ
കെ. എസ്. ഷെല്ലി
എൽ. വേലായുധൻപിള്ള



കെ. ലക്ഷ്മിക്കുട്ടിയമ്മ (പ്രസിഡൻറ്)



എം. ഒ. പ്രഭാകരൻ (വൈസ് പ്രസിഡൻറ്)



ജി. ശങ്കരപ്പിള്ള (സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ)




വി.കെ. മണി




എൻ. ജമീല




ജെ.എസ്. സുജാത



കെ. രാജേന്ദ്രൻപിള്ള



എൽ. വേലായുധൻപിള്ള



എൻ അനിൽകുമാർ



ജെ. മാധവൻപിള്ള

**നിലവിലുള്ള പഞ്ചായത്ത് കമ്മിറ്റി**

# ഉള്ളടക്കം


1. ആമുഖം

2. ചരിത്രം

3. ഭൂപ്രകൃതി, ജനപ്രകൃതി, ജലപ്രകൃതി

4. വികസന മേഖല - അവലോകനം

5.1 കൃഷിയും ജലസേചനവും

5.2 മൃഗസംരക്ഷണവും മത്സ്യബന്ധനവും

5.3 വ്യവസായം

5.4 വിദ്യാഭ്യാസം

5.5 കുടിവെള്ളവും പൊതുജനാരോഗ്യവും

5.6 ഗതാഗതം, ഊർജ്ജവും

5.7 പാർപ്പിടവും സാമൂഹ്യസേവനവും

5.8 സംസ്ക്കാരം

5.9 വനിതാക്ഷേമം


5.10 സഹകരണം

5.11 പട്ടികജാതി - പട്ടികവർഗ്ഗക്ഷേമം

5.12 വിഭവസമാഹരണം

6. ഉപസംഹാരം

# 1



# ആമുഖം

തലമുറകൾ അഭിമാനപൂർവ്വം വിശ്വമാനവ വേദിയിൽ ഉയർത്തിക്കാട്ടുന്ന തനതായൊരു സംസ്ക്കാരത്തിനുടമകളാണ് നാം, ഭാരതീയർ. വേദങ്ങളുടേയും, പുരാണങ്ങളുടേയും, ഉപനിഷത്തുകളുടേയും ഈറ്റില്ലമായ ഈ ആർഷ ഭൂവിൽ, നമ്മുടെ ധാന്യവിളകളുടെ സുഗന്ധം പിടിച്ച് കച്ചവടത്തിനായ് വന്ന വിദേശികൾ ഈ നാടുവാണതും നമ്മെ അടിമപ്പെടുത്തിയതും ചരിത്രം.

ബ്രിട്ടീഷ് കൊളോണിയൻ ഭരണത്തിന്റെ അധികാര നുകത്തിൽ കീഴിൽ നിന്നും നാം മോചിതരായിട്ട് വർഷം അമ്പതാകുന്നു. മിത്തും, പൊരുളും നിറഞ്ഞ നമ്മുടെ ഈ സാരഭൂമിയിൽ മുക്തി ലാവണ്യത്തിന് മുമ്പ് ബ്രിട്ടീഷ് ഭരണകാലത്ത് നാം പേറിയ അഴലും അഴുക്കും ഗതകാല പീഠനത്തിന്റെ സ്മൃതികളായ് അനിവാര്യമായൊരു പുത്തൻ ഉണർവിന്റെ ഊർജ്ജമായ് നമ്മിൽ വൈകാരിക മായൊരു ആവേശം ഉണർത്തിയിട്ടുണ്ട്. പക്ഷേ, ലക്ഷ്യപ്രാപ്തിയിൽ എത്താൻ നമുക്ക് നാളിതുവരെ കഴിഞ്ഞിട്ടില്ല.

1947 ആഗസ്റ്റ് 14 –ന് അർദ്ധരാത്രിയിൽ ആഹ്ളാദത്തിന്റെ ആർപ്പുവിളികളും ആരവങ്ങളും മുഴക്കി നിദ്രാവിഹീനരായി കാത്തുനിന്ന് ഏറ്റുവാങ്ങിയ സ്വാതന്ത്ര്യം ആഗസ്റ്റ് 15 – ന്റെ പകൽ വെളിച്ചത്തിൽ നിദ്രയുടെ ആലസ്യത്തിൽ ആണ്ടുപോയൊ എന്ന ആശങ്ക നാളിതുവരെ നടത്തിയ വികസന പരിപാടികളുടെ മാന്ദ്യതയിൽ പതിയിരിക്കുന്നുവോ !. ദാരിദ്ര്യ നിർമ്മാർജനം തുടങ്ങി നാടിന്റെ സമൂല പുരോഗതിയെ ലക്ഷ്യമിട്ടു കോടികൾ ചെലവഴിച്ച പഞ്ചവത്സര പദ്ധതികൾ ഇനിയും ലക്ഷ്യ പ്രാപ്തിയിലെത്തിയിട്ടില്ല് എന്ന വസ്തുത നമ്മെ ദുഃഖിപ്പിക്കുന്നതാണ്.

ഭരണത്തിന്റെയും, ഉദ്യോഗസ്ഥ മേധാവിത്വത്തിന്റെയും അത്യുന്നതങ്ങളിലിരുന്ന് ആസൂത്രണം ചെയ്ത പരിപാടികൾ താഴേത്തട്ടിൽ എത്തുമ്പോഴേക്കും ഇടത്തട്ടുകളിലൂടെ സംഭവിച്ചു കൊണ്ടിരുന്ന ചോർച്ചയും, പദ്ധതികൾ പ്രാവർത്തികമാക്കുന്നതിൽ വന്ന വീഴ്ചയും പ്രാദേശികാവശ്യങ്ങളുടെ മുൻഗണനാക്രമത്തിൽ ശരിയായ താല്പര്യമില്ലായ്മയുമെല്ലാം കഴിഞ്ഞകാല പഞ്ചവത്സര പദ്ധതികളുടെ ലക്ഷ്യത്തിന് വിഘ്നം നിന്ന ഘടകങ്ങൾ ആണ്.

എന്നാൽ, ജനങ്ങൾക്കുവേണ്ടി ജനങ്ങൾ തന്നെ താഴേത്തട്ടിൽ നിന്നും പ്രാദേശികാവശ്യങ്ങളുടെ മുൻഗണനാക്രമത്തിൽ ആവിഷ്ക്കരിച്ച് അവരുടെ പങ്കാളിത്തത്തോടും, വകുപ്പ് ഉദ്യോഗസ്ഥസ്ഥൻമാരുടെ സഹകരണത്തോടും കൂടി നടപ്പിലാക്കുന്ന ഒരു പരിപാടിയാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ നടപ്പിലാക്കുവാൻ തീരുമാനിച്ചിരിക്കുന്ന ജനകീയാസൂത്രണത്തിന്റെ ജാഗ്രത്തായ സത്ത. നാളിതുവരെ ഒരു സംസ്ഥാന ഗവൺമെന്റുകളും ആസൂത്രണം ചെയ്യാതിരുന്ന, അഴിമതിയും ഇടനിലക്കാരന്റെ ചൂഷണവും ഒഴിവാക്കുവാൻ ജനങ്ങളിൽ അധികാരമേൽപ്പിക്കുന്ന ഈ പരിപാടി വികസന പ്രക്രിയയിൽ പൗരബോധത്തിനും കൂട്ടായ്മക്കും ആക്കം കൂട്ടാൻ വേദി ഒരുക്കുന്ന ഈ വികസന പ്രക്രിയയെ നമുക്ക് അഭിമാനത്തോടെ സ്വാഗതം ചെയ്യാം.

നമ്മുടെ രാഷ്ട്ര പിതാവായ മഹാത്മഗാന്ധിയുടെ ആത്മാവിഷ്ക്കാരമായ ഗ്രാമസ്വരാജിന്റെ സാക്ഷാത്ക്കാരത്തിന്, ഗ്രാമങ്ങളെ രാഷ്ട്രത്തിന്റെ ആത്മാവായി കാണുവാനും അധികാരം പഞ്ചായത്ത്‌രാജ് നഗരപാലികാ ബില്ലിലൂടെ ജനങ്ങൾക്ക് കൈമാറുവാനും കാലം ഏറെ കാത്തിരിക്കേണ്ടി വന്നു. അധികാര വികേന്ദ്രീകരണത്തിനായ് കേന്ദ്രസർക്കാർ ഒട്ടേറെ കമ്മീഷനുകളെ നിയോഗിച്ച് പഠനങ്ങൾ നടത്തിയിട്ടുണ്ട്. ഒടുവിൽ 1993 – ൽ ഭരണഘടനാ ഭേദഗതിയോടെ (73 – 74 –ാം വകുപ്പ്) ഈ ബിൽ നിയമമാവുകയും നടപ്പിൽ വരുകയും ചെയ്തു.

വൈരുദ്ധ്യമാർന്ന ബഹുമുഖഭാവങ്ങളെ ഏക ലക്ഷ്യത്തോടെ ഏകോപിപ്പിച്ചു ഏകതാ ഭാവത്തിൽ എത്തിക്കുവാൻ ഒരു ബഹുജന പങ്കാളിത്തത്തിന്റെ കൂട്ടായ്മക്ക് കഴിയും എന്നതിന് തെളിവാണ് പഞ്ചായത്തിൽ നാമമാത്രമായി നടത്തിയ വികസന പ്രവർത്തനങ്ങൾ. ഇവയെല്ലാം തുടക്കം കുറിക്കലുകൾ മാത്രമായിരുന്നെങ്കിലും നാടിന്റെ പുരോഗതിയിൽ പ്രതീക്ഷാനിർഭരമായ സമൂഹ മനസ്സിന്റെ സന്തുഷ്ട ഭാവം പ്രകടമായിരുന്നു, ഈ കൂട്ടായ്മകളിൽ

1996 സെപ്റ്റംബർ 7,8,9 തീയതികളിൽ കായംകുളം ഗവൺമെന്റ് ഗേൾസ് ഹൈസ്കൂളിൽ ജില്ലാ റിസോഴ്സ് പേഴ്സൺസിന് നൽകിയ പരിശീലന ക്യാമ്പിൽ പ്രതിനിധികളെ പങ്കെടുപ്പിച്ചുകൊണ്ട് ഈ ഗ്രാമ പഞ്ചായത്ത് ജനകീയാസൂത്രണ പരിപാടികൾക്ക് തുടക്കമിട്ടു.

12 – 9 – 96 ൽ കൂടിയ പഞ്ചായത്തു കമ്മിറ്റി പഞ്ചായത്തുതല ജനകീയാസൂത്രണത്തിന്റെ നടത്തിപ്പിലേക്കുള്ള പ്രഥമ തീരുമാനം ഏക കണ്ഠമായി അംഗീകരിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ 17– 9 – 96 ൽ പഞ്ചായത്തു കോൺഫ്രൻസു ഹാളിൽ വിളിച്ചു കൂട്ടിയ സ്വാഗതസംഘം ആദ്യ 'ശിൽപ്പശാല' ഏറ്റെടുക്കുകയും 23 – 9 – 96 ൽ പുതിയവിള യു. പി. സ്കൂളിൽ വച്ച് ശിൽപ്പശാല സംഘടിപ്പിക്കുകയും ചെയ്തു. തുടർന്ന് 28 – 9– 96 മുതൽ ഗ്രാമസഭ കൂടുകയും 13 – 10 – 95 ൽ പത്തു വാർഡുകളിലേയും ഗ്രാമസഭകൾ വിജയകരമായി സമാപിക്കുകയും ചെയ്തു. തുടർന്നു നടന്ന പഠന പര്യടനത്തിലും വിഭവ – ഭൂപട നിർമ്മാണത്തിമെല്ലാം പഞ്ചായത്തിലെ മുഴുവൻ ഗവൺമെന്റ് ഉദ്യോഗസ്ഥമാരുടേയും, വിദഗ്ദ്ധരുടേയും സഹകരണവുമുണ്ടായിരുന്നു. വികസനത്തിന്റെ ഭാഗമായി കാർഷിക സെമിനാർ, അരോഗ്യ ബോധവത്ക്കരണ ക്ലാസ്സുകൾ എന്നിവ സംഘടിപ്പിച്ചു. തീരദേശവുമായി ബന്ധപ്പെട്ടു കിടക്കുന്ന കൃഷിയിടങ്ങളിൽ ഉപ്പു വെള്ളം കയറുന്നതു തടയുവാൻ സ്ഥിരം ബണ്ടു കെട്ടുന്നതിന് ഉള്ള മാർഗരേഖകൾ തയ്യാറാക്കി. നെൽകൃഷി വ്യാപകമാക്കുവാനും ജലസേചനം പ്രായോഗികമാക്കുവാനുമുള്ള പ്രവർത്തനം ആരംഭിച്ചു. പത്തു വാർഡുകളിലേയും, നിശ്ചിത കുടുംബങ്ങളിൽ പച്ചക്കറി കൃഷിയും തേക്കു കൃഷിയും മറ്റും വ്യാപിപ്പിക്കുവാനുമുള്ള കർമ്മ പരിപാടികൾ ആരംഭിച്ചു.

പഞ്ചായത്തിലെ മുഴുവൻ വീടുകളിലും കക്കൂസുകൾ സ്ഥാപിച്ചുകൊണ്ട് ഈ പഞ്ചായത്തിനെ 'ശുചിത്വ ഗ്രാമം' ആക്കി തീർക്കുക എന്ന ലക്ഷ്യത്തിന് ഗ്രാമ പഞ്ചായത്ത് പ്രഥമസ്ഥാനം നൽകി പ്രവർത്തിച്ചുവരുന്നു. ഇല്ലായ്മകളിൽ നിന്ന് കൊണ്ട് തന്നെ അതിനുള്ള പ്രവർത്തനത്തിന് തുടക്കം കുറിച്ചു കഴിഞ്ഞു. ഒപ്പം, മുഴുവൻ പേർക്കും ശുദ്ധജലം എത്തിക്കുവാനുള്ള തീവ്രയജ്ഞത്തിലുമാണ്. വ്യാവസായിക രംഗത്തും കലാകായിക രംഗത്തുമുള്ള മാന്ദ്യത പഞ്ചായത്തിന്റെ ഒരു ശാപമാണ്. ഈ ശാപമോക്ഷത്തിനുള്ള ക്രീയാത്മമക പദ്ധതികൾ ആവിഷ്ക്കരിച്ചുവരുന്നു.

വികസനപ്രവർത്തനങ്ങളിൽ നമ്മുടെ ഗ്രാമീണ ജനതയുടെ സന്നദ്ധത സജീവമാണ്. പഞ്ചായത്തിലെ പി. എച്. സെന്ററിൽ പത്തുകിടക്കകളുള്ള ഒരാശുപത്രിക്കു വേണ്ടി ബഹു: എം. പി. ശ്രീ. എസ്. രാമചന്ദ്രൻപിള്ളയുടെ ഫണ്ടിൽ നിന്ന് അഞ്ചുലക്ഷം രൂപയും ബഹു: പ്രൊ. പി.ജെ. കുര്യൻ എം. പി യുടെ ഫണ്ടിൽ നിന്ന് അഞ്ചുലക്ഷം രൂപയും ലഭിച്ചു. റൂറൽ ഹെൽത്ത് ഡെവവലപ്പ്മെന്റ് വകുപ്പിൽ നിന്ന് പി. എച്. സെന്ററിന് ചുറ്റുമതിൽ കെട്ടുന്നതിനും, സ്റ്റാഫ് ക്വാർട്ടേഴ്സ് പണിയുന്നതിനുമായി പത്തുലക്ഷം രൂപാ അനുവദിച്ചു. കൂടാതെ ആശുപത്രി കെട്ടിടത്തിന് സ്ഥലം നികത്തുന്നതിനായ് സംസ്ഥാന സർക്കാരിന്റെ ഫ്ളഡ് റിലീഫ് ഫണ്ടിൽ നിന്ന് രണ്ടുലക്ഷം രൂപ ബഹു : ശ്രീ. ജി. സുധാകരൻ എം. എൽ. എ യുടെ ശ്രമഫലമായി ലഭിക്കുകയുമുണ്ടായി.


1996 നവംബർ 1 ന് ജനപങ്കാളിത്തത്തോടെ വികസന പ്രവർത്തനത്തിന് തുടക്കം കുറിച്ചത് ഇവിടെ നിന്നുമാണ്. ആശുപത്രി ഗ്രൗണ്ട് നികത്തുവാനുള്ള ഗ്രാവൽ ഇറക്കുകയും അവ ചുമന്ന് കുഴികളിലും, കുളത്തിലുമിട്ട് നികത്തുകയും ചെയ്യേണ്ട മനുഷ്യാദ്ധ്വാനം പ്രദേശത്തെ വിവിധ സംഘടനകളിലെ യുവാക്കൾ ശ്രമദാനമായി നടത്തി. ഈ ശ്രമദാനഫലമായി രണ്ടു ലക്ഷം രൂപയുടെ പന്ത്രണ്ടു ശതമാനം തുക വിഭവസമാഹരണമാക്കി ലാഭപ്പെടുത്തുകയുണ്ടായി. മാത്രമല്ലാ, ജനകീയാടിസ്ഥാനത്തിൽ ഏത് വികസന പ്രവർത്തനവും ഏറ്റെടുത്തു നടത്തുവാനുള്ള ജനപങ്കാളിത്തം ഈ പഞ്ചായത്തിനുണ്ടാകുമെന്ന വാഗ്ദാനമായി ഈ ശ്രമദാനം തെളിയിക്കുകയും ചെയ്തു.

സാംസ്ക്കാരിക രാഷ്ട്രീയ അടിത്തറയിൽ നിന്ന് സാമൂഹ്യ സേവനത്തിന്റേയും സാഹോദര്യത്തിന്റേയും കറപുരളാത്ത പ്രവർത്തനം കാഴ്ചവച്ച നമ്മുടെ മുൻഗാമികളുടെ പാരമ്പര്യം പകർന്നു തരുന്ന ഊർജ്ജം നമുക്ക് ആവേശകരമാണ്. എന്നിരുന്നാലും കാലം കടമ്പകൾ സൃഷ്ടിച്ചേക്കാമെന്ന പ്രതീക്ഷ മുൻ കരുതലോടെ, ഉത്തരവാദിത്വത്തോടെ ചരിത്രപരമായ ബാദ്ധ്യത എന്ന നിലയിൽ ഉദാത്ത ദിശാബോധത്തോടെ നാം ഏറ്റെടുക്കേണ്ടതാണ്..

''കണ്ടല്ലൂർ ഗ്രാമ പഞ്ചായത്ത് സമ്പൂർണ്ണ വികസന രേഖ'' നാളെയുടെ സുവർണ്ണ സ്വപ്നമാണ്. ഈ സ്വപ്ന സാക്ഷാത്കാരത്തിനുള്ള മഹായജ്ഞത്തിൽ ദിശാബോധഭ്രംശം സംഭവിക്കാതെ കർമ്മനിരതരായ് നമുക്ക് ഒന്നിച്ചു അണിചേരാം.

❖ ❖ ❖ ❖ ❖ ❖

# 2



# ചരിത്രം.

**കി**ഴക്ക് പത്തിയൂർ, ദേവികുളങ്ങര എന്നീ പഞ്ചായത്തുകളും വടക്ക് മുതുകുളം പഞ്ചായത്തും പടിഞ്ഞാറ് ആറാട്ടുപുഴ പഞ്ചായത്തും തെക്ക് ദേവികുളങ്ങര, ആറാട്ടുപുഴ പഞ്ചായത്തുകളുടെ ഭാഗങ്ങളും ആണ് കണ്ടല്ലൂർ ഗ്രാമ പഞ്ചായത്തിന്റെ അതിരുകൾ.

തെക്ക് കിളിമുക്ക് മുതൽ വടക്ക് പുഴുക്കത്തോട് വരെയും കിഴക്ക് പുല്ലുകുളങ്ങര കിഴക്കേനടമുതൽ കൊച്ചിയുടെ ജട്ടിവരെയും, തച്ചന്റെ മുക്ക് മുതൽ മല്ലിക്കാട് കടവു വരെയും വ്യാപിച്ചു കിടക്കുന്ന ഈ പഞ്ചായത്ത് ഒരു ദീർഘത്രികോണാകൃതിയിൽ സ്ഥിതിചെയ്യുന്നു. 9.74 ച: കി: മീറ്ററാണ്. പഞ്ചായത്തിന്റെ വിസ്തീർണ്ണം.

കാലവും, ഋതുഭേദങ്ങളും വൃദ്ധമാക്കിയ നഷ്ടപ്രതാപത്തിന്റെ അസ്ഥിവാരങ്ങളും തലമുറകളെ ശീതോപചരിച്ച കാവുകളും, കുളങ്ങളും ഐതിഹ്യങ്ങളുടെ ദുരൂഹമായ ഒട്ടേറെ കഥകളും ഈ ഗ്രാമത്തിലുണ്ട്. സത്യത്തിന്റെ വാചാലതയെ മൗനത്തിന്റെ കവചനമണിയിച്ച കാലം ഈ ഗ്രാമത്തിന്റെ ചരിത്ര തെളിവുകൾ ഏറെയൊന്നും അവശേഷിപ്പിച്ചിട്ടില്ല.

ഐത്യഹ്യത്തിന്റെ കാൽച്ചുവടുകൾ പിന്തുടർന്നു ഈ ഗ്രാമ ഭൂവിലേക്ക് കടന്നാൽ നമുക്ക് ഇതിന്റെ സ്ഥലപുരാണം കാണാം. ''കണ്ടല്ലോ വിഗ്രഹമെന്നങ്ങുച്ചത്തിൽ വിളികേൾക്കയാൽ, കണ്ടല്ലൂരെന്ന പേരായിട്ടറിയുന്നുമിന്നും ആ സ്ഥലം''

ഹരിപ്പാട് ശ്രീ സുബ്രഹ്മണ്യ ക്ഷേത്ര വിഗ്രഹത്തിന്റെ ഐതീഹ്യം വിവരിക്കുന്ന ''ഹരിഗീത ക്ഷേത്ര മാഹാത്മ്യം'' എന്ന കൃതിയിൽ പറഞ്ഞിട്ടുള്ളതാണ് ഈ സ്തുതി. ഈ വിഗ്രഹം കണ്ടെടുത്ത കായലിനു സമീപം ഉള്ള നല്ല ഊരു എന്ന അർത്ഥത്തിൽ കണ്ടല്ലൂരായി വിളിച്ചുപോരുന്നു എന്നാണ് പഴമക്കാരുടെ പക്ഷം. കായംകുളം രാജാവിന്റെ അധികാര പരിധിയിൽപ്പെട്ട രാജ്യാതൃത്തിയുടെ പടിഞ്ഞാറൻ ഭാഗം ചതുപ്പുനിലങ്ങളും കണ്ടൽ കാടുകളും നിറഞ്ഞ പ്രദേശങ്ങളായിരുന്നു. കണ്ടൽ കാടുള്ള ഊര് എന്ന വിവക്ഷയിൽ കണ്ടല്ലൂരെന്ന് വിളിച്ചു വന്നു. സംവത്സരങ്ങളുടെ ഋതു പരിണാമത്തിൽ കണ്ടൽ ഊര് കണ്ടല്ലൂരായി എന്ന് പണ്ഡിത മതം. ഇത് നമ്മുടെ ഗ്രാമത്തിന്റെ പേരിന്റെ കഥ.

എന്നാൽ, ഈ ഊരിന് പേരും പെരുമയും കാലത്തിന്റെ താളിഓലകളിലൂടെ തലമുറകൾ സൂക്ഷിച്ചു വരുന്ന ഒരു പിടി സംഭവങ്ങളും നമുക്ക് അഭിമാനിക്കുവാനായുണ്ട്. ഇതിൽ ക്രിസ്താംബത്തിന് ശേഷമുള്ള ചരിത്രത്തിന് മാത്രമേ ഇവിടെ പ്രസക്തമായ സാഹചര്യത്തെളിവു ലഭിക്കുന്നുള്ളൂ.

കണ്ടല്ലൂരിന്റെ ചരിത്രത്തിന്റെ ആദ്യതാളുകൾ തേടുന്ന ഒരന്വേഷണകന് ഇവിടെ അന്യം നിന്നതും, പുനരുദ്ധാരണം നടത്തിയതും, പഴമയുടെ ശാലീനതയും പൊളിഞ്ഞ ചുവരുകളും ചിതലരിച്ച ചിത്രതൂണുകളുമായി നിൽക്കുന്ന ക്ഷേത്രങ്ങളും കാണാതെ പോകാൻ കഴിയില്ല. നാടിന്റെ തനതു കലകൾക്കൊപ്പം സാമൂഹ്യ നീതിയും വ്യവഹാരങ്ങളും ചർച്ച ചെയ്യപ്പെടുകയും നടപ്പാക്കുകയും ചെയ്തതിന് സാക്ഷ്യം വഹിച്ചിട്ടുള്ള കളത്തട്ടുകളും, ആൽത്തറകളും ഈ ഗ്രാമസംസ്ക്കാരതനിമയുടെ പീഠങ്ങളാണ്.

കണ്ടല്ലൂരിലെ ക്ഷേത്ര സമുച്ചയങ്ങളിൽ ഏറ്റവും പഴക്കമുള്ളതും, പ്രാധാന്യമർഹിക്കുന്നതും പുല്ലുകുളങ്ങര ശ്രീ. ധർമ്മശാസ്താ ക്ഷേത്രമാണ്. വലിപ്പം കൊണ്ടും പഴക്കം കൊണ്ടു ഇന്ന് നിലനിന്ന് വരുന്ന

ഉത്സവ ആഘോഷ രീതി കൊണ്ടും ഈ ക്ഷേത്രം കൂടുതൽ ശ്രദ്ധയാകർഷിച്ചു വരുന്നു.

ഗ്രാമം ഭക്തി പുരസ്കരം ആരാധിച്ചുവരുന്ന മറ്റൊരു ക്ഷേത്രമാണ് വടക്കൻ കോയിക്കൽ ദേവീ ക്ഷേത്രം. ഗ്രാമ ദേവതയെന്നു ഭക്തിപൂർവ്വം ആരാധിച്ചു വരുന്ന മാടമ്പിൽ ദേവീ ക്ഷേത്രവും മറ്റ് ഒട്ടേറെ കുടുംബ ക്ഷേത്രങ്ങളും ഈ ഗ്രാമ പഞ്ചായത്തിന്റെ ആത്മീയ ചൈതന്യത്തിന്റെ നിത്യ സപ്ന്ദനങ്ങളാണ്.

കായംകുളം രാജാവുമായി ബന്ധപ്പെട്ട് അനേകം ചരിത്ര സംഭവങ്ങൾക്ക് സാക്ഷ്യം വഹിക്കുവാൻ ഈ ഗ്രാമത്തിനിട വന്നിട്ടുണ്ട്. കായംകുളം രാജാവുമായി അലോഹ്യത്തിലായ കായംകുളം പുതിയയിടത്ത് വട്ടപ്പറമ്പിലെ പടനായകൻ കണ്ടല്ലൂരിൽ കോട്ടയും, കിടങ്ങും സ്ഥാപിച്ച്, കോട്ടയ്ക്കകത്ത് കൊട്ടാരവും ആമ്പലവും, ചുറ്റുവട്ടങ്ങളുമായി താമസം ആരംഭിച്ചത് ചരിത്രത്തിന്റെ നാഴികക്കല്ലാണ്. അന്ന് ഇവർ ഇവിടെ സ്ഥാപിച്ച പീരങ്കികളും, ഗണ്ണുകളും വട്ടപ്പറമ്പിൽ തറവാടിന് കിഴക്കുള്ള കുളത്തിലും, ഒന്ന് തറവാട്ടിലെ കാവിനുള്ളിലും കണ്ടെടുക്കുവാൻ കഴിയുമെന്ന് പഴമക്കാർ പറയുന്നു. എന്നാൽ തറവാട്ടു മുറ്റത്ത് ഇന്ന് സൂക്ഷിച്ചിരിക്കുന്ന പീരങ്കി പുത്തൻ തലമുറക്കാർക്ക് ഒരു കാഴ്ച വസ്തുവാണ്. ഈ കാലഘട്ടത്തിൽ പുറം നാടുകളുമായി ബന്ധം വയ്ക്കുവാൻ തണ്ടുവെച്ച വള്ളങ്ങളും മറ്റു പലവിധ നൗകകളുമാണ് ഉപയോഗിച്ചിരുന്നത്. വട്ടപ്പറമ്പിൽ നിന്നും ജല യാത്രക്കായി വെട്ടിയ വലിയ തോടിന്റെ വീതി ശരാശരി 4 മീറ്ററായി ചുരുങ്ങിയിട്ടുണ്ടെങ്കിലും ഇന്നും ഈ ഗ്രാമത്തിലെ വലിയ തോട് ഇത് തന്നെയാണ. രാജവാഴ്ചക്കാലത്ത് രാജാവിൽ നിന്നും വീര ശൃംഖല വാങ്ങിയ പെരുമന വേലുപ്പള്ള നാടിന്റെ സാമൂഹിക – സാംസ്ക്കാരിക രംഗത്ത് വ്യക്തി മുദ്ര പതിപ്പിച്ച മാന്യദേഹിയാണ്.

കഥകളിയുടെ ചരിത്രവും, കണ്ടല്ലൂരുമായുള്ള ബന്ധം കുറച്ചൊന്നുമല്ല. വിശ്വ പ്രശസ്തരായ ഒട്ടേറെ കഥകളി ആചാര്യൻമാർ ആദ്യമായി മുഖത്ത് ചുട്ടി കുത്തി ചുവട് വച്ചു ആദ്യമായി അരങ്ങിലേക്കൊരുങ്ങി മന്നത് കണ്ടല്ലൂർ തോപ്പിൽ കഥകളി യോഗത്തിൽ നിന്നിമാണ് ഗുരു ചെങ്ങന്നൂരും, പള്ളേമ്പിൽ വേലുപ്പിള്ളയും കീരിക്കാട് നാരായണപിള്ള (കറുത്ത നാരായണൻ) യും കീരിക്കാട് ശങ്കരപിള്ളയും, ഹരിപ്പാട് രാമകൃഷ്ണപിള്ളയും മറ്റും ഈ കഥകളി യോഗത്തിന്റെ സംഭാവനയാണ്. മാത്രമല്ല, വിശ്വ പ്രശസ്ത നർത്തകനായ ഗുരു ഗോപിനാഥിന്റെ വളർച്ചയുടെ പടവുകൾ ഈ കളിയോഗത്തിന്റെ താളലയങ്ങളിലൂടെ ആയിരുന്നുവെന്ന് അഭിമാനപൂർവ്വം സ്മരിക്കാവുന്നതുമാണ്.

കഥകളി അരങ്ങിലെ അനശ്വര പ്രതിഭയായ മാങ്കുളം വിഷ്ണു നമ്പൂതിരിയും, അദ്ദേഹത്തിന്റെ സമസ്ത കേരള കഥകളി വിദ്യാലയവും ലോകമെങ്ങും നമ്മുടെ കൊച്ചു ഗ്രാമത്തിന്റെ കേളികൊട്ട് ഉയർത്തിയതാണ്. അദ്ദേഹത്തിന്റെ മകൻ ഡോ: മാങ്കുളം കൃഷ്ണൻ നമ്പൂതിരി ചെണ്ട മേളത്തിൽ അഖിലലോക പ്രശസ്തനായി അംഗീകാരം നേടിയത് അടുത്തകാലത്താണ്. ഇതും നമ്മുടെ നാടിന്റെ പ്രശസ്തിക്ക് പൊന്നാട അണിയിച്ച നേട്ടമാണ്. വിഷ ചികിത്സയിൽ അദ്വതീയനായ മാങ്കുളത്തെ ശ്രീ. ഗോവിന്ദൻ നമ്പൂതിരിയും നാടിനും നാട്ടർക്കും ആശ്വാസവും അഭിമാനവും നൽകുന്ന പേരിന്റെ ഉടമയാണ്.

ഇന്ത്യൻ സ്വാതന്ത്ര്യ സമരകാലത്ത് സ്വാതന്ത്ര്യ ചിന്തയെ മന്ത്രാക്ഷരിയാക്കി ഭാരതമാതാവിന് കീജെയ് വിളിച്ച് തടവറകളിലും ഒളി സങ്കേതങ്ങളിലുമായി ജീവിതം ഉഴഞ്ഞുവെച്ച ദേശസ്നേഹികളായ ഒട്ടേറെ സമരസേനാനികൾ നമ്മുടെ മുൻതലമുറക്കാരായി ജീവിച്ചിരുന്നുവെന്നത് അഭിമാനത്തോടെ സമരിക്കേണ്ടതാണ്.

സ്വന്തം അദ്ധ്വാനത്തിന്റെ വിലയോ അവകാശമോ എന്തന്നറിയാതെ അസംഘടിതരായി അടിമകളെപ്പോലെ പണിയെടുത്തുവന്ന തൊഴിലാളി വർഗ്ഗത്തെ സംഘടിപ്പിച്ച് ഇന്നത്തെ വ്യവസ്ഥതിയിലേക്ക് വളർത്തിയെടുക്കുവാൻ വിപ്ലവ പ്രസ്ഥാനങ്ങൾ ഈ ഗ്രാമത്തിൽ വഹിച്ച പങ്ക് വിസ്മരിക്കാൻ കഴിയില്ല. പ്രത്യേകിച്ച് 1965 – 70 കാലഘട്ടത്തിൽ കൃഷിഭൂമി കർഷകന് എന്ന മുദ്രാവാക്യത്തിന്റെ സാക്ഷാത്ക്കാരത്തിനായ് നടത്തിയ സമരങ്ങളും, സേവന – വേതന വ്യവസ്ഥയ്ക്ക് വേണ്ടി നടത്തിയ സമരങ്ങളും, കുടികിടപ്പു സമരങ്ങളും ഈ കൊച്ചു ഗ്രാമത്തിലെ തൊഴിലാളി വർഗ്ഗ പുരോഗതിക്കും, സാംസ്ക്കാരിക അടിത്തറയ്ക്കും അടിസ്ഥാനപരമായ ആവേശം പകർന്നതാണ്.

കേരളത്തിലെ ആദ്യകാല രാഷ്ട്രീയ പ്രവർത്തകർക്ക് ''സാറായും'' പുരോഗമന – കലാ – പ്രസ്ഥാനങ്ങൾക്ക് നായകനായും നാടകരംഗത്ത് സംഘാടകനും സംവിധായകനും ഗാനരചിതാവും ഒക്കെയായി അറിയപ്പെടുന്ന സാമൂഹിക സാംസ്കാരിക രംഗത്തെ നെടുനായകത്വം വഹിക്കുന്ന ശ്രീ. കേശവൻ പോറ്റി സാറിന്റെ വളർച്ചയുടെ ഏറിയ കൂറും ഈ നാടിന്റെ ഭാഗമായാണ് ചെലവഴിച്ചതെന്നത് നമുക്ക് അഭിമാനകരമാണ്.

കഥാ പ്രസംഗ ലോകത്ത് മുടിചൂടാ മന്നനായി കാല

യവനികക്കുള്ളിൽ മറഞ്ഞ ശ്രീ. സാംബശിവന്റെ കഥാപ്രസംഗവേദികളിൽ ആദ്യകാലം മുതൽക്ക് 4764 സ്റ്റേജുകളിൽ പങ്കാളിയായ്, പിന്നണി ഗായകനായി പ്രവർത്തിച്ച ശ്രീ. ഭാസിഭാഗവതർ ( എം. ജി. ഭാസ്ക്കരൻ) ഈ നാടിന്റെ പ്രിയങ്കരനായിരുന്നു. ചിത്രകലയിലും, ശിൽപ്പകലയിലും പ്രശസ്തനായ ആർട്ടിസ്റ്റ് ആനന്ദനും, നൃത്തകലയിൽ പ്രശസ്തനായ ഡാൻസർ ആനന്ദനും നമ്മുടെ കലാ – സാംസ്ക്കാരിക രംഗത്ത് വ്യക്തി മുദ്ര പതിപ്പിച്ചിട്ടുള്ളവരാണ്.

124 ഇടവം 12ന് പുതിയവിള യു. പി. സ്കൂളിൽ വച്ച് ഓടാശ്ശേരിൽ ശ്രീ. ദാമോദരൻ പിള്ളയുടെ അദ്ധ്യക്ഷതയിൽ കണ്ടല്ലൂർ വില്ലേജിൽ പഞ്ചായത്തു കമ്മിറ്റിക്ക് സമാനമായി കണ്ടല്ലൂർ വില്ലേജ് അപ്പ്ലിഫ്റ്റ് കമ്മറ്റി (ഗ്രാമോദ്ധാരണ സമിതി) ക്ക് രൂപം നൽകി. കരുമ്പോലിൽ തെക്കതിൽ ശ്രീ. ആർ. ശങ്കരപ്പിള്ള(പ്രസിഡന്റ്), പി. ലക്ഷമണൻ, കെ. ശ്രീധരനാശാൻ. പി. കെ. തങ്കപ്പൻ ചാന്ദാർ, കെ. വി. സദാനന്ദ പണിക്കർ കെ. പങ്കജാക്ഷി എന്നിവർ ആയിരുന്നു അദ്യത്തെ കമ്മറ്റി അംഗങ്ങൾ.

1953 സെപ്റ്റംബർ 5ന് ശ്രീ. ഏ. ഗോവിന്ദപ്പണിക്കരുടെ ആദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ, ആദ്യത്തെ തെരഞ്ഞെടുക്കപ്പെട്ട കമ്മറ്റിയുടെ സത്യപ്രതിജ്ഞ നടന്നു. ശ്രീ. ഗോവിന്ദപ്പണിക്കർ ആയിരുന്നു. ആദ്യത്തെ കണ്ടല്ലൂർ പഞ്ചായത്ത് പ്രസിഡന്റ്. 1953 മുതൽ 95 വരെ തെരഞ്ഞെടുക്കപ്പെട്ട അഞ്ച് ഭരണസമിതികൾ അധികാരത്തിൽ വരികയും എട്ട് പ്രസിഡന്റൻമാർ ഭരണ സാരഥ്യം വഹിക്കുകയും ചെയ്തു.

1996 ൽ അധികാരത്തിലേറിയ എൽ. ഡി. എഫ്. സർക്കാർ ആസൂത്രണം ചെയ്തിട്ടുള്ള വികസന പ്രവർത്തനങ്ങൾക്ക് നൂറുമേനി വിളവെടുക്കാൻ കഴിയുന്ന വളക്കൂറുള്ള മണ്ണാണ് നമ്മുടെ പഞ്ചായത്ത്. സംസ്കൃത ചിത്തതയുടെ പേരിൽ സമൂഹം നൈതീകമായി അനുശാസിക്കുന്ന അരുതായ്മകളായ അഴിമതിക്കും, സ്വജനപക്ഷപാതത്തിനുമെതിരെ പോരാടാൻ പൊതുജനപങ്കാളിത്തത്തിനും, കൂട്ടായ്മക്കും മാത്രമേ കഴിയൂ. സ്വന്തം നാടിനെ സ്വന്തം വീടെന്നപോലെ സ്നേഹിക്കുന്ന നാടിന്റെ വികസനം ആത്മാർത്ഥമായി ആഗ്രഹിക്കുന്ന നമുക്ക് പുത്തൻ വാഗ്ദാനങ്ങളുടെ സാക്ഷാത്ക്കാരത്തിനായ് ഒത്തുചേരാം. കൂട്ടായ്മയിലൂടെ പരിപാടികൾ പ്രാവർത്തികമാക്കാം. ഒമ്പതാം പഞ്ചവത്സരപദ്ധതി ജനകീയ പദ്ധതിയാക്കി മാറ്റാം.

നമ്മുടെ ഗ്രാമചരിത്ര പശ്ചാത്തലത്തിന്റെ സംക്ഷിപ്ത രൂപം മാത്രമാണിത്. രേഖകളോ അടിസ്ഥാന ഗ്രന്ഥങ്ങളെ അവലംബിച്ച് തയ്യാറാക്കിയിട്ടുള്ളതാണിത് എന്ന അവകാശവുമില്ല. കേട്ടറിവിന്റേയും വിഭവശേഖരത്തിന്റെയും അടിസ്ഥാനത്തിൽ മാത്രം തയ്യാറാക്കിയിട്ടുള്ള ഈ ചരിത്രത്തോടൊപ്പം ഐശ്വര്യ സമ്പൂർണ്ണമാർന്ന ഒരു ഭാവി ചരിത്രംകൂടി എഴുതി ചേർക്കാം. ഇതിലേക്കായി ഊഷരതയിൽ നിന്നും ഊർവ്വരതയിലേക്കുള്ള ഈ പ്രയാണത്തിന് കക്ഷി ബന്ധങ്ങൾതതീതമായ ദേശസ്നേഹവും പൗരബോധവുമാണ് ആവശ്യം. നാടിന്റെ പുരോഗതിക്കായ് നമുക്ക് ഇവയെ ഊർജ്ജമായി സ്വീകരിച്ച് ഓൻപതാം പദ്ധതിയെ ജനകീയ പദ്ധതിയാക്കി മാറ്റാം.

**വികസന രേഖയ്ക്ക് ചരിത്രസാക്ഷ്യം വഹിച്ച നിലവിലുള്ള പഞ്ചായത്ത് കമ്മിറ്റി**

| | |
|---|---|
| **കെ. ലക്ഷ്മിക്കുട്ടിയമ്മ** | (പ്രസിഡന്റ്) |
| **എം. ഒ. പ്രഭാകരൻ** | (വൈസ് പ്രസിഡന്റ്) |
| **ജി. ശങ്കരപ്പിള്ള** | (സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ) |
| വി.കെ. മണി. | (പഞ്ചായത്ത് മെമ്പർ) |
| കെ. രാജേന്ദ്രൻപ്പിള്ള | ,, ,, |
| ജെ. എസ്. സുജാത | ,, ,, |
| അഡ്വ: എൽ. വേലായുധൻ പിള്ള | ,, ,, |
| എൻ. അനിൽകുമാർ | ,, ,, |
| അഡ്വ: ജെ. മാധവൻ പിള്ള | ,, ,, |
| എൻ. ജമീല | ,, ,, |

# വിശേഷാൽ ഗ്രാമസഭകൾ

| വാ: നമ്പർ | സ്ഥലം | തീയതി | സമയം | പങ്കെടുത്തവരുടെ എണ്ണം | | |
|---|---|---|---|---|---|---|
| | | | | സ്ത്രീ: | പുരു: | ആകെ |
| 1. | മാടമ്പിൽ യു. പി. സ്കൂൾ | 2–10–96 | 1.30 PM to 6.30 P.M | 119 | 166 | 285 |
| 2. | മാടമ്പിൽ യു. പി. സ്കൂൾ | 5–10–96 | | 103 | 132 | 235 |
| 3. | പുല്ലുകുളങ്ങര എൽ. പി. സ്കൂൾ | 2–10–96 | | 53 | 132 | 185 |
| 4. | എസ്. എൻ. ഡി. പി. ശാഖാ മന്ദിരം | 12–10–96 | | 87 | 117 | 204 |
| 5. | പുല്ലുകുളങ്ങര എൽ. പി. സ്കൂൾ | 18–10–96 | | 57 | 183 | 240 |
| 6. | മുകുന്ദവിലാസം എൽ. പി. സ്കൂൾ | 28–9–96 | | 42 | 103 | 145 |
| 7. | പുതിയവിള യു. പി. സ്കൂൾ | 5–10–96 | | 145 | 172 | 317 |
| 8. | പുതിയവിള യു. പി. സ്കൂൾ | 18–10–96 | | 62 | 154 | 216 |
| 9. | കൊപ്പാറേത്തു എച്ച്. എസ്. | 12–10–96 | | 166 | 202 | 368 |
| 10. | പേരാത്ത് | 12–10–96 | | 69 | 150 | 219 |
| | | | | **903** | **1511** | **2414** |

# 3



# ഭൂപ്രകൃതി ജനപ്രകൃതി ജലപ്രകൃതി

## ഭൂപ്രകൃതി

ഓണാട്ടുകരയുടെ പടിഞ്ഞാററ്റത്തായി കായംകുളം കായലിനോടു ചേർന്നു കിടക്കുന്ന ആറാട്ടുപുഴ പഞ്ചായത്തു പ്രദേശത്തിനും കിഴക്കുമാറി തെക്കുവടക്കായി ഈ ഗ്രാമ പഞ്ചായത്തു സ്ഥലം സ്ഥിതി ചെയ്യുന്നു. വടക്കും മുതുക്കുളം പഞ്ചായത്തുമായി വേർതിരിക്കുന്ന പുഴുക്കത്തോട് കിഴക്ക് പത്തിയൂരും ദേവികുളങ്ങരയും പഞ്ചായത്ത് അതിർത്തികൾ തെക്കു പടിഞ്ഞാറും ആറാട്ടുപുഴയുടെ പ്രദേശങ്ങളും തെക്ക് ദേവികുളങ്ങരയും അറാട്ടുപുഴയും ചേർന്ന പ്രദേശങ്ങൾ മേൽപറഞ്ഞ അതിർത്തികളിലായി 974.39 ഹെക്ടർ വിസ്തീർണ്ണമുള്ള ഭൂവിഭാഗം കിഴക്കു നിന്നും പടിഞ്ഞാറോട്ടു ചരിഞ്ഞുകിടക്കുന്ന തീര സമതല പ്രദേശമാണ്.

പലതരം മരങ്ങളും കുറ്റിച്ചെടികളും ഔഷധികളും തിങ്ങി വളരുന്ന ഈ പ്രദേശം തെങ്ങിൻതോപ്പുകൾ, വയലേലകൾ, കുളങ്ങൾ, കാവുകൾ, തോടുകൾ,

മായി ചുറ്റുപാടുകളിലെ സ്ഥലങ്ങൾ കൃഷിയോഗ്യമല്ലാതായിമാറിയിരിക്കുന്നു. നെല്ലും തെങ്ങും പലതരം ധാന്യങ്ങളും പച്ചക്കറികളും എള്ളും കിഴങ്ങു വർഗ്ഗങ്ങളും, ഔഷധച്ചെടികളും പയറു വർഗ്ഗങ്ങളും ഒക്കെത്തന്നെ ആദായകരമായി കൃഷിചെയ്യാൻ പറ്റിയ സ്ഥലമാണ് നമ്മുടെ പഞ്ചായത്തു പ്രദേശം.

ഈ പ്രദേശത്തിന്റെ കിഴക്ക് ഭാഗത്ത് മണൽ മണ്ണും പടിഞ്ഞാറൻ ഭാഗങ്ങളിൽ ചെളിമണ്ണും കാണാം. വളക്കൂറുള്ള കറുത്ത മണൽ ഭൂമിയുടെ ഉപരിതലങ്ങളിൽ കാണപ്പെടുന്നു. പുഴുക്കത്തോട്, വലിയതോട്, പാലത്തും പാട്ടു തോട് എന്നിവയാണ് പ്രധാന തോടുകൾ ഇവ വേനൽക്കാലത്തും വറ്റാറില്ല. പുഴുക്കത്തോടിലും വലിയത്തോടിലും കൂടി മഴക്കാലത്തെ അധിക ജലം പടിഞ്ഞാറോട്ടു ഒഴുകി കായംകുളം കായലിൽ പതിക്കുന്നു. പാലത്തും പാട്ടു തോട്ടിൽക്കൂടി ജലം തെക്കോട്ടു ഒഴുകി വയലേലകളിൽ എത്തുന്നു. കൂടാതെ പല ചെറിയ തോടുകളും ഉണ്ട്.